വാല്യം 07
ഇഷ്യൂ 03

# നിയമധ്വനി

കേരളസർക്കാർ നിയമവകുപ്പ് പ്രസിദ്ധീകരണം





നിയമ (ഒ.എൽ.പി.സി) വകുപ്പ് സംഘടിപ്പിച്ച മാറ്റൊലി സാമൂഹികനിയമ ബോധവൽക്കരണ പരിപാടിയുടെ സമാപന സമ്മേളനത്തിന്റെ ഉദ്ഘാടനവും പോക്സോ നിയമത്തെക്കുറിച്ചുള്ള ഹ്രസ്വചിത്രത്തിന്റെ പ്രകാശനം 13.03.2024-ന് തിരുവനന്തപുരം ടാഗോർ തിയേറ്ററിൽ വച്ച് ബഹു. നിയമം വ്യവസായം കയർ വകുപ്പ് മന്ത്രി **ശ്രീ. പി. രാജീവ്** നിർവഹിച്ചു.





ബഹു. നിയമ സെക്രട്ടറി **ശ്രീ. കെ. ജി. സനൽ കുമാർ**, **ഡി.ഐ.ജി. ശ്രീമതി. ആർ നിശാന്തിനി** ഐ.പി. എസ്. എന്നിവർ സദസ്സിനെ അഭിസംബോധന ചെയ്തു.



കേരളസർക്കാർ

## നിയമവകുപ്പ്

# നിയമധ്വനി

കേരള സർക്കാർ നിയമവകുപ്പ് പ്രസിദ്ധീകരണം



# നിയമധ്വനി

കേരള സർക്കാർ നിയമവകുപ്പ് പ്രസിദ്ധീകരണം


പത്രാധിപസമിതി

ചീഫ് എഡിറ്റർ
**കെ. ജി. സനൽ കുമാർ**
നിയമസെക്രട്ടറി

എഡിറ്റർ
**എൻ. ജ്യോതി**
അഡീഷണൽ നിയമസെക്രട്ടറി

അംഗങ്ങൾ
**കെ. പ്രസാദ്**
ജോയിന്റ് സെക്രട്ടറി

**സിന്ധു സി.**
സെക്ഷൻ ഓഫീസർ

**സൈജു കെ. എ.**
ലീഗൽ അസിസ്റ്റന്റ്

**അനന്ത കൃഷ്ണൻ എ. കെ.**
ലീഗൽ അസിസ്റ്റന്റ്



പുറം താൾ രൂപകൽപ്പന
രൂപകൽപന വിഭാഗം
അച്ചടി വകുപ്പ്,
ഗവൺമെന്റ് സെൻട്രൽ പ്രസ്സ്,
തിരുവനന്തപുരം

അച്ചടി
ഗവൺമെന്റ് പ്രസ്സ്, മണ്ണന്തല,
തിരുവനന്തപുരം


മാന്യവായനക്കാരുടെ
വിലയേറിയ അഭിപ്രായങ്ങളും
നിർദ്ദേശങ്ങളും അറിയിക്കുക


വിലാസം
**നിയമ (ഔദ്യോഗികഭാഷ പ്രസിദ്ധീകരണ സെൽ) വകുപ്പ്,**
ഗവൺമെന്റ് സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം 685 001
**ഫോൺ : 04712517064, 04712517066**
email.id: so.olpc.law@kerala.gov.in



തിരുവനന്തപുരം
18-03-2024

കേരള സർക്കാർ

# നിയമവകുപ്പ്

## പ്രസാധകക്കുറിപ്പ്

ഭരണത്തിന്റെ എല്ലാ മേഖലകളിലും മലയാള ഭാഷ പ്രയോഗത്തിൽ വരുത്തുക എന്നത് സർക്കാരിന്റെ നയമാണ്. മുൻപത്തെക്കാളും ശക്തമായ രീതിയിൽ ഇത് നടപ്പിലാക്കാനുള്ള ശ്രമങ്ങളും നടന്നു വരുന്നു. കോടതികൾ പുറപ്പെടുവിക്കുന്ന വിധിന്യായങ്ങളിൽ ഭൂരിഭാഗവും നിയമജ്ഞർക്കു മാത്രം ഗ്രഹിക്കാൻ സാദ്ധ്യമായ ഒന്നായി തുടരുന്നു. അതിനാൽ അതിൽ ചിലതെങ്കിലും സാമാന്യ ജനങ്ങൾക്ക് മനസ്സിലാകുന്ന രീതിയിൽ പരിഭാഷപ്പെടുത്തുക എന്ന സാമൂഹിക പ്രതിബദ്ധതയാണ് നിയമവകുപ്പ് ഈ മാസികയിലൂടെ സാക്ഷാത്ക്കരിക്കുന്നത്. കോടതിഭാഷ മലയാളമാക്കുന്നതിനുള്ള പ്രയത്നങ്ങൾ സജീവമായി നടക്കുന്നു എന്നത് പ്രത്യാശക്കു വക നൽകുന്ന കാര്യമാണ്. വിധിന്യായങ്ങൾക്കു പുറമെ തെരഞ്ഞെടുത്ത ആക്റ്റുകൾ, അധികാര സ്ഥാപനങ്ങൾ എന്നിവയെ ലളിതമായ ഭാഷയിൽ പരിചയപ്പെടുത്തുന്നു. അതിനുപുറമെ സുപ്രധാനവിധികൾ, വിജ്ഞാനലോകം എന്നീ പംക്തികൾ കൂടുതൽ വിജ്ഞാനം പകരുന്നവയാണ്. നിയമപരിജ്ഞാനമുള്ളവർ വിവിധ വിഷയങ്ങളെ ആസ്പദമാക്കി തയ്യാറാക്കിയിട്ടുള്ള ലേഖനങ്ങളും വായനക്കാരെ വിവിധ നിയമങ്ങളെകുറിച്ചും നിയമസംബന്ധമായ കാര്യങ്ങളെകുറിച്ചും ആഴത്തിൽ മനസ്സിലാക്കാൻ സഹായിക്കുന്നു.

നിയമധ്വനിയെ കുറിച്ചുള്ള വായനക്കാരുടെ അഭിപ്രായങ്ങൾ വിലപ്പെട്ടതാണ്. ഭാഷാപ്രയോഗത്തിലെ പിഴവുകളോ മെച്ചപ്പെട്ട പദപ്രയോഗങ്ങളോ ശ്രദ്ധയിൽപ്പെട്ടാൽ ഞങ്ങളെ അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**കെ. ജി. സനൽ കുമാർ**
നിയമസെക്രട്ടറി

നിയമവകുപ്പ്,
ഗവൺമെന്റ് സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം.

# ഉൾത്താളുകളിൽ


പേജ്

**I. സുപ്രീം കോടതി വിധിന്യായങ്ങൾ** ..... **03**

1. റിലയൻസ് ലൈഫ് ഇൻഷുറൻസ് കമ്പനി ലിമിറ്റഡും മറ്റൊരാളും v. ജയ വധ്വാനി ..... 05
2. ദർശൻ സിംഗ് v. പഞ്ചാബ് സംസ്ഥാനം ..... 12
3. കെ. രമേഷ് v. കെ. കോദണ്ഡരാമൻ ..... 28

**II. ഹൈക്കോടതി വിധിന്യായങ്ങൾ** ..... **31**

1. മലർകൊടി പി. യും മറ്റുള്ളവരും v. യൂണിയൻ ഓഫ് ഇന്ത്യ ..... 33
2. ഷിബ്ലി കെ. v. യൂണിയൻ ഓഫ് ഇന്ത്യയും മറ്റുള്ളവരും ..... 39
3. സിനേഭ v. ജില്ലാകളക്ടർ, തൃശ്ശൂരും മറ്റുള്ളവരും ..... 50

**III. സുപ്രീം കോടതി വിധി : സംക്ഷിപ്തം** ..... **66**

1. അഡീഷണൽ തഹസിൽദാറും മറ്റൊരാളും v. ഊർമിള. ജിയും മറ്റുള്ളവരും ..... 67
2. രവീന്ദ്ര കുമാർ v. യു. പി. സംസ്ഥാനവും മറ്റുള്ളവരും ..... 71
3. രാം നാഥ് v. ഉത്തർപ്രദേശ് സംസ്ഥാനവും മറ്റുള്ളവരും ..... 78

**IV. സുപ്രധാനവിധികൾ ഒറ്റനോട്ടത്തിൽ** ..... **85**

1. രതീഷ് കെ. ആർ. v. ഡയറക്ടർ, അക്ഷയ പ്രോജക്റ്റ്, തിരുവനന്തപുരം ..... 87
2. അശ്വതി സുരേന്ദ്രൻ v. ഇന്ത്യൻ യൂണിയൻ ..... 88
3. ചന്ദ്രകുമാർ v. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ഓംബുഡ്സ്മാൻ ..... 89
4. മുഹമ്മദ് കുഞ്ഞി എം. v. കേരള സംസ്ഥാനം ..... 90
5. തെരേസ മേരി ജോർജ്ജ് v. കേരള സംസ്ഥാനവും മറ്റുള്ളവരും ..... 90
6. ഷാലു വർഗ്ഗീസ് v. കേരള സംസ്ഥാനം ..... 91
7. സാജൻ ടി. സണ്ണി v. കേരള സംസ്ഥാനം ..... 91
8. വിശ്വംഭരൻ v. കേരള സംസ്ഥാനം ..... 92

**V. ലേഖനങ്ങൾ** ..... **93**

1. കേരള റവന്യൂ റിക്കവറി ആക്റ്റ് ഒരു വിശകലനം (ശ്രീമതി. രഹന വി. എം., അഡീഷണൽ നിയമസെക്രട്ടറി) ..... 95
2. ക്രിമിനൽ നിയമങ്ങൾ തദ്ദേശീയമാകുമ്പോൾ (ശ്രീ. ദിപിൻ റോയ് എസ്. എൽ, അസിസ്റ്റന്റ് ലീഗൽ ഓഫീസർ) ..... 101
3. പരിസ്ഥിതി സംരക്ഷണവും ജല നിയമത്തിലെ ഭേദഗതികളും (ശ്രീമതി. അമൽ രാജഗോപാൽ, ലീഗൽ അസിസ്റ്റന്റ്) ..... 115

**VI. വേറിട്ടവിധികൾ** **124**

1. ഭാര്യയെയും കുട്ടികളെയും സർവ്വീസ് രജിസ്റ്ററിൽ ഉൾപ്പെടുത്താത്തതും, സാമ്പത്തിക സഹായം നിഷേധിക്കുന്നതും ക്രൂരതയാണ് ........ 125
2. അടിപിടിക്കിടെ വസ്ത്രങ്ങൾ കീറിയാൽ അത് സ്ത്രീയെ മാനഭംഗപ്പെടുത്തുന്ന കുറ്റമാകണമെന്നില്ല ........ 127
3. രണ്ട് വർഷമായി ഒളിവിൽ കഴിയുന്ന പ്രതിയെ അറസ്റ്റ് ചെയ്യാത്ത എസ്. എച്ച്. ഒ-മാരുടെ ശമ്പളം ജപ്തി ചെയ്യണം ........ 128

**VII. നിയമപരിചയം** **129**

ഹിന്ദു വിവാഹ ആക്റ്റ്, 1955 ........ 130

**VIII. നിയമപ്രകാരമുള്ള അധികാരസ്ഥാപനങ്ങൾ** **148**

കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ........ 149

**IX.** നിയമപദപരിചയം ........ 156

**X.** നിയമസൂക്തങ്ങൾ. ........ 158

**XI.** മാനകപദാവലി ........ 161

**XII.** നിയമലോകം. ........ 165

**XIii.** വിജ്ഞാനലോകം. ........ 170

**XiV.** പതിനഞ്ചാം കേരളനിയമസഭയുടെ 10-ാം സമ്മേളനത്തിൽ അവതരിപ്പിച്ച ബില്ലുകളും അവയിൽ ആക്റ്റ് ആയവയും ........ 172

**XV.** നിയമവകുപ്പുവാർത്തകൾ ........ 173



# സുപ്രീം കോടതി വിധിന്യായങ്ങൾ

**സുപ്രീം കോടതി മുമ്പാകെ**

**ബഹു. ജസ്റ്റിസ് വിക്രം നാഥ്**

**&**

**ബഹു. ജസ്റ്റിസ് രാജേഷ് ബിന്ദാൽ**

സിവിൽ അപ്പീൽ നം. ___ / 2024

(എസ്. എൽ. പി [സിവിൽ] നം. 10954/2019–ൽ നിന്നുത്ഭവിച്ചത്)

**റിലയൻസ് ലൈഫ് ഇൻഷുറൻസ് കമ്പനി ലിമിറ്റഡും മറ്റൊരാളും അപ്പീൽവാദികൾ**

**v.**

**ജയ വധ്വാനി –എതിർകക്ഷി**

അതിനോടൊപ്പം

സിവിൽ അപ്പീൽ നം. ___ / 2024

(എസ്. എൽ. പി [സിവിൽ] നം.15588/2021–ൽ നിന്നുത്ഭവിച്ചത്)

**ബ്രാഞ്ച് മാനേജർ, റിലയൻസ് ലൈഫ് ഇൻഷുറൻസ് കമ്പനി ലിമിറ്റഡ് –അപ്പീൽവാദി**

**v.**

**ഉഷ സോണി – എതിർകക്ഷി**

(03.01.2024–ന് വിധിപ്രസ്താവിച്ചത്)

**വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ**

കരാറിലെ ഒരു പ്രത്യേക ഖണ്ഡത്തെ വ്യാഖ്യാനിക്കുമ്പോൾ അതിൽ ഉപയോഗിച്ചിരിക്കുന്ന പദങ്ങളും നിബന്ധനകളും പ്രാബല്യത്തിൽ വരുത്തണമെന്ന് വ്യാഖ്യാനിക്കുന്നത് തികച്ചും ന്യായമാണ്. മറ്റൊരു രീതിയിൽ പറഞ്ഞാൽ, കരാർ പോളിസിക്ക് ഒരു അർത്ഥം നൽകി, കരാറിന്റെ ഒരു ഭാഗം അർത്ഥശൂന്യമാക്കാൻ (otiose) പാടില്ല – കക്ഷികൾ കരാറിന്റെ നിബന്ധനകൾ അംഗീകരിച്ചുകഴിഞ്ഞാൽ, ഒരു പ്രത്യേക നിബന്ധന ഒരിക്കലും പ്രാവർത്തികമാക്കാൻ ഉദ്ദേശിച്ചിട്ടില്ലെന്ന് കരുതുന്നത് അനുവദനീയമല്ല –പോളിസി പുറപ്പെടുവിച്ച തീയതി എല്ലാ ആവശ്യങ്ങൾക്കും പ്രസക്തമായ തീയതിയായിരിക്കും, അല്ലാതെ പോളിസിയുടെ പ്രൊപ്പോസൽ തീയതിയോ രസീത് പുറപ്പെടുവിച്ച തീയതിയോ ആയിരിക്കില്ല.

**വിധിന്യായം**

**ജസ്റ്റിസ് വിക്രം നാഥ്**

അനുമതി നൽകി.

2. ഈ രണ്ട് അപ്പീലുകളും ഒരു പൊതുവായ നിയമപ്രശ്നം ഉയർത്തുന്നു. അതിനാൽ ഈ പൊതു ഉത്തരവിലൂടെ അവയെ സമാനമായ രീതിയിൽ കൈകാര്യം ചെയ്യുന്നു. അപ്പീൽവാദി സമർപ്പിച്ച റിവിഷൻ നിരാകരിക്കുകയും ജില്ലാ ഫോറവും സംസ്ഥാന കമ്മീഷനും പാസ്സാക്കിയ ഉത്തരവുകൾ ശരിവയ്ക്കുകയും ഇൻഷ്വർ ചെയ്ത വ്യക്തിയുടെ മരണത്തിൽ അഷ്വേർഡ് തുക അപ്പീൽവാദി നൽകാൻ ബാധ്യസ്ഥനാണെന്ന് സ്ഥിതീകരിക്കുകയും ചെയ്ത ന്യൂഡൽഹിയിലെ ദേശീയ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവുകളാണ് ഈ രണ്ട് അപ്പീലുകളിലും ചോദ്യം ചെയ്യപ്പെടുന്നത്.

3. പോളിസി പ്രാബല്യത്തിൽ വരുന്ന തീയതി ഏതായിരിക്കും; അത് പോളിസി പുറപ്പെടുവിച്ച തീയതിയോ അഥവാ പോളിസിയിൽ പറഞ്ഞിരിക്കുന്ന ആരംഭ തീയതിയോ അഥവാ നിക്ഷേപ രസീത് അല്ലെങ്കിൽ കവർ നോട്ട് പുറപ്പെടുവിച്ച തീയതി ആയിരിക്കുമോ എന്നതാണ് ഈ അപ്പീലുകളിൽ ഉൾപ്പെട്ടിരിക്കുന്ന ഒരേയൊരു ചോദ്യം. ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറം, സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ, ദേശീയ കമ്മീഷൻ എന്നിവ പ്രീമിയത്തിന്റെ പ്രാഥമിക നിക്ഷേപ രസീത് പുറപ്പെടുവിച്ച തീയതി പോളിസി ആരംഭിക്കുന്ന തീയതിയാണെന്നതിന്റെ അടിസ്ഥാനത്തിൽ നടപടിയെടുക്കുകയും അതനുസരിച്ച് എതിർകക്ഷി നൽകിയ പരാതി അംഗീകരിക്കുകയും ചെയ്തു.

4. രണ്ട് കേസുകളിലെയും പ്രസക്തമായ തീയതികൾ ഇവിടെ സംഗ്രഹിച്ചിരിക്കുന്നു:

4.1. ജയ വധ്വാനിയുടെ അപ്പീലിൽ, 14.07.2012-നായിരുന്നു പോളിസി ക്വട്ടേഷൻ (quotation) പുറപ്പെടുവിച്ചത്. 14.07.2012-നായിരുന്നു ലൈഫ് ഇൻഷ്വർ ചെയ്തയാൾ പ്രൊപ്പോസൽ ഫോം സമർപ്പിച്ചത്. 13.07.2012-ലെ ചെക്കിന്റെ രസീതും 14.07.2012-നായിരുന്നു നൽകിയത്. 16.07.2012-നായിരുന്നു പോളിസി പുറപ്പെടുവിച്ചത്. കൂടാതെ പോളിസിയിൽ എല്ലാ പ്രസക്തമായ സ്ഥലങ്ങളിലും പോളിസി ആരംഭിക്കുന്ന തീയതി 16.07.2012 ആയിരിക്കുമെന്ന് സൂചിപ്പിച്ചിരുന്നു. 15.07.2013-ന് ലൈഫ് ഇൻഷ്വർ ചെയ്തയാൾ ആത്മഹത്യ ചെയ്തു.

4.2. ഉഷ സോണിയുടെ അപ്പീലിൽ, ലൈഫ് ഇൻഷ്വർ ചെയ്തയാൾ പ്രൊപ്പോസൽ ഫോം സമർപ്പിച്ച തീയതി 26.09.2012-നായിരുന്നു. പോളിസി പുറപ്പെടുവിച്ച തീയതിയും പോളിസി ആരംഭിച്ച തീയതിയും 28.09.2012 ആയിരുന്നു.

അടുത്ത പ്രീമിയം അടയ്ക്കേണ്ട തീയതി 28.09.2013 ആയിരുന്നു. അടുത്ത പ്രീമിയം അടക്കാത്തതിനാൽ പോളിസി കാലഹരണപ്പെട്ടു. ലൈഫ് ഇൻഷ്വർ ചെയ്തയാൾ 25.02.2014ന് അടുത്ത പ്രീമിയം അടച്ചു. കൂടാതെ ആ തീയതി മുതൽ കാലഹരണപ്പെട്ട പോളിസി പുനഃസ്ഥാപിച്ചു. 03.06.2014ന് ലൈഫ് ഇൻഷ്വർ ചെയ്തയാൾ ആത്മഹത്യ ചെയ്തു.

5. പോളിസി വ്യവസ്ഥകളുടെയും പ്രത്യേകാവകാശങ്ങളുടെയും, അതിൽ സൂചിപ്പിച്ചിരിക്കുന്ന നിബന്ധനകളുടെയും വ്യവസ്ഥകളുടെയും, 9-ാം ഖണ്ഡമാണ് പരിഗണിക്കേണ്ട പ്രസക്തമായ ഖണ്ഡം. 9-ാം ഖണ്ഡം ഇങ്ങനെ വായിക്കുന്നു:

"**9. ആത്മഹത്യ :** ഈ പോളിസി പുറപ്പെടുവിച്ച തീയതി മുതൽ അല്ലെങ്കിൽ ഈ പോളിസി പുനഃസ്ഥാപിച്ച തീയതി മുതൽ 12 മാസത്തിനുള്ളിൽ ലൈഫ് ഇൻഷ്വർ ചെയ്തയാൾ, സുബോധമുള്ളയാളോ ചിത്തഭ്രമമുള്ളയാളോ ആകട്ടെ, ആത്മഹത്യ ചെയ്താൽ മരണത്തിന് കമ്പനി ഏതെങ്കിലും ക്ലെയിം നൽകില്ല."

6. 26.09.2012-ന് ആദ്യ ചെക്ക് നൽകിയതായി ഉഷ സോണിയുടെ കേസിലെ രേഖകളിൽ നിന്ന് ഞങ്ങൾ കണ്ടെത്തി. പോളിസിയിൽ പോളിസി പുറപ്പെടുവിക്കുന്നതും ആരംഭിക്കുന്ന തീയതിയും 28.09.2012 എന്ന് സൂചിപ്പിച്ചിരിക്കുന്നു. കൂടാതെ, അടുത്ത പ്രീമിയം കുടിശ്ശിക 28.09.2013 ആയിരുന്നു. നിബന്ധനകളുടെയും വ്യവസ്ഥകളുടെയും 1(iv)-ാം ഖണ്ഡപ്രകാരം ഗ്രേസ് പിരീഡ് 30 ദിവസമാണ്. പോളിസി കാലഹരണപ്പെടുമെന്ന് 5-ാം ഖണ്ഡം പരാമർശിക്കുന്നു. 6-ാം ഖണ്ഡം പുനഃസ്ഥാപിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നു. എന്നിരുന്നാലും, അനുവദനീയമായ സമയത്തിനുള്ളിൽ പുതുക്കൽ തുക നൽകാത്തതിനാൽ, പോളിസി കാലഹരണപ്പെടുകയും, തുടർന്ന് 25.02.2014-ന് കാലഹരണപ്പെട്ട പോളിസിയിൽ പ്രീമിയം അടച്ചതിന് ശേഷം, പ്രസ്തുത തീയതി മുതൽ പോളിസി പുനഃസ്ഥാപിക്കുകയും ചെയ്തു. 12 മാസത്തിനുള്ളിൽ വരുന്ന 03.06.2014-ന് ലൈഫ് ഇൻഷ്വർ ചെയ്തയാൾ ആത്മഹത്യ ചെയ്തു.

7. ജില്ലാ ഫോറം, സംസ്ഥാന കമ്മീഷൻ, ദേശീയ കമ്മീഷൻ എന്നിവ പാസ്സാക്കിയ ഉത്തരവുകൾ പരിശോധിക്കുമ്പോൾ, നിബന്ധനകളുടെയും വ്യവസ്ഥകളുടെയും 9-ാം ഖണ്ഡം പരാമർശിച്ചിട്ടുണ്ടെങ്കിലും കാലഹരണപ്പെട്ട പോളിസി പുനഃസ്ഥാപിക്കുന്നതിന്റെ വശം പരിഗണിച്ചിട്ടില്ലെന്ന് ഞങ്ങൾ മനസ്സിലാക്കുന്നു. പോളിസി പുറപ്പെടുവിച്ച തീയതി, അതായത് 28.09.2012, മാത്രമാണ് 12 മാസം കണക്കാക്കുന്നതിനുള്ള പ്രസക്തമായ തീയതിയായി അവർ തെറ്റായി എടുത്തിരിക്കുന്നത്.

8. പോളിസി പുറപ്പെടുവിച്ച തീയതി മുതൽ അല്ലെങ്കിൽ പോളിസി പുനഃസ്ഥാപിക്കുന്ന

തീയതി മുതൽ 12 മാസക്കാലയളവ് ആരംഭിക്കുമെന്ന് പോളിസിയിൽ ഒരിക്കൽ സൂചിപ്പിച്ചുകഴിഞ്ഞാൽ, പുനഃസ്ഥാപിക്കലിന്റെ വശം പരിഗണിക്കേണ്ടതായിരുന്നു. പോളിസി പുനഃസ്ഥാപിക്കുന്ന തീയതി 25.02.2014 ആണെന്ന് വ്യക്തമാക്കുകയും അത് പോളിസി ആരംഭിക്കുന്ന തീയതികൂടിയായതിനാലും രണ്ട് തീയതികളും ഒന്നുതന്നെ എന്ന് പ്രസ്താവിച്ചിരിക്കുന്നു. ആത്മഹത്യ നടന്ന തീയതി 03.06.2014-ലാണ്, ആയത് തീർച്ചയായും 12 മാസത്തിനുള്ളിലാണ്.

9. ഇനി, ജയ വധ്വാനിയുടെ കേസിലേക്ക് വരുകയാണെങ്കിൽ, പ്രീമിയം തുകയുടെ 13.07.2012-ലെ ചെക്ക് സംബന്ധിച്ച് പ്രൊപ്പോസൽ ഫോം 14.07.2012-ന് സമർപ്പിച്ചു. ചെക്കിന്റെ ക്ലിയറൻസിന് വിധേയമായാണ് രസീത് നൽകുന്നതെന്നും അപകടസാധ്യത അംഗീകരിച്ച തീയതി മുതൽ മാത്രമേ ഇൻഷുറൻസ് പരിരക്ഷ നൽകൂ എന്നും അതിൽ സൂചിപ്പിച്ചിരുന്നു. 16. 07. 2012-ന് പോളിസി പുറപ്പെടുവിക്കുകയും അതേ തീയതിയിൽ തന്നെ പോളിസി പ്രാബല്യത്തിലാവുകയും ചെയ്തു.

10. അതിനാൽ, 2012 ജൂലൈ 14 പോളിസി പുറപ്പെടുവിച്ച തീയതിയായി കണക്കാക്കാനാവില്ല. അത് പ്രീമിയം തുകയുടെ രസീത് പുറപ്പെടുവിച്ച തീയതി മാത്രമാണ്. 16.07.2012 എന്ന തീയതിയിലാണ് പോളിസി പുറപ്പെടുവിച്ചതും യഥാർത്ഥത്തിൽ പോളിസി ആരംഭിച്ച് പ്രാബല്യത്തിൽ വരുന്നതും.

11. നിലവിലെ കേസിൽ, 16.07.2012 മുതൽ 12 മാസത്തെ കാലയളവ് 15.07.2013-ന് പൂർത്തിയാകും, 12 മാസത്തെ അവസാന ദിവസമായിരിക്കും ഇത്. അതായത് അടുത്ത ദിവസം മുതൽ 16.07.2013-ന് അടുത്ത മാസം ആരംഭിക്കും. നിർഭാഗ്യവശാൽ, ആത്മഹത്യ സംഭവം 12 മാസത്തിന്റെ അവസാന ദിവസമായ 15.07.2013-ന് ആണ് സംഭവിച്ചത്. പ്രൊപ്പോസൽ തീയതിയും പ്രാരംഭ നിക്ഷേപവും പോളിസി പുറപ്പെടുവിക്കുന്നതും ഒരേ തീയതിയിൽ നടക്കുന്നത് വരെ, പ്രൊപ്പോസലിന്റെ തീയതി പോളിസിയുടെ തീയതിയായി കണക്കാക്കാനാവില്ല. ഉദാഹരണത്തിന്, പ്രീമിയം പണമായി അടയ്ക്കുമ്പോൾ, ഉടൻ തന്നെ പോളിസി പുറപ്പെടുവിക്കാം. കേവലം, ഒരു ചെക്ക് നൽകുന്നത് (tender) മതിയാകില്ല, കാരണം ചെക്ക് പണമായി മാറ്റുന്നതുവരെ (encash) കരാർ പ്രാബല്യത്തിൽ വരില്ല. ചെക്ക് പുറപ്പെടുവിച്ചതിനു ശേഷം ചെക്ക് എഴുതികൊടുക്കുന്നയാൾക്ക് എപ്പോൾ വേണമെങ്കിലും അതിന്റെ പേയ്മെന്റ് നിർത്തുകയോ അല്ലെങ്കിൽ ചെക്ക് നൽകിയ അക്കൗണ്ടിൽ ആവശ്യത്തിന് ഫണ്ട് ഇല്ലാതിരിക്കുകയോ ചെയ്യാം. കൂടാതെ ചെക്ക് പണമായി മാറ്റാതെ തിരികെ നൽകുന്നതിന് മറ്റ് നിരവധി കാരണങ്ങളുണ്ടാകാം.

12. പോളിസിയിൽ അടങ്ങിയിരിക്കുന്ന കരാറിന്റെ നിബന്ധനകളും വ്യവസ്ഥകളും കർശനമായി പാലിക്കേണ്ടതുണ്ടെന്ന തന്റെ സമർപ്പണത്തെ പിന്തുണച്ച് അപ്പീൽവാദിയുടെ അഭിഭാഷകൻ ആശ്രയിക്കുന്ന രണ്ട് വിധിന്യായങ്ങൾ കൂടി ഞങ്ങൾ

പരാമർശിക്കുന്നു. അഥവാ മറ്റെന്തെങ്കിലും വ്യാഖ്യാനം നൽകുകയോ നിബന്ധനകളും വ്യവസ്ഥകളും അയവുവരുത്തുകയോ ചെയ്താൽ നിബന്ധനകളും വ്യവസ്ഥകളും പരാമർശിക്കുന്നത് ഒരു വ്യർത്ഥമായ നടപടിയായിരിക്കും.

13. ഇതുമായി ബന്ധപ്പെട്ട്, **ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യയും മറ്റൊരാളും v. ധരം വീർ ആനന്ദ്** (1998)7 SCC348 എന്ന കേസിൽ 6-ാം ഖണ്ഡികയുടെ ഭാഗമായ സംഗ്രഹം ഉദ്ധരിക്കുന്നത് ഉപയോഗപ്രദമാകും. അതിൽ ഇനിപ്പറയുന്ന രീതിയിൽ പറഞ്ഞിരിക്കുന്നു:

"6. എതിരായ വാദങ്ങളും കക്ഷികൾ തമ്മിലുള്ള ഒരു കരാർ മാത്രമായ ഇൻഷുറൻസ് പോളിസിയും പരിശോധിച്ചതിനെ തുടർന്നും പോളിസിയുടെ നിബന്ധനകളിലെ 4-ബി ഉപയോഗിച്ചിരിക്കുന്ന പദപ്രയോഗങ്ങൾ പരിഗണിച്ചും, അപ്പീൽവാദിക്ക് വേണ്ടി ഹാജരായ സീനിയർ അഭിഭാഷകനായ ശ്രീ. സാൽവെ അവതരിപ്പിച്ച വാദമുഖങ്ങൾ അംഗീകരിക്കാൻ ഞങ്ങൾ പ്രേരിപ്പിക്കപ്പെട്ടു. കരാറിന്റെ ഒരു പ്രത്യേക ഖണ്ഡത്തെ വ്യാഖ്യാനിക്കുമ്പോൾ അതിൽ ഉപയോഗിച്ചിരിക്കുന്ന പദങ്ങളും നിബന്ധനകളും പ്രാബല്യത്തിൽ വരുത്തണമെന്ന് വ്യാഖ്യാനിക്കുന്നത് തികച്ചും ന്യായമാണ്. മറ്റൊരു രീതിയിൽ പറഞ്ഞാൽ, കരാർ പോളിസിക്ക് ഒരു അർത്ഥം നൽകി, കരാറിന്റെ ഒരു ഭാഗം അർത്ഥശൂന്യമാക്കാൻ (otiose) പാടില്ല. എന്നാലും , ഒരു കരാറിന്റെ ഒരു ഖണ്ഡത്തിൽ രണ്ട് വ്യത്യസ്ത പദപ്രയോഗങ്ങൾ ഉപയോഗിക്കുമ്പോൾ, സാധാരണയായി ആ വ്യത്യസ്ത പദപ്രയോഗങ്ങൾ വ്യത്യസ്ത അർത്ഥങ്ങൾ നൽകുകയും ചെയ്യുമ്പോൾ ഇരുപദപ്രയോഗങ്ങളും ഒരേ അർത്ഥം നൽകുന്നതായി കണക്കാക്കാനുമാവില്ല. മേൽപ്പറഞ്ഞ വ്യാഖ്യാനതത്വം (principle of construction) മനസ്സിലാക്കി പോളിസി നിബന്ധനകളുടെ 4-ബി ഖണ്ഡം സൂക്ഷ്മമായി പരിശോധിച്ചാൽ, പോളിസിക്ക് കീഴിലുള്ള അപകടസാധ്യത (risk) ആരംഭിച്ച തീയതി പോളിസിയുടെ തീയതിയിൽ നിന്ന് വ്യത്യസ്തമാണെന്ന് പകൽപോലെ വ്യക്തമാകുന്നു. ഈ കേസിൽ, പോളിസിക്ക് കീഴിലുള്ള അപകടസാധ്യത ആരംഭിച്ച തീയതി 10.5.89 ആണെന്നതിൽ സംശയമില്ല. എന്നാൽ പോളിസി പുറപ്പെടുവിച്ച തീയതിയായ 31.03.1990 ആണ് പോളിസിയുടെ തീയതി. പോളിസിക്ക് മുൻകാല തീയതി വേണമോ എന്ന് സൂചിപ്പിക്കാൻ ഇൻഷുറർ ഇൻഷ്വർ ചെയ്ത വ്യക്തിക്ക് തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം നൽകിയതു പ്രകാരം പോളിസി 10.05.1989 മുതൽ മുൻകാല തീയതിയുള്ള തായിരിക്കണമെന്ന് ഇൻഷ്വർ ചെയ്ത വ്യക്തി സൂചിപ്പിക്കുകയും ആ കാലയളവിലെ പ്രീമിയം അടയ്ക്കുകയും ചെയ്തതുവഴി പോളിസിക്ക് കീഴിലുള്ള അപകടസാധ്യത 10.5.1989 മുതൽ പ്രാബല്യത്തിൽ വന്നതായി പറയാനാകും. എന്നാൽ പോളിസിയുടെ തീയതി ഇപ്പോഴും പോളിസി പുറപ്പെടുവിച്ച തീയതിയായിരിക്കും, അതായത് 31.03.1990. പോളിസിയുടെ തീയതി മുതൽ മൂന്ന് വർഷം തികയുന്നതിന് മുമ്പ് ലൈഫ് ഇൻഷ്വർ ചെയ്തയാൾ ആത്മഹത്യ ചെയ്തതിന്റെ ഫലമായി ലൈഫ് ഇൻഷ്വർ ചെയ്തയാളുടെ

മരണം സംഭവിച്ചതിനാൽ പോളിസിയുടെ 4-ബി ഖണ്ഡത്തിൽ അടങ്ങിയിരിക്കുന്ന നിബന്ധനകൾ ആകർഷിക്കപ്പെടും. അതിനാൽ, കോർപ്പറേഷന്റെ ബാധ്യത പോളിസിക്ക് കീഴിൽ അടച്ച പ്രീമിയത്തിന്റെ ആകെ തുകയ്ക്ക് തുല്യമായ തുകയായി പരിമിതപ്പെടുത്തും. അല്ലാതെ ലൈഫ് ഇൻഷ്വർ ചെയ്ത മുഴുവൻ തുകയും അല്ല. ഉപഭോക്തൃ സംരക്ഷണ നിയമത്തിന് കീഴിലുള്ള ഫോറങ്ങൾ പോളിസിയുടെ 4-ബി ഖണ്ഡം വ്യാഖ്യാനിക്കുന്നതിലും മേൽപ്പറഞ്ഞ 4-ബി ഉപഖണ്ഡത്തിലെ രണ്ട് പദപ്രയോഗങ്ങൾ അതായത്, 'പോളിസിക്ക് കീഴിലുള്ള അപകടസാധ്യത ആരംഭിച്ച തീയതി, കൂടാതെ 'പോളിസിയുടെ തീയതി' എന്നിവയ്ക്ക് ഒരേ അർത്ഥം നൽകിയതിലും ഗുരുതരമായ പിഴവ് വരുത്തി. 4-ബി ഉപഖണ്ഡത്തിന്റെ പരിമിതി വ്യവസ്ഥ (proviso) പരിശോധിച്ചാൽ, 4-ബി ഖണ്ഡത്തിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകൾക്ക് ഞങ്ങൾ നൽകിയ വ്യാഖ്യാനത്തിന് ശക്തി ലഭിക്കും. പരിമിതി വ്യവസ്ഥ പ്രകാരം, പോളിസിയുടെ തീയതി മുതൽ ഒരു വർഷം അവസാനിക്കുന്നതിന് മുമ്പ് ലൈഫ് ഇൻഷ്വർ ചെയ്തയാൾ ആത്മഹത്യ ചെയ്താൽ, പോളിസിയുടെ പിന്നിൽ അച്ചടിച്ച 'ആത്മഹത്യ' എന്ന തലക്കെട്ടിന് കീഴിലുള്ള ഖണ്ഡ വ്യവസ്ഥകൾ ബാധകമാകും. അതിനാൽ പോളിസി പുറപ്പെടുവിച്ച തീയതിക്ക് ഒരു വർഷം മുമ്പുള്ള മുൻകാല തീയതിയിലുള്ള ഒരു പോളിസിയിൽ മുൻ 4-ബി ഖണ്ഡത്തിൽ അടങ്ങിയിരിക്കുന്ന പരിമിതി വ്യവസ്ഥ പൂർണ്ണമായും നടപ്പിലാക്കാൻ കഴിയില്ല. കക്ഷികൾ കരാറിന്റെ നിബന്ധനകൾ അംഗീകരിച്ചുകഴിഞ്ഞാൽ, ഒരു പ്രത്യേക നിബന്ധന ഒരിക്കലും പ്രാവർത്തികമാക്കാൻ ഉദ്ദേശിച്ചിട്ടില്ലെന്ന് കരുതുന്നത് അനുവദനീയമല്ല. ''പോളിസിയുടെ തീയതി'' എന്ന പദപ്രയോഗം പോളിസി പുറപ്പെടുവിച്ച തീയതിയാണെന്നും പോളിസിക്ക് കീഴിലുള്ള അപകടസാധ്യത ആരംഭിച്ച തീയതിയല്ലെന്നും വ്യാഖ്യാനിക്കുകയാണെങ്കിൽ, 4-ബി ഖണ്ഡത്തിലെ വ്യവസ്ഥയ്ക്ക് അതിന്റെ പൂർണ്ണമായ അർഥം ഉണ്ടാകും. മേൽപ്പറഞ്ഞ സാഹചര്യങ്ങളാൽ, പോളിസിയുടെ 4-ബി ഖണ്ഡപ്രകാരം പോളിസിയുടെ തീയതി പോളിസി പുറപ്പെടുവിച്ച തീയതിയാണെന്നും പോളിസിക്ക് മുൻകാല തീയതി അനുവദിച്ചു കൊണ്ട് പോളിസിക്ക് കീഴിലുള്ള അപകടസാധ്യത ആരംഭിച്ച തീയതി യല്ലെന്നും ഞങ്ങൾ അഭിപ്രായപ്പെടുന്നു. 4-ബി ഖണ്ഡത്തിന്റെ മേൽപ്പറഞ്ഞ വ്യാഖ്യാനം കണക്കിലെടുത്ത്, ഈ കേസിൽ പോളിസിയുടെ തീയതി മുതൽ മൂന്ന് വർഷം കഴിയുന്നതിന് മുമ്പ്, അതായത് 31.3.1990-ന് മുമ്പ്, ലൈഫ് ഇൻഷ്വർ ചെയ്തയാളിന്റെ മരണം സംഭവിച്ചതിനാൽ, പോളിസിക്ക് കീഴിൽ അടച്ച പ്രീമിയത്തിന്റെ മൊത്തം തുകയ്ക്ക് തുല്യമായ പലിശരഹിതമായ തുകയ്ക്ക് മാത്രമേ നിയമ പ്രകാരം എതിർകക്ഷിക്ക് അർഹതയുള്ളൂ..........''

14. **ധരം വീർ ആനന്ദിന്റെ (നേരത്തെ സൂചിപ്പിച്ച)** കേസിലെ മേൽപ്പറഞ്ഞ വിധിയെ ആശ്രയിച്ച്, **ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യ v. മണി റാം** എന്ന കേസിൽ ഈ കോടതി വീണ്ടും അതേ വീക്ഷണം ആവർത്തിക്കുകയും ധരം വീർ ആനന്ദിന്റെ (നേരത്തെ സൂചിപ്പിച്ചത്) കേസിൽ ചെയ്തതു പോലെ മുൻകാല തീയതി ഉണ്ടായാൽ പോലും പോളിസി ഇഷ്യൂ ചെയ്യുന്ന തീയതി പ്രസക്തമായ തീയതിയായിരിക്കുമെന്ന് വിധിക്കുകയും ചെയ്തു.

15. നിലവിലെ അപ്പീലുകളിൽ, മുൻകാല തീയതിയുടെ അത്തരം പ്രശ്നങ്ങളൊന്നും ഞങ്ങൾ കണ്ടെത്തിയില്ല. എന്നാൽ പോളിസി പുറപ്പെടുവിച്ച തീയതി എല്ലാ ആവശ്യങ്ങൾക്കും പ്രസക്തമായ തീയതിയായിരിക്കും, അല്ലാതെ പോളിസിയുടെ പ്രൊപ്പോസൽ തീയതിയോ രസീത് പുറപ്പെടുവിച്ച തീയതിയോ ആയിരിക്കില്ല. മേൽപ്പറഞ്ഞവ കണക്കിലെടുത്ത്, അപ്പീൽവാദി സ്വീകരിച്ച നിലപാട് അംഗീകരിക്കുന്നു. അതിനാൽ ചോദ്യംചെയ്യപ്പെട്ട ഉത്തരവുകൾ റദ്ദാക്കപ്പെടാൻ ബാധ്യസ്ഥമാണ്.

16. അതനുസരിച്ച്, ജില്ലാ ഫോറം, സംസ്ഥാന കമ്മീഷൻ, ദേശീയ കമ്മീഷൻ എന്നിവ പാസ്സാക്കിയ ഉത്തരവുകൾ റദ്ദാക്കുകയും എതിർകക്ഷിയുടെ അവകാശ വാദങ്ങൾ തള്ളുകയും ചെയ്യുന്നു. ഇപ്രകാരം അപ്പീലുകൾ മുകളിൽ പറഞ്ഞതു പോലെ അനുവദിക്കുന്നു.

17. ചെലവ് സംബന്ധിച്ച് ഒരു ഉത്തരവും പുറപ്പെടുവിക്കുന്നില്ല.

**സുപ്രീം കോടതി മുമ്പാകെ**

**ബഹു. ജസ്റ്റിസ് ബി.ആർ. ഗവായ്**
**&**
**ബഹു. ജസ്റ്റിസ് പമിഡിഘം ശ്രീ. നരസിംഹ**
**&**
**ബഹു. ജസ്റ്റിസ് അരവിന്ദ് കുമാർ**

ക്രിമിനൽ അപ്പീൽ നമ്പർ 163/2010

**ദർശൻ സിംഗ് – അപ്പീൽവാദി**
**V**
**പഞ്ചാബ് സംസ്ഥാനം – എതിർകക്ഷി**

(4-1-2024-ന് വിധി പ്രസ്താവിച്ചത്)

**വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ**

ക്രിമിനൽ നടപടി നിയമസംഹിതയുടെ 313-ാം വകുപ്പ് പ്രകാരം എടുക്കുന്ന പ്രതിവാദത്തിന്റെ പിൻബലമായി പ്രതി നൽകേണ്ട തെളിവുകളുടെ നിലവാരം സംശയാതീതമായിരിക്കണം എന്നില്ല, കുറ്റകൃത്യം തെളിയിക്കേണ്ട ബാദ്ധ്യത പ്രോസിക്യൂഷന് തന്നെയാണ്. വെറും ഒരു സംശയം സൃഷ്ടിക്കുക മാത്രമെ പ്രതി ചെയ്യേണ്ടതായിട്ടുള്ളു, അതിൽ നിന്നും ഒരു ഗുണവും പ്രതിക്കുവരാത്ത വിധത്തിൽ സംശയാതീതമായി തെളിയിക്കേണ്ടത് പ്രോസിക്യൂഷനാണ്. ഒരു സാഹചര്യം തെളിയിക്കാൻ സാധിക്കാതിരുന്നാൽ സാഹചര്യങ്ങളുടെ ചങ്ങലയിൽ വിള്ളൽ വീഴുമെന്നതിനാൽ പ്രോസിക്യൂഷൻ തെളിയിക്കാനുദ്ദേശിച്ച മറ്റു സാഹചര്യങ്ങൾ പരിഗണിക്കേണ്ട കാര്യമില്ല. സാഹചര്യങ്ങളുടെ ചങ്ങലയിൽ വിടവ് വരാൻ പാടില്ല. സാഹചര്യതെളിവുകളെ മാത്രം അടിസ്ഥാനപ്പെടുത്തി വിധിക്കേണ്ട കേസുകളിൽ സാഹചര്യങ്ങളുടെ ചങ്ങലയിൽ വിള്ളലുണ്ടാകാൻ പാടില്ല. അതുണ്ടെങ്കിൽ പ്രതി സംശയത്തിന്റെ ആനുകൂല്യത്തിന് അർഹനായിരിക്കും. ചങ്ങലയിലെ ചില സാഹചര്യങ്ങൾ മറ്റേതെങ്കിലും ഊഹങ്ങൾ കൊണ്ട് വിശദീകരിക്കാൻ സാധിക്കുമെങ്കിൽ അപ്പോഴും പ്രതിക്ക് സംശയത്തിന്റെ ആനുകൂല്യം ലഭിക്കും.

## വിധിന്യായം

**ജസ്റ്റിസ് അരവിന്ദ് കുമാർ**

1. 23.07.2009-ന് ക്രിമിനൽ അപ്പീൽ നമ്പർ 593DB/2000 ത്തിൽ പഞ്ചാബ് & ഹരിയാന ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിലും ഉത്തരവിൽ നിന്നുമാണ് ഈ പ്രത്യേക അനുമതി ഹർജി ഉത്ഭവിച്ചത്. അപ്പീൽവാദി ദർശൻ സിംഗിന്റെ ശിക്ഷാവിധിയുടെയും ശിക്ഷയുടെയും ഉത്തരവ് ഹൈക്കോടതി ശരിവെക്കുകയും, റാണികൗർ (2-ാം പ്രതി) യുടെ അപ്പീൽ അനുവദിച്ച് അവരെ കുറ്റ വിമുക്തയാക്കുകയും ചെയ്തു. പഞ്ചാബ് സംസ്ഥാനം റാണി കൗറിനെ വെറുതെ വിട്ടതിനെതിരെ ഏതെങ്കിലും പ്രത്യേക അനുമതി ഹർജി ഫയൽ ചെയ്തിട്ടില്ല. ഈ സാഹചര്യത്തിലാണ് ദർശൻ സിംഗ് ഫയൽ ചെയ്ത അപ്പീലിനുള്ള പ്രത്യേക അനുമതി ഹർജി 22.01.2010-ന് അനുമതി നൽകി ഉത്തരവാക്കപ്പെട്ടത്.

### പ്രോസിക്യൂഷന്റെ വാദം:

2. വസ്തുതകൾ ചുരുക്കത്തിൽ താഴെ പറയും പ്രകാരം സംഗ്രഹിക്കാം:

മരണപ്പെട്ട അമൃക് കൗറിനെ 1988-ൽ അപ്പീൽ വാദിയായ ദർശൻ സിംഗിന് വിവാഹം ചെയ്തു കൊടുത്തിരുന്നു. മരണപ്പെട്ട ആളുടെ സഹോദരിയായ മെലോ കൗർ (PW3) വഴിയാണ് വിവാഹം നടത്തപ്പെട്ടത്. ദർശൻ സിംഗ് റാണി കൗർ (എ2) മായി അവിഹിത ബന്ധം സ്ഥാപിച്ചതിനാൽ ആയത് പ്രധാനമായും ഇവരുടെ വൈവാഹിക ബന്ധത്തിൽ പിരിമുറുക്കങ്ങൾ വരുത്തി എന്നും പ്രോസിക്യൂഷൻ വാദിക്കുന്നു. നിരവധി ബന്ധുക്കൾ റാണി കൗറുമായുള്ള ബന്ധം അവസാനിപ്പിക്കുവാൻ ദർശൻ സിംഗിനോട് പറഞ്ഞുവെങ്കിലും കാര്യമുണ്ടായില്ല. നിർഭാഗ്യകരമായ ദിവസത്തിന് മുമ്പ് ചുരുങ്ങിയത് 3 വർഷത്തോളമെങ്കിലും ഈ അവിഹിതബന്ധം നിലനിന്നിരുന്നതായി പറയപ്പെടുന്നു. 18.05.1999-നും 19.05.1999-നും ഇടക്കുള്ള രാത്രിയിൽ മരിച്ച ആളെ നിർമ്മാർജ്ജനം ചെയ്യണം എന്ന ഉദ്ദേശത്തോടെ മന:പൂർവ്വം ദർശൻ സിംഗും റാണി കൗറും വിഷം കൊടുത്ത് അമൃക് കൗറിനെ വധിച്ചു എന്നതാണ് പ്രോസിക്യൂഷൻ വാദം.

3. ഈ ആരോപണങ്ങളിന്മേൽ ഇന്ത്യൻ ശിക്ഷാ നിയമത്തിന്റെ 302 വകുപ്പിനോടൊപ്പം 34-ാം വകുപ്പും കൂട്ടിച്ചേർത്ത് ചാർജ്ജ് ചെയ്ത് ദർശൻ സിംഗിനെയും റാണി കൗറിനെയും വിചാരണ ചെയ്തു. വിചാരണ കോടതി 302-നോടൊപ്പം 34-ാം വകുപ്പ് ചേർത്തത് പ്രകാരം പ്രതികളെ ശിക്ഷിക്കുകയും അവർക്ക് ജീവപര്യന്തം തടവ് ശിക്ഷ വിധിക്കുകയും ചെയ്തു.

## വിചാരണ കോടതിയുടെയും ഹൈക്കോടതിയുടെയും കണ്ടെത്തലുകൾ

4. ഇതൊരു കൊലപാതകമാണെന്നും ആത്മഹത്യയല്ല എന്നും വിചാരണ കോടതി നിഗമനത്തിലെത്തി. അപ്പീൽ വാദിക്ക് ഭാര്യയെ വധിക്കുവാനുള്ള അതിയായ ഗൂഢോദ്ദേശം ഉണ്ടായിരുന്നുവെന്ന് കോടതി കണ്ടു. 18.05.1999നും 19.05.1999നും ഇടക്കുള്ള രാത്രിയിൽ അപ്പീൽവാദിയും റാണി കൗറും വീട്ടിൽ ഉണ്ടായിരുന്നു എന്നതിനാൽ 18.05.1999 രാത്രി ജീവനോടെ ഉണ്ടായിരുന്ന അമൃക് കൗർ എങ്ങനെ പിറ്റെ ദിവസം രാവിലെ ശവമായി മാറിയെന്ന് വിശദീകരിക്കേണ്ട ബാധ്യത അപ്പീൽവാദിക്കും റാണി കൗറിനുമാണ് എന്നും കണ്ടു. അപ്പീൽ വാദി മുന്നോട്ട് വെച്ച ആത്മഹത്യാവാദം കോടതി മുഴുവനായും അവിശ്വസിച്ചു. മരിച്ച ആളുടെ ശരീരത്തിൽ മുറിവുകളില്ല എന്ന കാരണത്താൽ മാത്രം വിഷവസ്തു ബലാൽക്കാരമായി നൽകിയതിന്റെ സാധ്യതകൾ ഇല്ലാതാകുന്നില്ല എന്നും രേഖപ്പെടുത്തിയിരിക്കുന്നു. മേൽ സാഹചര്യങ്ങൾ മൊത്തമായി പരിഗണിച്ച് അപ്പീൽവാദിക്കും റാണി കൗറിനുമെതി രായുള്ള കേസ് പ്രോസിക്യൂഷൻ ന്യായമായ സംശയത്തിനതീതമായി തെളിയിച്ചു എന്ന് കോടതി വിധിച്ചു.

5. അപ്പീലിൽ ഹൈക്കോടതി അപ്പീൽവാദിയെ സംബന്ധിച്ചുള്ള വിചാരണ കോടതിയുടെ കണ്ടെത്തലിനോട് യോജിക്കുകയും സംശയത്തിന്റെ ആനുകൂല്യം നൽകി കൊണ്ട് റാണി കൗറിനെ കുറ്റവിമുക്തയാക്കുകയും ചെയ്തു. പ്രോസിക്യൂഷൻ 3-ാം സാക്ഷിയുടെയും 4-ാം സാക്ഷിയുടെയും മൊഴികളല്ലാതെ 18.05.99-നും 19.05.99 -നും ഇടക്കുള്ള രാത്രിയിൽ അപ്പീൽവാദിയുടെ വീട്ടിൽ റാണി കൗറിന്റെ സാന്നിദ്ധ്യം തെളിയിക്കാൻ മറ്റൊരു തെളിവുമില്ല എന്ന് കോടതി കണ്ടു.

## അപ്പീൽവാദിയുടെ അഭിഭാഷകൻ ശ്രീ. അഭിമന്യു തിവാരിയുടെ വാദങ്ങൾ

6. പ്രോസിക്യൂഷൻ 3-ാം സാക്ഷി മെലോ കൗർ വിശ്വസനീയമായ സാക്ഷിയല്ല. 18.05.1999-നും 19.05.1999-നുമിടക്കുള്ള രാത്രിയിൽ അപ്പീൽവാദി ദർശൻ സിംഗ് വീട്ടിലുണ്ടായിരുന്നു എന്നത് സ്ഥാപിക്കാൻ അവരുടെ മൊഴിയെയാണ് ആശ്രയി ച്ചിരിക്കുന്നത്. അവർ അവരുടെ മൊഴിയിൽ നിരവധി കൂട്ടിച്ചേർക്കലുകൾ വരുത്തി യതിനാലും, മൊഴിയിൽ പല വൈരുദ്ധ്യങ്ങളുള്ളതിനാലും, മറ്റാരും സമർത്ഥിക്കാത്ത അവരുടെ മൊഴിയെ അവലംബിക്കുന്നത് സുരക്ഷിതമല്ല. അവരുടെ മൊഴിയുടെ ഒരു ഭാഗം മാത്രം ആശ്രയിച്ച് ബാക്കി ഭാഗം തിരസ്ക്കരിക്കുന്നത് അപ്പീൽവാദിക്ക് ദോഷ കരമാകും. അവരുടെ മൊഴി മുഴുവനായും അവഗണിക്കുകയാണെങ്കിൽ പ്രധാന സാഹചര്യമായ കുറ്റകൃത്യം നടന്ന സ്ഥലത്ത് അപ്പീൽ വാദിയുടെ സാന്നിദ്ധ്യം കാണിക്കാൻ മറ്റൊരു തെളിവുമില്ല.

6. 1. അലൂമിനിയം ഫോസ്ഫൈഡിന്റെ രൂക്ഷമായ ഗന്ധം കാരണം വഞ്ചനയിലൂടെ അത് അകത്താക്കാൻ സാധിക്കുകയില്ല. മരിച്ചയാളുടെ ദേഹത്തിൽ

പരിക്കിന്റെ അടയാളങ്ങൾ ഒന്നുമില്ലാത്തതിനാൽ ബലമായിട്ടല്ല വിഷം അകത്ത് ചെന്നത് എന്നത് കൂടുതൽ സ്ഥാപിക്കപ്പെടുന്നു. അതുകൊണ്ട് ഇത് ഒരു ആത്മഹത്യ മാത്രമാണെന്ന് സമർപ്പിക്കുന്നു, അതിന്റെ കാരണം മെലോ കൗറുമായുണ്ടായിട്ടുള്ള സംസാരമാണ്. അമൃക് കൗറിന് മെലോ കൗറിന്റെ ഭർത്താവായ ഗുർമെൽ സിംഗുമായി (പ്രോസിക്യൂഷൻ 4-ാം സാക്ഷി), അവിഹിത ബന്ധമുണ്ടായിരുന്നുവെന്നും അത് തന്റെ സഹോദരി കണ്ടുപിടിച്ചതിൽ പരിഭ്രാന്തയായി സ്വയം വിഷം കഴിച്ച് ആത്മഹത്യ ചെയ്തതാണെന്നാണ് അപ്പീൽവാദിയുടെ വാദം. വെളുത്തുള്ളിയുടേതു പോലെയുള്ള രൂക്ഷഗന്ധം അലൂമിനിയം ഫോസ്ഫൈഡിന് ഉണ്ടെന്ന് കാണിക്കാൻ വിധി ന്യായങ്ങളും വക്കീൽ സമർപ്പിച്ചു.

6. 2. ജയ്പാൽ V ഹരിയാന സംസ്ഥാനം (2003) ICC 169-ൽ അത്യുന്നത കോടതി, അലൂമിനിയം ഫോസ്ഫൈഡിന്റെ സ്വഭാവം വിശകലനം ചെയ്ത വിധിന്യായത്തെ ആശ്രയിച്ചു. പ്രധാനപ്പെട്ട ഖണ്ഡികകൾ താഴെ ഉദ്ധരിക്കുന്നു:

‘‘16. മോഡിയുടെ അഭിപ്രായപ്രകാരം അലൂമിനിയം ഫോസ് ഫൈഡ് വിഷം കൊണ്ടുണ്ടാകുന്ന ലക്ഷണങ്ങളും അടയാളങ്ങളും സിങ്ക് ഫോസ്ഫൈഡിനു സമാനമാണ് (പേജ്. 197). സിങ്ക് ഫോസ്ഫൈഡ് അകത്തായാ ലുള്ള പ്രധാന ലക്ഷണങ്ങൾ ചിന്താശൂന്യമായ നോട്ടം, തുടരെയുള്ള ഛർദ്ദിയും ഓക്കാനവും, വിറയലും ക്ഷീണവും, തുടർന്ന് മരണസമയത്ത് ശ്വാസതടസ്സവുമാണ്. സാവധാനം പ്രവർത്തിക്കുന്ന വിഷമായ സിങ്ക്ഫോസ്ഫൈഡ് വയറ്റിൽ വെച്ച് ഹൈഡ്രോ ക്ളോറിക്ക് ആസിഡിനാൽ വിഘടിപ്പിക്കപ്പെട്ട് ശ്വാസകോശ വിഷമായി പ്രവർത്തിക്കുന്ന ഫോസ്ഫൈനെ മോചിപ്പിക്കുന്നു. വളരെ മിനുസമുള്ള പൊടിയായതുകൊണ്ട് സിങ്ക് ഫോസ്ഫൈഡ് വയറ്റിൽ ഉറപ്പോടെ പറ്റിപ്പിടിക്കുകയും, ഛർദ്ദിച്ചതിനു ശേഷവും വയറ്റിൽ അവശേഷിക്കുന്ന ചെറിയ അളവ് സാവധാനമുള്ള വലിച്ചെടുക്കൽ വഴി മരണത്തിന് കാരണമാകുവാൻ മതിയാകുന്നതുമാണ്.

17. ധാന്യങ്ങളിലും, പാടങ്ങളിലും, പ്രാണികളെ നിയന്ത്രിക്കുന്നതിനായി കത്തിക്കുന്നതിനായാണ് സിങ്ക് ഫോസ്ഫൈഡ് (എലി വിഷം)-ൽ നിന്നും ഉണ്ടാകുന്ന ഫോസ്ഫൈൻ പ്രധാനമായും ഉപയോഗിക്കുന്നത്. വെള്ളവുമായോ അമ്ളവുമായോ ചേരുമ്പോൾ ഉണ്ടാകുന്ന രാസപ്രവർത്തനം മൂലം വാതക രൂപത്തിലുള്ള ഫോസ് ഫൈനിന് അതിന്റെ അധിക ശക്തികൊണ്ട് കീടനാശിനിക്ക് ചെന്നെത്താൻ സാധി ക്കാത്ത സ്ഥലങ്ങളിൽ പോലും ഉള്ളിലേക്ക് ഇറങ്ങിച്ചെല്ലുവാൻ സാധിക്കുന്നു. രോഗനിധാനശാസ്ത്രത്തിന്റെ കണ്ടെത്തലുകൾ പ്രകാരം ശ്വാസകോശ തകരാറും ക്ഷീണവുമാണ് ഫോസ്ഫൈൻ ശ്വസിച്ചാൽ ഉണ്ടാകുക. ഫാറ്റി ഡീജനറേഷനും, ലിവർ നെക്രോസിസും ഉണ്ടാക്കുന്നു.

18. മിത്രഭാസുവും, രോഹ്തക്ക് ബിരുദാനന്തര ബിരുദ മെഡിക്കൽ സയൻസ് സ്ഥാപനത്തിന്റെ മെഡിസിൻ വിഭാഗത്തിന്റെ തലവൻ പ്രൊഫ. എസ്. ബി. സിവാച്ചും

എഴുതിയതും കറന്റ് മെഡിക്കൽ ജേർണലിന്റെ ഒന്നാം വോള്യത്തിൽ അഞ്ചാം നമ്പറായ ജൂലായ് 1995-ൽ പ്രസിദ്ധീകരിച്ച "ടോക്സികോളജി (Toxicology) വടക്കേ ഇന്ത്യയിലെ ഗുരുതര അലൂമിനിയം ഫോസ്ഫൈഡ് വിഷം നൽകൽ" എന്ന ശീർഷകത്തിലുള്ള ഒരു ലേഖനത്തിലേക്ക് ഹൈക്കോടതിയുടെയും വിചാരണ കോടതിയുടെയും ശ്രദ്ധ ക്ഷണിച്ചതുപോലെ ഞങ്ങളുടെ ശ്രദ്ധയും ക്ഷണിക്കുക യുണ്ടായി. ഈ ലേഖനത്തിന്റെ ആധികാരികത ഹൈക്കോടതി സംശയിക്കുകയോ അത് ഈ കോടതിയിലോ ഹൈക്കോടതിയിലോ ചോദ്യം ചെയ്യപ്പെടുകയോ ചെയ്തിട്ടില്ല. അലൂമിനിയം ഫോസ്ഫൈഡ് വടക്കേ ഇന്ത്യയിൽ ഒരു വലിയ ആരോഗ്യപ്രശ്നമായി മാറിയിട്ടുണ്ടെന്നും 1984 മുതൽക്കാണ് ഇത്തരം കേസുകൾ വരുവാൻ തുടങ്ങിയതെന്നും ഇതിനെ കുറിച്ച് മുൻകാലങ്ങളിലെ എഴുത്തുകളൊന്നും ലഭ്യമല്ലെന്നും അതിൽ ലേഖകന്മാർ പറഞ്ഞിരിക്കുന്നു. രോഹത്ക്കിലെ ബിരുദാനന്തര ബിരുദ മെഡിക്കൽ സയൻസ് സ്ഥാപനത്തിൽ ഏകദേശം 2000 കേസുകൾ റിപ്പോർട്ട് ചെയ്തതിൽ അവയെല്ലാം ആത്മഹത്യയായിരുന്നു.

19. അവരുടെ പ്രസിദ്ധീകരിച്ച ലേഖനത്തിൽ നിന്നുമുള്ള ലേഖകരുടെ അഭിപ്രായങ്ങളുടെ സംക്ഷിപ്തം ചുരുക്കത്തിൽ പറയാം. ഫോസ്ഫൈൻ വാതകം പെട്ടെന്നുള്ള ഹൃദയപേശി തകർച്ചക്ക് കാരണമാകുന്നു; മിക്ക രോഗികളും പേടി, ഹൃദയസംബന്ധമായ പ്രശ്നം, ശ്വാസതടസ്സം എന്നിവകൊണ്ട് മരിക്കുന്നു. ചോക്ക് വെള്ള നിറത്തിലുള്ള ഗുളിക രൂപത്തിൽ അലുമിനിയം ഫോസ്ഫൈഡ് ലഭ്യമാണ്. സീൽ ചെയ്ത പാത്രത്തിൽ നിന്നും ഇത് പുറത്തെടുക്കുമ്പോൾ, അന്തരീക്ഷത്തിലെ ജലാംശവുമായി സമ്പർക്കത്തിൽ വരുകയും രാസപ്രവർത്തനം നടന്ന് എഎൽപി (ALP)യുടെ പ്രധാന ഘടകമായ ഫോസ്ഫൈൻ വാതകം മോചിക്കപ്പെടുകയും ചെയ്യും. ഈ വാതകം വളരെയധികം വിഷമയമായതും കീടങ്ങളെ ഫലപ്രദമായി കൊല്ലുകയും അതുവഴി ശേഖരിച്ചുവെക്കപ്പെട്ട ധാന്യങ്ങളെ കേടുകൂടാതെ ഇരിക്കാൻ സഹായിക്കുകയും ചെയ്യും. ഈ ഗുളിക വിഴുങ്ങിയാൽ വയറ്റിലെ ഹൈഡ്രോ ക്ളോറിക്ക് ആസിഡിന്റെ സാന്നിധ്യം കൊണ്ട് രാസപ്രവർത്തനം ത്വരിതപ്പെടുകയും നിമിഷങ്ങൾക്കുള്ളിൽ തന്നെ ഫോസ്ഫൈൻ വാതകം ശരീരം മുഴുവൻ വ്യാപിക്കു കയും ചെയ്യും. ഈ വാതകം വളരെ വിഷമയമായതും എല്ലാ അവയവങ്ങളെയും നശിപ്പിക്കുകയും ചെയ്യുന്നു, എന്നാൽ ഏറ്റവുമധികം കേടുപാടുകൾ വരുത്തുന്നത് ഹൃദയത്തിനും ശ്വാസകോശത്തിനുമാണ്. കഠിനമായ വിഷത്തിന്റെ അടയാളം പെട്ടെന്നുണ്ടാകുന്ന ഹൃദയപേശികളുടെ തകർച്ചയാണ്. വേഗതയാർന്ന പൾസ്, രേഖപ്പെടുത്താൻ പറ്റാത്തതോ കുറഞ്ഞതോ ആയ രക്തസമ്മർദ്ദം, തണുത്തുറഞ്ഞ തൊലി എന്നിവയായിട്ടാണ് രോഗികൾ വരുക. എങ്ങനെയൊക്കെയോ ഈ രോഗികൾക്ക് അവസാനം വരെ ബോധമുണ്ടായിരിക്കുകയും രേഖപ്പെടുത്താൻ പറ്റാത്ത രക്തസമ്മർദ്ദമാണെങ്കിൽ പോലും മൂത്രം ഒഴിച്ചുകൊണ്ടിരിക്കുകയും ചെയ്യും. വയറ്റിൽ നീറ്റലോടുകൂടിയ ഛർദ്ദി ഇതിന്റെ പ്രധാന ലക്ഷണമാണ്. രോഗികളുടെ ഛർദ്ദിലിനും ശ്വാസത്തിനും ദുർഗന്ധം (വെളുത്തുള്ളിയുടേതു പോലെ) ഉണ്ടായി

രിക്കും. ഏതാനും മണിക്കൂറുകൾക്കുള്ളിൽ മിക്കവരും മരിക്കും. കുറച്ച് നേരം അധികം ജീവിക്കുന്നവർക്ക് കഴുത്തിനെയോ തൊണ്ടയേയോ സംബന്ധിച്ച (jugular) സിരകളുമായി ബന്ധപ്പെട്ട (Venous) മർദ്ദം വർദ്ധിക്കും, ടെൻഡർ കരൾ വീക്കവും പിന്നീട് മുതിർന്നവരുടെ റെസ്പിറേറ്ററി ഡിസ്ട്രെസ് സിൻഡ്രോമും, വൃക്ക സംബന്ധമായ പ്രവർത്തനം നിലക്കലും, വളരെ ചുരുക്കം സന്ദർഭങ്ങളിൽ, ടോക്സിക് ഹെപ്പാറ്റിക്ക് ജോൺഡിസും അനുഭവപ്പെട്ടേക്കാം. എഎൽപി (ALP)-യുടെ പ്രധാനഘടകമായ ഫോസ്ഫൈൻ വാതകം പേശികളെ നശിപ്പിക്കും. ക്ളിനിക്കൽ പരിശോധനയിലൂടെ ഇത് തിരിച്ചറിയാം. എന്നിരുന്നാലും അതിന്റെ രൂക്ഷമായ ഗന്ധം (തുറന്നു വെച്ചാൽ വീട്ടിലുള്ളവരെ തുരത്തിഓടിക്കുന്നത്ര) കാരണം ആരും ഇത് അറിയാതെ കുടിക്കില്ല."

6. 3. കീഴ്ക്കോടതികൾ പ്രതിഭാഗത്തു നിന്നും ഹാജരാക്കിയ പ്രതിഭാഗം 3, 4 സാക്ഷികളുടെ സാക്ഷിമൊഴികൾക്ക് വേണ്ടത്ര പ്രാധാന്യം നൽകാൻ പരാജയപ്പെട്ടുവെന്നും വാദിച്ചു.

6. 4. കുറ്റകൃത്യം നടക്കുന്ന സമയത്ത് രണ്ടുപേരും അവിടെയുണ്ടായിരുന്നു എന്നതാണ് പ്രോസിക്യൂഷൻ കേസ് എന്നിരിക്കെ റാണി കൗറി (എ2)-ന് സംശയത്തിന്റെ ആനുകൂല്യം നൽകിയിട്ട് അതേ ആനുകൂല്യം അപ്പീൽവാദിയായ ഒന്നാം പ്രതിക്ക് നൽകാതിരുന്നതിൽ ഒരു ക്രമക്കേടുമുണ്ട് എന്നും അവസാനമായി വാദിച്ചു.

**പഞ്ചാബ് സംസ്ഥാനത്തിന് വേണ്ടി വാദിച്ച ശ്രീ പ്രതീക് ചദ്ധയുടെ വാദങ്ങൾ**

7. മെലോ കൗർ നിരക്ഷരയായതുകൊണ്ട് അവർക്ക് നിയമത്തിന്റെയും എതിർവിചാരണയുടെയും കാര്യങ്ങൾ അറിയുവാൻ സാദ്ധ്യതയില്ലാത്തതുകൊണ്ട് അത്തരത്തിലുള്ള സാക്ഷിയുടെ മൊഴിയിൽ ചെറിയ വൈരുദ്ധ്യങ്ങൾ കടന്നുവരാം. വിചാരണ കോടതി അവരുടെ സാക്ഷിമൊഴിയിൽ സ്ഥിതീകരിക്കപ്പെടാത്ത ഭാഗങ്ങൾ നിരാകരിച്ച് സ്ഥിതീകരിച്ച ഭാഗങ്ങൾ ശരിയായി പരിഗണിച്ചു. ആ അർത്ഥത്തിൽ ഭാഗികമായി വിശ്വസിക്കാവുന്നതും ഭാഗികമായി വിശ്വസിക്കാൻ പറ്റാത്തതുമായ ഒരു സാക്ഷിയുടെ മൊഴി പരിഗണിക്കുമ്പോൾ ശരിയാം വണ്ണം തന്നെ വിചാരണകോടതി ധാന്യത്തിൽ നിന്നും തരി മാറ്റിയിട്ടുണ്ട്. കൂടാതെ കുറ്റകൃത്യം നടന്ന സ്ഥലത്ത് താനുണ്ടായിരുന്നില്ല എന്ന് പ്രതി പറഞ്ഞിട്ടില്ല. ക്രിമിനൽ നടപടി നിയമ സംഹിതയുടെ 313-ാം വകുപ്പ് പ്രകാരം റെക്കോഡ് ചെയ്ത മൊഴിയിൽ അയാളുടെ സാന്നിധ്യം അയാൾ സമ്മതിച്ചിട്ടുണ്ട്. പ്രോസിക്യൂഷൻ 3, 4, 5 സാക്ഷികളുടെയും മൊഴികളുമായി കൂടിച്ചേരുമ്പോൾ അത് കുറ്റകൃത്യം നടന്ന സ്ഥലത്ത് പ്രതിയുടെ സാന്നിധ്യം ഉറപ്പിക്കാൻ പര്യാപ്തമാണ്.

7.1 സാഹചര്യതെളിവുകളെ, ആശ്രയിക്കുന്ന കേസിൽ, പ്രോസിക്യൂഷൻ സാഹചര്യങ്ങൾ തെളിയിച്ച പ്രകാരം പ്രബലമായും നിസ്സംശയമായും കുറ്റം ചെയ്തിട്ടുണ്ടെന്ന അനുമാനത്തിലേക്കെത്തിക്കാൻ ശ്രമിച്ചു. ആശ്രയിച്ച

സാഹചര്യങ്ങളിൽ ചിലത് (1) ഗൂഢോദ്ദേശം (2) കുറ്റകൃത്യം നടന്ന സ്ഥലത്ത് പ്രതിയുടെ സാന്നിധ്യം (3) മരണത്തിനുള്ള കാരണം: വിഷം അകത്ത് ചെന്ന് (4) വിഷം നൽകാനുള്ള അവസരം (5) പെരുമാറ്റം (6) 313-മൊഴിയിൽ ശരിയല്ലാത്ത വിശദീകരണം.

7.2. സാഹചര്യ തെളിവുകളെ ആശ്രയിക്കുന്ന കേസുകളിൽ അത്ര വലിയ തെളിവുകൾ നൽകേണ്ടതില്ല എന്ന വാദത്തിന് വേണ്ടി ത്രിമുഖ് മാരോട്ടി കിർക്കൻ V മഹാരാഷ്ട്ര സംസ്ഥാനം [(2006) 10 SCC 681)] പറഞ്ഞിട്ടുള്ള തത്ത്വത്തെ ആശ്രയിച്ചു. തെളിവുനിയമത്തിന്റെ 106-ാം വകുപ്പ് പ്രകാരം മരിച്ചയാളുടെ മരണത്തിലേക്ക് നയിച്ച സാഹചര്യങ്ങളെ വിശദീകരിക്കേണ്ട ബാധ്യത അപ്പീൽവാദിക്കുണ്ട്. നിശബ്ദനായിരിക്കുക അല്ലെങ്കിൽ തെറ്റായ വിശദീകരണം നൽകുക എന്നതുവഴി സാഹചര്യങ്ങളുടെ ശൃംഖലക്ക് ഒരു അധിക കണ്ണി കൂടി നൽകി അതിനെ പൂർണ്ണമാക്കുകയാണ് ചെയ്യുന്നത്. അപ്പീൽവാദി ആശ്രയിച്ച കേസിന്റെ വ്യത്യസ്തത കാണിക്കാനും അയാൾ ശ്രമിച്ചു.

**വിശകലനവും തീരുമാനങ്ങളും**

8. അപ്പീൽവാദിയുടെയും എതിർകക്ഷിയുടെയും അഭിഭാഷകരെ കേൾക്കുകയും റെക്കോർഡിലുള്ള വസ്തുതകൾ സൂക്ഷ്മമായി പരിശോധിക്കുകയും ചെയ്തു.

9. ഈ സംഭവത്തിന് ദൃക്സാക്ഷികളില്ല. സാഹചര്യ തെളിവുകളിലാണ് പ്രോസിക്യൂഷൻ കേസ് നിൽക്കുന്നത്. സാധാരണയായി സാഹചര്യ തെളിവുകളെ അടിസ്ഥാനപ്പെടുത്തിയുള്ള കേസുകളിൽ കുറ്റം ചെയ്തു എന്ന നിഗമനത്തിലെത്താൻ കാണിക്കുന്ന സാഹചര്യങ്ങൾ പ്രബലമായും ശക്തമായും സ്ഥാപിക്കപ്പെടണം; സാഹചര്യങ്ങൾ ഒരു തെറ്റും കൂടാതെ പ്രതി കുറ്റം ചെയ്തു എന്ന് വ്യക്തമായ ചായ്‌വോടെയുള്ളതായിരിക്കണം. സാഹചര്യങ്ങൾ ഒരുമിച്ച് പരിഗണിക്കുമ്പോൾ എല്ലാ മനുഷ്യസാധ്യതകളിലും പ്രതി തന്നെയാണ് കുറ്റം ചെയ്തതെന്നും പ്രതി കുറ്റം ചെയ്തു എന്നതല്ലാതെ മറ്റൊരു ഊഹത്തിനും ഇടനൽകാത്ത പ്രതിയുടെ നിഷ്കളങ്കതയുമായി യോജിച്ചു പോകാത്തതാണെന്ന് കാണിക്കുന്ന ഒരു പൂർണ്ണ ചങ്ങലയുണ്ടാകണം **(ശരത് ബിർദി ചന്ദ് V മഹാരാഷ്ട്ര സംസ്ഥാനം, 1984 (4) SCC 116 ).**

10. ആയതിനാൽ, നിയമ കുരുക്കിൽ നിന്നും പ്രതിക്ക് രക്ഷപ്പെടാൻ സാധിക്കാത്ത വിധത്തിൽ ഒരു കണ്ണിയും നഷ്ടപ്പെടാതെ മുഴുവൻ സാഹചര്യ ചങ്ങലയും ന്യായമായ സംശയത്തിനതീതമായി പ്രോസിക്യൂഷൻ തെളിയിച്ചിട്ടുണ്ടോ എന്ന് നമുക്ക് പരിശോധിക്കാം. പ്രോസിക്യൂഷൻ തെളിയിച്ചു എന്നു പറയുന്ന സാഹചര്യങ്ങൾ താഴെ ചേർക്കുന്നവയാണ്:

1) ഗൂഢോദ്ദേശം.

2) സംഭവസ്ഥലത്തെ സാന്നിധ്യം.

3) 313 മൊഴിയിൽ ശരിയല്ലാത്ത വിശദീകരണം.

4) വിഷം കൊണ്ടുള്ള മരണം, മരണകാരണത്തെക്കുറിച്ച് ഡോക്ടറുടെ അഭിപ്രായം.

5) അപ്പീൽ വാദിയുടെ പെരുമാറ്റം.

6) വിഷം നൽകാനുള്ള അവസരം.

11. പ്രോസിക്യൂഷന്റെ കേസ് പ്രകാരം ദർശൻസിംഗും റാണികൗറും തമ്മിലുള്ള അവിഹിതബന്ധമാണ് അവർ ഒത്തൊരുമിച്ച് മരിച്ചയാളെ ഇല്ലാതാക്കാനുള്ള പ്രധാന ഗൂഢോദ്ദേശം. അവർ തമ്മിൽ അവിഹിതബന്ധമുണ്ടായിരുന്നു എന്നത് പ്രോസിക്യൂഷൻ 2, 3, 4 സാക്ഷികളുടെ സാക്ഷിമൊഴികളാൽ പര്യാപ്തമാം വണ്ണം തെളിഞ്ഞിട്ടുമുണ്ട്. അതുകൊണ്ട് ഈ സാഹചര്യങ്ങൾ പ്രബലമായി സ്ഥാപിക്കപ്പെട്ടു.

12. എല്ലാറ്റിലും വച്ച് ഏറ്റവും പ്രധാനപ്പെട്ട സാഹചര്യം അപ്പീൽവാദിയും റാണികൗറും അപ്പീൽവാദിയുടെ വീട്ടിൽ 18.05.1999-നും 19.05.1999-നും ഇടയ്ക്കുള്ള രാത്രിയിൽ ഉണ്ടായിരുന്നു എന്നതും അതിരാവിലെ അവർ വീട് വിട്ടു പോകുന്നത് കണ്ടു എന്നതുമാണ്. കാരണം, സാന്നിധ്യത്തിന്റെ തെളിവിന് ത്രിമുഖ് മാരോട്ടി കിർക്കൻ V മഹാരാഷ്ട്ര എന്ന കേസിൽ പറഞ്ഞിരിക്കുന്ന തത്വത്തെയും തെളിവ് നിയമത്തിലെ 106-ാം വകുപ്പിനേയും ബാധകമാക്കുന്നതിനുള്ള പ്രഭാവമുണ്ട്. അപ്പീൽവാദിക്ക് വിഷം നൽകുവാനുള്ള അവസരം ഉണ്ടായി എന്നത് അപ്പീൽവാദിയും റാണികൗറും അപ്പീൽവാദിയുടെ വീട്ടിലുണ്ടായിരുന്നു എന്ന കാര്യവുമായി ശക്തമായി ബന്ധപ്പെട്ടിരിക്കുന്നു.

13. ത്രിമുഖിന്റെ കേസിൽ താഴെപറയും പ്രകാരം പറഞ്ഞിരിക്കുന്നു:

“(i) ഒരു വീടിന്റെ സ്വകാര്യതയ്ക്കുള്ളിൽ ഒരു കുറ്റകൃത്യം നടന്നാൽ കുറ്റകൃത്യം ചെയ്തവർക്ക് അവരുടെ ഇഷ്ടാനുസരണമുള്ള സമയത്തും സാഹചര്യത്തിലും കുറ്റകൃത്യം ചെയ്യുവാനുള്ള പദ്ധതിയിടുവാനും അത് ചെയ്യുവാനും സാധിക്കുന്ന സാഹചര്യങ്ങളിൽ കോടതികൾ സാഹചര്യതെളിവുകളുടെ കർശനതത്വങ്ങൾ പ്രകാരം തെളിയിക്കണം എന്ന് നിർബന്ധം പിടിക്കുകയാണെങ്കിൽ അത് കുറ്റം തെളിയിക്കാൻ പ്രോസിക്യൂഷന് വളരെ ബുദ്ധിമുട്ടുണ്ടാക്കും. കൊലപാതകം പോലെയുള്ള ഒരു കുറ്റകൃത്യം വീടിന്റെ സ്വകാര്യതയിൽ നടക്കുമ്പോൾ, കേസ് തെളിയിക്കുന്നതിനുള്ള തുടക്കത്തിലുള്ള ബാധ്യത നിസ്സംശയമായും പ്രോസിക്യൂഷനാണ്, എന്നാൽ അത് ചാർജ്ജ് സ്ഥാപിക്കുന്നതിന് നിരത്തേണ്ട തെളിവുകളുടെ സ്വഭാവവും അളവും മറ്റു

സാഹചര്യതെളിവ് കേസുകളുടെ അളവിൽ ആയിരിക്കരുത്. താരതമ്യേന കുറഞ്ഞ ബാധ്യതയായിരിക്കും. തെളിവു നിയമത്തിന്റെ 106-ാം വകുപ്പ് പ്രകാരം കുറ്റകൃത്യം എങ്ങനെ നടന്നു എന്നതിനെപ്പറ്റി വിശദീകരണം നൽകേണ്ട സമാന്തര ബാധ്യത വീട്ടിലെ താമസക്കാർക്കുണ്ട്. കേസ് സ്ഥാപിക്കാനുള്ള ബാദ്ധ്യത പൂർണ്ണമായും പ്രോസിക്യൂഷനാണെന്നും കുറ്റാരോപിതന് വിശദീകരണം ഒന്നും നൽകേണ്ട ബാധ്യതയില്ലെന്നും കരുതി വിശദീകരണമൊന്നും നൽകാതെ നിശബ്ദത പാലിച്ചു കൊണ്ട് വീട്ടിലെ അന്തേവാസികൾക്ക് രക്ഷപ്പെടാനാവില്ല."

14. ത്രിമുഖ് കേസിൽ (മുകളിൽ പറഞ്ഞത്), പ്രതിയുണ്ടായിരുന്നു എന്ന് പറയപ്പെടുന്ന വീടിന്റെ സ്വകാര്യതയിൽ ഒരു കുറ്റകൃത്യം നടന്നു എന്നു പറയപ്പെട്ടാൽ അതിൽ നിന്നും ഉരുത്തിരിയുന്ന രണ്ട് അനന്തരഫലങ്ങൾ കോടതി ചൂണ്ടിക്കാട്ടി. ഒന്നാമത്തേത്, അത്തരത്തിലുള്ള കേസ് തെളിയിക്കാൻ മറ്റു സാഹചര്യതെളിവുകളെ അടിസ്ഥാനമാക്കിയുള്ള കേസുകളെക്കാളും കുറഞ്ഞ നിലവാരത്തിലുള്ള തെളിവു മതിയാകുമെന്നതാണ്. രണ്ടാമതായി, മരിച്ച ആളെ മരണത്തിലേക്ക് നയിച്ച സാഹചര്യങ്ങൾ വിശദീകരിക്കാനുള്ള കടമ അപ്പീൽവാദിക്കുണ്ടായിരിക്കും എന്നതാണ്. ആ രീതിയിലെടുത്താൽ തെളിയിക്കേണ്ട ഉത്തരവാദിത്വത്തിൽ നിന്ന് പരിമിതമായ ഒരു മാറ്റം വരുന്നു. അയാൾ നിശബ്ദനായിരിക്കുകയോ ശരിയല്ലാത്ത ഒരു വിശദീകരണം നൽകുകയോ ചെയ്താൽ അത്തരത്തിലുള്ള പ്രതികരണം സാഹചര്യങ്ങളുടെ ചങ്ങലയിൽ ഒരു അധികകണ്ണിയായി മാറും.

15. രണ്ട് കീഴ്ക്കോടതികളും ത്രിമുഖ് കേസിലെ തത്ത്വമാണ് പ്രയോഗിച്ചത്. അവരുടെ സാന്നിധ്യം തെളിയിക്കപ്പെട്ടതിനാൽ, കോടതി തെളിവു നിയമത്തിലെ 106-ാം വകുപ്പിനെ ആശ്രയിച്ച് മരിച്ച ആളെ അസ്വാഭാവിക മരണത്തിലേക്ക് നയിച്ച സാഹചര്യങ്ങൾ വിശദീകരിക്കേണ്ട തെളിവിന്റെ ബാദ്ധ്യത പ്രതിയിലേക്ക് മാറ്റി.

16. വിചാരണകോടതി രണ്ടുപ്രതികളും കുറ്റക്കാരാണെന്നു കണ്ടപ്പോൾ, ഹൈക്കോടതി അപ്പീൽവാദിയുടെ ശിക്ഷാവിധി മാത്രം ശരിവെച്ച് സംശയത്തിന്റെ ആനുകൂല്യം റാണി കൗറിന് നൽകി. ശരിയായതും വിശ്വസനീയവുമായ വിശദീകരണം നൽകാൻ അപ്പീൽവാദി പരാജയപ്പെട്ടതിനാൽ അതിനെ യഥാർത്ഥത്തിൽ സാഹചര്യങ്ങളുടെ ചങ്ങലയിൽ ഒരു കണ്ണിയായി ഉപയോഗിച്ചു. ആ രീതിയിൽ സാന്നിധ്യത്തിന്റെ തെളിവ് ത്രിമുഖ് കേസിൽ പറഞ്ഞതുപോലെയുള്ള രണ്ട് അനന്തരഫലങ്ങളിലേക്കും നയിച്ചു.

17. ഈ കേസിൽ, പ്രോസിക്യൂഷൻ 3, 4, 5 സാക്ഷികളുടെ മൊഴികളുടെയും കുറ്റാരോപിതന്റെ 313 സ്റ്റേറ്റ്മെന്റിന്റെയും അടിസ്ഥാനത്തിലാണ് സാന്നിധ്യം തെളിയിക്കാൻ ശ്രമിക്കുന്നത്. അപ്പീൽവാദി വീട്ടിലുണ്ടായിരുന്നു എന്ന നിഗമനത്തിലെത്താൻ കീഴ്ക്കോടതികളും പ്രോസിക്യൂഷൻ 3,4 സാക്ഷികളുടെ സാക്ഷിമൊഴികളെ ആശ്രയിച്ചു. അതുകൊണ്ട് സാഹചര്യ തെളിവുകളിൽ നിന്നും ഉണ്ടാകുന്ന സംഭവങ്ങളായതിനാൽ സാഹചര്യങ്ങളെ ശ്രദ്ധയോടുകൂടി മൂല്യനിർണ്ണയം നടത്തേണ്ടതുണ്ട്.

18. അവരുടെ ഭർത്താവ്, ഗുർമൽസിംഗ് (പ്രോസിക്യൂഷൻ 4-ാം സാക്ഷി) 18.05.99-ന് രാത്രി 8 മണിയോട് കൂടി ജോലി കഴിഞ്ഞ് വീട്ടിലേക്കു വരുമ്പോൾ അപ്പീൽവാദിയുടെ വീട്ടിൽ അയാളുടെ കൂടെ റാണി കൗറിനെ കണ്ടുവെന്ന് തന്നോട് പറഞ്ഞതായി പ്രോസിക്യൂഷൻ 3-ാം സാക്ഷി മൊഴി നൽകിയിട്ടുണ്ട്. ആ സമയത്ത് അവരുടെ വീട്ടിൽ പോയാൽ വീട്ടുകാർ തമ്മിൽ വഴക്കുണ്ടാകാൻ സാദ്ധ്യതയുള്ളതു കൊണ്ട് പോകുന്നത് ഉചിതമായിരിക്കില്ല എന്നും അയാൾ പറഞ്ഞു. രാവിലെ അപ്പീൽവാദിയോട് സംസാരിക്കാം എന്നും അയാൾ അവളോട് പറഞ്ഞു. പുലർച്ചെ 4.45 മണിക്ക് അപ്പീൽവാദിയുടെ വീട്ടിൽ ചെന്നപ്പോൾ തന്റെ സഹോദരി മരിച്ചു കിടക്കുന്നതാണ് കണ്ടത്. അപ്പീൽവാദിയെയും റാണി കൗറിനെയും വീട്ടിൽ കണ്ടു വെന്നും അവർ പറഞ്ഞു. അവർ രണ്ടുപേരും തന്നെ തള്ളി മാറ്റി അപ്പീൽവാദിയുടെ ജീപ്പിൽ കയറി പോകുകയും ചെയ്തു എന്ന് അവൾ മൊഴി നൽകി. അവൾ ഉടനെ തന്റെ ഭർത്താവിനെ (പ്രോസിക്യൂഷൻ 4-ാം സാക്ഷി) അവിടേക്ക് വിളിച്ചുവരുത്തി എന്നും പറഞ്ഞിരിക്കുന്നു.

19. അപ്പീൽവാദിക്കുവേണ്ടി പ്രോസിക്യൂഷൻ 3-ാം സാക്ഷിയെ എതിർവിസ്താരം ചെയ്തസമയം ക്രിമിനൽ നടപടി നിയമസംഹിതയുടെ 161-ാം വകുപ്പനുസരിച്ച് പോലീസിന് നൽകിയ മൊഴിയിലേക്ക് അവരുടെ ശ്രദ്ധ ക്ഷണിച്ച് നിരവധി വിട്ടു കളയലുകൾ (omissions) രേഖപ്പെടുത്തിയിട്ടുണ്ട്. ഉദാഹരണത്തിന്, പ്രോസിക്യൂഷൻ 3-ാം സാക്ഷി തന്റെ 161 സ്റ്റേറ്റ്മെന്റിൽ താഴെപറയുന്നത് വിട്ടുപോയതായി തെളിഞ്ഞിട്ടുണ്ട്: (എ) ജോലി കഴിഞ്ഞ് രാത്രി എട്ടു മണിക്ക് വീട്ടിലേക്ക് വരുമ്പോൾ അപ്പീൽവാദിയെയും റാണി കൗറിനെയും അപ്പീൽവാദിയുടെ വീട്ടിൽ കണ്ടു എന്ന് ഭർത്താവ് അവളെ അറിയിച്ചത്; (ബി) 19.05.99-ന് പുലർച്ചെ അപ്പീൽവാദിയെയും റാണികൗറിനെയും അപ്പീൽവാദിയുടെ വീട്ടിൽ കണ്ടുവെന്നും അവളെ തള്ളിമാറ്റി അവർ ജീപ്പിൽ രക്ഷപ്പെട്ടു എന്നും (സി) രാത്രി അവിടേക്കു പോകേണ്ട എന്ന് ഭർത്താവ് പറഞ്ഞത്. പ്രോസിക്യൂഷൻ 3-ാം സാക്ഷിയുടെ ഭർത്താവ് പ്രോസിക്യൂഷൻ 4-ാം സാക്ഷി അപ്പീൽവാദിയുമായി സുഖകരമായ ബന്ധമല്ലാത്തതിനാൽ തെറ്റായ മൊഴി നൽകുകയാണെന്നും തെറ്റായി അപ്പീൽവാദിയെ ഉൾപ്പെടുത്തുകയാണെന്നും അവളോട് പ്രത്യേകം നിർദ്ദേശിച്ചിരുന്നു.

20. റാണികൗറിനു വേണ്ടി പ്രോസിക്യൂഷൻ 3-ാം സാക്ഷിയെ എതിർവിസ്താരം ചെയ്തപ്പോൾ മരിച്ചയാളുടെ വായിൽ അപ്പീൽവാദിയും റാണികൗറും വിഷം ഇടുന്നത് അവൾ കണ്ടു എന്ന് പറഞ്ഞിരിക്കുന്നു. വാതിൽ പാളിയിലൂടെ ഇതു കണ്ടു എന്നാണ് അവൾ പറയുന്നത്.

21. 18.05.1999-ന് രാത്രി ഏകദേശം 7 മണിക്ക് ജോലി കഴിഞ്ഞ് വീട്ടിലേക്ക് വരുമ്പോൾ അപ്പീൽവാദിയെയും റാണികൗറിനെയും കണ്ടു എന്ന് പ്രോസിക്യൂഷൻ 4-ാം സാക്ഷി മൊഴി നൽകിയിരിക്കുന്നു. ആ സമയത്ത് അവരുടെ വീട്ടിൽ പോയാൽ റാണികൗറിനെ വീട്ടിലേക്കു കൊണ്ടുവന്നതിന്റെ പേരിൽ അമൃക് കൗറിനും

ഭർത്താവിനുമിടയിൽ ഒരു വഴക്കുണ്ടാകാൻ സാധ്യതയുള്ളതുകൊണ്ട് പോകേണ്ട എന്ന് ഭാര്യയോട് പറഞ്ഞു. അതിനുപകരം പിറ്റേന്നു രാവിലെ സഹോദരിയെ പോയി കാണാൻ ആവശ്യപ്പെട്ടു. അയാൾക്കും കുട്ടികൾക്കും ചായ തന്നതിനുശേഷം രാവിലെ ഏകദേശം 5.30 മണിക്ക് സഹോദരിയെ കാണുവാൻ അപ്പീൽവാദിയുടെ വീട്ടിലേക്ക് പോയി. ഭാര്യയിൽ നിന്നും ഒരു സന്ദേശം ലഭിച്ചപ്പോൾ അപ്പീൽവാദിയുടെ വീട്ടിലേക്ക് പുറപ്പെട്ട് പോകുകയും അവിടെ അമൃക് കൗർ മരിച്ചു കിടക്കുന്നതും തന്റെ ഭാര്യ കരഞ്ഞ് നിലവിളിക്കുന്നതും കണ്ടു.

22. അതുപോലെ തന്നെ പ്രോസിക്യൂഷൻ 4-ാം സാക്ഷിയെ എതിർവിസ്താരം ചെയ്തപ്പോൾ താഴെപറയുന്ന കാര്യങ്ങൾ പോലീസ് റെക്കോർഡ് ചെയ്ത അയാളുടെ 161 സ്റ്റേറ്റ്മെന്റിൽ വിട്ടുപോയതായി കണ്ടു. (എ)അപ്പീൽവാദിയും റാണികൗറും ഒരു ജീപ്പിൽ അപ്പീൽവാദിയുടെ വീട്ടിലേക്ക് കയറുന്നത് കണ്ടു എന്ന കാര്യം; (b) പി ഡബ്ള്യൂ 4-പി ഡബ്ള്യൂ 3-നോട് അവർ മദ്യപിച്ചിരുന്നത് കൊണ്ട് തർക്കം ഉണ്ടാവാൻ അതിയായ സാധ്യതയുള്ളതിനാൽ അപ്പീൽവാദിയുടെ വീട്ടിൽ പോകേണ്ട എന്ന് പറഞ്ഞത്, (സി) ചായ തന്ന ശേഷം 5 മണിക്ക് അപ്പീൽവാദിയുടെ വീട്ടിലേക്ക് പ്രോസിക്യൂഷൻ 3-ാം സാക്ഷി പോയി എന്നത്. അയാൾക്ക് അപ്പീൽ വാദിയുമായി നല്ല ബന്ധമല്ലാത്തതിനാൽ തെറ്റായ കാര്യങ്ങൾ പറഞ്ഞ് അപ്പീൽ വാദിയെ കേസിൽ ഉൾപ്പെടുത്തുവാൻ ശ്രമിക്കുകയാണെന്ന് സാക്ഷിയോട് പ്രത്യേകം നിർദ്ദേശിച്ചിരുന്നു (Suggestions). 18.05.1999 രാത്രിയിൽ വഴക്കുണ്ടായതിനെ തുടർന്നാണ് മരിച്ചയാൾ ആത്മഹത്യ ചെയ്തതെന്നും നിർദ്ദേശിച്ചിരുന്നു.

23. പ്രോസിക്യൂഷൻ 5-ാം സാക്ഷി ഈ കേസിലെ പ്രതികളുമായോ സാക്ഷികളുമായോ യാതൊരു ബന്ധവുമില്ലാത്ത ആളാണ്. 19.05.1999-ന് ഏകദേശം 6 മണിക്ക് രാവിലെ പ്രഭാതകൃത്യത്തിന് പോയപ്പോൾ അപ്പീൽവാദിയും റാണികൗറും ഒരു ജീപ്പിൽ ഹിരോകലനിലേക്ക് പോകുന്നതു കണ്ടു എന്നും കറുത്ത തുണി കൊണ്ട് ജീപ്പ് മൂടിയിരുന്നതായും അയാൾ പറഞ്ഞു. അവിടെ നിന്നും ബസ്സ് കാത്തിരുപ്പ് കേന്ദ്രത്തിലെത്തിയപ്പോൾ അവിടവിടെയായി ധാരാളം ആളുകൾ കൂടിയിരിക്കുന്നതായി കാണുകയും അപ്പീൽവാദി അയാളുടെ ഭാര്യയെ കൊന്നു എന്ന വാർത്ത കേൾക്കുകയും ചെയ്തു.

24. ബസ്സ് കാത്തിരിപ്പ് കേന്ദ്രത്തിലെത്തിയപ്പോൾ അപ്പീൽവാദി അയാളുടെ ഭാര്യയെ കൊന്നു എന്ന് ആളുകൾ പറയുന്നതുകേട്ടു എന്ന് പ്രോസിക്യൂഷൻ 5-ാം സാക്ഷി പോലീസിന് നൽകിയ മൊഴിയിൽ പറഞ്ഞിട്ടില്ല. ജീപ്പ് അയാളുടെ പുറകെ നിന്നും വന്ന് അയാളെ കടന്നുപോകുകയാണ് ഉണ്ടായത് എന്നും ജീപ്പ് മൂടാൻ ഉപയോഗിച്ച തുണി രണ്ട് വശത്തും തുറന്നു കിടന്നിരുന്നു എന്നും അയാളിൽ നിന്നും വെളിവാക്കപ്പെട്ടിട്ടുണ്ട്.

25. റെക്കോർഡിലുള്ള തെളിവുകളുടെ അടിസ്ഥാനത്തിൽ, 18.05.1999-നും 19.05.1999-നുമിടയിലുള്ള രാത്രിയിൽ അപ്പീൽവാദിയും റാണി കൗറും

അപ്പീൽവാദിയുടെ വീട്ടിലുണ്ടായിരുന്നു എന്നത് ശക്തമായും സ്ഥാപിക്കപ്പെട്ടിട്ടുണ്ടോ? ഞങ്ങളുടെ അഭിപ്രായപ്രകാരം, ഉത്തരം 'ഇല്ല' എന്നായിരിക്കണം. സാക്ഷി മൊഴികളുടെ വിശ്വാസ്യതയെ തുരങ്കം വെക്കുന്ന രീതിയിൽ എതിർ വിസ്താരത്തിൽ നിരവധി വിട്ടുപോകലുകൾ വരുത്താൻ സാധിച്ചിട്ടുണ്ട്.

26. 161 സ്റ്റേറ്റ്മെന്റിൽ ഒരു പ്രതിയുടെ പങ്കിനെപ്പറ്റി പരാമർശിച്ചിട്ടില്ലെങ്കിൽ പിന്നീട് വിചാരണ സമയത്ത് ആ പ്രതിയുടെ പങ്കിനെപ്പറ്റി പറയുന്നതിനെ ആശ്രയിക്കാൻ സാധിക്കില്ല. കേസന്വേഷണ സമയത്ത് പോലീസിനോട് പറയാത്തൊരു കാര്യം വിചാരണ സമയത്ത് ആ സാക്ഷിയിലൂടെ പ്രോസിക്യൂഷന് തെളിയിക്കാൻ പറ്റില്ല. അത്തരത്തിൽ കൂട്ടിച്ചേർക്കലുകളായി വരുന്ന സാക്ഷിയുടെ മൊഴിക്ക് പ്രാധാന്യമില്ല. **[(i) രോഹ്താഷ് V. ഹരിയാന സംസ്ഥാനം (2012) 6 SCC 589, (ii), സുനിൽ കുമാർ ശംഭു ദയാൽ ഗുപ്ത V. മഹാരാഷ്ട്ര സംസ്ഥാനം 2011 (72) എസ്സിസി 69 (SC), (iii) രൂദ്രപരാമപ്പ ജയിൻപൂർ V. കർണ്ണാടക സംസ്ഥാനം (2004) 7 SCC 422, (iv) വിമൽ സുരേഷ് കാംബ്ലെ V. ചാലുവേറപിനാകെ (2003) 3 SCC 175 കാണുക).**

27. പ്രോസിക്യൂഷൻ 3-ാം സാക്ഷി ഒരു നിരക്ഷര സാക്ഷിയാണെന്ന് അവകാശപ്പെടുന്നതുകൊണ്ട് അതിന്റെ വെളിച്ചത്തിൽ അവരുടെ മൊഴി വ്യാഖ്യാനിക്കേണ്ടതുണ്ട്. അത്തരത്തിലുള്ള സാക്ഷികൾ നൽകുന്ന തെളിവ് വ്യത്യസ്ത രീതിയിൽ പരിഗണിക്കണമെന്ന് ബോധ്യമുണ്ട്. ഉയർന്ന സാങ്കേതികത്വ വിചാരണക്ക് വിധേയമാക്കാൻ പാടില്ലാത്തതും, തെളിവിൽ കൊണ്ടുവന്നിട്ടുള്ള കൃത്യമല്ലാത്ത കാര്യങ്ങളിൽ കൂടുതൽ ഊന്നൽ കൊടുക്കാതെയുമിരിക്കണം. ചെറിയ വൈരുദ്ധ്യങ്ങളും, ചേർച്ചയില്ലായ്മയും മൊഴിയിൽ ഉണ്ടാകുമെന്നതുകൊണ്ട് നിരക്ഷര സാക്ഷികളുടെ മൊഴി പരിഗണിക്കാതിരിക്കരുത് എന്ന് ഈ കോടതി തന്നെ പറഞ്ഞിട്ടുണ്ട്. **(ഉത്തർ പ്രദേശ് സംസ്ഥാനം V. ഛോട്ടിലാൽ AIR 2011 SC 697; ഡിംബിൾ ഗുപ്ത (മൈനർ) V. രാജീവ് ഗുപ്ത AIR2008 SC 239)**

28) എന്നാൽ പ്രോസിക്യൂഷൻ 3-ാം സാക്ഷിയുടെ മൊഴിയിൽ സാങ്കേതിക അപൂർണ്ണത മാത്രമല്ല എതിർവിസ്താരത്തിൽ കൊണ്ടുവന്ന പ്രധാനപ്പെട്ട വിട്ടുകളയലുകളും കൂട്ടിച്ചേർക്കലും ഉണ്ട്, ആയത് മൊഴി നൽകിയ വ്യക്തിയുടെ നിരക്ഷരത കൊണ്ടാണെന്ന് പറയാൻ സാധിക്കില്ല. സ്ഥലത്തെ സംബന്ധിച്ചും സമയത്തെ സംബന്ധിച്ചും കൃത്യമായ വിവരങ്ങൾ ഓർത്തെടുക്കാൻ സാധിക്കാത്തത് നിരക്ഷരത കൊണ്ടാണെന്ന് പറഞ്ഞുകൊണ്ട് ചെറിയ വൈരുദ്ധ്യങ്ങളും ചേർച്ചയില്ലായ്മയും ആണെങ്കിൽ ആയത് കണക്കിലെടുക്കാതിരിക്കാം. എന്നാൽ ഇത് അതുപോലൊരു കേസല്ല. 18.05.1999-ന് അപ്പീൽവാദിയെയും റാണികൗറിനെയും അപ്പീൽവാദിയുടെ വീട്ടിൽ കണ്ടകാര്യം പ്രോസിക്യൂഷൻ 3-ാം സാക്ഷി അവരുടെ ഭർത്താവ് പറഞ്ഞറിഞ്ഞതാണ്. അത്രത്തോളം അത് ഒരു കേട്ടുകേൾവി മാത്രമാണ്.

പ്രോസിക്യൂഷൻ 4-ാം സാക്ഷി പോലീസിന് നൽകിയ മൊഴിയിൽ ഇത് വിട്ടുപോയിരിക്കുന്നു. രാത്രി അപ്പീൽവാദിയുടെ വീട്ടിൽ പോയാൽ വഴക്കുണ്ടാകും എന്ന് പറഞ്ഞ് ഭാര്യയെ പോകരുതെന്ന് ഉപദേശിച്ചു എന്നതും വിട്ടുപോയിരിക്കുന്നു. ഈ വസ്തുതകൾ പരിഗണിക്കാതിരുന്നാൽ പ്രോസിക്യൂഷൻ 3-ാം സാക്ഷി എന്തിന് 19.05.99 ന് അതിരാവിലെ അപ്പീൽവാദിയുടെ വീട്ടിൽ പോയി എന്ന് ഞങ്ങൾ അത്ഭുതപ്പെടുന്നു. ഒരു കാരണവും കൂടാതെ പുലർച്ചെ 4.30 മണിക്ക് പ്രോസിക്യൂഷൻ 3-ാം സാക്ഷി അപ്പീൽവാദിയുടെ വീട്ടിൽ പോകുന്നത് തികച്ചും അസ്വാഭാവികമാണെന്നു കാണുന്നു. അപ്പീൽവാദിയും റാണികൗറും തമ്മിൽ വളരെ കാലങ്ങളായി അവിഹിതബന്ധമുണ്ടെന്ന് പ്രോസിക്യൂഷൻ 3-ാം സാക്ഷിക്ക് അറിയാമായിരുന്നെങ്കിൽ പെട്ടെന്ന് അവളെ അസമയത്ത് അപ്പീൽവാദിയുടെ വീട്ടിലേക്ക് പോകാൻ പ്രേരിപ്പിച്ചുകൊണ്ട് അവർ രണ്ടുപേരും കൂടിച്ചേർന്ന് 19.05.1999 ന് വിഷം കൊടുത്ത് കൊല്ലുമെന്ന് സംശയിക്കാൻ ഒരു കാരണവുമില്ല. പ്രോസിക്യൂഷൻ 3, 4 സാക്ഷികളുടെ മൊഴികളിൽ പ്രധാനപ്പെട്ട വിട്ടുപോകലുകളും കൂട്ടിച്ചേർക്കലും ഉള്ളത് ശ്രദ്ധിക്കാൻ രണ്ട് കോടതികളും പരാജയപ്പെട്ടു.

29. പ്രോസിക്യൂഷൻ 5-ാം സാക്ഷി ഒരു യാദൃശ്ചിക സാക്ഷിയാണ്. അയാൾ അയാളുടെ ഗ്രാമത്തിൽ പകൽ 6 മണിക്ക് പ്രഭാതകർമ്മം നടത്താൻ ഇറങ്ങിയപ്പോൾ പ്രതികൾ ജീപ്പിൽ പോകുന്നതു കണ്ടു എന്നവകാശപ്പെടുന്നു. എതിർവിസ്താരത്തിൽ ജീപ്പ് പിന്നിൽ നിന്ന് വന്ന് വശത്തുകൂടെ പോയതിനാൽ ഒരു വശത്ത് നിന്നുള്ള കാഴ്ചയാണ് ഉണ്ടായതെന്നും വെളിപ്പെട്ടു. ജീപ്പിൽ സഞ്ചരിക്കുകയായിരുന്നതുകൊണ്ട് അത്തരത്തിലുള്ള കാഴ്ച ഏറിപ്പോയാൽ ഏതാനും സെക്കന്റുകൾ മാത്രമെ ഉണ്ടാവുകയുള്ളു. അതുകൊണ്ട് തന്റെ ഭാര്യയെ കൊലപ്പെടുത്തി റാണികൗറുമായി രക്ഷപ്പെടുകയായിരുന്നു എന്നത് തെളിയിക്കാൻ ഈ സാക്ഷിമൊഴിയെ മാത്രം ആശ്രയിക്കുന്നത് സുരക്ഷിതമായിരിക്കില്ല.

30. മരിച്ചയാൾ ആത്മഹത്യ ചെയ്തതാണ് എന്ന പ്രതിവാദമാണ് അപ്പീൽവാദി എടുത്തിരിക്കുന്നത്. അപ്പീൽവാദിയും റാണികൗറും വീട്ടിൽ ഉണ്ടായിരുന്നുവെന്നും മരിച്ച ആൾ ആത്മഹത്യ ചെയ്തതായിരുന്നുവെങ്കിൽ സ്വാഭാവികമായും അവളെ ആശുപത്രിയിലെത്തിച്ച് ബന്ധപ്പെട്ട ആളുകളെ/അധികാരസ്ഥാപനങ്ങളെ അറിയിക്കുമായിരുന്നു എന്ന കാരണം പറഞ്ഞ് വിചാരണ കോടതി അത് അവിശ്വസിച്ചു. എന്നിരുന്നാലും അപ്പീൽവാദിയും റാണികൗറും വീട്ടിലുണ്ടായിരുന്നു എന്ന കാര്യം സംശയത്തിനതീതമായി തെളിയിക്കപ്പെട്ടിട്ടില്ല എന്ന് ഞങ്ങൾ മുമ്പ് തീരുമാനത്തിലെത്തിയിട്ടുണ്ട്. അതുകൊണ്ട് വിചാരണ കോടതിയുടെ കാര്യകാരണങ്ങൾക്ക് നിലനിൽപ്പില്ല. എന്തുതന്നെയായാലും അപ്പീൽവാദി മരിച്ചയാൾ ആത്മഹത്യ ചെയ്തതാണെന്ന പ്രതിരോധം എടുക്കുക വഴി ഞങ്ങളുടെ മനസ്സിൽ ഒരു സംശയം ജനിപ്പിച്ചു എന്ന് ഞങ്ങൾ വിശ്വസിക്കുന്നു. വിഷം അകത്തു ചെന്നാണ് മരണം സംഭവിച്ചതെന്ന വസ്തുതയിൽ തർക്കമില്ലെന്നു കാണുന്നു. അലുമിനിയം ഫോസ്ഫൈഡ് വിഷം അകത്ത് ചെന്നതാണ് മരണകാരണം എന്ന രാസപരിശോധകന്റെ റിപ്പോർട്ടിനെ

അടിസ്ഥാനപ്പെടുത്തിയിട്ടുള്ള ഡോക്ടറുടെ മൊഴി ആരും ചോദ്യം ചെയ്തിട്ടില്ല. തന്റെ 313 സ്റ്റേറ്റ്മെന്റിൽ മരിച്ചയാൾ വിഷം (അലൂമിനിയം ഫോസ്ഫൈഡ്) കഴിച്ച് ആത്മഹത്യ ചെയ്തതാണെന്ന് അപ്പീൽവാദി പറയുന്നുണ്ട്. ജയ്പാലിന്റെ കേസിൽ അലൂമിനിയം ഫോസ്ഫൈഡ് മൂലമുള്ള മരണത്തിന്റെ സ്വഭാവലക്ഷണങ്ങൾ കോടതി പരിഗണിച്ചിട്ടുണ്ട്. അതിന്റെ രൂക്ഷമായ ഗന്ധം കാരണം ശ്രദ്ധയിൽപ്പെടാത്ത വിധം ചതിയിലൂടെ ഇതിനെ അകത്താക്കാൻ സാധിക്കില്ല എന്ന് പണ്ഡിതന്മാർ എഴുതിയ പുസ്തകങ്ങളും ഗവേഷണ ലേഖനങ്ങളും പറയുന്നു. പിഎംആർ പ്രകാരം 200 മില്ലിലിറ്റർ ബ്രൗൺ നിറത്തിലുള്ള ദ്രാവകം വയറ്റിൽ കണ്ടതുകൊണ്ട് സാധനം ചായയിൽ കലർത്തി മരിച്ചയാൾക്ക് നൽകിയതാണെന്ന് സംശയിക്കപ്പെടുന്നു. സാധനത്തിന്റെ സ്വഭാവം വെച്ച് ചതിയിലൂടെ മരിച്ചയാളെ ചായ കുടിപ്പിച്ചു എന്നതിൽ ഞങ്ങൾക്ക് സംശയമുണ്ട്. ഒരു മൽപ്പിടുത്തത്തെ സൂചിപ്പിക്കുന്ന തരത്തിൽ മുറിവടയാളങ്ങൾ ഇല്ലാത്തതുകൊണ്ട് ബലമായി ഇതു നൽകി എന്നതും സംശയകരമാണ്. റെക്കോർഡിലുള്ള തെളിവുകളുടെ അടിസ്ഥാനത്തിൽ അപ്പീൽവാദിയും റാണികൗറും അവിടെ ഉണ്ടായിരുന്നെങ്കിൽ പോലും അത് ആത്മഹത്യയല്ല കൊലപാതകമായിരുന്നു എന്ന് ഉറപ്പിച്ച് പറയാൻ സാധിക്കുകയില്ല. സാഹചര്യതെളിവുകളെ അടിസ്ഥാന പ്പെടുത്തി ശിക്ഷിക്കുന്ന കേസുകളിൽ ഉറപ്പു വരുത്തേണ്ട പ്രധാന തത്ത്വം തെളിയിക്കപ്പെട്ട സാഹചര്യങ്ങൾ പൂർണ്ണമായി രിക്കണമെന്നതും പ്രതി കുറ്റം ചെയ്തു എന്നതല്ലാതെ മറ്റൊരു വിശദീകരണം സാധിക്കാത്തതും അയാളുടെ നിഷ്കളങ്ക തയുമായി ചേർച്ചയില്ലാത്തതു മായിരിക്കണം. മറ്റൊരു രീതിയിൽ പറഞ്ഞാൽ സാഹചര്യങ്ങൾ തെളിയിക്കപ്പെടേണ്ട സാദ്ധ്യതയുള്ള ഊഹത്തിനെ ഒഴികെ എല്ലാ ഊഹങ്ങളെയും ഒഴിവാക്കുന്നതാ യിരിക്കണം. ഈ കേസിൽ, തെളിയിക്കപ്പെട്ട സാഹചര്യങ്ങൾകൊണ്ട് സാന്നിദ്ധ്യം തെളിഞ്ഞാൽ പോലും, മറ്റു സാഹചര്യങ്ങളുമായി കൂട്ടിവായിക്കുമ്പോൾ അപ്പീൽവാദിയും റാണികൗറും കുറ്റക്കാരാണെന്ന നിഗമനത്തിലേക്ക് നയിക്കും എന്ന് പറയാൻ സാധിക്കില്ല. ക്രിമിനൽ നടപടി നിയമ സംഹിതയുടെ 313 വകുപ്പ് പ്രകാരം അപ്പീൽവാദി വിശദീകരിച്ച മൊഴിയിൽ മരിച്ചയാൾ ആത്മഹത്യ ചെയ്തതാണെന്ന ശക്തമായ ഒരു ഊഹം നിലവിലുണ്ടായിരുന്നു, ഞങ്ങളുടെ മനസ്സിൽ സംശയം ജനിപ്പിക്കാൻ അത് പര്യാപ്തമാണ്.

31. ക്രിമിനൽ നടപടി നിയമസംഹിതയുടെ 313-ാം വകുപ്പ് പ്രകാരം എടുക്കുന്ന പ്രതിവാദത്തിന്റെ പിൻബലമായി പ്രതി നൽകേണ്ട തെളിവുകളുടെ നിലവാരം സംശയാതീതമായിരിക്കണം എന്നതല്ല, കുറ്റകൃത്യം തെളിയിക്കേണ്ട ബാദ്ധ്യത പ്രോസിക്യൂഷന് തന്നെയാണ്. വെറും ഒരു സംശയം സൃഷ്ടിക്കുക മാത്രമെ പ്രതി ചെയ്യേണ്ടതായിട്ടുള്ളു, അതിൽ നിന്നും ഒരു ഗുണവും പ്രതിക്കുവരാത്ത വിധത്തിൽ സംശയാതീതമായി തെളിയിക്കേണ്ടത് പ്രോസിക്യൂഷനാണ്. (പ്രമീള V. ഉത്തർപ്രദേശ് സംസ്ഥാനം 2021 SCC online SC (711))

32. ക്രിമിനൽ നടപടി നിയമസംഹിതയുടെ 313-ാം വകുപ്പ് പ്രകാരം റെക്കോഡ് ചെയ്യപ്പെട്ട അപ്പീൽ വാദിയുടെ പ്രസ്താവനയിൽ സ്ഥാനാന്തര വാദം (Plea of Alibi) എടുത്തിട്ടില്ല എന്ന് സംസ്ഥാന - എതിർകക്ഷിയുടെ വക്കീൽ വാദിച്ചു. യഥാർത്ഥ ത്തിൽ അയാൾ വീട്ടിൽ ഉണ്ടായിരുന്നു എന്നത് സമ്മതിച്ചു എന്ന് വാദിച്ചു. ക്രിമിനൽ നടപടി നിയമസംഹിതയുടെ 313-ാം വകുപ്പ് പ്രകാരമുള്ള പ്രതിയുടെ പ്രസ്താവന തെളിവല്ല എന്ന് നന്നായി സ്ഥാപിതമായ കാര്യമാണ്, കാരണം, ഒന്നാമതായി അത് സത്യപ്രസ്താവനയുടെ പുറത്ത് പറയുന്നതല്ല, രണ്ടാമതായി, പ്രതിയെ എതിർ വിസ്താരം ചെയ്യുവാൻ പ്രോസിക്യൂഷന് അവസരം കിട്ടുന്നില്ല. (**സിദ്ധാർത്ഥ വസിഷ്ഠ് V. NCT സംസ്ഥാനം AIR 2010 SC 2352**).

33. ക്രിമിനൽ നടപടി നിയമസംഹിതയുടെ 313-ാം വകുപ്പ് പ്രകാരം റെക്കോർഡ് ചെയ്ത പ്രസ്താവനയുടെ അടിസ്ഥാനത്തിൽ മാത്രം ശിക്ഷ വിധിക്കരുത്. അതു കൊണ്ട് പ്രോസിക്യൂഷന്റെ നേതൃത്വത്തിൽ സ്വതന്ത്ര തെളിവുകൾ ഇല്ലാതിരുന്നിട്ടും അപ്പീൽവാദിയുടെ പ്രസ്താവനയിൽ നിന്നു മാത്രം അയാൾ അവിടെയുണ്ടായിരുന്നു എന്നു കാണാൻ പറ്റില്ല. ക്രിമിനൽ നടപടി നിയമസംഹിതയുടെ 313-ാം വകുപ്പ് പ്രകാരം പ്രതി പ്രത്യേക പ്രതിരോധവാദങ്ങൾ എടുത്തിട്ടില്ലെങ്കിലും, അതിന്റെ അനന്തരഫലങ്ങൾ ഈ കോടതി മുമ്പ് പരിഗണിക്കവെ, ക്രിമിനൽ നടപടി നിയമസംഹിതയുടെ 313-ാം വകുപ്പ് പ്രകാരം പ്രതി പ്രത്യേക വാദങ്ങൾ എടുക്കാൻ വിട്ടുപോയാലും അത് മറ്റൊരു വിധത്തിൽ വന്നിട്ടുണ്ടെങ്കിൽ അയാളുടെ അവകാശ ങ്ങൾ നഷ്ടപ്പെടുത്തുകയില്ല എന്ന് കണ്ടിട്ടുണ്ട്. [**പെരിയസാമി V. തമിഴ്നാട് സംസ്ഥാനം (1996)6 SCC 457 കാണുക**]

34. അപ്പീൽവാദിയെ റാണികൗറിനൊപ്പം അപ്പീൽവാദിയുടെ വീട്ടിൽ 18.05.1999-ന് കണ്ടു എന്നും അവർ ഒരുമിച്ച് 19.05.99ന് വീട്ടിൽ നിന്നും പോകുന്നത് കണ്ടു എന്നതാണ് തുടക്കം മുതൽക്കുള്ള പ്രോസിക്യൂഷന്റെ വാദം. 18.05.99നും 19.05.99നുമിടയിലുള്ള രാത്രിയിൽ മരിച്ചയാളെ വിഷം കൊടുത്ത് കൊന്നതിനുള്ള ആരോപണത്തിനാണ് അവരെ ഒരുമിച്ച് വിചാരണ ചെയ്യുന്നത്. വിചാരണകോടതി 302-ാം വകുപ്പ് പ്രകാരം രണ്ടുപേരെയും ശിക്ഷിച്ചുവെങ്കിലും സംശയത്തിന്റെ ആനുകൂല്യം നൽകി ഹൈക്കോടതി റാണികൗറിനെ വെറുതെവിട്ടു. ഹൈക്കോടതിക്കനുസരിച്ച് പ്രോസിക്യൂഷൻ 3-ാം സാക്ഷി മെലോകൗറിന്റെയും പ്രോസിക്യൂഷൻ 4-ാം സാക്ഷി ഗുർമൽസിംഗിന്റെയും മൊഴികളല്ലാതെ അവൾ ആ നിർഭാഗ്യകരമായ രാത്രി ആ വീട്ടിൽ ഉണ്ടായിരുന്നു എന്ന് കാണിക്കാൻ മറ്റു തെളിവുകളില്ല. സമാനതെളിവു തന്നെയാണ് അപ്പീൽവാദി വീട്ടിലുണ്ടായിരുന്നു എന്നു കാണിക്കുന്നതിനും മുന്നോട്ടുവച്ചതെങ്കിലും സമാനമായി സംശയത്തിന്റെ ആനുകൂല്യം അയാൾക്കു നൽകിയില്ല. അപ്പീൽവാദി ഭർത്താവായതുകൊണ്ട് സ്വാഭാവികമായും വീട്ടിൽ ഉണ്ടാകും എന്നതാണ് ഹൈക്കോടതി പറയുന്ന കാരണം.

35. റാണികൗറിനെ വെറുതെവിട്ടത് എതിർകക്ഷി-സംസ്ഥാനം ഈ കോടതിയിൽ ചോദ്യം ചെയ്തിട്ടില്ല എന്നത് ശ്രദ്ധിക്കേണ്ടത് അത്യാവശ്യമാണ്. അവർ വിധി അംഗീകരിച്ചതുകൊണ്ടാണ് വിടുതൽ ഒരു സമാപ്തിയിലെത്തിയത്. ഒരു വശത്ത് അപ്പീൽവാദിയോടൊപ്പം റാണികൗർ ഉണ്ടായിരുന്നു എന്നതിൽ സംശയമുണ്ട് എന്ന കോടതിവിധി അംഗീകരിക്കുമ്പോൾ രണ്ടുപേരും ഒന്നിച്ചുണ്ടായിരുന്നു എന്നും കുറ്റം ചെയ്ത് ഒരുമിച്ച് രക്ഷപ്പെട്ടതാണെന്നുമുള്ള കേസ് ഒരേ സമയം നിലനിർത്തി കൊണ്ടുപോകാൻ സംസ്ഥാനത്തിന് പറ്റില്ല.

36. പ്രോസിക്യൂഷൻ 3,4 സാക്ഷികളുടെ മൊഴികൾ റാണികൗർ വീട്ടിലുണ്ടായിരുന്നു എന്ന് കാണിക്കാൻ പര്യാപ്തമല്ലെങ്കിൽ, സ്വാഭാവികമായും അപ്പീൽവാദി വീട്ടിലുണ്ടായിരുന്നു എന്നതിന് ആ തെളിവ് ആശ്രയിക്കാൻ പറ്റില്ല എന്നാണ് ഞങ്ങളുടെ അഭിപ്രായം. അപ്പീൽവാദിയുടെ കേസ് റാണികൗറിൽ നിന്നും വ്യത്യസ്തമാണെന്നു കാണിക്കാൻ ഹൈക്കോടതി അവലംബിച്ച രീതി തെറ്റായതിനാൽ അത് ഞങ്ങളെ സ്വാധീനിച്ചു എന്നു തോന്നുന്നില്ല. പ്രോസിക്യൂഷന്റെ സ്ഥായിയായ വാദം 18.05.99 ന് രാത്രി പ്രതികളെ വീട്ടിൽ ഒരുമിച്ചു കണ്ടുവെന്നും പിറ്റേന്ന് പകൽ അതിരാവിലെ ഒരുമിച്ച് പോകുന്നത് കണ്ടു എന്നുമാണ്. അവർ ഒന്നിച്ച് ജീപ്പിൽ ഹിരോകുർഡിലേക്ക് പോകുന്നത് കണ്ടു എന്ന് പ്രോസിക്യൂഷൻ 5-ാം സാക്ഷി പറയുന്നു. സംഭവദിവസം വീട്ടിൽ റാണികൗറുണ്ടായിരുന്നു എന്ന കാര്യം സംശയകരമാണെങ്കിൽ, അവർ ഒരുമിച്ച് ജീപ്പിൽ പോകുന്നതു കണ്ടു എന്ന പ്രോസിക്യൂഷൻ 5-ാം സാക്ഷി മൊഴിക്ക് ശക്തിയില്ലാതാകും.

37. ഈ പശ്ചാത്തലത്തിൽ നോക്കിയാൽ, ഒരു സാഹചര്യം തെളിയിക്കാൻ സാധിക്കാതിരുന്നാൽ സാഹചര്യങ്ങളുടെ ചങ്ങലയിൽ പൊട്ടൽ വീഴുമെന്നതിനാൽ പ്രോസിക്യൂഷൻ തെളിയിക്കാനുദ്ദേശിച്ച മറ്റു സാഹചര്യങ്ങൾ പരിഗണിക്കേണ്ട കാര്യമില്ല. സാഹചര്യങ്ങളുടെ ചങ്ങലയിൽ വിടവ് വരാൻ പാടില്ല. സാഹചര്യ തെളിവുകളെ മാത്രം അടിസ്ഥാനപ്പെടുത്തി വിധിക്കേണ്ട കേസുകളിൽ സാഹചര്യങ്ങളുടെ ചങ്ങലയിൽ പൊട്ടലുണ്ടാകാൻ പാടില്ല. അതുണ്ടെങ്കിൽ പ്രതി സംശയത്തിന്റെ ആനുകൂല്യത്തിന് അർഹനായിരിക്കും. ചങ്ങലയിലെ ചില സാഹചര്യങ്ങൾ മറ്റേതെങ്കിലും ഊഹങ്ങൾകൊണ്ട് വിശദീകരിക്കാൻ സാധിക്കുമെങ്കിൽ അപ്പോഴും പ്രതിക്ക് സംശയത്തിന്റെ ആനുകൂല്യം ലഭിക്കും. [ഭീംസിംഗ് V. ഉത്തർഖണ്ഡ് സംസ്ഥാനം (2015),4 SCC 281കാണുക]

38. അതുകൊണ്ട് അപ്പീൽ അനുവദിച്ച് ശിക്ഷ വിധിച്ച തീരുമാനങ്ങൾ റദ്ദാക്കുന്നു.

## സുപ്രീംകോടതി മുമ്പാകെ

**ബഹു. ജസ്റ്റിസ്സ്. ബി. വി. നാഗരത്ന & ജസ്റ്റിസ്സ്. അഗസ്റ്റിൻ ജോർജ്ജ് മാസിഹ്**

ക്രിമിനൽ അപ്പലേറ്റ് അധികാരപരിധി

ക്രിമിനൽ അപ്പീൽ നമ്പർ /2024
(SLP (ക്രിമിനൽ) നമ്പർ 3377/2019-ൽ നിന്നുത്ഭവിച്ചത്)

**കെ. രമേഷ് – അപ്പീൽവാദി**

V.

**കെ. കോദണ്ഡരാമൻ – എതിർകക്ഷി**

(9-2-2024-ന് വിധി പ്രസ്താവിച്ചത്)

**ഉത്തരവിന്റെ പ്രസക്തഭാഗങ്ങൾ**

ഏതെങ്കിലും കടമോ ബാദ്ധ്യതയോ തീർക്കുന്നതിനു വേണ്ടിയാണ് ചെക്ക് നൽകിയിട്ടുള്ളത് എന്ന അനുമാനം ഖണ്ഡിക്കാനുള്ള ബാദ്ധ്യത പ്രതിക്കാണെന്നും പോസ്റ്റ് ഡേറ്റഡ് (post dated) ചെക്കാണെങ്കിൽ കൂടി നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ്സ് ആക്റ്റിന്റെ 138-ാം വകുപ്പിന്റെ ശിക്ഷാ നടപടികളിൽ നിന്നും രക്ഷപ്പെടുന്നതല്ല. നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ്സ് ആക്റ്റിന്റെ നിബന്ധനകൾ അർത്ഥവത്തായി വായിക്കുമ്പോൾ പ്രത്യേകിച്ചും, 20, 87, 139 എന്നീ വകുപ്പുകൾ, ചെക്ക് കൈപ്പറ്റുന്ന ആൾക്ക് ഒപ്പിട്ട് നൽകുമ്പോൾ, ഏതെങ്കിലും കടത്തിലേക്കോ ബാദ്ധ്യതയുടെ തീർപ്പിനായോ ആണ് ചെക്ക് നൽകപ്പെട്ടത് എന്ന അനുമാനം ഖണ്ഡിക്കുന്ന തെളിവ് നൽകുന്നതുവരെ, ചെക്ക് നൽകുന്ന ആൾ ബാദ്ധ്യസ്ഥനായി തുടരും. ചെക്കിൽ ഒപ്പിട്ടിട്ടുണ്ടെങ്കിൽ ചെക്ക് നൽകിയ ആൾ അല്ലാതെ മറ്റൊരാളായിരിക്കാം ചെക്ക് പൂരിപ്പിച്ച തെന്നതിന് ഒട്ടും പ്രാധാന്യമില്ല. മറ്റുവിധത്തിൽ സാധുവായ ചെക്കാണെങ്കിൽ, 138-ാം വകുപ്പിലെ ശിക്ഷാനടപടികളെ ആകർഷിക്കും.

**ഉത്തരവ്**

അനുമതി നൽകി

2. അപ്പീലിൽ 15.04.2019-ന് നോട്ടീസ് നൽകി. അതിനു പുറമേ ദസ്തി സർവ്വീസിനും അനുമതി നൽകി. 24.07.2019-ലെ ഉത്തരവിൽ എതിർകക്ഷിക്ക് നോട്ടീസ് നൽകിയിട്ടുണ്ടെങ്കിലും അയാളുടെ ഭാഗത്ത് നിന്നും ആരും ഹാജരായിട്ടില്ല എന്ന്

രജിസ്ട്രാർ രേഖപ്പെടുത്തിയിട്ടുണ്ട്. 03.01.2024-ലെ ഏറ്റവും പുതിയ ഓഫീസ് റിപ്പോർട്ട് പ്രകാരവും 07.05.2019-ന് എതിർകക്ഷിക്ക് നോട്ടീസ് നൽകിയതായും അയാളുടെ ഭാഗത്തു നിന്നും ഒരു പ്രതിനിധാനവും ഉണ്ടായിട്ടില്ലെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഞങ്ങൾ അപ്പീൽവാദിയുടെ അഭിഭാഷകനെ കേട്ടു.

3. ക്രിമിനൽ റിവിഷൻ പരാതി നമ്പർ 1212/2018-ൽ 23.11.2018-ന് മദ്രാസ് ഹൈക്കോടതി ക്രിമിനൽ നടപടിക്രമം 397, 401 എന്നീ വകുപ്പുകൾ പ്രകാരം 20-ാമത് മെട്രോപൊളിറ്റൻ മജിസ്ട്രേറ്റ് മുമ്പാകെയുള്ള സി.സി. 2767/2018-ൽ ഫയൽ ചെയ്ത 1456/2018 നമ്പർ ക്രിമിനൽ പലവക ഹർജിയിലെ ഉത്തരവിനെതിരെ ഫയൽ ചെയ്ത ക്രിമിനൽ റിവിഷൻ ഹർജി തള്ളിയതിൽ അപ്പീൽവാദി വിഷമിതനായി.

4. **ബീർസിംഗ് V. മുകേഷ് കുമാർ (2019)4SCC 197(ബീർസിംഗ്)** എന്ന കേസിലെ ഈ കോടതിയുടെ പുതിയ വിധിന്യായത്തിലേക്ക് അപ്പീൽവാദിയുടെ അഭിഭാഷകൻ ഞങ്ങളുടെ ശ്രദ്ധയെ ആകർഷിക്കുകയും നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ്സ് ആക്റ്റിന്റെ 118-ാം വകുപ്പ്, 139-ാം വകുപ്പിനോട് കൂട്ടിവായിക്കുമ്പോൾ, ഒരിക്കൽ നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ് തെളിവ് സമയത്ത് "മാർക്ക്" ചെയ്താൽ അതിന്റെ സാധുതയെ സംബന്ധിച്ച അനുമാനം നിലവിൽ വരുമെന്നും ആ അനുമാനത്തെ മറികടക്കേണ്ടത് പ്രതിയാണെന്നും അയാൾ വാദിച്ചു. ഈ കേസിൽ ഹർജിക്കാരന്റെ ഒപ്പുമായി ചെക്കിലെ രേഖപ്പെടുത്തലുകൾ താരതമ്യം ചെയ്യുന്നതിനായി ഫോറൻസിക്കിന്റെ അഭിപ്രായം തേടണമെന്ന എതിർകക്ഷിയുടെ ആവശ്യം ഈ കോടതിയുടെ വിധിന്യായ പ്രകാരം തീർത്തും അപ്രസക്തമാണ്.

5. ഏതെങ്കിലും അടവിലേക്ക് ഒന്നും എഴുതാത്ത ചെക്ക് (blank cheque) പ്രതി സ്വമേധയാ ഒപ്പിട്ട് നൽകിയാൽ 139-ാം വകുപ്പിന്റെ അനുമാനത്തെ ആകർഷിക്കുകയും കടത്തിന്റെ തീർപ്പിനായി നൽകിയതല്ല എന്ന ശക്തമായ തെളിവിന്റെ അഭാവത്തിൽ ഈ അനുമാനം നിലനിൽക്കുകയും ചെയ്യും എന്ന നിരീക്ഷണങ്ങളുള്ള ബീർസിംഗ് വിധിന്യായത്തിന്റെ 32, 33, 34, 36 എന്നീ ഖണ്ഡികകളിലേക്ക് ശ്രദ്ധക്ഷണിച്ചു. ആ ഖണ്ഡികകൾ താഴെ ഉദ്ധരിക്കുന്നു:

"32. മേൽ പരാമർശിച്ച വിധിന്യായത്തിൽ നിന്നും ഉരുത്തിരിഞ്ഞ നിയമവശം എന്തെന്നാൽ ഏതെങ്കിലും കടമോ ബാദ്ധ്യതയോ തീർക്കുന്നതിനു വേണ്ടിയാണ് ചെക്ക് നൽകിയിട്ടുള്ളത് എന്ന അനുമാനം ഖണ്ഡിക്കാനുള്ള ബാദ്ധ്യത പ്രതിക്കാണെന്നും പോസ്റ്റ് ഡേറ്റഡ് (post dated) ചെക്കാണെങ്കിൽ കൂടി നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ്സ് ആക്റ്റിന്റെ 138-ാം വകുപ്പിന്റെ ശിക്ഷാ നടപടികളിൽ നിന്നും രക്ഷപ്പെടുന്നതല്ല എന്നുമാണ്.

33. നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ്സ് അക്റ്റിന്റെ നിബന്ധനകൾ അർത്ഥവത്തായി വായിക്കുമ്പോൾ പ്രത്യേകിച്ചും, 20, 87, 139 എന്നീ വകുപ്പുകൾ, ചെക്ക് കൈപ്പറ്റുന്ന ആൾക്ക് ഒപ്പിട്ട് നൽകുമ്പോൾ, ഏതെങ്കിലും കടത്തിലേക്കോ

ബാദ്ധ്യതയുടെ തീർപ്പിനായോ ആണ് ചെക്ക് നൽകപ്പെട്ടത് എന്ന അനുമാനം ഖണ്ഡിക്കുന്ന തെളിവ് നൽകുന്നതുവരെ, ചെക്ക് നൽകുന്ന ആൾ ബാദ്ധ്യസ്ഥനായി തുടരും. ചെക്കിൽ ഒപ്പിട്ടിട്ടുണ്ടെങ്കിൽ ചെക്ക് നൽകിയ ആൾ അല്ലാതെ മറ്റൊരാളായിരിക്കാം ചെക്ക് പൂരിപ്പിച്ചതെന്നതിന് ഒട്ടും പ്രാധാന്യമില്ല. മറ്റുവിധത്തിൽ സാധുവായ ചെക്കാണെങ്കിൽ, 138-ാം വകുപ്പിലെ ശിക്ഷാനടപടികളെ ആകർഷിക്കും.

34. ഒപ്പിട്ട ഒന്നും എഴുതാത്ത ചെക്ക് ഏതെങ്കിലും അടവിലേക്ക് സ്വമേധയാ നൽകിയതിൽ സംഖ്യയും മറ്റു കാര്യങ്ങളും ചെക്ക് കൈപ്പറ്റിയ ആൾ പൂരിപ്പിച്ചതാകാം. ഇതുകൊണ്ട് മാത്രം ചെക്ക് അസാധുവാകുന്നില്ല. ഏതെങ്കിലും കടമോ, ബാദ്ധ്യതയോ തീർക്കാൻ വേണ്ടിയിട്ടല്ല ചെക്ക് നൽകിയത് എന്ന് തെളിയിക്കേണ്ട ഉത്തരവാദിത്തം അപ്പോഴും പ്രതിക്കു തന്നെയാണ്.

36. ഒന്നും എഴുതാത്ത ചെക്കാണെങ്കിലും, അത് എതെങ്കിലും അടവിലേക്ക് പ്രതി സ്വമേധയാ ഒപ്പിട്ട് നൽകിയതാണെങ്കിൽ, ചെക്ക് ഒരു കടം തീർക്കുവാൻ നൽകിയതല്ല എന്ന ശക്തമായ തെളിവിന്റെ അഭാവത്തിൽ, നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ്സ് ആക്റ്റിന്റെ 139-ാം വകുപ്പിലെ അനുമാനത്തിനെ ആകർഷിക്കും."

6. പ്രതി ചെക്ക് ഒപ്പിട്ടിട്ടുണ്ടെന്ന കാര്യത്തിൽ ഈ കേസിൽ തർക്കമില്ല. ഒപ്പിലെ മഷിയുടെ കാലപ്പഴക്കവും ഒപ്പിന്റെ കാലപ്പഴക്കവും ചെക്കിലെ മറ്റ് എഴുത്തുകളുടെ കാലപ്പഴക്കവും സംബന്ധിച്ച് മാത്രമാണ് തർക്കം.

7. പ്രതി വിചാരണ കോടതി മുമ്പാകെ ഫയലാക്കിയ ഹർജി ബാലിശമാണെന്നും ആയത് തള്ളിയത് ശരിയാണെന്നും ഞങ്ങൾ കാണുന്നു. എന്നാൽ ആ ഹർജി ഹൈക്കോടതി അനുവദിച്ചതും അതുവഴി എതിർകക്ഷി-പ്രതിയുടെ റിവിഷൻ ഹർജി അനുവദിച്ചതും ചെയ്യാൻ പാടില്ലായിരുന്നുവെന്നാണ് ഞങ്ങളുടെ കാഴ്ചപ്പാട്.

8. ഈ സാഹചര്യത്തിൽ, ഞങ്ങൾ മേൽപ്പറഞ്ഞ വിധിന്യായത്തെ ആശ്രയിച്ച്, ചോദ്യം ചെയ്യപ്പെട്ട ഉത്തരവ് റദ്ദാക്കി അപ്പീൽ അനുവദിക്കുന്നു. തത്ഫലമായി നിയമാനുസരണമായും കഴിയുന്നത്ര വേഗത്തിലും കേസ് തീർപ്പാക്കുവാൻ മജിസ്ട്രേറ്റിന് നിർദ്ദേശം നൽകുന്നു.

മേൽപ്പറഞ്ഞ രീതിയിൽ അപ്പീൽ അനുവദിക്കുന്നു.




# ഹൈക്കോടതി വിധിന്യായങ്ങൾ

**കേരള ഹൈക്കോടതി മുമ്പാകെ**

**ബഹു. ജസ്റ്റിസ് സി. പ്രദീപ് കുമാർ**

എം. എഫ്. എ. (ആർ.സി.ടി.) നം.141/2017

**മലർകൊടി പി-യും മറ്റുള്ളവരും-അപ്പീൽവാദികൾ**

**v.**

**യൂണിയൻ ഓഫ് ഇന്ത്യ-എതിർകക്ഷി**

വെള്ളിയാഴ്ച, 17 സെപ്റ്റംബർ 2023/26 കാർത്തിക 1945

**വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ**

സ്വയം വരുത്തിയ മുറിവ് എന്നതിന്റെ ആശയം ഏതെങ്കിലും പ്രത്യേക തരത്തിലുള്ള അശ്രദ്ധയല്ലാതെ അത്തരം മുറിവുകൾ വരുത്താനുള്ള ഉദ്ദേശ്യം ഉണ്ടായിരിക്കണം എന്നതാണ്. അങ്ങനെ ചെയ്യുന്നത് വേണ്ട മുൻകരുതൽ എടുക്കാതെയുള്ള അശ്രദ്ധ (contributory negligence) എന്ന തത്വം പ്രയോഗിക്കുന്നത് പോലെയായിരിക്കും, അത് "പിഴവില്ലാ സിദ്ധാന്തം" (no fault theory) അടിസ്ഥാനമാക്കിയുള്ള ബാധ്യതയുടെ കാര്യത്തിൽ ചെയ്യാൻ കഴിയില്ല. 1988ലെ മോട്ടോർ വാഹന നിയമത്തിന്റെ 163-എ വകുപ്പ് പ്രകാരമുള്ള "പിഴവില്ലാ സിദ്ധാന്തം" അടിസ്ഥാനമാക്കിയുള്ള ക്ലെയിമിൽ ഇരയുടെ അശ്രദ്ധാവാദം (plea of negligence) അനുവദിക്കാനാവില്ലെന്ന് യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസ് കമ്പനി ലിമിറ്റഡ് v. സുനിൽ കുമാറിലെ ഈ കോടതിയുടെ വിധി ഇതുമായി ബന്ധപ്പെട്ട് നമുക്ക് പരാമർശിക്കാം." അതനുസരിച്ച്, ട്രെയിനിൽ കയറുമ്പോഴോ ഇറങ്ങുമ്പോഴോ ഉണ്ടാകുന്ന മരണമോ പരിക്കോ ഇരയ്ക്ക് നഷ്ടപരിഹാരത്തിന് അർഹതയുള്ള ഒരു ''അനിഷ്ടസംഭവം'' ആയിരിക്കുമെന്നും, ഇരയുടെ "അശ്രദ്ധാവാദം" മാത്രം 124-എ വകുപ്പിന്റെ ക്ലിപ്ത നിബന്ധനയുടെ കീഴിൽ വരില്ലെന്നും ഞങ്ങൾ തീരുമാനിക്കുന്നു.

## വിധിന്യായം

**ജസ്റ്റിസ്. സി. പ്രദീപ് കുമാർ**

2023 നവംബർ 17ാം തീയതി.

1987-ലെ റെയിൽവെ ക്ലെയിംസ് ട്രിബ്യൂണൽ ആക്റ്റിന്റെ 23-ാം വകുപ്പ് പ്രകാരം 25.09.2017-ലെ ഉത്തരവിനെതിരെ റെയിൽവെ ക്ലെയിംസ് ട്രിബ്യൂണൽ എറണാകുളത്തിന്റെ ഒ.എ.(എൽ.എൽ.യു.) ഇ.ആർ.എസ്.നം.22/2016-ലെ അപേക്ഷകൻ സമർപ്പിച്ച അപ്പീലാണ് ഇത്. 10.11.2015-ന് ഷൊർണൂർ റെയിൽവെ സ്റ്റേഷനിൽ 16305-ാം നമ്പർ ട്രെയിനിൽ നിന്ന് ഇറങ്ങുന്നതിനിടെ മരിച്ച പൂവൻ എന്നയാളുടെ ആശ്രിതരാണ് അപ്പീൽവാദികൾ. അന്ന് അയാൾ സേലത്തേക്ക് യാത്ര പോകേണ്ടതായിരുന്നു. സാധുവായ ഒരു ജനറൽ ക്ലാസ് ടിക്കറ്റ് എടുത്ത ശേഷം, സേലത്തേക്ക് പോകുന്ന ട്രെയിൻ ആണെന്നുള്ള ഉത്തമവിശ്വാസത്തിൽ അയാൾ 16305-ാം നമ്പർ ട്രെയിനിൽ കയറി. എന്നാൽ, ട്രെയിനിൽ കയറിയ ഉടൻ തന്നെ അത് തെറ്റായ ട്രെയിനാണെന്ന് അയാൾക്ക് മനസ്സിലായി. അപ്പോഴേക്കും, ട്രെയിൻ നീങ്ങിത്തുടങ്ങി. ട്രെയിനിൽ നിന്ന് ഇറങ്ങാൻ ശ്രമിച്ചപ്പോൾ സംതുലിതാവസ്ഥ തെറ്റി പ്ലാറ്റ്ഫോമിൽ വീണു ഗുരുതരമായി പരിക്കേൽക്കുകയും മരണത്തിന് കീഴടങ്ങുകയും ചെയ്തു. കൂടാതെ സംഭവത്തിൽ ട്രെയിൻ ടിക്കറ്റും അയാൾക്ക് നഷ്ടപ്പെട്ടു.

2. 4,00,000/- രൂപ നഷ്ടപരിഹാരം ആവശ്യപ്പെട്ട് അപ്പീൽവാദികൾ റെയിൽവെ ക്ലെയിംസ് ട്രിബ്യൂണൽ മുമ്പാകെ ക്ലെയിം ഹർജി സമർപ്പിച്ചു. എന്നാൽ, 25.9.2017-ലെ ചോദ്യം ചെയ്യപ്പെട്ട ഉത്തരവ് പ്രകാരം അദ്ദേഹം മരണപ്പെട്ടത് അനിഷ്ടകരമായ അപകടത്തിന് ഇരയായിട്ടല്ല, പകരം അത് 1989-ലെ റെയിൽവേസ് ആക്റ്റിന്റെ 124-എ വകുപ്പിന്റെ കീഴിൽ വരുന്ന ക്ലിപ്ത നിബന്ധന (proviso) യിലെ സ്വയം വരുത്തിയ മുറിവാണെന്ന (self inflicted injury) കാരണത്താൽ അപേക്ഷ നിരസിച്ചു. മേൽ ഉത്തരവിൽ സങ്കടപ്പെട്ട് അവകാശികൾ വിവിധ കാരണങ്ങൾ ഉന്നയിച്ച് ഈ അപ്പീൽ ഫയൽ ചെയ്തിട്ടുള്ളതാണ്.

3. അപ്പീൽവാദികളുടെ അഭിപ്രായത്തിൽ, യാത്രക്കാരുമായി പോകുന്ന ട്രെയിനിൽ നിന്ന് ഒരു യാത്രക്കാരൻ ഇറങ്ങുമ്പോൾ ആകസ്മികമായി വീഴുന്നത് അനിഷ്ട സംഭവത്തിന് തുല്യമാണെന്നും, ശരിയായ കാഴ്ചപ്പാടിൽ നിയമത്തെ വിലയിരുത്തുന്നതിൽ ട്രിബ്യൂണൽ പരാജയപ്പെട്ടുവെന്നുമാണ്. മരണപ്പെട്ടയാളുടെ പക്കൽ ടിക്കറ്റ് ഇല്ലാത്തത് അയാൾ ഒരു നിർവ്യാജമായ യാത്രക്കാരൻ (bonafide passenger) അല്ലെന്ന് അനുമാനിക്കാനുള്ള ഒരു കാരണമായി കണക്കാക്കാനാവില്ല. യഥാർത്ഥ വസ്തുതകൾ കണ്ടെത്തുന്നതിന് കൃത്യമായ അന്വേഷണം നടത്തുന്നതിൽ

റെയിൽവെ ഉദ്യോഗസ്ഥർ പരാജയപ്പെട്ടു. അതിനാൽ, ഈ അപ്പീൽ അനുവദിച്ചു കൊണ്ട് റെയിൽവെ ക്ലെയിംസ് ട്രിബ്യൂണൽ പുറപ്പെടുവിച്ച ചോദ്യം ചെയ്യപ്പെട്ട ഉത്തരവ് റദ്ദാക്കണമെന്ന് അപ്പീൽവാദികളുടെ അഭിഭാഷകൻ അപേക്ഷിച്ചു.

4. ഇപ്പോൾ പരിഗണിക്കേണ്ട വിഷയം താഴെപറയുന്നതാണ്:

മരിച്ച പൂവൻ വിനായതൻ റെയിൽവേസ് ആക്റ്റിന്റെ 124-എ വകുപ്പിന്റെ കീഴിൽ വരുന്ന ക്ലിപ്തനിബന്ധന (proviso) പ്രകാരമുള്ള സ്വയം വരുത്തിയ മുറിവ് മൂലമാണ് മരിച്ചതെന്ന റെയിൽവെ ക്ലെയിം ട്രിബ്യൂണലിന്റെ കണ്ടെത്തൽ തെറ്റാണോ?

5. ഇരുഭാഗത്തെയും കേട്ടു.

6. അപ്പീൽവാദികളുടെ അഭിപ്രായത്തിൽ ട്രെയിൻ സേലത്തേക്ക് പോകുകയാണെന്ന ഉത്തമവിശ്വാസത്തിലാണ് മരണപ്പെട്ടയാൾ 16305 നമ്പർ ട്രെയിനിൽ കയറിയത്. ട്രെയിനിൽ കയറിയതിനുശേഷമാണ് തെറ്റായ ട്രെയിനിലാണ് കയറിയതെന്ന് അയാൾക്ക് മനസ്സിലായത്. ആ സമയം നീങ്ങിത്തുടങ്ങിയ ട്രെയിനിൽ നിന്ന് അയാൾ ഇറങ്ങാൻ ശ്രമിച്ചു. അപ്പോൾ അയാൾ പ്ലാറ്റ്ഫോമിൽ വീഴുകയും, പരിക്കുകൾ ഏൽക്കുകയും മരണത്തിന് കീഴടങ്ങുകയും ചെയ്തു. മരിച്ചയാൾക്കുണ്ടായ മേൽപ്പറഞ്ഞ മുറിവുകൾ റെയിൽവേസ് ആക്റ്റിന്റെ 124-എ വകുപ്പിൻ കീഴിലുള്ള ക്ലിപ്തനിബന്ധന (proviso)യിലെ ഒഴിവാക്കലിൽ (exception) വരുന്ന സ്വയം വരുത്തിവച്ച മുറിവായി ചിത്രീകരിക്കാമോ എന്നതാണ് ഉത്തരം ലഭിക്കേണ്ട ചോദ്യം.

7. 10.11.2015-ന് ഏകദേശം 09.12 മണിയോടെ ട്രെയിൻ നമ്പർ 16305 എക്സ്പ്രസ്സിൽ നിന്ന് ഒരു യാത്രക്കാരൻ ഇറങ്ങുന്നതിനിടെ അപ്രതീക്ഷിതമായി തെറിച്ചുവീണ് ഗുരുതരമായി പരിക്കേറ്റതായി സ്റ്റേഷൻ മാസ്റ്റർ സീനിയർ ഡി. എം. ഒ-യ്ക്ക് വിവരം നൽകിയതായി ഡി. ആർ. എം. റിപ്പോർട്ടിൽ പറയുന്നു. റെയിൽവെ ആശുപത്രിയിൽ എത്തിച്ച് പ്രാഥമിക ശുശ്രൂഷ നൽകിയ ശേഷം തൃശൂർ മെഡിക്കൽ കോളേജിലേക്ക് റഫർ ചെയ്യപ്പെട്ടു. അയാളെ മരിച്ച നിലയിലാണ് കൊണ്ടുവന്നതെന്ന് മെഡിക്കൽ കോളേജിലെ ഡ്യൂട്ടി ഡോക്ടർ സ്ഥിതീകരിച്ചു. പോസ്റ്റ്മോർട്ടം സർട്ടിഫിക്കറ്റ് പ്രകാരം ഇടുപ്പിലെ എല്ലിനും വലത് തുടയ്ക്കും ഏറ്റ പരിക്കാണ് മരണത്തിന് കാരണം. ഒറ്റപ്പാലം ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ സമർപ്പിച്ച അന്തിമ റിപ്പോർട്ട് പ്രകാരം ട്രെയിൻ നമ്പർ 16305 എക്സ്പ്രസ് ഷൊർണൂർ റെയിൽവേ സ്റ്റേഷന്റെ 6-ാം നമ്പർ പ്ലാറ്റ്ഫോമിൽ നിന്ന് നീങ്ങി തുടങ്ങുമ്പോൾ സേലത്ത് പോകുന്ന ട്രെയിൻ നമ്പർ 13352 എക്സ്പ്രസിന് പകരം ട്രെയിൻ നമ്പർ 16305 എക്സ്പ്രസിൽ അബദ്ധത്തിൽ കയറിപ്പോയതിനാൽ, മരണപ്പെട്ടയാൾ നീങ്ങി തുടങ്ങിയ ട്രെയിനിൽ നിന്ന് ചാടുകയും, പരിക്കേൽക്കുകയും

ചെയ്തു. 10.11.2015-ന് ഏകദേശം 9.12 മണിയോടെ സേലത്ത് പോകാനായി ട്രെയിൻ നമ്പർ 13352 എക്സ്പ്രസ്സിന് പകരം ട്രെയിൻ നമ്പർ 16305 എക്സ്പ്രസ്സിൽ അബദ്ധത്തിൽ കയറിപ്പോയതിനാൽ മരണപ്പെട്ട പൂവൻ വിനായതൻ ഓടുന്ന ട്രെയിനിൽ നിന്ന് പുറത്തേക്ക് ചാടുകയും പരിക്കേൽക്കുകയും ചെയ്തു എന്ന് റെയിൽവേ നടത്തിയ അന്വേഷണത്തിൽ വെളിപ്പെട്ടു. അതിനാൽ സംഭവം നടക്കുന്ന സമയത്ത്, മരിച്ചയാൾ, തെറ്റായ ട്രെയിനിൽ കയറിപ്പോയതിനാൽ, ഓടുന്ന ട്രെയിനിൽ നിന്ന് ഇറങ്ങാൻ ശ്രമിക്കുകയായിരുന്നു എന്ന് ലഭ്യമായ തെളിവുകളിൽ നിന്ന് സുവ്യക്തമാണ്.

8. "സ്വയം വരുത്തിയ മുറിവിന്റെ" പരിധിയിൽ വരുന്നതിന്, അത്തരം മുറിവുകൾ വരുത്താനുള്ള ഉദ്ദേശ്യം ഉണ്ടായിരിക്കണമെന്നും ഏതെങ്കിലും തരത്തിലുള്ള (particular degree) വെറും അശ്രദ്ധ മതിയാകില്ലെന്നും യൂണിയൻ ഓഫ് ഇന്ത്യ v. റിനാ ദേവി [2018 (2) KHC 920] എന്ന വിധിയിൽ സുപ്രീം കോടതി വ്യക്തമാക്കി. ഖണ്ഡിക 16.6-ൽ സുപ്രീം കോടതി ഇപ്രകാരം പറഞ്ഞു:

"സ്വയം വരുത്തിയ മുറിവ്" എന്നതിന്റെ ആശയം ഏതെങ്കിലും പ്രത്യേക തരത്തിലുള്ള അശ്രദ്ധയല്ലാതെ അത്തരം മുറിവുകൾ വരുത്താനുള്ള ഉദ്ദേശ്യം ഉണ്ടായിരിക്കണം എന്നായതിനാൽ മുകളിൽ പറഞ്ഞ വീക്ഷണം ഉയർത്തിപ്പിടിക്കാൻ ഞങ്ങൾക്ക് കഴിയില്ല. അങ്ങനെ ചെയ്യുന്നത് വേണ്ട മുൻകരുതൽ എടുക്കാതെയുള്ള അശ്രദ്ധ (contributory negligence) എന്ന തത്വം പ്രയോഗിക്കുന്നത് പോലെയായിരിക്കും, അത് 'പിഴവില്ലാ സിദ്ധാന്തം' (no fault theory) അടിസ്ഥാനമാക്കിയുള്ള ബാധ്യതയുടെ കാര്യത്തിൽ ചെയ്യാൻ കഴിയില്ല. 1988-ലെ മോട്ടോർ വാഹന നിയമത്തിന്റെ 163-എ വകുപ്പ് പ്രകാരമുള്ള 'പിഴവില്ലാ സിദ്ധാന്തം' അടിസ്ഥാനമാക്കിയുള്ള ക്ലെയിമിൽ ഇരയുടെ അശ്രദ്ധാവാദം (plea of negligence) അനുവദിക്കാനാവില്ലെന്ന് യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസ് കമ്പനി ലിമിറ്റഡ് v. സുനിൽ കുമാറിലെ ഈ കോടതിയുടെ വിധി ഇതുമായി ബന്ധപ്പെട്ട് നമുക്ക് പരാമർശിക്കാം.' അതനുസരിച്ച്, ട്രെയിനിൽ കയറുമ്പോഴോ ഇറങ്ങുമ്പോഴോ ഉണ്ടാകുന്ന മരണമോ പരിക്കോ ഇരയ്ക്ക് നഷ്ടപരിഹാരത്തിന് അർഹതയുള്ള ഒരു 'അനിഷ്ടസംഭവം' ആയിരിക്കുമെന്നും, ഇരയുടെ അശ്രദ്ധാവാദം മാത്രം 124-എ വകുപ്പിന്റെ ക്ലിപ്ത നിബന്ധനയുടെ കീഴിൽ വരില്ലെന്നും ഞങ്ങൾ തീരുമാനിക്കുന്നു.'

9. **യൂണിയൻ ഓഫ് ഇന്ത്യ v. പ്രഭാകരൻ വിജയ കുമാർ [2008 (2) KLT 700 (SC)]** എന്ന വിധിയിൽ, യാത്രക്കാരുമായി ഓടിക്കൊണ്ടിരിക്കുന്ന ട്രെയിനിൽ നിന്ന് ഒരു യാത്രക്കാരൻ ആകസ്മികമായി വീഴുന്നത് അനിഷ്ടകരമായ സംഭവമാണെന്ന് ബഹുമാനപ്പെട്ട സുപ്രീം കോടതി വിധിച്ചു.

9. ഈ കേസിൽ മരിച്ചയാൾക്ക് സ്വയം അത്തരത്തിലുള്ള എന്തെങ്കിലും

മുറിവേൽപ്പിക്കാൻ ഉദ്ദേശ്യമുണ്ടായിരുന്നതായി പ്രതിഭാഗത്തിന് ഒരു വാദവും ഇല്ല. നേരേമറിച്ച്, തെറ്റായ ട്രെയിനായതിനാൽ അയാൾ ട്രെയിനിൽ നിന്ന് ഇറങ്ങാൻ ശ്രമിക്കുകയായിരുന്നു. മേൽപ്പറഞ്ഞ സാഹചര്യത്തിൽ മരണപ്പെട്ടയാളുടെ ഭാഗത്തു നിന്ന് സ്വയം മുറിവേൽപ്പിക്കാൻ ഉദ്ദേശമൊന്നും ഉണ്ടായിരുന്നില്ലെന്നും റെയിൽവേസ് ആക്റ്റിന്റെ 123 (സി) വകുപ്പിൽ നിർവ്വചിച്ചിരിക്കുന്ന 'അനിഷ്ട സംഭവത്തിന്റെ' പരിധിയിൽ വരുന്ന അബദ്ധത്തിലുള്ള വീഴ്ചയാണ് ഇതെന്നും തീരുമാനിക്കേണ്ടി വരും. അതിനാൽ 1990-ലെ റെയിൽവെ അപകടങ്ങളും അനിഷ്ട സംഭവങ്ങളും (നഷ്ടപരിഹാരം) ചട്ടങ്ങൾ പ്രകാരമുള്ള നഷ്ടപരിഹാരം അപ്പീൽവാദികൾക്ക് ലഭിക്കാൻ അർഹതയുണ്ട്.

10. 1990-ലെ റെയിൽവേ അപകടങ്ങളും അനിഷ്ട സംഭവങ്ങളും (നഷ്ടപരിഹാരം) ചട്ടങ്ങളുടെ പട്ടിക അനുസരിച്ച് 1.1.2017 മുതൽ മരണത്തിന് നൽകേണ്ട നഷ്ടപരിഹാരം 8,00,000/-രൂപയാണ്. ഈ കേസിലെ സംഭവം നടന്നത് 10.11.2015-നായതിനാൽ അന്ന് നൽകേണ്ട നഷ്ടപരിഹാരം 4,00,000/- രൂപയായിരുന്നു. നഷ്ടപരിഹാരത്തിന്റെ തുക കണ്ടെത്തുന്നതിന് പിന്തുടരേണ്ട തത്വം യൂണിയൻ ഓഫ് ഇന്ത്യ v. റിനാ ദേവി [2018 (2) KHC 920] എന്ന് വിധിയുടെ ഖണ്ഡിക 15.4-ൽ താഴെ പറയുന്ന രീതിയിൽ വിവരിച്ചിരിക്കുന്നു:

"അതനുസരിച്ച്, ആക്സിഡന്റ് ക്ലെയിം കേസുകളിലെ അതേ മാതൃകയിൽ കാലാകാലങ്ങളിൽ ന്യായമായി കണക്കാക്കാവുന്ന പലിശ സഹിതം അപകട തീയതിയിൽ ബാധകമായ നഷ്ടപരിഹാരം നൽകണമെന്ന് ഞങ്ങൾ തീർപ്പാക്കുന്നു. അങ്ങനെ കണക്കാക്കിയ തുക ട്രൈബ്യൂണൽ വിധിച്ച തീയതിയിൽ നിശ്ചയിച്ചിരിക്കുന്ന തുകയേക്കാൾ കുറവാണെങ്കിൽ, രണ്ട് തുകകളിൽ ഉയർന്ന തുകയ്ക്ക് അവകാശിക്ക് അർഹതയുണ്ട്."

11. മേൽപ്പറഞ്ഞ വിധിയിൽ, ബഹുമാനപ്പെട്ട സുപ്രീം കോടതി അപേക്ഷകർക്ക് അപകടം നടന്ന തീയതി മുതൽ അവാർഡ് തീയതി വരെ 6% പലിശയും അതിനുശേഷം പ്രതിവർഷം 9% എന്ന നിരക്കിലും പലിശ അനുവദിച്ചു. റിനാ ദേവി കേസിലെ തീരുമാനത്തെ ആശ്രയിച്ച് യൂണിയൻ ഓഫ് ഇന്ത്യ v. രാധ യാദവ് [2019 ICO 333] എന്ന വിധിയിൽ, ബഹുമാനപ്പെട്ട സുപ്രീം കോടതി പറഞ്ഞു:

"അപകടം നടന്ന തീയതിയിൽ നൽകേണ്ട നഷ്ടപരിഹാര തുക ന്യായമായ നിരക്കിലുള്ള പലിശ സഹിതം ആദ്യം കണക്കാക്കണം എന്നാണ് ഈ കോടതി വിധിച്ചത്. അങ്ങനെ കണക്കാക്കിയ തുക, അവാർഡ് തീയതിയിൽ നിശ്ചയിച്ചിരിക്കുന്ന തുകയേക്കാൾ കുറവാണെങ്കിൽ, ഈ രണ്ട് തുകകളിൽ ഉയർന്ന തുകയ്ക്ക് അവകാശവാദിക്ക് അർഹതയുണ്ട്. അതിനാൽ, ഭേദഗതി കൊണ്ടുവരുന്നതിന് മുമ്പ് ബാധ്യത ഉണ്ടായിട്ടുണ്ടെങ്കിൽ, അടിസ്ഥാന സംഖ്യ ഭേദഗതിക്ക് മുമ്പ് നിലവിലു

ണ്ടായിരുന്ന പട്ടിക അനുസരിച്ചായിരിക്കുകയും അത്തരം അടിസ്ഥാന സംഖ്യക്ക് ന്യായമായ പലിശ നിരക്ക് കണക്കാക്കുകയും ചെയ്യും. അവാർഡ് തീയതിയിൽ അപ്രകാരം കണക്കാക്കിയ തുകയും പട്ടികയിൽ നിർദ്ദേശിച്ചിരിക്കുന്ന തുകയും തമ്മിൽ എന്തെങ്കിലും വ്യത്യാസമുണ്ടെങ്കിൽ, രണ്ട് സംഖ്യകളിൽ വച്ച് കൂടുതലുള്ള തായിരിക്കും നഷ്ടപരിഹാര തുക. ഉദാഹരണത്തിന്, ഭേദഗതിക്ക് മുമ്പ് സംഭവിച്ച ഒരു അപകടത്തിൽ മരണം സംഭവിച്ചാൽ, അടിസ്ഥാന തുക 4,00,000/- രൂപ ആയിരിക്കും. ന്യായമായ പലിശ നിരക്ക് പ്രയോഗിച്ചതിന് ശേഷം, ഭേദഗതി വഴി കൊണ്ടുവന്ന അന്തിമ കണക്ക് 8,00,000/- രൂപയിൽ കുറവാണെങ്കിൽ, അവകാശിക്ക് 8,00,000/- രൂപയ്ക്ക് അർഹതയുണ്ട്. എന്നിരുന്നാലും, പലിശ നിരക്കിലുള്ള യഥാർത്ഥ നഷ്ടപരിഹാര തുക 8,00,000/- രൂപയിൽ കൂടുതലാണെങ്കിൽ, നഷ്ടപരിഹാര സംഖ്യ 8,00,000/- രൂപയിൽ കൂടുതലായിരിക്കും. ഭേദഗതിയുടെ പ്രയോജനം, സാധ്യമായ പരിധി വരെ ലഭ്യമാക്കുക എന്നതാണ് ആശയം. അതിനാൽ, ഞങ്ങളുടെ അഭിപ്രായത്തിൽ, പ്രസ്തുത കാര്യം വളരെ സുവ്യക്തമാണ്. പ്രസ്തുത പ്രശ്നത്തിന് കൂടുതൽ വിശദീകരണമോ വിശകലനമോ ആവശ്യമില്ല."

12. മേൽപ്പറഞ്ഞ വിധിന്യായങ്ങളുടെ അടിസ്ഥാനത്തിൽ, സംഭവ തീയതി, അതായത് 10.11.2015 മുതൽ, ഇന്നുവരെ, പ്രതിവർഷം 6% എന്ന നിരക്കിൽ, പലിശ ലഭിക്കാൻ അപ്പീൽവാദികൾക്ക് അർഹതയുണ്ട്, ആയത് 8,00,000/ രൂപയിൽ താഴെ വരുന്നതാണ്. മേൽപ്പറഞ്ഞ സാഹചര്യങ്ങളിൽ, അപ്പീൽവാദികൾക്ക് 8,00,000/ രൂപ നഷ്ടപരിഹാരം ലഭിക്കാൻ അർഹതയുണ്ട്. ഇതിനുപുറമെ, ഇന്ന് മുതൽ എതിർ കക്ഷിയിൽ നിന്നും ഈടാക്കുന്ന തീയതി വരെ, മേൽപ്പറഞ്ഞ തുകയ്ക്ക് പ്രതിവർഷം 6% എന്ന നിരക്കിൽ പലിശ ലഭിക്കാനും അവർക്ക് അർഹതയുണ്ട്. ഇന്നു മുതൽ രണ്ടു മാസത്തിനകം തുക കെട്ടിവെക്കണമെന്ന് എതിർകക്ഷിയോട് നിർദേശിക്കുന്നു.

ഇപ്രകാരം അപ്പീൽ തീർപ്പാക്കുന്നു.

## കേരള ഹൈക്കോടതി മുമ്പാകെ

**ബഹു. ജസ്റ്റിസ് അനു ശിവരാമൻ**
**&**
**ബഹു. ജസ്റ്റിസ് സി. പ്രദീപ് കുമാർ**

റിട്ട് അപ്പീൽ നമ്പർ 1435/2023
(റിട്ട് ഹർജി (സിവിൽ) 3947/2021-ൽ നിന്നുമുള്ളത്)

**ഷിബ്ലി കെ. – അപ്പീൽവാദി / ഹർജിക്കാരൻ**

**യൂണിയൻ ഓഫ് ഇന്ത്യയും മറ്റുള്ളവരും – എതിർകക്ഷികൾ**

**വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ**

സ്ക്രൈബിനെ ഉദ്യോഗാർത്ഥിക്ക് അനുവദിച്ചു നൽകുന്നതിന്റെ ഉദ്ദേശം ചോദ്യങ്ങൾ മനസ്സിലാക്കുവാനും ഉദ്യോഗാർത്ഥിയുടെ നിർദ്ദേശങ്ങൾ പ്രകാരം ഉത്തരങ്ങൾ എഴുതുവാനോ അടയാളപ്പെടുത്തുവാനോ ആണ്. ആവശ്യപ്പെടുന്നതനുസരിച്ച് ഉദ്യോഗാർത്ഥികൾ അനുയോജ്യരായ എഴുത്തുകാരെ തയ്യാറാക്കി വെച്ച പട്ടികയിൽ നിന്നും ലഭ്യമാക്കുവാൻ കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ പുറപ്പെടുവിച്ച പരിപത്രത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ തയ്യാറാക്കിയ പട്ടികയിൽ നിന്നു എഴുത്തുകാരെ ലഭ്യമാക്കുന്നതുകൊണ്ട് കൃത്രിമത്വം ഒഴിവാക്കി മത്സരപരീക്ഷകളുടെ ശുദ്ധത ഉറപ്പാക്കാൻ സാധിക്കും. അതുകൊണ്ട് കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ പുറപ്പെടുവിച്ച പരിപത്രം ഭിന്നശേഷിക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കാനും സ്വന്തം എഴുത്തുകാരെ വെച്ച് ദുർവിനിയോഗം ചെയ്യുന്ന സാദ്ധ്യതകളെ തള്ളികളയാനും കെൽപ്പുള്ളതാണെന്ന് തീരുമാനിക്കേണ്ടിവരും. മേൽ സാഹചര്യത്തിൽ അപ്പീൽവാദിക്ക് സ്വന്തം സ്ക്രൈബിനെ തെരഞ്ഞെടുക്കാനുള്ള അപേക്ഷ നിരസിച്ച് അവർ തയ്യാറാക്കിയ പട്ടികയിൽ നിന്നും സ്ക്രൈബിനെ ലഭ്യമാക്കിയ നടപടിയെ വസ്തുനിഷ്ഠമല്ലാത്തതോ അന്യായമെന്നോ പറയുവാൻ സാധിക്കില്ല.

**വിധിന്യായം**

**ജസ്റ്റിസ് സി. പ്രദീപ് കുമാർ**

റിട്ട് ഹർജി (സിവിൽ)നമ്പർ 3947/2021 ൽ 25/7/22 നുണ്ടായ സിംഗിൾ ജഡ്ജിയുടെ വിധിക്കെതിരെയാണ് ആയതിലെ ഹർജിക്കാരൻ ഈ അപ്പീൽ ബോധിപ്പിച്ചി

ട്ടുള്ളത്. മെഡിക്കൽ ബോർഡ് പ്രഖ്യാപിച്ച പ്രകാരം 100% ഭിന്നശേഷിയുള്ള കാഴ്ചപരിമിധിക്കാരനാണ് അപ്പീൽവാദി. ഇത്രയും പോരായ്മകളുണ്ടായിട്ടും അയാൾ എം. ബി. എ., ബിസിനസ്സ് ഓപ്പറേഷൻസിൽ എം. കോം. തുടങ്ങിയ ബിരുദാനന്തര ബിരുദങ്ങൾ നേടുകയും, മാനേജ്മെന്റ്, കോമേഴ്സ് എന്നീ വിഷയങ്ങളിൽ ജെ. ആർ. എഫ് ഓടുകൂടി നെറ്റ് പാസ്സാവുകയും, മാനേജ്മെന്റ്, കോമേഴ്സ് വിഷയങ്ങളിൽ പി. എച്ച്. ഡി. ചെയ്തുകൊണ്ടിരിക്കുകയുമാണ്. അയാൾക്ക് പ്രോജക്റ്റ് കൺസൽട്ടന്റ് എന്ന നിലയിൽ വ്യാവസായിക മേഖലയിൽ വിലപിടിപ്പുള്ള അനുഭവസമ്പത്തുള്ളതും കണ്ണൂർ സർവ്വകലാശാലയുടെ എം. സി. എ. വകുപ്പിലെ വിസിറ്റിംഗ് ഫാക്കൽറ്റി അംഗമായും സേവനമനുഷ്ഠിച്ചിട്ടുള്ളതുമാണ്.

2. കേരള അഡ്മിനിസ്ട്രേറ്റീവ് പരീക്ഷ (കെ. എ. എസ്സ്.) യുമായി ബന്ധപ്പെട്ട് അയാൾക്ക് അനുവദിച്ച സ്ക്രൈബുമായി (Scribe) നേരിടേണ്ടിവന്ന ചില വിഷമത കളുടെ അനുഭവത്തിന്റെ വെളിച്ചത്തിലാണ് അയാൾ ഈ റിട്ട് ഹർജി ഫയൽ ചെയ്തത്. രണ്ടു പ്രധാന പരാതികളാണ് റിട്ട് ഹർജിയിൽ ഉന്നയിച്ചിരിക്കുന്നത്. കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ ബിസിനസ്സ് അഡ്മിനിസ്ട്രേഷൻ, അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്ക് നടത്തിയ ഒബ്ജക്ടീവ് പരീക്ഷയിൽ അംഗപരിമിതർക്ക് അധിക സമയം അനുവദിച്ചില്ല എന്നതാണ് ഒരു പരാതി. രണ്ടാമത്തെ പരാതി പരീക്ഷക്ക് അനുവദിച്ച സ്ക്രൈബിൽ നിന്നും വേണ്ടത്ര സഹായം ലഭിച്ചില്ല എന്നതുമാണ്. അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്കുള്ള പരീക്ഷ റിട്ട് ഹർജി നിലനിൽക്കു മ്പോൾ തന്നെ 06.04.2021-ന് നടന്നതിനാൽ റിട്ട് ഹർജി ഫലമില്ലാത്തതായി (infructuous) മാറി. എന്നിരുന്നാലും അപ്പീൽവാദി ഉന്നയിച്ച വസ്തുതകളിൽ തീരുമാനമെടുത്താൽ, ഭിന്നശേഷി ഉദ്യോഗാർത്ഥികൾക്ക് പൊതുവായി പ്രയോജനപ്പെടും എന്നതിനാൽ സിംഗിൾ ജഡ്ജി കേസ് വസ്തുതകൾ പരിഗണിച്ചു തന്നെ തീർപ്പാക്കുവാൻ തീരുമാനിച്ചു. അപ്പോഴേക്കും കാഴ്ചക്കുറവുള്ള ഭിന്നശേഷിക്കാർക്ക് അധികസമയം അനുവദിക്കുവാൻ കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ തീരുമാനമെടുത്തതുകൊണ്ട് ആ പരാതി ഇപ്പോൾ നിലനിൽക്കുന്നതല്ല. കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ അവരുടെ പട്ടികയിലെ ഒരു സ്ക്രൈബിനെയാണ് അപ്പീൽവാദിക്ക് പരീക്ഷക്ക് അനുവദിച്ചിരുന്നത്. ആ സ്ക്രൈബിൽ നിന്നു കിട്ടിയ സഹായത്തിൽ അതൃപ്ത നായതിനാൽ എല്ലാ മത്സരപരീക്ഷകൾക്കും തങ്ങളുടെ സ്വന്തം സ്ക്രൈബിനെ കൊണ്ടുവരുവാനുള്ള മുഴുവൻ സ്വാതന്ത്ര്യവും ഭിന്നശേഷി ഉദ്യോഗാർത്ഥികൾക്ക് നൽകണമെന്ന് ആവശ്യപ്പെട്ടു.

3. ഇരുവിഭാഗവും ഉന്നയിച്ച വിരുദ്ധ വാദങ്ങൾ പരിശോധിച്ചും വിവിധ കോടതിവിധികളും ആ വിഷയത്തിനാസ്പദമായ നിയമവും പരാമർശിച്ച് 40%-ത്തിനു മുകളിൽ കാഴ്ചക്കുറവ് എന്ന രീതിയിൽ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് കമ്മീഷൻ അനുവദിക്കുന്ന സക്രൈബുമായി രണ്ടു ദിവസം മുമ്പെങ്കിലും സംവദിക്കാനുള്ള അവസരം നൽകണമെന്ന് സിംഗിൾ ജഡ്ജി വിധിച്ചു. അത്തരം ഒരു സംവാദത്തിനുശേഷം സ്ക്രൈബ് അനുയോജ്യനല്ല എന്ന് ഉദ്യോഗാർത്ഥിക്ക്

തോന്നുന്നപക്ഷം ആ പരീക്ഷക്കു വേണ്ടി തയ്യാറാക്കിയ സ്ക്രൈബിന്റെ പട്ടികയിൽ നിന്നും 5-ാം എതിർകക്ഷി മറ്റൊരു സക്രൈബിന്റെ സേവനം ലഭ്യമാക്കി നൽകേണ്ടതാണ്.

4. സിംഗിൾ ജഡ്ജിന്റെ വിധിയിൽ അതൃപ്തനായിട്ടാണ് അപ്പീൽവാദി വിവിധ കാരണങ്ങൾ ഉന്നയിച്ച് ഈ അപ്പീൽ ബോധിപ്പിച്ചിട്ടുള്ളത്. ഭിന്നശേഷിയുള്ളവരുടെ അവകാശ നിയമം, 2016-ലും കേന്ദ്ര സർക്കാർ ഇറക്കിയിട്ടുള്ള വിവിധ പരിപത്രങ്ങളും പ്രകാരം ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് തങ്ങളുടെ സ്വന്തം സ്ക്രൈബിനെ കൊണ്ടുവരുവാൻ വിവേചനാധികാരം നൽകണം. ഇപ്പോൾ താഴെപറയുന്ന സംഗതികളാണ് പരിഗണിക്കേണ്ടതായിട്ടുള്ളത്:

(I) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന മത്സരപരീക്ഷകളിൽ ഹാജരാകുമ്പോൾ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് അവർ തെരഞ്ഞെടുക്കുന്ന സ്ക്രൈബിനെ കൊണ്ടുവരുവാൻ അവകാശമുണ്ടോ?

(ii) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ തയ്യാറാക്കിയിട്ടുള്ള പട്ടികയിൽ നിന്നുമുള്ള സ്ക്രൈബിന്റെ സേവനം നൽകുന്നതു വഴി ഭിന്നശേഷിയുള്ളവരുടെ അവകാശ നിയമം, 2016-ൽ നിഷ്കർഷിക്കുന്ന നിബന്ധനകൾ പാലിക്കപ്പെടുന്നുണ്ടോ?

5. എല്ലാ കക്ഷികളെയും കേട്ടു.

6. ഭിന്നശേഷിയുള്ളവരുടെ അവകാശ നിയമത്തിന്റെ ആമുഖത്തിൽ നിന്നും ഭിന്നശേഷിക്കാരുടെ അവകാശങ്ങൾക്കായുള്ള ഐക്യരാഷ്ട്ര സഭയുടെ കൺവെൻഷൻ നടപ്പിലാക്കുന്നതിനു വേണ്ടിയാണ് പാർലമെന്റ് പ്രസ്തുത നിയമം കൊണ്ടുവന്നതെന്ന് കാണാം. 13.12.2006-ന് നിലവിൽ വന്ന മേൽപ്പറഞ്ഞ കൺവെൻഷൻ ഭിന്നശേഷിക്കാരുടെ ശാക്തീകരണത്തിനായി താഴെപ്പറയുന്ന തത്ത്വങ്ങൾ പറഞ്ഞുവെച്ചിരിക്കുന്നു.

എ) സഹജമായ അന്തസ്സിനെ ബഹുമാനിക്കൽ, സ്വന്തം ഇഷ്ടങ്ങൾ നടത്തുവാനുള്ള സ്വാതന്ത്ര്യം ഉൾപ്പെടെയുള്ള വ്യക്തിഗത സ്വയംഭരണാവകാശം, ആളുകളുടെ സ്വാതന്ത്ര്യം

ബി) വിവേചനമില്ലായ്മ

സി) സമൂഹത്തിൽ മുഴുവനായും ഫലപ്രദവുമായ പങ്കാളിത്തവും ഉൾപ്പെടുത്തലും

ഡി) മാനുഷികതയുടെയും മനുഷ്യവൈവിദ്ധ്യങ്ങളുടെയും ഭാഗമായി വ്യത്യസ്തതയെ ആദരിക്കലും ഭിന്നശേഷിക്കാരെ അംഗീകരിക്കലും

ഇ) അവസരസമത്വം

എഫ്) അഭിഗമ്യത

ജി) സ്ത്രീപുരുഷസമത്വം

എച്ച്) ഭിന്നശേഷിക്കാരായ കുട്ടികളിൽ രൂപപ്പെടുന്ന കഴിവുകളെ ബഹുമാനിക്കലും വ്യക്തിത്വം പരിരക്ഷിക്കുന്നതിനുള്ള കുട്ടികളുടെ അവകാശത്തെ ബഹുമാനിക്കലും

7. ഭിന്നശേഷിയുള്ളവരുടെ അവകാശനിയമത്തിന്റെ 3-ാം വകുപ്പ് ഭിന്നശേഷിക്കാരുടെ തുല്യതക്കുള്ള അവകാശവും, അന്തസ്സോടെയുള്ള ജീവിതവും, അവന്റെയോ അവളുടെയോ പരിശുദ്ധത മറ്റുള്ളവരുടേതിനൊപ്പം ബഹുമാനിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തലും വേണമെന്ന് സർക്കാരിന് നിർദ്ദേശം നൽകുന്നു. ഭിന്നശേഷിയുടെ പേരിലുള്ള വിവേചനവും അത് നിരോധിക്കുന്നു. 3-ാം വകുപ്പിന്റെ 5-ാം ഉപവകുപ്പ് ഭിന്നശേഷിക്കാർക്ക് ന്യായമായ സൗകര്യം ഉറപ്പാക്കുന്നതിനു ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും സർക്കാരിന് നിർദ്ദേശം നൽകുന്നു.

8. വകുപ്പ് 2 (y)-ൽ 'ന്യായമായ സൗകര്യം' (Reasonable accommodation)എന്നതിനെ താഴെപ്പറയും പ്രകാരം നിർവ്വചിച്ചിരിക്കുന്നു.

'ന്യായമായ സൗകര്യം' (Reasonable accommodation) എന്നാൽ ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് മറ്റുള്ളവർക്ക് തുല്യമായി തങ്ങളുടെ അവകാശം അനുഭവിക്കാനോ പ്രയോഗിക്കുവാനോ ഉതകുന്ന രീതിയിൽ ഒരു പ്രത്യേക സാഹചര്യത്തിൽ ആനുപാതികമല്ലാത്തതോ ക്രമാതീതമായ ബാധ്യതയോ ചുമത്താതെ ആവശ്യവും ഉചിതവുമായ ഭേദഗതികളും ക്രമീകരണങ്ങളും വരുത്തുക എന്നതാണ്.

9. 5-ാം വകുപ്പ് അവരുടെ സാമൂഹിക ജീവിതം സംരക്ഷിക്കുമ്പോൾ 6-ാം വകുപ്പ് അവരെ ഉപദ്രവം, ക്രൂരമായ, മനുഷ്യത്വരഹിതമായ, തരംതാഴ്ത്തുന്ന പെരുമാറ്റങ്ങൾ എന്നിവയിൽ നിന്നും സംരക്ഷിക്കുന്നു. 7-ാം വകുപ്പ് അവരെ എല്ലാ തരത്തിലുമുള്ള, അധിക്ഷേപം, അതിക്രമം, ചൂഷണം എന്നിവയിൽ നിന്നും സംരക്ഷിക്കുന്നു. ഭിന്നശേഷിക്കാർക്ക് അപകടസാധ്യതയുള്ള സാഹചര്യങ്ങളിൽ, ആയുധങ്ങൾ ഉപയോഗിച്ചുള്ള ഏറ്റുമുട്ടലുകൾ, മാനുഷിക അടിയന്തിരാവസ്ഥകൾ, ദേശീയ ദുരന്തങ്ങൾ തുടങ്ങിയ സാഹചര്യങ്ങളിൽ തുല്യ സംരക്ഷണവും സുരക്ഷയും വേണമെന്ന് 8-ാം വകുപ്പിൽ പറയുന്നു. കുട്ടിയുടെ ഉത്തമ താല്പര്യത്തിനുവേണ്ടി ഒരു അധികാരപ്പെട്ട കോടതിയുടെ ഉത്തരവില്ലാതെ ഭിന്നശേഷിക്കാരായ കുട്ടികളെ അവന്റെയോ അവളുടെയോ രക്ഷാകർത്താക്കളിൽ നിന്ന് വേർപിരിക്കാൻ പാടില്ലെന്ന് 9-ാം വകുപ്പിൽ പറയുന്നു.

10-ാം വകുപ്പ് അവരുടെ പ്രത്യുത്പാദന അവകാശം സംരക്ഷിക്കുകയും 11-ാം വകുപ്പ് അവരുടെ സമ്മതിദാന അവകാശം സംരക്ഷിക്കുകയും ചെയ്യുന്നു. 12-ാം

വകുപ്പ് ഭിന്നശേഷിക്കാരായ ആളുകൾക്ക് നീതി ഉറപ്പാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതും 13-ാം വകുപ്പ് മറ്റുള്ളവർക്ക് തുല്യമായി വാങ്ങിയിട്ടോ പിൻതുടർച്ചവഴിക്കോ സ്ഥാവരജംഗമ സ്വത്തുക്കളെ സ്വന്തമാക്കാനും ഉദ്ദേശിച്ചിട്ടുള്ളതാണ്. 14-ാം വകുപ്പിൽ നിയമ ബാദ്ധ്യത വരുന്ന തീരുമാനങ്ങൾ എടുക്കുന്നതിന് അവരുമായി ചർച്ച ചെയ്യുന്നതിന് പരിമിത സംരക്ഷകന്റെ അധിക സഹായം കൂടി ലഭ്യമാക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നു. 15-ാം വകുപ്പ് തങ്ങളുടെ നിയമവൈഭവം ഉപയോഗിച്ച് ഭിന്നശേഷിക്കാരായ ആളുകൾക്കിടയിൽ സാമൂഹിക അവബോധം വളർത്തി സഹായിക്കുവാനും, ആ സമൂഹത്തെ ഉണർത്തുവാനും ഒന്നോ അതിലധികമോ സ്ഥാപനങ്ങളെ നാമനിർദ്ദേശം ചെയ്യുവാനും സർക്കാരിന് നിർദ്ദേശം നൽകുന്നു. 16, 17, 18 വകുപ്പുകൾ ഭിന്നശേഷിക്കാരായ ആളുകൾക്ക് ശരിയായ വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനെ ഉദ്ദേശിച്ചിട്ടുള്ളതാണ്. സർക്കാർ ഭിന്നശേഷിക്കാരായ ആളുകൾക്ക് തൊഴിൽ ലഭിക്കുന്നതിനും താങ്ങായി നിൽക്കുന്നതിനും വേണ്ടി പ്രത്യേകിച്ച് കൈത്തൊഴിൽ പരിശീലനം, സ്വയംതൊഴിൽ എന്നീ മേഖലകളിൽ ഇളവ് നിരക്കിൽ വായ്പ ലഭ്യമാക്കുന്നതിനുള്ള പദ്ധതികളും പരിപാടികളും രൂപകൽപ്പന ചെയ്യണമെന്ന് പറയുന്നു. 20-ാം വകുപ്പ് തൊഴിലുമായി ബന്ധപ്പെട്ട് ഒരു തരത്തിലുള്ള വിവേചനവും പാടില്ലെന്ന് പറയുന്നു. 21-ാം വകുപ്പ് തുല്യ അവസരങ്ങളെ കുറിച്ചും 22-ാം വകുപ്പ് തൊഴിൽ കാര്യങ്ങളെയും മറ്റും സംബന്ധിച്ച് ഭിന്നശേഷിക്കാരായ വ്യക്തികളുടെ വിവരങ്ങൾ രേഖപ്പെടുത്തി വെക്കുന്നതിനെ പറ്റിയും 23-ാം വകുപ്പ് 19-ാം വകുപ്പിൽ പറയുന്ന കാര്യങ്ങൾ നടപ്പിലാക്കാൻ വേണ്ടി സങ്കട നിവാരണത്തിന് ഓഫീസറെ (Grievances redressal officer) വെക്കുന്നതിനെ പറ്റിയും അവരുടെ പ്രവർത്തനങ്ങളെ കുറിച്ചും പറയുന്നു.

10. കൺവെൻഷനിൽ പറഞ്ഞിട്ടുള്ള ശാക്തീകരണത്തിനു വേണ്ടിയുള്ള മുകളിൽ പറഞ്ഞ തത്ത്വങ്ങളും RPWD Act-ലെ വ്യവസ്ഥകളും പരിശോധിക്കുമ്പോൾ, RPWD Act-ന്റെ പിന്നിലുള്ള പ്രധാന ലക്ഷ്യം ഭിന്നശേഷിക്കാരായ ആളുകളെ എല്ലാതരത്തിലും തുല്യരീതിയിൽ പരിഗണിക്കുന്നതിനും ഈ ഒരു ഭിന്നശേഷി ഉള്ളതുകൊണ്ട് അവർക്ക് വിവേചനമുണ്ടാകരുത് എന്ന് ഉറപ്പാക്കുന്നതിനും വേണ്ടി യാണെന്ന് കാണാം. ഭിന്നശേഷിക്കാരുടെ തുല്യതക്കുള്ള അവകാശവും, അന്തസ്സോടെയുള്ള ജീവിതവും അവന്റെയോ അവളുടെയോ വ്യക്തിത്വത്തെ മറ്റുള്ളവരെപ്പോലെ അംഗീകരിക്കപ്പെടലും സാദ്ധ്യമാകുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടത് ഓരോരുത്തരുടെയും കർത്തവ്യമാണ്.

11. ഈ റിട്ട് അപ്പീലിൽ അവശേഷിക്കുന്ന ഒരേയൊരു ചോദ്യം RPWD Act-ന്റെ വ്യവസ്ഥകൾ വഴി നേടുവാൻ ഉദ്ദേശിച്ച മഹത്തായ ലക്ഷ്യത്തിനെ തൃപ്തി പ്പെടുത്തുന്നതിന് ഒരു ഭിന്നശേഷിക്കാരനായ ഉദ്യോഗാർത്ഥിക്ക് അവരുടെ ഇഷ്ടത്തിന് അനുസരിച്ചുള്ള ഒരു സ്ക്രൈബിനെ കൊണ്ടുവരുവാനുള്ള അവകാശം ഉണ്ടോ എന്നതാണ്. അതേ സമയം തന്നെ കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ

തയ്യാറാക്കിയിട്ടുള്ള പട്ടികയിലുള്ള ഒരു സക്രൈബിന്റെ സേവനം ലഭ്യമാക്കുന്നത് മേൽപറഞ്ഞ ലക്ഷ്യപൂർത്തീകരണത്തിന് പര്യാപ്തമാണോ എന്നും പരിഗണിക്കേണ്ടതുണ്ട്.

12. കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ തയ്യാറാക്കിയിട്ടുള്ള പട്ടികയിൽ നിന്നും ലഭ്യമാക്കുന്ന സ്ക്രൈബിന് ഭിന്നശേഷി ഉദ്യോഗാർത്ഥികളുമായി സ്വതന്ത്രമായി ആശയവിനിമയം നടത്തുവാൻ ബുദ്ധിമുട്ട് നേരിടുമെന്നും അത്തരത്തിലുള്ള ഒരു സക്രൈബിന് ഉദ്യോഗാർത്ഥിയോട് നീതി പുലർത്താൻ സാധിക്കില്ല എന്നും അപ്പീൽ വാദിയുടെ അഭിഭാഷകൻ വാദിച്ചു. ചില ഏജൻസികൾ സ്വന്തം എഴുത്തുകാരെ വെക്കുന്നതിന് സൗകര്യം ഒരുക്കുന്നുണ്ടെന്നും കേരള പബ്ളിക് സർവ്വീസ് കമ്മീഷനോടും ആ രീതി അവലംബിക്കാൻ നിർദ്ദേശിക്കാവുന്നതാണെന്നും അദ്ദേഹം വാദിച്ചു. എന്നാൽ ഉദ്യോഗാർത്ഥികൾക്ക് അവരുടെ ഇഷ്ടത്തിനനുസരിച്ചുള്ള സ്ക്രൈബിനെ കൊണ്ടുവരുവാനുള്ള സ്വാതന്ത്ര്യം നൽകിയാൽ അത് അന്യായപ്രവർത്തികൾക്ക് വഴി തെളിക്കുമെന്ന് മുതിർന്ന സർക്കാർ അഭിഭാഷകൻ ശ്രീ. ബി. ഉണ്ണികൃഷ്ണ കൈമളും കേരള പബ്ളിക് സർവ്വീസ് കമ്മീഷന്റെ അഭിഭാഷകൻ ശ്രീ. പി. സി. ശശിധരനും വാദിച്ചു. ഭരണഘടനാസ്ഥാപനമായ കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ ഇതിനായി ഉണ്ടാക്കിയിട്ടുള്ള വ്യവസ്ഥകൾ എല്ലാ തരത്തിൽപ്പെട്ട തല്പരകക്ഷികളുടെയും താൽപര്യം സംരക്ഷിക്കാൻ പര്യാപ്തമാണെന്ന് അവർ വാദിച്ചു.

13. 5-ാം എതിർകക്ഷി/കേരള പബ്ളിക് സർവ്വീസ് കമ്മീഷനുവേണ്ടി അതിന്റെ എറണാകുളം മേഖലാ ഓഫീസിലെ അണ്ടർസെക്രട്ടറി, സംസ്ഥാന സർക്കാർ ഈ വിഷയത്തിൽ രൂപകല്പന ചെയ്ത നിയമങ്ങളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിലാണ് സർക്കുലർ നമ്പർ 1/2013 ഇറക്കിയതെന്നും അത് പരീക്ഷകളിൽ ഉദ്യോഗാർത്ഥികളെ സഹായിക്കാൻ സ്ക്രൈബിനെ (scribe)നിയമിക്കുന്നതിനെ കുറിച്ച് പ്രദിപാദിക്കുന്നുവെന്നു പറഞ്ഞുകൊണ്ട് എതിർ സത്യവാങ്മൂലം ഫയലാക്കി. കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന പരീക്ഷകളിൽ 75% ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും ലഭിക്കുന്ന അപേക്ഷയുടെ അടിസ്ഥാനത്തിലാണ് എഴുത്തുകാരെ (scribe)നിയോഗിക്കുന്നത്. എന്നിരുന്നാലും 40% മുതൽ 74% വരെ ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികൾ 'എഴുതുവാൻ സാധിക്കുകയില്ല' എന്ന സർട്ടിഫിക്കറ്റും, ഭിന്നശേഷി സർട്ടിഫിക്കറ്റും സഹിതം എഴുത്തുകാരെ (scribe) വേണമെന്ന് അപേക്ഷ നൽകിയാൽ കേന്ദ്ര സർക്കാരിന്റെ 26.02.2013-ലെ ഓഫീസ് മെമ്മോറാണ്ടം പ്രകാരം അവർക്കും എഴുത്തുകാരെ നൽകും. 1/2013 നമ്പർ സർക്കുലറിൽ എഴുത്തുകാർ പാലിക്കേണ്ട നിർദ്ദേശങ്ങളെക്കുറിച്ചു പറഞ്ഞിട്ടുണ്ട്, അതിൽ നിർണ്ണയിക്കുന്നതുപോലെതന്നെ അവരുടെ കടമകൾ കർശനമായി പാലിക്കുകയും വേണം. ഉദ്യോഗാർത്ഥിയുടെ ഇഷ്ടത്തിനനുസരിച്ചുള്ള എഴുത്തുകാരെ നിയമിക്കുന്ന പക്ഷം അതു തിരിമറികൾക്കും പുറമെനിന്നുള്ള പരിഗണനകൾക്കും അനുമതി നൽകുന്നതിന് തുല്യമായിരിക്കും. കൂടാതെ കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ

28/09/20ലെ 7-ാം നമ്പർ തീരുമാന പ്രകാരം ഒഎംആർ (OMR) പരീക്ഷകൾക്ക് നിർദ്ദിഷ്ട യോഗ്യതകളുള്ള എഴുത്തുകാരെ വെക്കുന്നതിന് നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

പ്രത്യേക യോഗ്യതകളുള്ള തസ്തികകളിലേക്കുള്ള പരീക്ഷകൾക്ക് അതിന്റെ നിർദ്ദിഷ്ട യോഗ്യതയിൽ കുറഞ്ഞ യോഗ്യതയുള്ള ആളുകളെ ഉൾപ്പെടുത്തിയാണ് സ്ക്രൈബിന്റെ പട്ടിക തയ്യാറാക്കുന്നത്. സ്ക്രൈബിന്റെ ആനുകൂല്യം ഉപയോഗിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് ഒഎംആർ (OMR) പരീക്ഷകൾക്ക് 15 മിനിറ്റ് അധിക സമയവും എഴുത്തുപരീക്ഷക്ക് ഒരു മണിക്കൂറിന് 20 മിനിറ്റ് സമാശ്വാസ സമയം അനുവദിച്ചു വരുന്നുമുണ്ട്.

14. ഇന്ത്യൻ ഭരണഘടനയുടെ രണ്ടാമത്തെ അദ്ധ്യായത്തിൻ കീഴിൽ രൂപീകരിക്കപ്പെട്ട ഒരു സ്ഥാപനമാണ് കേരള പബ്ളിക് സർവ്വീസ് കമ്മീഷനെന്ന് ഈ അവസരത്തിൽ ശ്രദ്ധിക്കേണ്ടതാണ്. ഭരണഘടനയുടെ 320 (1) അനുച്ഛേദപ്രകാരം കേന്ദ്ര സർവ്വീസിലേക്കും അതതു സംസ്ഥാന സർവ്വീസുകളിലേക്കും പരീക്ഷകൾ നടത്തുക എന്നത് കേന്ദ്രസംസ്ഥാന പബ്ലിക്ക് സർവ്വീസ് കമ്മീഷനുകളുടെ ചുമതലയാണ്. കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ നടപടിച്ചട്ടങ്ങൾപ്രകാരവും ശരിയായ അപേക്ഷ സമർപ്പിച്ച ഉദ്യോഗാർത്ഥികൾക്കായി പരീക്ഷ നടത്തുവാൻ വേണ്ട എല്ലാ ക്രമീകരണങ്ങളും ചെയ്യേണ്ടത് കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷനാണ്. ആ അധികാരം ഉപയോഗിച്ചാണ് ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് സ്ക്രൈബിന്റെ സഹായം അനുവദിക്കുന്നതിനുള്ള പ്രത്യേക വ്യവസ്ഥകൾ വെച്ച് എക്സിബിറ്റ് P 6 സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളത്.

15. അപ്പീൽവാദിയുടെ അഭിഭാഷകൻ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് അവരുടെ ഇഷ്ടാനുസരണം എഴുത്തുകാരെ വെക്കാം എന്ന തന്റെ വാദത്തിന് പിൻബലത്തിനായി വികാഷ് കുമാർ Vs. കേന്ദ്ര പബ്ലിക്ക് സർവ്വീസ് കമ്മീഷനും മറ്റുള്ളവരും (2021 (5)SCC 370) എന്നതിലെ ബഹു. സുപ്രീംകോടതിയുടെ തീരുമാനത്തിനെ ആശ്രയിച്ചു. മേൽപ്പറഞ്ഞ കേസിൽ, "സ്ക്രൈബിന്റെ കൈകഴപ്പ് എന്നറിയപ്പെടുന്ന 'ഡിസ്ഗ്രാഫിയ' (disgraphia) രൂപത്തിലുള്ള ഒരു അംഗവൈകല്യമാണ് അപ്പീൽവാദിക്കുണ്ടായിരുന്നത്. അയാൾ 2018-ലെ സിവിൽ സർവ്വീസസ്സ് പരീക്ഷക്ക് അപേക്ഷിക്കുകയും ഒപ്പം തന്നെ സ്ക്രൈബിനെ അനുവദിക്കാൻ അപേക്ഷിക്കുകയും ചെയ്തിരുന്നു. 40%-മെങ്കിലും കാഴ്ചശക്തി ഇല്ലാത്തവർക്കും ചലനവൈകല്യമുള്ളവരോ 'സെറിബ്രൽപാൽസി' (cerebral palsy) ഉള്ളവർക്കോ മാത്രമേ എഴുത്തുകാരെ അനുവദിക്കാൻ സാധിക്കുകയുള്ളൂ എന്നും ഈ മാനദണ്ഡത്തിൽ അപ്പീൽവാദി വരില്ല എന്ന കാരണത്താൽ അപേക്ഷ നിരസിക്കുകയുണ്ടായി. സ്ക്രൈബിനെ അനുവദിച്ചു നൽകാത്ത മനോവിഷമത്തിൽ അപ്പീൽവാദി ട്രിബ്യൂണലിനെ സമീപിക്കുകയും ട്രിബ്യൂണൽ ഒരു ഇടക്കാല ഉത്തരവ് വഴി ഒരു സ്ക്രൈബിനെ അനുവദിക്കുവാൻ കേന്ദ്ര പബ്ലിക്ക് സർവ്വീസ് കമ്മീഷന് ഉത്തരവ് നൽകുകയും ചെയ്തു. അയാൾ സ്ക്രൈബിന്റെ സഹായത്തോടുകൂടി പരീക്ഷ എഴുതുകയും

ചെയ്തു. എന്നിരുന്നാലും അയാളുടെ പരീക്ഷാഫലം കേന്ദ്ര പബ്ലിക്ക് സർവ്വീസ് കമ്മീഷൻ തടഞ്ഞുവെച്ചു. പിന്നീട് രാംമനോഹർ ലോഹ്യ ആശുപത്രിയിൽ നിന്നും അപ്പീൽവാദിക്ക് ഭിന്നശേഷി സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല എന്ന കാരണത്താൽ ട്രിബ്യൂണൽ അപ്പീൽവാദിയുടെ അപേക്ഷതള്ളി.

16. ഇതിനിടയിൽ ലഭിച്ച ഒരു മെഡിക്കൽ സർട്ടിഫിക്കറ്റുമായി അപ്പീൽ വാദി ഡൽഹി ഹൈക്കോടതിയെ സമീപിച്ചു. ട്രിബ്യൂണലിന്റെ ഉത്തരവിൽ ഇടപെടാൻ വിസമ്മതിച്ചുകൊണ്ട് ഡൽഹി ഹൈക്കോടതി ഡിവിഷൻ ബഞ്ച് 25.09.2018-ന് ഉത്തര വിട്ടു. മേൽ സാഹചര്യത്തിലാണ് അയാൾ സുപ്രീം കോടതിയെ സമീപിച്ചത്. ഈ പരീക്ഷയിലും സർക്കാർ നടത്തുന്ന മറ്റേത് മത്സരപരീക്ഷകളിലും ഹാജരാകുവാൻ സ്ക്രൈബിന്റെ സൗകര്യത്തിന് അപ്പീൽവാദിക്ക് അവകാശമുണ്ടെന്ന് സുപ്രീം കോടതി വിധിച്ചു. ഭിന്നശേഷിക്കാരനായ വ്യക്തിക്ക് 2 (എസ്) വകുപ്പിൽ പറയുന്നതുപോലെ ഭിന്നശേഷിയുടെ സ്വഭാവം പരീക്ഷ എഴുതുന്നതിന് വിഘ്നം സൃഷ്ടിക്കുന്നുണ്ടെങ്കിൽ സ്ക്രൈബിന്റെ സൗകര്യം അവർക്ക് ലഭ്യമാക്കുന്നതിനും തിട്ടപ്പെടുത്തുന്നതിനും വേണ്ടി ശരിയായ മാർഗ്ഗനിർദ്ദേശങ്ങൾ ഉണ്ടാക്കുവാൻ സാമൂഹ്യ നീതി ശാക്തീകരണ മന്ത്രാലയത്തിന് നിർദ്ദേശവും നൽകി.

17. നിർദ്ദിഷ്ട അംഗപരിമിതി ഉള്ളവർക്ക് മാത്രം സ്ക്രൈബിനെ അനുവദിച്ചിരുന്ന കാലഘട്ടത്തിലാണ് 40% മോ അതിൻ മുകളിലോ എന്നു കൂടി അറിയപ്പെടുന്ന 'ഡിസ്ഗ്രാഫിയ' രൂപത്തിലുള്ള ഭിന്നശേഷിയുള്ളവർക്ക് എഴുത്ത് മത്സരപരീക്ഷ കൾക്ക് സ്ക്രൈബിന്റെ സഹായം ലഭിക്കുന്നതിന് അവകാശമുണ്ടെന്ന് മേൽ പറഞ്ഞ വിധിയിൽ ബഹുമാനപ്പെട്ട അത്യുന്നത കോടതി വിധികൽപ്പിച്ചത്. മേൽ വിധിന്യായത്തിന്റെ 48-ാം ഖണ്ഡികയിൽ താഴെ പറയും പോലെ നിരീക്ഷിച്ചു.

"48. ഓരോ ഭിന്നശേഷിക്കാരായ ആളുകളുടെയും വ്യക്തിഗത ആവശ്യങ്ങൾ സാധിച്ചു കൊടുക്കാത്തത് ന്യായമായ ഇടം എന്ന മാനദണ്ഡത്തിന്റെ ലംഘനമാണ്. വ്യക്തിഗത ആവശ്യങ്ങൾ നടത്തികൊടുക്കുന്നതിൽ വിട്ടുവീഴ്ച ചെയ്യുന്നത് ന്യായമായ ഇടം നൽകുന്നതിന് അത്യാവശ്യമാണ്. പ്രത്യേക ഭിന്നശേഷി അനുഭവിക്കുന്ന വിഭാഗത്തിന്റെ ആവശ്യങ്ങൾ സാധിച്ചു നൽകുന്നതിനുള്ള അഭിലാഷമാണ് ഈ തത്ത്വത്തിൽ അടങ്ങിയിരിക്കുന്നത്. വിഭാഗത്തിന്റെ ആവശ്യകതയുടെ അപ്പുറത്ത്, ആ വിഭാഗത്തിൽപ്പെടുന്ന ഓരോ വ്യക്തിയുടെയും ആഗ്രഹങ്ങളും നിറവേറ്റപ്പെടണം. ന്യായമായ ഇടം എന്ന തത്ത്വം ഭിന്നശേഷി മൂലമുള്ള വിവേചനത്തെ കുറുകെ ഛേദിക്കുന്ന തരത്തിലുള്ള ഒന്നാണെന്ന് കണക്കിലെടുക്കണം. കുറുകെ ഛേദിക്കുന്ന ലക്ഷണങ്ങൾ ബഹുവിധഭിന്നശേഷികളും ഭിന്നശേഷിയിൽ നിന്നും ഉടലെടുക്കുന്ന ബഹുവിധ പരിണതഫലങ്ങളും കാരണം പ്രത്യേക സാഹചര്യങ്ങൾ ഉണ്ടാകുന്നു. അളവുകളില്ലാത്തതാണെന്ന രീതിയിൽ പരിഗണിക്കുമ്പോൾ ഭിന്നശേഷിയെ ശരിയായി മനസ്സിലാക്കാൻ സാധിക്കുകയില്ല. നയങ്ങൾ ഉണ്ടാക്കുന്നവർ എല്ലാ അളവിലും ഭിന്നശേഷിയെ ഗ്രഹിക്കണമെന്നും, വ്യത്യാസങ്ങളെയും, ആഗ്രഹങ്ങളെയും ബഹുമാനിക്കുന്നതുൾപ്പടെയുള്ള അവരുടെ ആവശ്യങ്ങൾക്ക് ആനുപാതികമായ രീതിയിൽ നടപടികൾ രൂപകല്പന ചെയ്യണമെന്നും 'ന്യായമായ ഇടം' അവശ്യ

പ്പെടുന്നു. ഓരോ ഭിന്നശേഷിയുള്ള വ്യക്തിയും അവർ തേടുന്ന വ്യക്തിപരമായ ഭേദഗതികൾ നിരാകരിക്കുന്ന രീതിയിൽ ന്യായമായ ഇടത്തെ വ്യാഖ്യാനിക്കാൻ പറ്റില്ല. അവർ തന്റെ വിഭാഗത്തിൽപ്പെട്ട ഒറ്റ വ്യക്തിയാണെങ്കിൽ പോലും അവളുടെ ആവശ്യങ്ങൾ നിറവേറ്റപ്പെടണം.

ഒരു ഇടത്തിന്റെ ന്യായാന്യായങ്ങൾ വിലയിരുത്തുമ്പോൾ പ്രത്യേക ഭിന്നശേഷി ക്കാരനായ വ്യക്തിക്കുണ്ടാകുന്ന ഗുണം മാത്രമല്ല ഭാവിയിൽ അതേഗണത്തിൽപ്പെട്ട മറ്റു ഭിന്നശേഷിക്കാർക്കും കൂടിയുള്ള ഗുണം കണക്കിലെടുക്കണം."

18. മേൽ വിധിന്യായത്തിന്റെ 75-ാം ഖണ്ഡികയിൽ അത്യുന്നത കോടതി കേന്ദ്ര സർക്കാരിനോട് താഴെ പറയും പ്രകാരം പരീക്ഷ എഴുതുവാൻ തടസ്സമാകുന്ന വിധത്തിൽ ഭിന്നശേഷിയുള്ള വ്യക്തികൾക്ക് ഒരു സ്ക്രൈബിന്റെ സൗകര്യം അനുവദിക്കുവാനും അത് ചിട്ടപ്പെടുത്തുവാനും വേണ്ട ശരിയായ മാർഗ്ഗനിർദ്ദേശങ്ങൾ ഉണ്ടാക്കുമെന്ന് ഉറപ്പ് വരുത്തുവാൻ നിർദ്ദേശം നൽകി:

"അർഹതപ്പെട്ട ഉദ്യോഗാർത്ഥികൾക്കു മാത്രമാണ് സൗകര്യം അനുഭവിക്കുവാൻ സാധിക്കുന്നത് എന്ന് ചട്ടങ്ങൾ രൂപീകരിക്കുമ്പോൾ ഉറപ്പുവരുത്തുവാൻ വേണ്ടി സാമൂഹ്യ നീതി ശാക്തീകരണ മന്ത്രാലയത്തിന് അധികാരപ്പെട്ട മെഡിക്കൽ സ്ഥാപനം ഉദ്യോഗാർത്ഥിയുടെ അവസ്ഥ സാക്ഷ്യപ്പെടുത്തണമെന്ന വ്യവസ്ഥകൾ വെക്കാവു ന്നതാണ്. ഈ വിധിന്യായത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ലഭിച്ച് മൂന്നു മാസ ത്തിനുള്ളിൽ ഈ പ്രക്രിയ അവസാനിപ്പിക്കേണ്ടതും മാർഗ്ഗനിർദ്ദേശത്തിന്റെ ഒരു പകർപ്പ് ഈ കോടതിയുടെ രജിസ്ട്രാർ (ജുഡീഷ്യൽ)-ന് കൈമാറേണ്ടതുമാണ്. മാർഗ്ഗ നിർദ്ദേശങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് രജിസ്ട്രാർ (ജുഡീഷ്യൽ) അത് റെക്കോർഡിൽ ചേർക്കേണ്ടതും നിർദ്ദേശങ്ങൾ എന്ന തലക്കെട്ടിൽ നടപടികൾ ലിസ്റ്റ് ചെയ്യേണ്ട തുമാണ്."

19. അതിനുശേഷം സാമൂഹ്യ നീതി ശാക്തീകരണ മന്ത്രാലയം ഭിന്നശേഷി ക്കാർക്ക് എഴുത്തുപരീക്ഷ നടത്തുന്നതിനെ സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ട് എക്സിബിറ്റ് പി4, പി5 ഓഫീസ് മെമ്മോറാണ്ടം ഇറക്കി. അതിൽ ഉദ്യോഗാർത്ഥികൾക്ക് സ്വന്തം എഴുത്തുകാരെ കൊണ്ടുവരുവാൻ അനുമതി നൽകിയിരുന്നു. അപ്പീൽവാദി ആശ്രയിക്കുന്ന എക്സിബിറ്റ് P 4-ന്റെ ഖണ്ഡം 4 താഴെ പറയും പ്രകാരമാണ്:

(iv) ഉദ്യോഗാർത്ഥിക്ക് സ്വന്തം എഴുത്തുകാരെ/വായനക്കാരെ/ലാബ് അസിസ്റ്റന്റ് കൊണ്ടുവരാനോ അല്ലെങ്കിൽ പരീക്ഷാനടത്തിപ്പുകാരോട് അതിനായി അപേക്ഷിക്കുകയോ ചെയ്യുന്നതിന് വിവേചനാധികാരം ഉണ്ടായിരിക്കും. പരീക്ഷയുടെ ആവശ്യകതക്കനുസരിച്ച് ജില്ല/ഡിവിഷൻ/സംസ്ഥാനതലങ്ങളിൽ പട്ടിക (panel) ഉണ്ടാക്കുന്നതിനായി എഴുത്തുകാർ/ വായനക്കാർ/ലാബ് അസിസ്റ്റന്റ് എന്നിവരെ പരീക്ഷാനടത്തിപ്പുകാർക്ക് കണ്ടെത്താം. അത്തരം സന്ദർഭങ്ങളിൽ ഉദ്യോഗാർത്ഥിക്ക് എഴുത്തുകാർ അനുയോജ്യരാണോ എന്ന് പരിശോധിക്കുന്നതിനായി പരീക്ഷയുടെ

ഒരു ദിവസം മുമ്പ് ഉദ്യോഗാർത്ഥിക്ക് സ്ക്രൈബിനെ കാണുവാൻ അനുമതി നൽകേണ്ടതാണ്."

20. എക്സിബിറ്റ് പി5 കേന്ദ്രസർക്കാരിന്റെ സാമൂഹിക നീതി ശാക്തീകരണ മന്ത്രാലയം ഇറക്കിയ ഒരു ഓഫീസ് മെമ്മോറാണ്ടം ആണ്. എക്സിബിറ്റ് പി4 -ലേതു പോലെയുള്ള സമാന വ്യവസ്ഥകൾ അപ്പീൽവാദി ആശ്രയിക്കുന്ന എക്സിബിറ്റ് പി5-ന്റെ V-ാം ഖണ്ഡത്തിലും ഉണ്ട്. സി. ബി. എസ്. ഇ. (CBSE) പുറപ്പെടുവിച്ച എക്സിബിറ്റ് പി9 നിർദ്ദേശങ്ങളും ഇന്ത്യൻ റിസർവ്വ് ബാങ്ക് ഇറക്കിയ എക്സിബിറ്റ് പി10 മാർഗ്ഗനിർദ്ദേശങ്ങളും ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് സ്വന്തം എഴുത്തുകാരെ കൊണ്ടുവരുവാൻ അനുവദിച്ച അണ്വായുധ വൈദ്യുത കോർപ്പറേഷൻ ഇന്ത്യാ ലിമിറ്റഡ് ഇറക്കിയ എക്സിബിറ്റ് പി1 വിജ്ഞാപനവും കേന്ദ്ര പബ്ലിക്ക് സർവ്വീസ് കമ്മീഷൻ പ്രസിദ്ധീകരിച്ച എക്സിബിറ്റ് പി12 നിർദ്ദേശങ്ങളും അപ്പീൽവാദി ഹാജരാക്കി.

21. 10.05.2019-ന് കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ ഇറക്കിയ പരിപത്രത്തിൽ ഇത്തരത്തിൽ ഒരു സ്വാതന്ത്ര്യം ഭിന്നശേഷി ഉദ്യോഗാർത്ഥികൾക്ക് നൽകിയിട്ടില്ല എന്നത് സത്യമാണ്. അതിനുപകരമായി 40% മുതൽ 74% വരെ കാഴ്ചശക്തി നഷ്ടപ്പെട്ടവർക്കും സെറിബ്രൽ പാൽസിയോ എല്ലു സംബന്ധമായോ 40%ത്തിലധികം ഭിന്നശേഷി യുള്ളവർക്കും അവർ ആവശ്യപ്പെടുന്നപക്ഷം സ്ക്രൈബിന്റെ സേവനം ലഭ്യമാക്കും. ഈ സൗകര്യം ലഭിക്കണമെങ്കിൽ മെഡിക്കൽ ബോർഡിന്റെ ഭിന്നശേഷി സർട്ടിഫിക്കറ്റിനോടൊപ്പം 'എഴുതുവാൻ ബുദ്ധിമുട്ടുണ്ട്' എന്ന് കാണിക്കുന്ന ആ വിഭാഗത്തിലെ വിശേഷവൈദഗ്ദ്ധ്യമുള്ള ഡോക്ടറുടെ മെഡിക്കൽ സർട്ടിഫിക്കറ്റ് കൊണ്ടു വരണം.

22. ഈ സന്ദർഭത്തിൽ എക്സിബിറ്റ് പി4, പി5, പി9, പി10, പി11, പി12 എന്നിവയിൽ പരീക്ഷ നടത്തിപ്പുകാർ എഴുത്തുകാരെ ലഭ്യമാക്കുന്ന സൗകര്യം ഏർപ്പെടുത്തിയിട്ടില്ല എന്നത് ശ്രദ്ധയിൽ വെക്കേണ്ടതാണ്. ആ സാഹചര്യത്തിലാണ് അവർ സ്വന്തം എഴുത്തുകാരെ കൊണ്ടുവരുവാൻ ഉദ്യോഗാർത്ഥികൾക്ക് അനുമതി നൽകിയിട്ടുള്ളത്. വികാഷ് സിങ്ങിന്റെ കേസിലും (മുകളിൽ പറഞ്ഞത്) എഴുത്തുകാരെ വേണമെന്ന ആവശ്യം പൂർണ്ണമായും നിരാകരിച്ചിരുന്നു. അതേ സമയം എക്സിബിറ്റ് പി6 പരിപത്രത്തിൽ പ്രത്യേക വിഷയത്തിലുള്ള തസ്തികക്കുള്ള നിർദ്ദിഷ്ട യോഗ്യതയിലും കുറഞ്ഞ യോഗ്യതയുള്ള സ്ക്രൈബിന്റെ പട്ടിക തയ്യാറാക്കുന്നതിനുള്ള പ്രത്യേക പദ്ധതി കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ നേരത്തേ തന്നെ രൂപകല്പന ചെയ്തി ട്ടുണ്ട്. രണ്ടു ദിവസം മുമ്പ് അവർക്ക് തിരിച്ചുവെക്കപ്പെട്ട സ്ക്രൈബുമായി സംവദി ക്കാൻ ഉദ്യോഗാർത്ഥിയെ അനുവദിക്കും. അത്തരത്തിൽ തിരിച്ചുവെക്കപ്പെട്ട സ്ക്രൈബ് അനുയോജ്യനല്ല എന്നു കാണുന്നപക്ഷം മറ്റൊരു സക്രൈബിന്റെ സേവനം അവർക്കു ലഭ്യമാക്കും.

23. 5-ാം എതിർകക്ഷി അവരുടെ എതിർ സത്യവാങ്മൂലത്തിൽ വാദിക്കുന്ന തുപോലെ സ്വന്തം എഴുത്തുകാരെ കൊണ്ടുവരാനുള്ള മുഴുവൻ സ്വാതന്ത്ര്യവും

ഉദ്യോഗാർത്ഥികൾക്ക് നൽകിയാൽ അത് അവിഹിതമായ പ്രവർത്തികൾക്ക് ഇട നൽകും. അതേ സമയം ഭിന്നശേഷിക്കാരുടെ നിയമാനുസൃതമായ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി അവർക്ക് കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ മത്സര പരീക്ഷകൾ എഴുതുവാൻ അനുയോജ്യരായ എഴുത്തുകാരെ ലഭ്യമാക്കേണ്ടതാണ്. അതുകൊണ്ട് ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളുടെ നിയമാനുസൃത അവകാശ ങ്ങളും താൽപര്യങ്ങളും സംരക്ഷിക്കുന്നതിനോടൊപ്പം തന്നെ ദുർനടപടിക്കുള്ള സാദ്ധ്യതകൾ ഇല്ലാതാക്കുവാനുതകുന്ന ഒരു നടപടിക്രമമാണ് ഉചിതമായിരിക്കുക. ഈ പശ്ചാത്തലത്തിൽ വേണം കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ പുറപ്പെടുവിച്ച പരിപത്രത്തെ വിലയിരുത്താൻ.

24. സ്ക്രൈബിനെ ഉദ്യോഗാർത്ഥിക്ക് അനുവദിച്ചു നൽകുന്നതിന്റെ ഉദ്ദേശം ചോദ്യങ്ങൾ മനസ്സിലാക്കുവാനും ഉദ്യോഗാർത്ഥിയുടെ നിർദ്ദേശങ്ങൾ പ്രകാരം ഉത്തരങ്ങൾ എഴുതുവാനോ അടയാളപ്പെടുത്തുവാനോ ആണ്. ആവശ്യപ്പെടുന്നത നുസരിച്ച് ഉദ്യോഗാർത്ഥികൾ അനുയോജ്യരായ എഴുത്തുകാരെ തയ്യാറാക്കി വെച്ച പട്ടികയിൽ നിന്നും ലഭ്യമാക്കുവാൻ കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ പുറപ്പെടുവിച്ച പരിപത്രത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ തയ്യാറാക്കിയ പട്ടികയിൽ നിന്നു എഴുത്തുകാരെ ലഭ്യമാക്കുന്നതുകൊണ്ട് കൃത്രിമത്വം ഒഴിവാക്കി മത്സരപരീക്ഷകളുടെ ശുദ്ധത ഉറപ്പാക്കാൻ സാധിക്കും. അതുകൊണ്ട് കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ പുറപ്പെടുവിച്ച പരിപത്രം ഭിന്നശേഷിക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കാനും സ്വന്തം എഴുത്തുകാരെ വെച്ച് ദുർവിനിയോഗം ചെയ്യുന്ന സാദ്ധ്യതകളെ തള്ളിക്കളയാനും കെൽപ്പുള്ളതാണെന്ന് തീരുമാനിക്കേണ്ടിവരും. മേൽ സാഹചര്യത്തിൽ അപ്പീൽവാദിക്ക് സ്വന്തം സ്ക്രൈബിനെ തെരഞ്ഞെടുക്കാനുള്ള അപേക്ഷ നിരസിച്ച് അവർ തയ്യാറാക്കിയ പട്ടികയിൽ നിന്നും സ്ക്രൈബിനെ ലഭ്യമാക്കിയ നടപടിയെ വസ്തുനിഷ്ഠമല്ലാത്തയോ അന്യായമെന്നോ പറയുവാൻ സാധിക്കില്ല.

25. ഇതിനു പുറമെ ചോദ്യം ചെയ്യപ്പെട്ട വിധിന്യായത്തിൽ സിംഗിൾ ജഡ്ജി 5-ാം എതിർകക്ഷിക്ക് 40%ത്തിനു മുകളിൽ കാഴ്ചപരിമിതി ഉള്ള ഉദ്യോഗാർത്ഥികൾക്ക് രണ്ടു ദിവസം മുമ്പ് കമ്മീഷൻ അനുവദിച്ച സ്ക്രൈബുമായി സംവദിക്കാൻ അവസരം നൽകണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. അത്തരത്തിലുള്ള സംവാദത്തിനുശേഷം സ്ക്രൈബ് അനുയോജ്യനല്ല എന്ന് ഉദ്യോഗാർത്ഥി കാണുന്ന പക്ഷം അഞ്ചാം എതിർകക്ഷി ആ പ്രത്യേക പരീക്ഷക്ക് വേണ്ടി തയ്യാറാക്കിയിട്ടുള്ള സ്ക്രൈബിന്റെ പട്ടികയിൽ നിന്നും മറ്റൊരാളെ ലഭ്യമാക്കേണ്ടതാണ്.

26. മേൽ സാഹചര്യത്തിൽ കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ തയ്യാറാക്കിയ പട്ടികയിൽ നിന്നും ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് ലഭ്യമാക്കുന്ന സ്ക്രൈബ് ഭിന്നശേഷിയുള്ളവരുടെ അവകാശനിയമത്തിന്റെ ആവശ്യകതകൾ നിറവേറ്റും. ചോദ്യം ചെയ്യപ്പെട്ട വിധിന്യായത്തിൽ ഇടപെടേണ്ട വിധത്തിൽ അന്യായമായതോ ക്രമരഹിതമായതോ ഒന്നും ഞങ്ങൾ കണ്ടില്ല. വിഷയങ്ങൾ ഇത്തരത്തിൽ തീർപ്പാക്കുന്നു. തത്ഫലമായി റിട്ട് അപ്പീലുകൾ തള്ളി ഉത്തരവാകുന്നു.

**കേരള ഹൈക്കോടതി മുമ്പാകെ**

**ബഹു. ജസ്റ്റിസ് സി.എസ്. സുധ**

RFA No.9/2003A

(2023 നവംബർ 28-ന് വിധി പ്രസ്താവിച്ചത്)

**സിനേഭ – അപ്പീൽവാദി**

**V.**

**1. ജില്ലാകളക്ടർ, തൃശ്ശൂർ**

**2. ഡോ. ജോസ് പാറയ്ക്കൽ – എതിർകക്ഷികൾ**

**3. യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനിക്കുവേണ്ടി**

**ബ്രാഞ്ച് മാനേജർ, കുന്നംകുളം**

**വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ**

പരാജയപ്പെട്ട വന്ധ്യംകരണ ശസ്ത്രക്രിയാകേസുകളിൽ നഷ്ടപരിഹാരം ഉന്നയിക്കുന്നതിനുള്ള വ്യവഹാരകാരണം കുട്ടിയുടെ ജനനമല്ല, സർജന്റെ അശ്രദ്ധയാണ്. സ്വാഭാവിക കാരണങ്ങളാലുണ്ടാകുന്ന പരാജയം നഷ്ടപരിഹാരം ഉന്നയിക്കാനുള്ള കാരണമാകുന്നില്ല. ''ശസ്ത്രക്രിയ ഒരു പരാജയമായിരുന്നുവെങ്കിൽ മേൽപ്പറഞ്ഞ ടി. ജി. കുമാരിഅമ്മ കേസിൽ സർജറി കഴിഞ്ഞ് ഏതാനും മാസങ്ങൾക്കുശേഷം ഗർഭം ധരിക്കാനിടയായതുപോലെ, വളരെ നേരത്തേതന്നെ വാദി ഗർഭം ധരിക്കാനുള്ള സന്ദർഭമോ സാധ്യതയോ ഉണ്ടാകുമായിരുന്നു''. സർജറിക്കും വാദി ഗർഭം ധരിക്കുന്നതിനുമിടയിലെ സമയത്തിന്റെ ഇടവേള, വാദി ഗർഭം ധരിക്കാനും അവളുടെ 5-ാമത്തെ കുട്ടിയെ പ്രസവിക്കാനും ഇടയായത് മേൽ പരാമർശിച്ചതുപോലെ സ്വാഭാവിക കാരണത്താലാണന്ന്, സർജറി നടത്തിയ രണ്ടാം പ്രതിയുടെ അശ്രദ്ധയോ ഉപേക്ഷയോ കൊണ്ടല്ല.

## വിധിന്യായം

സിവിൽ നടപടി നിയമ സംഹിതയുടെ 96-ാം വകുപ്പിനോടൊപ്പം കൂട്ടിവായിച്ച ഓർഡർ XLI ചട്ടം 1 പ്രകാരം ഫയൽ ചെയ്യപ്പെട്ട അപ്പീലാണിത്. തൃശ്ശൂർ സബ്കോടതിയുടെ ഒ.എസ്.1373/1994 കേസിൽ 08.04.1994-ൽ പുറപ്പെടുവിച്ച വിധിന്യായത്തിനും വിധിക്കും എതിരായി ഫയൽ ചെയ്യപ്പെട്ടതാണിത്.

2. ഒ.എസ്. നമ്പർ 1373/1994 നഷ്ടപരിഹാരം ആവശ്യപ്പെട്ടുള്ള ഒരു ഹർജിയാണ്. പാവപ്പെട്ട ഒരു കുടുംബത്തിലെ കൂലിപ്പണിക്കാരന്റെ ഭാര്യയാണ് ഹർജികക്ഷി. നാല് മക്കളുള്ള ഇവർ ഇനി തങ്ങൾക്ക് കുട്ടികൾ ആവശ്യമില്ല എന്ന തീരുമാനത്തിലെത്തുകയും കുന്നംകുളം സർക്കാർ ആശുപത്രിയിലെ ഡോക്ടറായിരുന്ന രണ്ടാം എതിർകക്ഷിയുടെ ഉപദേശം തേടുകയും ചെയ്തു. രണ്ടാം എതിർകക്ഷി ഹർജിക്കാരിയോട് പ്രസവാനന്തര വന്ധ്യംകരണ ശസ്ത്രക്രിയ നടത്തുവാനും ഭാവിയിൽ ഗർഭം ധരിക്കുന്നത് ഒഴിവാക്കാനുള്ള ഏറ്റവും സുരക്ഷിത മാർഗ്ഗം അതാണെന്ന് ഉപദേശിക്കുകയും ചെയ്തു. അതുപ്രകാരം ഹർജികക്ഷി വന്ധ്യംകരണ ശസ്ത്രക്രിയക്ക് വിധേയയായി (PPS). വന്ധ്യംകരണ ശസ്ത്രക്രിയക്ക് വിധേയയായി കഴിഞ്ഞാൽ ഭാവിയിൽ ഗർഭം ധരിക്കില്ലെന്ന് രണ്ടാം എതിർകക്ഷി നൽകിയ ഉറപ്പിൽ ഹർജിക്കാരിയും ഭർത്താവും ദാമ്പത്യജീവിതം തുടർന്നെങ്കിലും താമസിയാതെ ഹർജിക്കാരി ഗർഭിണിയാവുകയും ഒരു പെൺകുട്ടിക്ക് ജന്മം നൽകുകയും ചെയ്തു. രണ്ടാം എതിർകക്ഷി അശ്രദ്ധമായും ഉപേക്ഷയോടെയും നടത്തിയതിനാലാണ് വന്ധ്യംകരണ ശസ്ത്രക്രിയ പരാജയപ്പെട്ടതെന്നും, അതിനാലാണ് താൻ പിന്നീട് ഗർഭിണിയാകാനിടയായതെന്നും ഹർജിക്കാരി വാദിച്ചു. ഒരു സ്പെഷ്യലിസ്റ്റ് ഡോക്ടർ എടുക്കേണ്ടതായ മുൻകരുതലുകൾ രണ്ടാം കക്ഷി എടുത്തില്ലായെന്നതും അപ്രകാരം അവശ്യം വേണ്ട മുൻകരുതലുകൾ എടുത്ത് ശരിയാംവിധം ശസ്ത്രക്രിയ നടത്തിയിരുന്നുവെങ്കിൽ താൻ പിന്നീട് ഗർഭിണിയാകുമായിരുന്നില്ലെന്നും ഹർജിക്കാരി പറയുന്നു. എതിർകക്ഷികളിൽ നിന്ന് രണ്ട് ലക്ഷം രൂപയാണ് ഹർജികക്ഷി നഷ്ടപരിഹാരമായി ആവശ്യപ്പെട്ടത്.

3. ഒന്നാം എതിർകക്ഷി സമർപ്പിച്ച പത്രികയിൽ ഹർജിക്കാരി 06.10.1987-ൽ കുന്നംകുളം സർക്കാർ ആശുപത്രിയിൽ പി.പി.എസ് സർജറിക്ക് വിധേയയായെന്നും രണ്ടാം എതിർകക്ഷിയാണ് സർജറി നടത്തിയതെന്നും ബോധിപ്പിച്ചു. മതിയായ യോഗ്യതയും അനുഭവജ്ഞാനവുമുള്ള ഒരു ഗൈനക്കോളജിസ്റ്റാണ് രണ്ടാം എതിർകക്ഷി. ടിയാൻ 1987 വർഷത്തിൽ വന്ധ്യംകരണത്തിലും ഐ.യു.ഡി. യിലും 5 മാസങ്ങൾക്കുള്ളിൽ നൂറ് ശതമാനം ലക്ഷ്യം കൈവരിച്ചിരുന്നു. 09.06.1986-നും 29.05.1990-നുമിടയിൽ ഇദ്ദേഹം 2502 വന്ധ്യംകരണ ശസ്ത്രക്രിയകൾ ചെയ്തിട്ടുണ്ട്. ഹർജിക്കാരിയുടേതാണ് റിപ്പോർട്ട് ചെയ്യപ്പെട്ട ആദ്യപരാജയം. അശ്രദ്ധമായും ഉപേക്ഷയോടെയുമാണ് ശസ്ത്രക്രിയ നടത്തിയത് എന്ന ആരോപണം കളവും

വാസ്തവവിരുദ്ധവുമാണ്. കരുതലോടെയും സമർപ്പണത്തോടെയുമാണ് രണ്ടാം എതിർകക്ഷി സർജറി നടത്തിയിട്ടുള്ളത്. വികസിത രാജ്യങ്ങളിൽ പോലും ഇത്തരം ശസ്ത്രക്രിയകളിൽ 0.5 മുതൽ 1 ശതമാനം വരെ പിഴവ് പറ്റാറുണ്ട്. ഭാവി പ്രസവം ഒഴിവാക്കുവാനുള്ള പഴുതുകളില്ലാത്ത മാർഗ്ഗം വന്ധ്യംകരണ ശസ്ത്രക്രിയയല്ല. വന്ധ്യംകരണ ശസ്ത്രക്രിയ പരാജയപ്പെടുന്നത് വിരളമാണെങ്കിലും മറ്റ് ശസ്ത്രക്രിയ കളിലെന്നപോലെ ഇതിലും അത്തരം പരാജയങ്ങൾ സംഭവിക്കുന്നതാണ്. ഹർജിക്കാരി 27.03.1993-ൽ തൃശ്ശൂർ ജില്ലാ ആശുപത്രിയിൽ രണ്ടാം പി.പി.എസ് സർജറിക്കു വിധേയയായി. ഹർജിക്കാരിയുടെ പി.പി.എസ് പരാജയപ്പെട്ടത് ട്യൂബ് പെരിറ്റോണിയൽ ഫിസ്റ്റുല (Rt Tube – Peritonial Fistula) കാരണമാണെന്നാണ് പി.പി.യു യൂണിറ്റിലെ സീനിയർ മെഡിക്കൽ ഓഫീസർ ശസ്ത്രക്രിയക്കുശേഷം കണ്ടെത്തിയത്. രണ്ടാം എതിർകക്ഷിയുടെ ഭാഗത്ത് നിന്നും അശ്രദ്ധയോ, ഉപേക്ഷയോ ഉണ്ടായിട്ടില്ലാത്തതിനാൽ ഹർജിക്കാരി ആവശ്യപ്പെട്ടിട്ടുള്ള പരിഹാരത്തിന് അർഹതയുള്ളതല്ല.

4. അശ്രദ്ധയും ഉപേക്ഷയും കാണിച്ചുവെന്ന ആരോപണങ്ങൾ പാടേ നിഷേധിച്ചുകൊണ്ട് രണ്ടാം എതിർകക്ഷിയും പ്രത്യേകം പത്രിക സമർപ്പിച്ചു. പി.പി.എസ് സർജറിക്കു വിധേയമാകണമെന്ന അഭ്യർത്ഥനയോടെയാണ് ഹർജിക്കാരി രണ്ടാം എതിർകക്ഷിയെ കണ്ടത്. അതിനുള്ള സമ്മതപത്രവും അവർ തന്നു. സർജറിക്കു വിധേയയാകുന്നതിനു മുൻപുതന്നെ ഇതിന്റെ ഗുണദോഷങ്ങൾ കുടുംബാസൂത്രണ പരിപാടിയുടെ മേലധികാരികൾ അവരെ ധരിപ്പിച്ചിരുന്നു. ശസ്ത്രക്രിയക്കു മുൻപുതന്നെ ചിലപ്പോൾ ശസ്ത്രക്രിയ പരാജയപ്പെട്ടേക്കാമെന്നും എന്നാൽ അതിന് ആശുപത്രിയോ ഡോക്ടറോ ഉത്തരവാദികളല്ലെന്ന വിവരവും ധരിപ്പിച്ചിരുന്നു. പി.പി.എസ്. ശസ്ത്രക്രിയ നടത്തിയാൽ ഭാവിയിൽ പ്രസവിക്കാനുള്ള യാതൊരു സാധ്യതയുമില്ലെന്നും ഇത് ഏറ്റവും സുരക്ഷിതമായ മാർഗ്ഗമാണെന്നും രണ്ടാം എതിർകക്ഷി ഹർജിക്കാരിയോട് പറഞ്ഞിരുന്നു എന്ന ആരോപണം കളവും വസ്തുതാവിരുദ്ധവുമാണ്. രണ്ടാം എതിർകക്ഷിയുടെ ഭാഗത്തുനിന്നും അശ്രദ്ധയോ ഉപേക്ഷയോ ഉണ്ടായിട്ടില്ലാത്തതിനാൽ ഹർജിക്കാരിക്ക് നഷ്ടപരിഹാരത്തിന് അർഹത യില്ലാത്തതാണ്.

5. രണ്ടാം എതിർകക്ഷിക്ക് ഇൻഷ്വറൻസ് പോളിസി ഉണ്ടെന്ന കാര്യം വ്യക്തമാക്കി മൂന്നാം എതിർകക്ഷി പ്രത്യേക പത്രിക സമർപ്പിച്ചു. പോളിസിയുടെ വ്യവസ്ഥകൾ പ്രകാരം മാത്രമായിരിക്കും മൂന്നാം എതിർകക്ഷിയുടെ ബാധ്യത.

6. വിചാരണയിൽ വാദി ഭാഗത്തുനിന്നും Pw1-നെ വിസ്തരിക്കുകയും A1 മുതൽ A6 വരെയുള്ള എക്സിബിറ്റുകൾ രേഖപ്പെടുത്തുകയും ചെയ്തു. പ്രതിഭാഗത്തു നിന്നും DW1, DW2 എന്നിവരെ വിസ്തരിക്കുകയും B1 മുതൽ B2 വരെയുള്ള എക്സിബിറ്റുകൾ രേഖപ്പെടുത്തുകയും ചെയ്തു. X1, X2 എന്നിവയും രേഖപ്പെടുത്തപ്പെട്ടു. വാക്കാലും രേഖാമൂലവുമുള്ള തെളിവുകൾ വിലയിരുത്തിയും

ഇരുഭാഗത്തേയും കേട്ടതിനുശേഷവും രണ്ടാം എതിർകക്ഷിയുടെ ഭാഗത്തുനിന്നും അശ്രദ്ധയോ ഉപേക്ഷയോ സംഭവിച്ചിട്ടില്ല എന്ന് കണ്ടെത്തി വിചാരണ കോടതി ഹർജി തള്ളി. അതിനെതിരെയാണ് ഹർജിക്കാരി അപ്പീൽ ഫയൽ ചെയ്തിരിക്കുന്നത്.

7. ഈ കോടതിയുടെ ഇടപെടലുകൾ ആവശ്യപ്പെടുന്നവിധം കീഴ്ക്കോടതിയുടെ കണ്ടെത്തലിലോ തീർപ്പിലോ എന്തെങ്കിലും ദൗർബല്യമുണ്ടായിട്ടുണ്ടോ എന്നതു മാത്രമാണ് പരിഗണിക്കാനുള്ള ഏകവിഷയം.

8. ഇരുഭാഗത്തേയും കേട്ടു.

9. കുന്നംകുളം സർക്കാർ ആശുപത്രിയിൽ ഹർജിക്കാരി പി.പി.എസ് സർജറിക്കു വിധേയയായിട്ടുണ്ടെന്നതും രണ്ടാം എതിർകക്ഷിയാണ് അത് നടത്തിയതെന്നുമുള്ള വസ്തുത അംഗീകരിക്കപ്പെട്ടതാണ്. അപ്പീലിൽ രണ്ടാം എതിർകക്ഷിക്ക് നോട്ടീസ് അയച്ചിരുന്നെങ്കിലും ഹാജരായില്ല. പോളിസിയിൽ ഉറപ്പാക്കപ്പെട്ട തുകക്കുമാത്രമേ തങ്ങൾക്കു ബാധ്യതയുള്ളൂവെന്നും അതും ശസ്ത്രക്രിയ നടത്തിയതിലെ പിഴവുമൂലം രണ്ടാം എതിർകക്ഷി കുറ്റക്കാരാണെങ്കിൽ മാത്രമെന്നുമാണ് ഇൻഷ്വറൻസ് കമ്പനിയായ മൂന്നാം എതിർകക്ഷിയുടെ നിലപാട്. ശസ്ത്രക്രിയ നടത്തിയതിൽ രണ്ടാം എതിർകക്ഷിക്ക് അശ്രദ്ധയോ ഉപേക്ഷയോ ഉണ്ടായിട്ടില്ലെങ്കിൽകൂടി Res ipsa loquitor തത്വമനുസരിച്ച്, ഒന്നാം എതിർകക്ഷിയുടെ ജീവനക്കാരനെന്ന നിലയിൽ രണ്ടാം എതിർകക്ഷിയുടെ പ്രവർത്തിയിൽ ഒന്നാം എതിർകക്ഷിക്ക് പരോക്ഷ ബാധ്യതയുണ്ടെന്ന് (vicarious liability) അപ്പീൽവാദിയുടെ അഭിഭാഷകൻ വാദിച്ചു. ഹർജിക്കാരിക്കു കുട്ടിയെ ആവശ്യമില്ലെങ്കിൽ, അവർക്കു ഗർഭച്ഛിദ്രത്തിന് വിധേയമാകാമായിരുന്നെന്ന് 1971-ലെ ഗർഭച്ഛിദ്ര നിയമപ്രകാരം ന്യായീകരിക്കാമെങ്കിലും, ഇത് നഷ്ടപരിഹാരം ആവശ്യപ്പെട്ടുകൊണ്ടുള്ള ഒരു ഹർജിയിൽ നല്ല പ്രതിരോധമല്ലെന്നും ചൂണ്ടിക്കാണിക്കപ്പെട്ടു. ഈ വാദമുഖങ്ങൾ ബലപ്പെടുത്താനായി എ.എച്ച് ഖോട്വ V. സ്റ്റേറ്റ് ഓഫ് മഹാരാഷ്ട്ര (AIR 1996 SC 2377), സ്റ്റേറ്റ് ഓഫ് ഹരിയാന V സാൻ{S (2000 KHC 750 : AIR 2000 SC 1888), ഗൗരിക്കുട്ടി V. രാഘവൻ (2001 KHC 718), സ്റ്റേറ്റ് ഓഫ് കേരള V. ശാന്ത (2015 (1) KHC 216) എന്നീ കേസുകളിലെ വിധികൾ പരാമർശിക്കപ്പെട്ടു. V.

9.1. രണ്ടാം എതിർകക്ഷിയുടെ അശ്രദ്ധയും ഉപേക്ഷയും മൂലമാണ് ശസ്ത്രക്രിയ പരാജയപ്പെട്ടതെന്ന് ഹർജികക്ഷിക്ക് തെളിയിക്കാനായില്ലെങ്കിൽ അവർക്ക് കേസ് വിജയിക്കാനാവില്ലെന്ന് ചൂണ്ടിക്കാട്ടാനായി സർക്കാർ അഭിഭാഷകൻ ബോലാം V. (ഫിയോൺ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി (1957 I WLR 582), സ്റ്റേറ്റ് ഓഫ് പഞ്ചാബ് V. ശിവറാം (AIR 2005 SC 3280), സ്റ്റേറ്റ് ഓഫ് ഹരിയാന V. രാജ് റാണി (AIR 2005 SC 3279), കുസും ശർമ്മ V. ബാത്ര ഹോസ്പിറ്റൽ & മെഡിക്കൽ റിസർച്ച് സെന്റർ ( AIR 2010 SC 1050), സ്റ്റേറ്റ് ഓഫ് കേരള V. പി. ജി. കുമാരിയമ്മ (2011 (1) KHC 102) എന്നീ

കേസുകളിലെ വിധിന്യായങ്ങളെ ആശ്രയിച്ചു. രണ്ടാം എതിർകക്ഷിയുടെ അശ്രദ്ധയോ തിടുക്കമോ രേഖകളിലുള്ള തെളിവുകളാൽ സ്ഥാപിക്കപ്പെടുന്നില്ല. ശസ്ത്രക്രിയയുടെ പരാജയം മൂലമല്ല, പകരം വളരെ അപൂർവ്വം കേസുകളിൽ സംഭവിക്കുന്നതുപോലെ സ്വാഭാവിക കാരണങ്ങളാലാണ് ഹർജികക്ഷി വീണ്ടും ഗർഭിണിയാകാനിടവന്നത്. രണ്ടാം എതിർകക്ഷിയുടെ അശ്രദ്ധയോ പരാജയമോ കൊണ്ടല്ലെന്നും പി.പി.എസ്. സർജറിക്കുശേഷം രൂപപ്പെട്ട ട്യൂബ് പെരിറ്റോണിയൽ ഫിസ്റ്റുലയാകാം ഹർജികക്ഷി വീണ്ടും ഗർഭിണിയാകാനിടയാക്കിയതിന് കാരണമെന്നും സർക്കാർ അഭിഭാഷകൻ വാദിച്ചു.

10. മേൽപ്പറഞ്ഞ എ.എച്ച്. ഖോഡ്വ കേസിൽ അപ്പീൽവാദിയുടെ ഭാര്യയായ ചന്ദ്രികാബായിയെ പ്രസവത്തിനായി ഒരു സർക്കാർ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും അവിടെ വച്ച് അവർ ഒരു കുട്ടിക്ക് ജന്മം നൽകുകയും ചെയ്തു. രണ്ട് ദിവസങ്ങൾക്കുശേഷം അവർ വന്ധ്യംകരണ ശസ്ത്രക്രിയക്കു വിധേയയായി. ഗൗരവതരമായ ഒന്നല്ലാത്തതിനാൽ ലോക്കൽ അനസ്തേഷ്യയാണ് നൽകിയത്. എന്നാൽ അതിനുശേഷം ചില സങ്കീർണ്ണതകളുണ്ടായതിനാൽ അവർ രണ്ടാമതൊരു ശസ്ത്രക്രിയക്ക് വിധേയമാക്കപ്പെടുകയും തുടർന്ന് മരണപ്പെടുകയും ചെയ്തു. ആന്ത്രസ്തര വീക്കമായിരുന്നു (Peritonitis) മരണകാരണം. വന്ധ്യംകരണ ശസ്ത്രക്രിയക്ക് വിധേയയായപ്പോൾ ഡോക്ടറുടെ അശ്രദ്ധകാരണം ഒരു ടവൽ ചന്ദ്രികാബായിയുടെ പെരിറ്റോണിയൽ ക്യാവിറ്റിയിൽ ഉപേക്ഷിക്കപ്പെട്ടു. അടിവയറ്റിൽ ടവ്വൽ ഉപേക്ഷിക്കപ്പെട്ടതുമൂലം അവിടെ പഴുപ്പ് ബാധിക്കുകയും ഈ പഴുപ്പുബാധ മരണകാരണമായതായും പിന്നീട് തെളിയിക്കപ്പെട്ടു. ആദ്യ ശസ്ത്രക്രിയയിൽ ചന്ദ്രികാബായിയുടെ അടിവയറ്റിൽ അശ്രദ്ധമൂലം ടവ്വൽ ഉപേക്ഷിക്കപ്പെട്ടതാണ് ആന്ത്രസ്തര വീക്കത്തിന് കാരണമായതും അന്തിമമായി അവരുടെ മരണത്തിലേക്ക് നയിച്ചതും. അശ്രദ്ധമൂലം ടവ്വൽ അടിവയറ്റിൽ ഉപേക്ഷിക്കപ്പെട്ടില്ലായിരുന്നുവെങ്കിൽ രണ്ടാമത്തെ ശസ്ത്രക്രിയ നടത്തുമായിരുന്നില്ല. Res ipsa loquitor തത്വം വ്യക്തമായും ബാധകമാക്കാവുന്ന വലിയ അശ്രദ്ധ ഇവിടെ സംഭവിക്കപ്പെട്ടു. കോടതിക്ക് തൃപ്തികരമായ വിധത്തിൽ തങ്ങളുടെ ഭാഗത്തുനിന്നും അശ്രദ്ധയൊന്നുമുണ്ടായി ട്ടില്ലെന്ന് സ്ഥാപിക്കുവാനുള്ള യാതൊരു സാധുവായ വിശദീകരണവും എതിർ കക്ഷികൾക്ക് നൽകുവാനില്ലാത്ത സാഹചര്യത്തിൽ 2, 3 എതിർകക്ഷികളായ ഡോക്ടർ മാരുടെ അശ്രദ്ധകാരണമാണ് ചന്ദ്രികാബായി മരണപ്പെടുവാനിടയായതെന്ന് കോടതി വിധിച്ചു. തങ്ങളുടെ ഡോക്ടർമാരുടേയോ മറ്റു ജീവനക്കാരുടേയോ ഭാഗത്തു നിന്നുണ്ടായ അശ്രദ്ധയ്ക്ക് നഷ്ടപരിഹാരം നൽകുവാനുള്ള പരോക്ഷബാധ്യത (vicarious liability) സ്റ്റേറ്റിനുണ്ടെന്നു കോടതി വിധിച്ചു.

11. മുൻപ് പറഞ്ഞ സാൻട്ര കേസും പരാജയപ്പെട്ട വന്ധ്യംകരണശസ്ത്രക്രിയ മേൽ നഷ്ടപരിഹാരം ആവശ്യപ്പെട്ടുകൊണ്ടുള്ള ഒന്നാണ്. വന്ധ്യംകരണ ശസ്ത്രക്രിയ വിജയമായിരുന്നുവെന്ന സാക്ഷ്യപത്രവും ഹർജികക്ഷിയായ സാൻട്ര ഭാവിയിൽ

പ്രസവിക്കുകയില്ലെന്നുമുള്ള ഉറപ്പും എതിർകക്ഷികൾ നൽകി. എന്നാൽ പിന്നീട് സാൻട്ര ഗർഭിണിയാവുകയും ഒരു പെൺകുഞ്ഞിന് ജന്മം നൽകുകയും ചെയ്തു. വന്ധ്യംകരണ ശസ്ത്രക്രിയയുടെ സമയത്ത് വലതു ഫലോപ്യൻ ട്യൂബ് മാത്രമേ ഓപ്പറേറ്റ് ചെയ്തുള്ളൂവെന്നും ഇടതു ഫലോപ്യൻ ട്യൂബ് വിട്ടുപോയി എന്നുമുള്ള വിശദീകരണമാണ് എതിർകക്ഷികൾ കോടതി മുമ്പാകെ നൽകിയത്. എന്നാൽ വിചാരണ കോടതിയും അപ്പീൽ കോടതിയും ഈ വിശദീകരണം തള്ളിക്കളഞ്ഞു. ഭാഗിക വന്ധ്യംകരണത്തിനല്ലെന്നും പൂർണ്ണ വന്ധ്യംകരണത്തിനാണ് സാൻട്ര ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടതെന്ന് ചൂണ്ടിക്കാട്ടി വിചാരണകോടതി നഷ്ട പരിഹാരം അനുവദിക്കുകയും അപ്പീൽകോടതി അത് ശരിവയ്ക്കുകയും ചെയ്തു. സ്റ്റേറ്റ് പരമോന്നത കോടതിയിൽ ഈ വിധിക്കെതിരെ അപ്പീൽ പോയെങ്കിലും കീഴ്ക്കോടതി വിധി ശരിവച്ചുകൊണ്ട് അപ്പീൽ തള്ളുകയും സ്റ്റേറ്റ് നഷ്ടപരിഹാരം നൽകാൻ ബാധ്യസ്ഥമാണെന്ന് വിധിക്കുകയും ചെയ്തു. കുടുംബാസൂത്രണം പോലുള്ള ദേശീയ പ്രാധാന്യമുള്ള ഒരു പദ്ധതി നേരിട്ട് നിർവ്വഹിക്കുന്ന മെഡിക്കൽ ഓഫീസർമാർ അടക്കമുള്ള സർക്കാർ ഉദ്യോഗസ്ഥരുടെ അശ്രദ്ധമൂലം വന്ധ്യംകരണ ശസ്ത്രക്രിയ പരാജയപ്പെടുകയും ശസ്ത്രക്രിയക്ക് സ്വമേധയാ തയ്യാറായി വരുന്ന പാവപ്പെട്ട ആളുകൾക്ക് അവർ ആഗ്രഹിക്കാതെ തന്നെ കുടുംബത്തിലേക്ക് മറ്റൊരു കുട്ടി കൂടി കടന്നുവരുന്ന സാഹചര്യത്തിൽ സ്റ്റേറ്റ് ആയതിനു നഷ്ടപരിഹാരം നൽകാൻ ബാധ്യസ്ഥമാണ്. നേരത്തെതന്നെ ഏഴ് കുട്ടികളുടെ അമ്മയായ സാൻട്രയുടെ വലതു ഫലോപ്യൻ ട്യൂബ് മാത്രം ശസ്ത്രക്രിയ നടത്തുകയും ഇടതു ഫലോപ്യൻ ട്യൂബ് ശസ്ത്രക്രിയ നടത്താതെ വിട്ടുകളയുകയും ചെയ്തതുമൂലം സാൻട്ര വീണ്ടും ഗർഭം ധരിക്കാനുള്ള സാധ്യത തള്ളിക്കളയാവുന്നതല്ലെന്നും ഡോക്ടറുടെ ഭാഗത്തുനിന്നും കടുത്ത അശ്രദ്ധയും ഉപേക്ഷയും ഉണ്ടായതായും സാൻട്ര നഷ്ടപരിഹാരത്തിനർഹയാണെന്നും പരമോന്നത നീതിപീഠം വിധിച്ചു.

12. മേൽ പ്രസ്താവിച്ച ഗൗരിക്കുട്ടിയുടെ കേസിൽ ഹർജിക്കാരികളിലൊരാൾ സർക്കാർ ആശുപത്രിയിൽ വന്ധ്യംകരണ ശസ്ത്രക്രിയക്ക് വിധേയമായി. ശസ്ത്രക്രിയക്കായി അനസ്തേഷ്യ നൽകിയെങ്കിലും ശസ്ത്രക്രിയയെ തുടർന്ന് അവർ സ്വബോധത്തിലേക്ക് പിന്നീടൊരിക്കലും മടങ്ങി വന്നില്ല. അനസ്തേഷ്യ നൽകുകയും ശസ്ത്രക്രിയ നടത്തുകയും ചെയ്ത ഡോക്ടർമാരുടെ ശ്രദ്ധക്കുറവും ഉപേക്ഷയും മൂലമാണ് ഇത് സംഭവിച്ചതെന്ന് ചൂണ്ടിക്കാട്ടി വാദിഭാഗം നഷ്ടപരിഹാരം ആവശ്യപ്പെട്ട് ഹർജി സമർപ്പിച്ചു. ശസ്ത്രക്രിയ നടത്തുന്നതിൽ അശ്രദ്ധയോ ഉപേക്ഷയോ ഉണ്ടായിട്ടില്ലെന്ന് എതിർകക്ഷികൾ ചൂണ്ടിക്കാട്ടി. ശസ്ത്രക്രിയാസമയം അപ്രതീക്ഷിതവും ദൗർഭാഗ്യകരവുമായ ചില സങ്കീർണ്ണതകളുണ്ടായി എന്നും ആയത് എല്ലാ മാനുഷിക വൈദ്യശാസ്ത്ര നിയന്ത്രണങ്ങൾക്കും അപ്പുറമായിരുന്നുവെന്നും അതാണ് തുടർച്ചയായ അബോധാവസ്ഥയിലേക്ക് നയിച്ചതെന്നും എതിർകക്ഷികൾ വാദിച്ചു. മെഡിക്കൽ ബോർഡിന്റെ പരിശോധനയിൽ വന്ധ്യംകരണ ശസ്ത്രക്രിയക്കിടെ വാദിക്ക് ഹൃദയാഘാതം സംഭവിച്ചുവെന്നും ആയത് അപരിഹാര്യമാംവിധമുള്ള

തലച്ചോറിന്റെ തകരാറിന് കാരണമായെന്നും കണ്ടെത്തി. Res ipsa loquitor തത്വമനുസരിച്ച് സ്റ്റേറ്റിന് പരോക്ഷ ബാധ്യതയുണ്ടെന്ന് ചൂണ്ടിക്കാട്ടി വിചാരണക്കോടതി നഷ്ടപരിഹാരം അനുവദിച്ചു. അപ്പീലിൽ ഈ കോടതിയുടെ ഡിവിഷൻ ബഞ്ച് തെളിവ് തത്വങ്ങളുടെ സത്തയാണ് പരോക്ഷ ബാധ്യതാതത്വം എന്ന് ചൂണ്ടിക്കാട്ടി തെളിവ് ഭാരം വാദിക്കാണെങ്കിലും ബാധ്യത കണ്ടെത്തൽ ഒഴിവാക്കുന്നതിന്, അശ്രദ്ധയുണ്ട് എന്ന അനുമാനം നിരാകരിക്കുന്നതിനാവശ്യമായ തെളിവുകൾ പ്രതി ഹാജരാക്കണമെന്ന് ചൂണ്ടിക്കാട്ടി. ശസ്ത്രക്രിയക്ക് പരിപൂർണ്ണ ശ്രദ്ധയും കരുതലും നൽകിയിരുന്നതായി തെളിയിക്കുന്നതിൽ എതിർകക്ഷികൾ പരാജയപ്പെട്ടു. ശരിയായ ശ്രദ്ധ നൽകിയിരുന്നുവെങ്കിൽ തലച്ചോറിന് തകരാർ സംഭവിക്കുന്നത് ഒഴിവാക്കാൻ കഴിയുമായിരുന്നു. എതിർകക്ഷിയുടെ ഭാഗത്ത് ശ്രദ്ധക്കുറവുണ്ടായെന്ന വിചാരണക്കോടതിയുടെ കണ്ടെത്തൽ ഈ കോടതി ശരിവച്ചു. വന്ധ്യംകരണ ശസ്ത്രക്രിയ നടത്തിയ ഉദ്യോഗസ്ഥരുടെ/ഡോക്ടർമാരുടെ പിഴവിന് സ്റ്റേറ്റിന് പരോക്ഷബാധ്യതയില്ലെന്ന സ്റ്റേറ്റിന്റെ വാദം സാൻട്ര കേസിലെ വിധി ചൂണ്ടിക്കാട്ടി എൻ. നാഗേശ്വര റാവു & കമ്പനി V. സ്റ്റേറ്റ് ഓഫ് ആന്ധ്രാപ്രദേശ് (AIR 1994 SC 2663), കോമൺകോസ് V. യൂണിയൻ ഓഫ് ഇന്ത്യ (1996 (6) SCC 667), അച്യുത് റാവു ഹരിഭാവു ഖോഡ്വ V. സ്റ്റേറ്റ് ഓഫ് മഹാരാഷ്ട്ര (1996 KHC 193:AIR SC 2377) കേസുകളിലും കോടതി നിരാകരിച്ചു.

13. മേൽപ്പറഞ്ഞ ശാന്ത കേസിൽ, പരാജയപ്പെട്ട വന്ധ്യംകരണ ശസ്ത്രക്രിയയെ തുടർന്ന് സർക്കാരിനും ഡോക്ടർമാർക്കുമെതിരെ നഷ്ടപരിഹാരം ആവശ്യപ്പെട്ടുള്ള ഹർജിയിൽ ജോലിയിൽ വീഴ്ച സംഭവിച്ചിട്ടില്ലെന്നും മതിയായ ശ്രദ്ധയും ജാഗ്രതയും പുലർത്തിയിരുന്നെന്നും തെളിയിക്കേണ്ട ബാധ്യത ഡോക്ടർമാർ ഉൾപ്പെടുന്ന സ്റ്റേറ്റിനാണെന്നും, അപ്രകാരമല്ലെങ്കിൽ res ipsa loquitor തത്വം ബാധകമാകുമെന്നും നഷ്ടപരിഹാരം അനുവദിച്ചുകൊണ്ടുള്ള വിധി കോടതി പുറപ്പെടുവിക്കുന്നത് ന്യായീകരിക്കപ്പെടുമെന്നും ഈ കോടതിയുടെ ഡിവിഷൻ ബഞ്ച് വിധിച്ചു.

14. 1–ാം എതിർകക്ഷി/സ്റ്റേറ്റ് ആശ്രയിച്ച വിധികളിലേക്ക് വന്നാൽ, ബോലാം V. ഫ്രിയോൺ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി എന്ന കേസിൽ ഹർജിക്കാരനായ ജോൺ ഹെക്ടർ ബോലാം തനിക്ക് നൽകിയ ഇലക്ട്രോ കൺവൽസീവ് തെറാപ്പി (E.C.T) ചികിത്സയിൽ, എതിർകക്ഷികളായ ഫ്രിയോൺ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിക്കും അവരുടെ ജോലിക്കാർക്കും ഏജന്റുമാർക്കും സംഭവിച്ച അശ്രദ്ധയിന്മേൽ നഷ്ടപരിഹാരം തേടി നൽകിയ ഹർജിയാണ്. ചികിത്സക്കിടയിൽ അയാളുടെ തുടയെല്ലിന്റെ തലഭാഗം ഇടുപ്പിലേക്ക് തുളഞ്ഞുകയറി ഇടുപ്പെല്ലിന്റെ ഇരുഭാഗത്തും പൊട്ടലുകൾ സംഭവിച്ചു. വിഷാദരോഗം മൂലം ബുദ്ധിമുട്ടുകയായിരുന്ന ഹർജിക്കാരന് ചികിത്സയുടെ ഭാഗമായി E.C.T നൽകുകയായിരുന്നു. തലയുടെ ഇരുഭാഗത്തും ചാലകങ്ങൾ (electrode) പിടിപ്പിച്ച് തലച്ചോറിലൂടെ വൈദ്യുതപ്രവാഹം കടത്തിവിട്ടാണ്

E.C.T ചികിത്സ നടത്തുന്നത്. തലച്ചോറിലൂടെ വൈദ്യുതപ്രവാഹം കടത്തിവിടുമ്പോൾ തീവ്രഞെരുക്കമുള്ള ചലനങ്ങളുണ്ടാകുന്നതും അപസ്മാര ബാധപോലെ പേശീ വലിവും കോച്ചിപ്പിടിത്തവും രോഗിക്ക് ഉണ്ടാകുന്നതും അതിന്റെ പരിണിതഫല ങ്ങളിലൊന്നാണ്. ചികിത്സക്ക് മുമ്പായി പിരിമുറുക്കം കുറയ്ക്കുന്ന മരുന്ന് രോഗിക്ക് നൽകുകയാണെങ്കിൽ പേശികളുടെ പ്രതികരണങ്ങൾ തിരിച്ചറിയാൻ കഴിയുന്ന വിധം കുറയുന്നതാണ്. എന്നാൽ അത്തരത്തിലുള്ള യാതൊരു മരുന്നും നൽകാതെയും, കായികനിയന്ത്രണങ്ങൾ പ്രയോഗിക്കാതെയുമായിരുന്നു ഹർജിക്കാരന് ചികിത്സ നൽകിയത്. ചികിത്സക്കിടയിൽ സംഭവിച്ച തീവ്രഞെരുക്കമുള്ള പേശീചലനങ്ങൾ മൂലമാണ് അയാൾക്ക് പരിക്കുകൾ ഉണ്ടായത്. വാദിയെ കട്ടിലിൽ കിടത്തിയാണ് ചികിത്സ നൽകിയത്. മുൻകരുതലായി അയാളുടെ താടി താങ്ങിയും ചുമലുകളിൽ പിടിച്ചും വായിൽ തുണി തിരുകിയും കട്ടിലിൽ നിന്നും താഴെ വീണു പോകാതിരിക്കാൻ ഇരുവശങ്ങളിലുമായി നഴ്സുമാരും ഉണ്ടായിരുന്നു. തലച്ചോറിലൂടെ വൈദ്യുത പ്രവാഹം കടത്തിവിടുന്നതിന് മുമ്പായി പിരിമുറുക്കം കുറയ്ക്കുന്നതിനോ ബോധം കെടുത്തുന്നതിനോ ഉള്ള മരുന്നോ, പേശികളുടെ തീവ്രവലിഞ്ഞുമുറുകലുകൾ നിയന്ത്രിക്കുന്നതിനോ തടയുന്നതിനോ ഉള്ള മരുന്നുകളോ, അപസ്മാരബാധ ക്കിടയിൽ പേശീചലനങ്ങൾ നിയന്ത്രിക്കുന്നതിനോ തടയുന്നതിനോ ഉള്ള മരുന്നു കളോ, അപസ്മാരബാധക്കിടയിൽ പേശീചലനങ്ങൾ നിയന്ത്രിക്കുന്നതിനായി മതിയായ നഴ്സുമാരെ തരുകയോ ചെയ്യുന്നതിൽ എതിർകക്ഷികൾ അശ്രദ്ധകാട്ടിയ തായി ഹർജികക്ഷി ആരോപിച്ചു. ഇതോടൊപ്പം പിരിമുറുക്കം കുറയ്ക്കുന്ന മരുന്നോ പേശീചലനങ്ങൾ കായികമായി നിയന്ത്രിക്കുന്നതിനുള്ള സംവിധാനങ്ങളോ ഒരുക്കാതെ ചികിത്സ നൽകുന്നതിന് അനുവദിക്കുകയും, വാദി ചികിത്സക്ക് തയ്യാറായപ്പോൾ അതുവഴി ഉണ്ടായേക്കാവുന്ന അപകട സാധ്യതകൾ സംബന്ധിച്ച മുന്നറിയിപ്പുകളോ പ്രത്യേകിച്ചും പിരിമുറുക്കം കുറയ്ക്കുന്ന മരുന്നുകൾ മുൻകൂട്ടി നൽകാതെയും കായികനിയന്ത്രണ സംവിധാനങ്ങളില്ലാതെയുമാണ് ചികിത്സ നടത്താനുദ്ദേശിക്കുന്നതെന്ന് വാദിയെ അറിയിക്കുന്നതിൽ അവർ പരാജയപ്പെട്ടു. എതിർകക്ഷികൾ എല്ലാ ബാധ്യതകളും നിരാകരിച്ചു.

14.1. എതിർകക്ഷികൾ അശ്രദ്ധയ്ക്ക് കുറ്റക്കാരാണെങ്കിൽ മാത്രമാണ് നഷ്ടപരിഹാരം നൽകേണ്ടിവരുന്നത്. പ്രത്യേക വൈദഗ്ദ്ധ്യം ആവശ്യമില്ലാത്ത സാധാരണ ഒരു കേസിൽ അശ്രദ്ധ എന്ന് നിയമത്തിൽ അർത്ഥമാക്കുന്നത്, വിവേകമുള്ള ഒരാൾ ചെയ്യുന്ന പ്രവർത്തികൾ അതേ സാഹചര്യങ്ങളിൽ ചെയ്യുന്നതിൽ പരാജയപ്പെടുകയോ, വിവേകമുള്ള ഒരാൾ ചെയ്യാത്ത ചില കാര്യങ്ങൾ സമാന സാഹചര്യങ്ങളിൽ ചെയ്യുകയോ കൂടാതെ അത്തരം പ്രവർത്തി ചെയ്യുന്നതോ ചെയ്യാതിരിക്കുന്നതോ പരിക്കുകൾക്കിടയാകുകയോ ചെയ്താൽ അത് വ്യവഹാര ത്തിന് ഇടയാക്കുന്നു. സാധാരണനിലയിൽ ഇത്തരത്തിലുള്ള പ്രവർത്തിയോ പരാജയമോ അശ്രദ്ധയാണോ എന്ന് വിലയിരുത്തുന്നത് സാധാരണക്കാരന്റെയോ തെരുവ് നിവാസിയുടേയോ പ്രവർത്തിയെ അടിസ്ഥാനമാക്കിയാണ്. എന്നാൽ

എന്തെങ്കിലും പ്രത്യേക നൈപുണ്യമോ കഴിവോ പ്രയോഗിക്കേണ്ട സാഹചര്യത്തിൽ അശ്രദ്ധയുണ്ടോ ഇല്ലയോ എന്ന് പരിശോധിക്കുന്നത് പ്രത്യേക നിപുണതയൊന്നു മില്ലാത്ത സാധാരണക്കാരന്റെ അളവുകോൽ വച്ചിട്ടല്ല. ഏറ്റവും ഉയർന്ന വൈദഗ്ദ്ധ്യം ഒരാൾക്കുണ്ടാകണമെന്നില്ല; സാധാരണ പ്രാപ്തിയുള്ള ഒരാൾ പ്രയോഗിക്കുന്ന സാധാരണ വൈദഗ്ദ്ധ്യം ആ പ്രത്യേക കലയിൽ പ്രയോഗിക്കുന്നത് മതിയാകുന്നതാണ് എന്നത് സുസ്ഥിരമായ നിയമമാണ്. എന്നാൽ വൈദ്യശാസ്ത്രരംഗത്തുള്ള ഒരാളെ സംബന്ധിച്ചിടത്തോളം, അക്കാലത്തെ ന്യായമായ യോഗ്യതയുള്ള വൈദ്യശാസ്ത്ര ചികിത്സാരംഗത്തുള്ളവരുടെ നിലവാരത്തിൽ പ്രവർത്തിക്കുന്നതിലുള്ള പരാജയ ത്തെയാണ് അശ്രദ്ധ എന്ന് പറയുന്നത്. കുറ്റമറ്റതും ന്യായവുമായ ഒന്നോ അതിലധി കമോ മാനദണ്ഡങ്ങളുണ്ടാകാം, അതിലൊന്നാണ് പ്രയോഗിക്കുന്നതെങ്കിൽ അശ്രദ്ധ യുണ്ട് എന്ന് പറയാനാകില്ല. ഒരു പ്രത്യേക സമ്പ്രദായമാണ് ഏറ്റവും മികച്ചതെന്ന കേവലം വ്യക്തിപരമായ വിശ്വാസം, ആ വിശ്വാസത്തിന് യുക്തിപരമായ കാരണ ങ്ങളുടെ അടിത്തറയില്ലെങ്കിൽ നല്ല പ്രതിരോധമല്ല. യോഗ്യതയുള്ള ആദരണീയരായ വിദഗ്ദ്ധരുടെ അഭിപ്രായത്തിന് അനുസൃതമായാണോ എതിർകക്ഷികൾ പ്രവർത്തിച്ച രീതി എന്നാണ് പരിശോധിക്കേണ്ടതുള്ളത്. അപ്രകാരം യോഗ്യമായ വിദഗ്ദ്ധാഭി പ്രായത്തിന് അനുസൃതമായാണ് അവർ പ്രവർത്തിച്ചിട്ടുള്ളതെങ്കിൽ, അശ്രദ്ധയുണ്ടായി എന്ന് വിലയിരുത്തുന്നത് പിശകാണ്. രോഗനിർണ്ണയത്തിന്റേയും ചികിത്സയുടേയും രംഗത്ത് അഭിപ്രായ വ്യത്യാസങ്ങൾക്ക് ധാരാളം സാധ്യതയുണ്ട്. ഒരാളുടെ നിർണ്ണയം മറ്റു വിദഗ്ദ്ധരുടേതിൽ നിന്ന് വ്യത്യാസപ്പെട്ടിരിക്കുന്നതുകൊണ്ടോ മറ്റുള്ളവരുടേതിൽ നിന്ന് കുറഞ്ഞ വൈദഗ്ദ്ധ്യമോ അറിവോ പ്രദർശിപ്പിച്ചിരിക്കുന്നതുകൊണ്ടോ അയാൾക്ക് വ്യക്തമായും അശ്രദ്ധയുണ്ടായി എന്ന് പറയാനാവില്ല. സാധാരണ ശ്രദ്ധയോടെ പ്രവർത്തിക്കുകയാണെങ്കിൽ സാമാന്യ വൈദഗ്ദ്ധ്യമുള്ള ഒരു ഡോക്ടറും കുറ്റക്കാരനാ കാത്തതുപോലെ, അത്തരം പരാജയത്തിന് അദ്ദേഹം കുറ്റക്കാരനാണെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ടോ എന്നുള്ളതാണ് രോഗനിർണ്ണയത്തിലോ ചികിത്സയിലോ ഒരു ഡോക്ടറുടെ ഭാഗത്ത് നിന്ന് അശ്രദ്ധയുണ്ടായി എന്ന് സ്ഥാപിക്കുന്നതിനുള്ള യഥാർത്ഥ പരീക്ഷണം. അതിനാൽ എതിർകക്ഷികൾ അവർ തുടരുന്ന രീതി പിന്തുടർന്നതിലൂടെ യോഗ്യതയുള്ള ഒരു വൈദ്യനും വേണ്ടത്ര കരുതലോടെ ചെയ്യാത്ത എന്തെങ്കിലും ചെയ്യുകയാണോ അതോ അവർ നന്നായി അംഗീകരിക്കപ്പെട്ട ചിന്താഗതിക്ക് അനുസൃതമായി പ്രവർത്തിക്കുകയാണോ എന്നുള്ളതാണ് ചോദ്യം.

14.2 പരിക്കുകൾ വാദിയിൽ വിനാശകരമായ ഫലങ്ങൾ ഉളവാക്കി എന്നതിന്റെ തെളിവുകൾ അങ്ങേയറ്റം അപൂർവ്വമായ ഒന്നായിരുന്നു. പിരിമുറുക്കം കുറയ്ക്കുന്ന മരുന്നുകളുടെ പതിവായ ഉപയോഗത്തെ എതിർക്കുന്ന ഒരു ഉറച്ച അഭിപ്രായം ഉണ്ടെന്നത് കാണിക്കുന്ന തെളിവുകളും കൊണ്ടുവന്നു. ശാരീരിക നിയന്ത്രണം ചെലുത്തിയതായി എതിർകക്ഷികളും സമ്മതിച്ചുവെങ്കിലും, കുറച്ചു നിയന്ത്രണമേ ഉള്ളൂവെങ്കിൽ ഒടിവുകൾ ഉണ്ടാകാനുള്ള സാധ്യത കുറവായിരിക്കുമെന്ന് അവർ അനുഭവങ്ങളിൽ നിന്നും അഭിപ്രായപ്പെട്ടു. അശ്രദ്ധ സംബന്ധിച്ച മേൽപരീക്ഷണം

പ്രയോഗിച്ചതിനുശേഷം രേഖപ്പെടുത്തപ്പെട്ട തെളിവുകളുടെ വെളിച്ചത്തിൽ എതിർകക്ഷികൾ/ഡോക്ടർമാരുടെ ഭാഗത്തുനിന്നും അശ്രദ്ധയൊന്നുമില്ല എന്ന നിഗമനത്തിൽ ഹർജിക്കാരിക്ക് നഷ്ടപരിഹാരത്തിന് അർഹതയില്ല എന്ന് വിധിച്ചു.

15. പരാജയപ്പെട്ട വന്ധ്യംകരണ ശസ്ത്രക്രിയയിൽ നഷ്ടപരിഹാരം ആവശ്യപ്പെട്ടുള്ള സമാനമായ കേസാണ് മേൽപ്പറഞ്ഞ ശിവറാം കേസിൽ പരമോന്നത കോടതിയുടെ മൂന്നംഗ ബഞ്ച് പരിഗണിച്ചത്. വിചാരണ കോടതിയുടെ വിധി, അപ്പീൽ കോടതി സ്ഥിരീകരിച്ചു. അശ്രദ്ധയെന്നത്, മനുഷ്യാവസ്ഥകളുടെ നിർവ്വഹണത്തെ സാധാരണ നിയന്ത്രിക്കുന്ന പരിഗണനകളും ന്യായബോധമുള്ള ഒരു മനുഷ്യൻ ചെയ്യാൻ കഴിയുന്ന എന്തെങ്കിലും ചെയ്യുന്നതിൽ നിന്ന് ഒഴിവാകുകയോ അല്ലെങ്കിൽ വിവേകിയും ന്യായബോധമുള്ളതുമായ ഒരു മനുഷ്യൻ ചെയ്യാൻ പാടില്ലാത്ത എന്തെങ്കിലും ചെയ്യുകയോ മൂലമുണ്ടാകുന്ന കർത്തവ്യലംഘനമാണെന്ന് ബോലാം ടെസ്റ്റ് പ്രയോഗിച്ചുകൊണ്ട് സുപ്രീംകോടതി വിധിച്ചു. അശ്രദ്ധയുടെ അവിഭാജ്യ ഘടകങ്ങൾ (1) കർത്തവ്യം (2) ലംഘനം (3) തൽഫലമായുണ്ടാകുന്ന നാശം എന്നിവ യാണ്. കേവലം ലഘുവായ ഒരു സൂക്ഷ്മതയില്ലായ്മയോ തീരുമാനത്തിലെ പിഴവോ ഒരു അപകടമോ ഒരു വൈദ്യശാസ്ത്രവിദഗ്ദ്ധന്റെ ഭാഗത്തുനിന്നുള്ള അശ്രദ്ധക്കുള്ള തെളിവാകുന്നില്ല. മെച്ചപ്പെട്ട ഇതര ചികിത്സാരീതിയോ സമ്പ്രദായമോ ലഭ്യമാക്കാമായി രുന്നെന്നോ കൂടുതൽ പ്രഗത്ഭനായ ഒരു ഡോക്ടർ ഈ ചികിത്സാരീതിയോ സമ്പ്രദായമോ ഉപയോഗിക്കുമായിരുന്നില്ലെന്നോ ഉള്ള കേവലകാരണങ്ങളാൽ വൈദ്യശാസ്ത്രരംഗത്ത് അക്കാലത്ത് അംഗീകരിക്കപ്പെട്ടിട്ടുള്ള ഒരു ചികിത്സാരീതി പിന്തുടരുന്നിടത്തോളം കാലം ഡോക്ടറെ അശ്രദ്ധക്ക് കുറ്റക്കാരനായി വിധി ക്കാനാവില്ല. ഒരു വിദഗ്ദ്ധനെ അശ്രദ്ധയ്ക്കു കുറ്റക്കാരനായി കാണാൻ ഇനി പറയുന്ന രണ്ട് കണ്ടെത്തലുകളിൽ ഒന്നെങ്കിലും വേണം. ഒന്നുകിൽ അയാൾക്കുണ്ടായി രുന്നതായി അവകാശപ്പെടുന്ന അവശ്യം വേണ്ടുന്ന വൈദഗ്ദ്ധ്യം അയാൾക്കില്ലാ തിരിക്കണം, അല്ലെങ്കിൽ ന്യായമായ കഴിവുകളുള്ള അയാൾ പ്രസ്തുത കേസിൽ തന്റെ കഴിവ് വിനിയോഗിക്കാതിരിക്കണം. സാമാന്യ വൈദഗ്ദ്ധ്യമുള്ള പ്രാപ്തനായ ഒരു സാധാരണ മനുഷ്യൻ തന്റെ തൊഴിലിൽ വൈദഗ്ദ്ധ്യം പ്രയോഗിച്ചിട്ടുണ്ടോ എന്നതാണ്, കുറ്റാരോപിതനായ ആൾ അശ്രദ്ധ കാട്ടിയോ ഇല്ലയോ എന്ന് വിധിയെഴുതാൻ പ്രയോഗിക്കേണ്ട അളവുകോൽ.

15.1 വന്ധ്യംകരണശസ്ത്രക്രിയ നടത്തിയ ഡോക്ടർക്ക് ശസ്ത്രക്രിയ നടത്തു വാനുള്ള പ്രാപ്തിയില്ലാതിരുന്നിട്ടും അയാൾ അതിനുമുതിർന്നതായുള്ള ആരോപണം വാദികൾ ഉന്നയിച്ചിട്ടില്ലെന്ന് പരമോന്നതകോടതി ശ്രദ്ധിച്ചു. ശസ്ത്രക്രിയ നടത്തിയ ഡോക്ടർ അശ്രദ്ധ കാട്ടിയതായുള്ള ആക്ഷേപം വാദികൾക്കോ ഏതെങ്കിലും കോടതികളുടെ കണ്ടെത്തലിലോ ഉണ്ടായിരുന്നില്ല. ശസ്ത്രക്രിയ നടത്തിയ ഡോക്ടർ ഒരു ശസ്ത്രക്രിയാ വിദഗ്ദ്ധൻ എന്നുള്ള നിലയിൽ തന്നിൽ അർപ്പിതമായ എന്തെങ്കിലും കർത്തവ്യം ലംഘിച്ചതായുള്ള ആക്ഷേപവും ഉണ്ടായിരുന്നില്ല. വൈദ്യശാസ്ത്രത്തിന്

അറിവുള്ളതും അംഗീകരിക്കപ്പെട്ടതുമായ സാങ്കേതികവിദ്യയിലൂടെയാണ് ശസ്ത്രക്രിയ നടത്തിയിട്ടുള്ളത്. യഥാവിധി നടത്തിയെങ്കിലും പരാജയപ്പെട്ടുപോയ ഒരു തികഞ്ഞ ലഘുവായ വന്ധ്യംകരണ ശസ്ത്രക്രിയയുടെ കാര്യമാണിത്. സ്ത്രീകളുടെ വന്ധ്യം കരണ ശസ്ത്രക്രിയാരംഗത്ത് ഇന്നത്തെ വൈദ്യശാസ്ത്രം അംഗീകരിച്ചിട്ടുള്ള ധാരാളം ഇതരസമ്പ്രദായങ്ങൾ ഉണ്ടെന്ന് ഈ വിഷയത്തിലെ അനവധി വൈദ്യശാസ്ത്ര ഗ്രന്ഥങ്ങൾ പരാമർശിച്ചശേഷം പരമോന്നത കോടതി പറഞ്ഞു. സങ്കീർണ്ണത കുറവു ള്ളതും, കുറഞ്ഞ ശാരീരിക ഇടപെടൽ ആവശ്യമുള്ളതും ആശുപത്രിവാസം തീരെ കുറവുള്ളതുമായതിനാൽ അവയിൽ ചിലത് കൂടുതൽ പ്രചാരത്തിലുള്ളതാണ്. എന്നിരുന്നാലും ഒരു രീതിയും പിഴവില്ലാത്തതല്ല, കൂടാതെ പ്രബലമായ ഒരു വന്ധ്യംകരണ മാർഗ്ഗവും 100 ശതമാനം വിജയം ഉറപ്പുനൽകുന്നുമില്ല. പരാജയത്തിന്റെ കാരണങ്ങൾ മനുഷ്യശരീരത്തിലെ സ്വഭാവിക പ്രവർത്തനങ്ങളുടെ ഫലമായിരിക്കാം, നിശ്ചയമായും സർജന്റെ ഭാഗത്തുനിന്നുള്ള ഏതെങ്കിലും വീഴ്ച്ചയായിരിക്കില്ല. ഗൈനക്കോളജിയിലെ ആധികാരിക ഗ്രന്ഥങ്ങളും നടത്തിയ പരീക്ഷണഗവേഷണ ങ്ങളും നിരവധി അംഗീകൃതവും സ്വീകാര്യവുമായവയിൽ നിന്ന് തെരഞ്ഞെടുക്കുന്ന സാങ്കേതിക വിദ്യയെ അവലംബിച്ച് 0.3 ശതമാനം മുതൽ 7 ശതമാനം വരെ പരാജയം സംഭവിക്കാമെന്ന് പറയുന്നു. ഗർഭപാത്രം നീക്കം ചെയ്യുക എന്നതാണ് കുറ്റമറ്റരീതി യെങ്കിലും അത് ആശാസ്യമായി കരുതപ്പെടുന്നില്ല. കേവലം കുടുംബാസൂത്രണ ത്തിനല്ലാതെ മറ്റെന്തെങ്കിലും കാര്യങ്ങൾക്കാണ് ആവശ്യമെങ്കിൽ അത്തരം നടപടിക്രമം അവലംബിക്കുന്നത്. അതിനാൽ വന്ധ്യംകരണ ശസ്ത്രക്രിയക്ക് വിധേയയായ സ്ത്രീ ഗർഭിണിയാവുകയും ഒരു കുട്ടിയെ പ്രസവിക്കുകയും ചെയ്തു എന്ന കേവല കാരണത്താൽ സർജറി നടത്തിയ ഡോക്ടറോ അദ്ദേഹത്തിന്റെ തൊഴിൽദാതാവോ അനാവശ്യ ഗർഭധാരണത്തിനോ ആഗ്രഹിച്ചിട്ടില്ലാത്ത കുട്ടിയുടേയോ പേരിൽ നഷ്ട പരിഹാരം നൽകാൻ ബാധ്യസ്ഥരാവുന്നില്ലെന്ന നിഗമനത്തിൽ പരമോന്നതകോടതി എത്തിച്ചേർന്നു. ശസ്ത്രക്രിയ നടത്തുന്നതിൽ സർജന്റെ ഭാഗത്ത് നിന്ന് അശ്രദ്ധയു ണ്ടെങ്കിൽ മാത്രമേ അപകൃത്യത്തിലെ അവകാശവാദം നിലനിൽക്കുകയുള്ളൂ. അതുപോലെ തന്നെ ശസ്ത്രക്രിയാനന്തരം ഗർഭധാരണം സംഭവിക്കുകയില്ലെന്ന 100% ഉറപ്പ് സർജൻ നൽകിയിട്ടുണ്ടായിരുന്നതായും കൂടാതെ ആ ഉറപ്പിന്റെ അടിസ്ഥാന ത്തിലാണ് സർജറിക്കു വിധേയയാകാൻ വാദി പ്രേരിപ്പിക്കപ്പെട്ടതെന്നും വാദി ആരോപിക്കുകയും തെളിയിക്കുകയും ചെയ്തില്ലെങ്കിൽ സർജനെ കുറ്റക്കാരനാ ക്കാൻ കഴിയില്ല. ഈ വിധിയിൽ പരാമർശിച്ച വിവിധ വിധിന്യായങ്ങൾ ആശ്രയിച്ച് സാധാരണഗതിയിൽ ഒരു സർജനും അത്തരമൊരു ഉറപ്പ് നൽകുകയില്ലെന്ന് പരമോന്നത കോടതി അഭിപ്രായപ്പെട്ടു. കൂടാതെ പരമോന്നത കോടതി സാൻട്രാ വിധിയെ വേർതിരിച്ചു കാട്ടി.

15.2. സാൻട്രാ കേസിലെ സ്ത്രീ തന്റെ ഭാഗിക സർജറിക്കല്ല, പൂർണ്ണ വന്ധ്യംകരണ ശസ്ത്രക്രിയക്കായാണ് സമ്മതം നൽകിയതെന്നും ആയതിനാൽ അവളുടെ രണ്ട് ഫലോപ്യൻ ട്യൂബുകളും സർജറി നടത്തേണ്ടതായിരുന്നുവെന്നുമുള്ള

വസ്തുത കണ്ടെത്തുകയുണ്ടായി. എന്നിരുന്നാലും അവളുടെ ഇടത് ഫലോപ്യൻ ട്യൂബ് ഒഴിവാക്കി വലത് ഫലോപ്യൻ ട്യൂബ് മാത്രമാണ് സർജറി നടത്തിയത്. സർജറി വിജയകരമായിരുന്നു എന്ന സർട്ടിഫിക്കറ്റ് അവൾക്ക് നൽകുകയും ഭാവിയിൽ അവൾ ഒരു കുട്ടിയെ ഗർഭം ധരിക്കുകയില്ലെന്ന ഉറപ്പ് നൽകുകയും ചെയ്യുകയുണ്ടായി. അത്തരം സാഹചര്യത്തിലാണ് ചികിത്സയിൽ അശ്രദ്ധക്ക് നഷ്ടപരിഹാരം അനുവദിച്ചു കൊണ്ടുള്ള വിധി ന്യായീകരിക്കപ്പെടുന്നത്. മെഡിക്കൽ സയൻസിന് നാളിതുവരെ അറിവുള്ള ജനകീയവും പ്രചാരണത്തിലുള്ളതുമായ വന്ധ്യംകരണ രീതികൾ 100% സുരക്ഷിതവും ഭദ്രവുമല്ലെന്നും കൂടി കോടതി വിധിച്ചു. സർജന്റെ ഭാഗത്തുനിന്നും യാതൊരു അശ്രദ്ധയുമില്ലാതെ വിജയകരമായി നടത്തിയ ശസ്ത്രക്രിയയിലും സ്വാഭാവിക കാരണങ്ങളാൽ വന്ധ്യംകരണത്തിന് വിധേയയായ സ്ത്രീ ഗർഭിണി യാകാം. സ്ത്രീക്ക് ഒരിക്കൽ തന്റെ ആർത്തവചക്രം നഷ്ടപ്പെട്ടാൽ ഡോക്ടറെ സമീപിച്ച് ദമ്പതിമാർ ഉപദേശം തേടുമെന്നാണ് പ്രതീക്ഷിക്കുന്നത്. കൂടാതെ 1860-ലെ ഇന്ത്യൻ ശിക്ഷാനിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും നിശ്ചിത സാഹചര്യങ്ങളിൽ ഗർഭാവസ്ഥയുടെ 20 ആഴ്ചക്കുള്ളിൽ ഒരു രജിസ്റ്റേഡ് മെഡിക്കൽ പ്രാക്ടീഷണറാൽ ഗർഭച്ഛിദ്രം നടത്താൻ 1971-ലെ മെഡിക്കൽ ടെർമിനേഷൻ ഓഫ് പ്രെഗ്നൻസി ആക്റ്റിലെ 3-ാം വകുപ്പ് അനുവദിക്കുന്നു. വിവാഹിതയായ സ്ത്രീയോ, അവളുടെ ഭർത്താവോ കുട്ടികളുടെ എണ്ണം പരിമിതപ്പെടുത്തുന്നതിനായി ഉപയോഗിക്കുന്ന ഏതെങ്കിലും ഉപകരണത്തിന്റെയോ രീതിയുടേയോ കാരണത്താൽ ഗർഭധാരണം സംഭവിക്കുകയാ ണെങ്കിൽ, അത്തരം അനാവശ്യ ഗർഭധാരണം മൂലമുണ്ടാകുന്ന വേദന, ഗർഭിണിയായ സ്ത്രീയുടെ മാനസികാരോഗ്യത്തിൽ സാരമായ കേടിന് കാരണമാക്കിയേക്കുമെന്ന് 3-ാം വകുപ്പിന്റെ 2-ാം ഉപവകുപ്പിന് അനുബന്ധമായുള്ള വിശദീകരണത്തിൽ പറയുന്നു. നിയമപ്രകാരം ഗർഭം അവസാനിപ്പിക്കുന്നതിന് നിയമപരമായി സാധുത യുള്ള കാരണങ്ങൾ അത് വ്യക്തമാക്കുന്നു. അനാവശ്യ ഗർഭധാരണത്താൽ കഷ്ടത അനുഭവിക്കുന്ന സ്ത്രീക്ക് അത് അവസാനിപ്പിക്കാവുന്നതാണ്, ആയത് നിയമപരവും അനുവദനീയവുമാണ്.

15.3. പരാജയപ്പെട്ട വന്ധ്യംകരണ ശസ്ത്രക്രിയാകേസുകളിൽ നഷ്ടപരിഹാരം ഉന്നയിക്കുന്നതിനുള്ള വ്യവഹാരകാരണം കുട്ടിയുടെ ജനനമല്ല, സർജന്റെ അശ്രദ്ധയാണ്. സ്വാഭാവിക കാരണങ്ങളാലുണ്ടാകുന്ന പരാജയം നഷ്ടപരിഹാരം ഉന്നയിക്കാനുള്ള കാരണമാകുന്നില്ല. കുട്ടിയെ ഗർഭം ധരിച്ച സ്ത്രീയാണ് ഗർഭം അവസാനിപ്പിക്കലിന് പോകണോ പോകണ്ടയോ എന്ന് തീരുമാനിക്കുന്നത്. വന്ധ്യംകരണ ശസ്ത്രക്രിയക്ക് വിധേയയായിട്ടും ഗർഭധാരണം സംബന്ധിച്ച അറിവ് ലഭിക്കുന്ന ദമ്പതിമാർ കുട്ടിയെ വളർത്തുകയാണെങ്കിൽ അത് ആഗ്രഹിക്കാതെ യുണ്ടായ കുട്ടിയല്ലാതായി മാറുന്നു. അപ്പോൾ കുട്ടിയെ പരിപാലിക്കുന്നതിനും വളർത്തുന്നതിനുമുള്ള നഷ്ടപരിഹാരം അവകാശപ്പെടാനാവില്ല. വാദി, വന്ധ്യംകരണ ശസ്ത്രക്രിയക്ക് വിധേയയായിട്ടും അവൾ ഗർഭം ധരിച്ചു എന്ന കാരണം കൊണ്ടുമാത്രം കോടതികൾ നഷ്ടപരിഹാരം അനുവദിക്കുവാനുള്ള വിധിയുമായി മുന്നോട്ടു

പോയതിനാൽ വിചാരണ കോടതിയും അപ്പീൽകോടതികളും വിധിച്ച വിധിന്യായവും വിധിയും നിലനിൽക്കുന്നതല്ലെന്ന് വിധിച്ചു. ശസ്ത്രക്രിയ നടത്തിയ സർജനേയോ അയാളുടെ തൊഴിൽദാതാവായ സ്റ്റേറ്റിനേയോ കരാറിലോ ടോർട്ടിലോ നാശനഷ്ട ങ്ങൾക്ക് ബാധ്യസ്ഥനാക്കുന്ന ഒരു കണ്ടെത്തലും വന്നിട്ടില്ല. അപ്രകാരമിരിക്കെ, പരാതിക്കാരിക്ക് അനുകൂലമായി നഷ്ടപരിഹാരം വിധിച്ച ഉത്തരവ് റദ്ദാക്കുകയും അപ്പീൽ അനുവദിക്കുകയും ചെയ്തു.

16. മേൽപ്പറഞ്ഞ രാജ്റാണി കേസും പരാജയപ്പെട്ട സമാനമായൊരു വന്ധ്യം കരണ ശസ്ത്രക്രിയയുടേതാണ്. അനാവശ്യ ഗർഭധാരണം, 'ആഗ്രഹിക്കാതെയുണ്ടായ കുട്ടി' എന്ന വ്യവഹാരകാരണം അടിസ്ഥാനമാക്കി സർജറി നടത്തിയ ഡോക്ടർ ക്കെതിരെ സർജറിയിൽ പരാജയം ആരോപിച്ച് നഷ്ടപരിഹാരം ആവശ്യപ്പെട്ട് കേസ് ഫയൽ ചെയ്യപ്പെട്ടു. വൈദ്യശാസ്ത്രരംഗത്ത് പ്രചാരത്തിലുള്ളതും തൃപ്തികരവുമായ ധാരാളം മാർഗ്ഗങ്ങളിൽ നിന്നും സർജറി നടത്താനായി തെരഞ്ഞെടുത്ത സാങ്കേതികതയേയോ രീതിയേയോ ആസ്പദമാക്കി വന്ധ്യംകരണ ശസ്ത്രക്രിയയിലെ സ്വാഭാവിക കാരണങ്ങളാലുള്ള പരാജയത്തിന്റെ ശതമാനം 0.3% മുതൽ 7% വരെ വ്യത്യാസപ്പെട്ടിരിക്കുന്നതായി ചികിത്സാരംഗത്തെ അശ്രദ്ധയെക്കുറിച്ചുള്ള നിരവധി ഗ്രന്ഥങ്ങളിൽ പ്രതിപാദിച്ചിട്ടുള്ളതായി പരമോന്നത കോടതി നിരീക്ഷിച്ചു. വൈദ്യശാസ്ത്രം അംഗീകരിച്ചിട്ടുള്ള ഒരു സാങ്കേതികത സ്വീകരിച്ച് മിടുക്കനായ ഒരു ഡോക്ടർ വിജയകരമായി നടത്തിയ ശസ്ത്രക്രിയയിൽ പോലും മുറിക്കുകയും അടക്കുകയും ചെയ്ത ഫലോപ്യൻ ട്യൂബുകൾ വീണ്ടും ഒന്നിക്കുകയും സ്ത്രീ ഗർഭിണി യാവുകയും ചെയ്യപ്പെടാം. അപ്രകാരം സർജന്റെ അശ്രദ്ധക്കപ്പുറമുള്ള കാരണ ങ്ങളാൽ ഗർഭധാരണം സംഭവിക്കുന്നതാണ്. അശ്രദ്ധക്ക് തെളിവില്ലെങ്കിൽ മേൽ വിവരിച്ച ശിവറാം കേസിലെ വിധിയെ ആശ്രയിച്ച് നഷ്ടപരിഹാരം നൽകാൻ സർജൻ ബാധ്യസ്ഥനല്ലെന്ന് വിധിച്ചു. അപ്പോൾ സ്റ്റേറ്റ് ബാധ്യസ്ഥമാണെന്ന ചോദ്യവും ഉയരുന്നില്ല. അപ്രകാരം നഷ്ടപരിഹാരത്തിനുള്ള അവകാശവാദവും നിരസിക്കപ്പെട്ടു.

17. മേൽവിവരിച്ച കുസും ശർമ്മ കേസിലും അശ്രദ്ധയ്ക്ക് ഒരു സർജനെ ബാധ്യസ്ഥമാക്കിയേക്കാവുന്ന മേൽവിവരിച്ച തത്വങ്ങൾ ഊട്ടിയുറപ്പിക്കപ്പെട്ടു.

18. മേൽവിവരിച്ച പി.ജി. കുമാരി അമ്മയുടേത് അനാവശ്യവും ആഗ്രഹി ച്ചിട്ടില്ലാത്തതുമായ ഗർഭധാരണത്തിന് നിദാനമായ പരാജയപ്പെട്ട ഒരു വന്ധ്യംകരണ ശസ്ത്രക്രിയയിൽ നഷ്ടപരിഹാരം ആവശ്യപ്പെട്ടുള്ള മറ്റൊരു കേസാണ്. ഹർജിക്കാരിയുടെ സാക്ഷികളിൽ ഒരാളും, ഹർജിക്കാരിയെ പരിശോധിച്ച കോട്ടയം മെഡിക്കൽ കോളേജിലെ ഗൈനക്കോളജി വകുപ്പിൽ നിന്നും വിരമിച്ച പ്രൊഫസറുടെ അഭിപ്രായത്തിൽ, ഫലോപ്യൻ ട്യൂബിൽ റിംഗ് പ്രയോഗിക്കുന്നത് വന്ധ്യംകരണ ത്തിനുള്ള പലമാർഗ്ഗങ്ങളിൽ ഒന്നാണ്. അവരുടെ അഭിപ്രായത്തിൽ പലകാരണ ങ്ങളാൽ വന്ധ്യംകരണം പരാജയപ്പെടാം. ഫലോപ്യൻ ട്യൂബിന്റെ ഇരു വശത്തും,

ഇടത്തും വലത്തും റിംഗ് ഇട്ടുകഴിഞ്ഞാൽ സർജറി കഴിഞ്ഞു, വന്ധ്യംകരണം പൂർണ്ണമായി. റിംഗ് ഇടുന്നതിൽ സംഭവിക്കാവുന്ന വീഴ്ചക്ക് കാരണവും അവർ ചൂണ്ടിക്കാട്ടി. അവരുടെ അഭിപ്രായത്തിൽ ഗർഭാശയത്തിലേക്ക് നീളുന്ന ഫലോപ്യൻ ട്യൂബിനെ മൂടുന്ന ആവരണമായ മിസോസാൽപ്പിൻക്സിന്റെ (Mesosalpinx) വലതുവശത്തായാണ് റിംഗ് കണ്ടെത്തിയത്. ഫലോപ്യൻ ട്യൂബ് സ്വതന്ത്രമായിരുന്നു എന്നാണിത് സൂചിപ്പിക്കുന്നത്. വന്ധ്യംകരണ ശസ്ത്രക്രിയ നടത്തിയെങ്കിലും ഗർഭധാരണം സംഭവിക്കാനുള്ള കാരണം ഇതായിരിക്കാമെന്ന് അവർ പറയുന്നു. എതിർകക്ഷികൾ തെളിവുകളൊന്നും ഹാജരാക്കിയില്ല. വന്ധ്യംകരണ ശസ്ത്രക്രിയ നടത്തിയ ഡോക്ടറുടെ ഭാഗത്ത് അശ്രദ്ധയൊന്നും സംഭവിച്ചിട്ടില്ല എന്ന് വെളിപ്പെടുത്താനുള്ള യാതൊരു പരിശ്രമവും സ്റ്റേറ്റിന്റെ ഭാഗത്തുനിന്നും ഉണ്ടായില്ല. അശ്രദ്ധയില്ല എന്ന് പ്രാഥമികമായി വെളിവാക്കാനുള്ള ബാധ്യത സ്റ്റേറ്റിനാണെന്ന് ഇതിനർത്ഥമില്ല. എന്നാൽ ഫലോപ്യൻ ട്യൂബിലല്ല, മീസോസാൽപ്പിൻക്സിന്റെ വലതുവശത്തായാണ് റിംഗ് കാണപ്പെടുന്നതെന്നും, ഇതാകാം ഗർഭധാരണത്തിന് സാധ്യമായ കാരണമെന്നുമുള്ള മേൽസാക്ഷിയുടെ തെളിവ് അവഗണിക്കാനാവില്ല. വന്ധ്യംകരണ ശസ്ത്രക്രിയ നടത്തിയ ഡോക്ടറുടെ അശ്രദ്ധകൊണ്ടാകാം അത്തരം ഒരു സാഹചര്യം ഉണ്ടായതെന്ന തെളിവുകൾ ഉള്ളപ്പോൾ, അതങ്ങനെയല്ലെന്ന് സ്റ്റേറ്റിന്റെ ഭാഗത്തുനിന്ന് ചൂണ്ടിക്കാട്ടേണ്ടതായിരുന്നു. ശസ്ത്രക്രിയ നടത്തുമ്പോൾ യാതൊരു അശ്രദ്ധയും കാണിച്ചിട്ടില്ലെന്നും പിൽക്കാല ഗർഭധാരണം അവരുടെ നിയന്ത്രണങ്ങൾക്കതീതമായ കാരണങ്ങളാലും സ്വാഭാവികവും മറ്റു കാരണങ്ങളാലും സംഭവിച്ചതാണെന്നും തെളിവുകൾ നിരത്തി അവർ വെളിപ്പെടുത്തേണ്ടതായിരുന്നു. അത്തരം തെളിവുകളിവിടെ ഉണ്ടായിരുന്നില്ല. അങ്ങനെ ഹർജിക്കാരി പ്രാഥമിക കർത്തവ്യത്തിൽ നിന്നും ഒഴിവാക്കപ്പെട്ടു. അതിനുശേഷം ഖണ്ഡന തെളിവുകൾ ഹാജരാക്കേണ്ടത് എതിർഭാഗമായിരുന്നു. അപ്രകാരമുണ്ടായില്ല. വിചാരണ കോടതി വിഷയം വിശദമായി പരിഗണിച്ചതിനുശേഷം വന്ധ്യംകരണ ശസ്ത്രക്രിയ നടത്തിയ ഡോക്ടറുടെ ഭാഗത്തുനിന്നുള്ള അശ്രദ്ധയാണ് പിൽക്കാല ഗർഭധാരണത്തിന് നിദാനമെന്ന് കണ്ടെത്തി. ഈ കണ്ടെത്തൽ കേസിലെ രേഖപ്പെടുത്തപ്പെട്ട വസ്തുതകളും ഹാജരാക്കപ്പെട്ട തെളിവുകളും അടിസ്ഥാനമാക്കിയുള്ളതാണ്. അവ തലതിരിഞ്ഞതോ അനാവശ്യമോ അല്ലെന്ന് ഈ കോടതി മനസ്സിലാക്കിയതാണ്. ആയതിലാണ് അപ്പീലിലൂടെ ഇടപെടൽ ആവശ്യപ്പെടുന്നത്. നഷ്ടപരിഹാരത്തിനായുള്ള അവകാശവാദം അപ്രകാരം ശരിവയ്ക്കപ്പെട്ടു.

19. ഹർജിക്കാരി ആശ്രയിച്ച വിധിന്യായങ്ങൾ നിലവിലുള്ള കേസിലെ വസ്തുതകൾക്ക് ബാധകമല്ല. കാരണം, ആ എല്ലാ കേസുകളിലും അശ്രദ്ധക്കും, ശരിയായ സൂക്ഷ്മതയും ജാഗ്രതയും യഥാർത്ഥത്തിൽ പുലർത്തിയിരുന്നതായി തെളിയിക്കുന്നതിൽ സംസ്ഥാനത്തെ ഉദ്യോഗസ്ഥരുടെ വീഴ്ചക്കും തെളിവുകളുണ്ടായിരുന്നു. സർജറി നടത്തിയ രണ്ടാം എതിർകക്ഷിയായ ഡോക്ടറുടെ ഭാഗത്തു

നിന്നുള്ള അശ്രദ്ധയും സൂക്ഷ്മതയില്ലായ്മയും പ്രഥമദൃഷ്ട്യാ വെളിവാക്കുക എന്ന പ്രാരംഭ ചുമതലയിൽ നിന്നും നിലവിലുള്ള കേസിലെ ഹർജികക്ഷി ഒഴിവാക്കപ്പെട്ടിരുന്നില്ല. അപ്പോൾ മാത്രമാണ് അത് ഖണ്ഡിക്കുന്നതിനുള്ള ഉത്തരവാദിത്വം എതിർകക്ഷികളിലേക്ക് മാറുന്നതും അവരുടെ ഭാഗത്തുനിന്നും അശ്രദ്ധയോ തിടുക്കമോ ഉണ്ടായിട്ടില്ലെന്ന് സ്ഥാപിക്കാൻ കഴിയുന്നതും. സർജറി നടത്താൻ വേണ്ട യോഗ്യതയോ, വേണ്ടത്ര കഴിവോ സർജറി നടത്തിയ രണ്ടാം പ്രതിക്ക് ഉണ്ടായിരുന്നില്ലെന്നും എന്നിട്ടും സർജറി നടത്താൻ ധൈര്യപ്പെട്ടു എന്ന അഭിപ്രായം ഹർജിക്കാരിക്ക് ഇല്ല. പി.പി.എസ് സർജറിക്ക് വിധേയയായിട്ടും അവൾ ഗർഭിണിയായി എന്നതും സർജറി നടത്തിയതിൽ ശരിയായ ശ്രദ്ധയും സൂക്ഷ്മതയും രണ്ടാം പ്രതി എടുത്തിട്ടില്ലായിരുന്നതുകൊണ്ടാണ് സർജറി പരാജയപ്പെട്ടതെന്ന് സ്വയം വെളിപ്പെടുത്തുന്ന വസ്തുതയുമാണ് ഹർജികക്ഷി ഉന്നയിച്ചതും സ്ഥാപിക്കാൻ ശ്രമിച്ചതുമായ ഒരേയൊരു സംഗതി. മേൽപ്പറഞ്ഞ വിധിന്യായങ്ങളിൽ നിന്ന് വെളിപ്പെടുന്ന നിയമത്തിന്റെ സ്ഥായിയായ നിലപാട് അനുസരിച്ച് ഇത് പരാതിക്കാരിക്ക് വിജയിക്കാൻ പര്യാപ്തമല്ല.

20. സ്ത്രീ വന്ധ്യംകരണത്തിന്റെ വിവിധ സാങ്കേതികതകൾ വെളിപ്പെടുത്തുന്ന ശ്രീ. ജെ.പി. എൻ. ജയ്സ്വാളിന്റെ ഗർഭം, പ്രസവം, ഗർഭച്ഛിദ്രം എന്നിവയുടെ നിയമവശങ്ങൾ പ്രതിപാദിക്കുന്ന ഗ്രന്ഥം ഈ കോടതി മേൽപ്പറഞ്ഞ ടി. ജി കമാരിയമ്മ കേസിൽ പരാമർശിക്കുകയുണ്ടായി. (1) റേഡിയോതെറാപ്പി (2) അണ്ഡാശയം നീക്കം ചെയ്യൽ (3) ഗർഭപാത്രം നീക്കം ചെയ്യൽ (4) ഫലോപ്യൻ ട്യൂബിന്റെ വിഭജനം എന്നിവയാണവ. ഗ്രന്ഥകാരന്റെ അഭിപ്രായത്തിൽ ഫലോപ്യൻ ട്യൂബുകളിലുള്ള ഏറ്റവും ലഘുവായ ശസ്ത്രക്രിയകളിലൊന്നും ഏറ്റവും മികച്ചതും പോമാറോയ് നടപടിക്രമമാണ്, അതിൽ ട്യൂബിന്റെ ഒരു ലൂപ്പ് മുറിക്കുകയും, മുറിച്ച അറ്റങ്ങൾ ഒരു ലിഗേച്ചർ (ligature) ഉപയോഗിച്ച് ഉറപ്പിക്കുകയും ചെയ്യുന്നു. വന്ധ്യംകരണ ശസ്ത്രക്രിയക്ക് വിധേയയായ ഒരു സ്ത്രീ പിന്നീട് എപ്രകാരമാണ് ഗർഭം ധരിക്കാനിടയാക്കുന്നതെന്ന സാധ്യമായ കാരണങ്ങളും അദ്ദേഹം പരാമർശിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഒരു വന്ധ്യംകരണ ശസ്ത്രക്രിയക്കും 100% വിജയം ഉറപ്പുതരാൻ കഴിയില്ല. സർജറിക്കുശേഷവും ഒരു സ്ത്രീ ഗർഭം ധരിക്കാനിടയാകുന്നുണ്ടെങ്കിൽ അത് റീകാനലൈസേഷനോ റീകൺസപ്ഷനോ മൂലമാകാം. വിചാരണക്കോടതിയുടെ ചോദ്യം ചെയ്യപ്പെട്ട വിധിന്യായത്തിന്റെ 35-ാം ഖണ്ഡികയിൽ ഈ സാധ്യത കണക്കിലെടുത്തിട്ടുണ്ട്. പ്രതികളുടെ അഭിപ്രായത്തിൽ റീകാനലൈസേഷൻ അല്ലെങ്കിൽ റീകൺസപ്ഷൻ എന്നത് ഒരു സ്വാഭാവിക പ്രക്രിയയാണ്, അത് എല്ലാ കേസുകളിലും സംഭവിക്കുന്നില്ല. അപൂർവ്വം കേസുകളിൽ മാത്രമാണ് അത്തരമൊരു സാധ്യതയുള്ളത്, അപ്രകാരമുള്ള കേസുകളിൽ പി. പി. എസ്. സർജറിക്കുശേഷവും സ്ത്രീ ഗർഭം ധരിക്കാനുള്ള സാധ്യതയുണ്ട്. Dw1 ഉം Dw2 ഉം ഇതേപ്പറ്റി പറഞ്ഞിട്ടുണ്ട് 06.10.1987-ൽ വാദി പി.പി.എസ് സർജറിക്കു വിധേയയായി എന്നത് സമ്മതിക്കുന്നു.

അതിനുശേഷം 24.03.1993-ൽ അവൾ തന്റെ 5-ാമത്തെ കുട്ടിയെ പ്രസവിച്ചു. പി. പി. എസ് സർജറിയെ തുടർന്ന് ഏകദേശം 5 വർഷം കഴിഞ്ഞ് 1992 മേയ്-ൽ ആണ് വാദി ഗർഭം ധരിക്കാനിടയായതെന്നാണ് കരുതാനാവുക. വാദി ആരോപിക്കും പോലെ ശസ്ത്രക്രിയ ഒരു പരാജയമായിരുന്നുവെങ്കിൽ മേൽപ്പറഞ്ഞ ടി. ജി. കുമാരിഅമ്മ കേസിൽ സർജറി കഴിഞ്ഞ് ഏതാനും മാസങ്ങൾക്കുശേഷം ഗർഭം ധരിക്കാനിടയായതുപോലെ, വളരെ നേരത്തേതന്നെ വാദി ഗർഭം ധരിക്കാനുള്ള സന്ദർഭമോ സാധ്യതയോ ഉണ്ടാകുമായിരുന്നു. സർജറിക്കും വാദി ഗർഭം ധരിക്കുന്നതിനുമിടയിലെ സമയത്തിന്റെ ഇടവേള, വാദി ഗർഭം ധരിക്കാനും അവളുടെ 5-ാമത്തെ കുട്ടിയെ പ്രസവിക്കാനും ഇടയായത് മേൽപരാമർശിച്ചതുപോലെ സ്വാഭാവിക കാരണത്താലാണെന്നും, സർജറി നടത്തിയ രണ്ടാം പ്രതിയുടെ അശ്രദ്ധയോ ഉപേക്ഷയോ കൊണ്ടല്ലെന്നുമുള്ള പ്രതികളുടെ വാദം നേരാണെന്ന് തോന്നിപ്പിക്കുന്നു.

21. കേസിന്റെ വസ്തുതകളിലും സാഹചര്യങ്ങളിലും മേൽപരാമർശിച്ച മുൻവിധികളുടെ വെളിച്ചത്തിലും രണ്ടാം പ്രതിയുടെ ഭാഗത്ത് അശ്രദ്ധയോ ഉപേക്ഷയോ ഉണ്ടായെന്ന് സ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ലെന്ന് വിധിക്കാൻ മാത്രമേ കഴിയുകയുള്ളൂ, നഷ്ടപരിഹാരത്തിനുള്ള അവകാശവാദം വിജയിക്കുന്നില്ല. കാര്യങ്ങൾ അപ്രകാരമായിരിക്കെ 1-ാം പ്രതിയായ തൊഴിലുടമയ്ക്ക് പരോക്ഷ ബാധ്യതയൊന്നുമില്ല. ഈ കോടതിയുടെ ഇടപെടൽ ആവശ്യപ്പെടുംവിധം വിചാരണ കോടതിയുടെ തീർപ്പിൽ ദൗർബല്യമുള്ളതായി ഞാൻ കണ്ടെത്തുന്നില്ല.

തത്ഫലമായി അപ്പീൽ തള്ളിക്കളയുന്നു.

ഇടക്കാല ഉത്തരവിനുള്ള ഏതെങ്കിലും അപേക്ഷകൾ തീർപ്പുകൽപ്പിക്കപ്പെട്ടിട്ടില്ലെങ്കിൽ, അവസാനിക്കപ്പെടുന്നു.



# സുപ്രീംകോടതി വിധി - സംക്ഷിപ്തം

**സുപ്രീം കോടതി മുമ്പാകെ**

**സിവിൽ അപ്പീൽ അധികാരപരിധി**

**ബഹു. ജസ്റ്റിസ് വിക്രം നാഥ്**

**&**

**ബഹു. ജസ്റ്റിസ് രാജേഷ് ബിന്ദൽ**

സിവിൽ അപ്പീൽ

നം.__/2023

(എസ്. എൽ. പി [സി] \w.2652/2023-ൽ നിന്നുത്ഭവിച്ചത്)

**അഡീഷണൽ തഹസിൽദാറും മറ്റൊരാളും - അപ്പീൽവാദികൾ**

**v.**

**ഊർമിള. ജിയും മറ്റുള്ളവരും - എതിർകക്ഷികൾ**

30.11.2023-ന് വിധി പ്രസ്താവിച്ചത്

**വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ**

1999-ലെ നിയമത്തിലെ 12(1) വകുപ്പ് പ്രകാരം പോസിറ്റീവായ നിർദ്ദേശം പുറപ്പെടുവിക്കാൻ ലോകായുക്തയ്ക്ക് അധികാരമില്ലെന്ന് ഹൈക്കോടതി അഭിപ്രായപ്പെട്ടു. ലോകായുക്തയ്ക്ക് അതിന്റെ ശിപാർശകൾ അടങ്ങിയ റിപ്പോർട്ട് ബന്ധപ്പെട്ട അധികാരസ്ഥാനത്തിന് സമർപ്പിക്കാൻ മാത്രമേ കഴിയൂ. അതായത് ലോകായുക്തയ്ക്ക് ശിപാർശക്കുള്ള അധികാരിത മാത്രമേ ഉള്ളൂ. ലോകായുക്തക്കോ ഉപലോകായുക്തക്കോ വ്യത്യസ്ത നിയമങ്ങൾക്ക് കീഴിൽ സൃഷ്ടിക്കപ്പെട്ട ക്ഷമതയുള്ള മറ്റ് ഫോറങ്ങളുടെ മേൽ അപ്പീൽ അധികാരമോ മേൽനോട്ടാധികാരമോ ഇല്ല, കാരണം ആ നിയമങ്ങളിൽ ഓരോന്നും അപ്പീൽ, റിവിഷൻ തുടങ്ങിയ അതിന്റേതായ പരിഹാര നടപടികൾ നിഷ്കർഷിച്ചിട്ടുണ്ട്. കക്ഷികൾ ആ നടപടിക്രമം പാലിക്കണം. 1999-ലെ നിയമം ആ നടപടിക്രമങ്ങളെ മറികടക്കാൻ ഉദ്ദേശിച്ചുള്ളതല്ല.

**വിധിന്യായം**

ഒന്നാം എതിർകക്ഷി നൽകിയ പരാതിയിൽ ഉപലോകായുക്ത പുറപ്പെടുവിച്ച ഉത്തരവിനെതിരെ സമർപ്പിച്ച റിട്ട് ഹർജി ഹൈക്കോടതി നിരസിച്ചതിനെ ചോദ്യം

ചെയ്താണ് അപ്പീൽവാദികൾ സുപ്രീം കോടതിയെ സമീപിച്ചത്. ഭൂമിയുമായി ബന്ധപ്പെട്ട റവന്യൂ രേഖകളുടെ നീണ്ട ചരിത്രം വിവരിച്ചുകൊണ്ട്, റവന്യൂ രേഖ തിരുത്തുന്നില്ലെന്ന് കാണിച്ചും, അതിലെ എതിർകക്ഷികൾക്ക് അത് തിരുത്താനും, അന്തരിച്ച കെ. ഗോപാലകൃഷ്ണൻ നായരുടെ നിയമപരമായ അവകാശികളുടെ പേരിൽ പ്രസ്തുത ഭൂമി പോക്കുവരവ് (mutation) ചെയ്യാൻ നിർദ്ദേശം നൽകാൻ ആവശ്യപ്പെട്ട് ഒന്നാം എതിർകക്ഷി ലോകായുക്തയിൽ പരാതി നൽകി. ഉപലോകായുക്ത, 18.10.2016-ലെ ഉത്തരവ് പ്രകാരം റവന്യൂ രേഖകളിലെ തെറ്റ് തിരുത്താനും പരാതിക്കാരനിൽ നിന്ന് നികുതി സ്വീകരിക്കാനും വർക്കല തഹസിൽദാർക്ക് നിർദ്ദേശം നൽകി. ഉത്തരവ് ഒരു മാസത്തിനകം പോസിറ്റീവായി പാലിക്കണമെന്നും, ആ ഉത്തരവ് പാലിച്ചതായുള്ള റിപ്പോർട്ട് 16.11.2016-ന് നൽകണമെന്നും നിർദ്ദേശിച്ചു. ഉത്തരവിനെതിരെ അപ്പീൽവാദി ഹൈക്കോടതിയിൽ സമർപ്പിച്ച റിട്ട് ഹർജി തള്ളി.

റവന്യൂ രേഖകൾ തിരുത്താനും നികുതി സ്വീകരിക്കാനും 1961-ലെ നിയമത്തിലും 1964-ലെ ചട്ടങ്ങളിലും നിയമപരമായ അധികാരികളെ നിർദ്ദേശിച്ചിരിക്കെ, റവന്യൂ രേഖകൾ തിരുത്താനും നികുതി സ്വീകരിക്കാനും പോസിറ്റീവായി നിർദ്ദേശിച്ചുകൊണ്ട് ഉപലോകായുക്ത പാസാക്കിയ ഉത്തരവ് പൂർണമായും അധികാരപരിധി യില്ലാത്തതാണെന്ന് അപ്പീൽവാദികളുടെ അഭിഭാഷകൻ വാദിച്ചു. മേൽപ്പറഞ്ഞ നിയമങ്ങൾക്ക് കീഴിലുള്ള അധികാര ശ്രേണിയിലെ നിയമാനുസൃത അധികാരിക്ക് മുകളിലുള്ള ഒരു മേൽനോട്ട സ്ഥാപനമല്ല ലോകായുക്ത. ലോകായുക്തയ്ക്ക് നൽകിയ അധികാരിത ദുർഭരണം പരിഹരിക്കാൻ മാത്രമായിരുന്നു. എന്നാൽ, ഉത്തരവിൽ ആ പ്രശ്നം പരിഹരിക്കാതെ, ലോകായുക്ത അതിന്റെ അധികാര പരിധിക്കപ്പുറത്തേക്ക് പോയി ഗുണദോഷങ്ങളിൽ വിഷയം കൈകാര്യം ചെയ്യുകയും റവന്യൂ രേഖകൾ തിരുത്തുന്നതിന് നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. അതിനാൽ ഹൈക്കോടതിയും ഉപലോകായുക്തയും പുറപ്പെടുവിച്ച ഉത്തരവുകൾ റദ്ദാക്കപ്പെടേണ്ടവയാണ്.

ലോകായുക്തയുടെ റിപ്പോർട്ടുകളുമായി ബന്ധപ്പെട്ട് 1999-ലെ നിയമത്തിലെ 12-ാം വകുപ്പ് പ്രകാരം, പരാതിക്കാരന് അനീതിയോ അനാവശ്യമായ ബുദ്ധിമുട്ടുകളോ ഉണ്ടാക്കുന്ന കക്ഷിയുടെ ഏതെങ്കിലും പ്രവർത്തനമോ നിഷ്ക്രിയത്വമോ ലോകായുക്തക്കോ ഉപലോകായുക്തക്കോ ബോധ്യപ്പെട്ടാൽ, അത് രേഖാമൂലമുള്ള ഒരു റിപ്പോർട്ട് മുഖേന ബന്ധപ്പെട്ട അധികാര സ്ഥാപനങ്ങളിലേക്ക് ശിപാർശ ചെയ്യേണ്ടതാണ്.

രേഖകളിൽ ലഭ്യമായ വസ്തുതകളിൽ നിന്നും, ലോകായുക്തയിൽ ഒന്നാം എതിർകക്ഷി നൽകിയ പരാതി പരിശോധിച്ചതിൽ നിന്നും, സർവ്വേ നമ്പർ 584-ലെ

വസ്തുക്കളുടെ റവന്യൂ രേഖകളിലെ പിഴവ് തിരുത്തി കെ.ഗോപാലകൃഷ്ണൻ നായരുടെ നിയമാനുസൃത അവകാശികളുടെ പേരിൽ ഭൂമി പോക്കുവരവ് ചെയ്യുന്നതുമായി ബന്ധപ്പെട്ടാണ് പരാതി എന്നത് വ്യക്തമാണ്. തെറ്റ് തിരുത്തുന്നതിൽ പരാതിയിലെ എതിർകക്ഷികളുടെ ഭാഗത്തുനിന്നുണ്ടായ നിഷ്ക്രിയത്വം ദുർഭരണ മാണെന്നും ലോകായുക്ത അന്വേഷിപ്പിക്കേണ്ടതാണെന്നും മറുഭാഗം വാദിച്ചു.

2016 ജൂണിലാണ് പരാതി നൽകിയത്. ഭൂമിയുമായി ബന്ധപ്പെട്ട ദീർഘകാല ചരിത്രം നൽകുകയും റവന്യൂ രേഖകളിലെ പിഴവുകൾ ചൂണ്ടിക്കാണിക്കുകയും ചെയ്തു. റവന്യൂ രേഖകളിലെ അപാകത പരിഹരിക്കണമെന്ന ഒന്നാം എതിർ കക്ഷിയുടെ അപേക്ഷ അഡീഷണൽ തഹസിൽദാർ 19.04.2016-ലെ ഉത്തരവിലൂടെ നിരസിച്ചതായും പരാതിയിൽ പറയുന്നു. എന്നാൽ അത് ചോദ്യംചെയ്യാൻ ഒന്നാം എതിർകക്ഷി എന്തെങ്കിലും തുടർനടപടി സ്വീകരിച്ചിട്ടുള്ളതായി പരാമർശിച്ചിട്ടില്ല.

ലോകായുക്തയുടെ അധികാരിതയെ സംബന്ധിച്ചിടത്തോളം, സുധാദേവി കെ. v. ജില്ലാ കളക്ടർ (2017 SCC OnLine Ker 1264) കേസിൽ 1999-ലെ നിയമത്തിലെ സെക്ഷൻ 12(1) പ്രകാരം പോസിറ്റീവ് നിർദ്ദേശം പുറപ്പെടുവിക്കാൻ ലോകായുക്തയ്ക്ക് അധികാര മില്ലെന്ന് ഹൈക്കോടതിയുടെ ഒരു ഡിവിഷൻ ബെഞ്ച് അഭിപ്രായപ്പെട്ടു. ലോകായുക്തയ്ക്ക് അതിന്റെ ശിപാർശകൾ അടങ്ങിയ റിപ്പോർട്ട് ബന്ധപ്പെട്ട അധികാരസ്ഥാനത്തിന് സമർപ്പിക്കാൻ മാത്രമേ കഴിയൂ. അതായത് ലോകായുക്ത യ്ക്ക് ശിപാർശക്കുള്ള അധികാരിത മാത്രമേ ഉള്ളൂ. ലോകായുക്തക്കോ ഉപ ലോകായുക്തക്കോ വ്യത്യസ്ത നിയമങ്ങൾക്ക് കീഴിൽ സൃഷ്ടിക്കപ്പെട്ട ക്ഷമതയുള്ള മറ്റ് ഫോറങ്ങളുടെ മേൽ അപ്പീൽ അധികാരമോ മേൽനോട്ടാധികാരമോ ഇല്ല, കാരണം ആ നിയമങ്ങളിൽ ഓരോന്നും അപ്പീൽ, റിവിഷൻ തുടങ്ങിയ അതിന്റേതായ പരിഹാര നടപടികൾ നിഷ്കർഷിക്കുന്നുണ്ട്. കക്ഷികൾ ആ നടപടിക്രമം പാലിക്കണം. 1999-ലെ നിയമം ആ നടപടിക്രമങ്ങളെ മറികടക്കാൻ ഉദ്ദേശിച്ചുള്ളതല്ല.

തുടർന്ന് ജില്ലാ കളക്ടറും മറ്റൊരാളും v. രജിസ്ട്രാർ, കേരള ലോകായുക്തയും മറ്റുള്ളവരും (AIR 2023 Ker 97) എന്ന കേസിലെ വിധിന്യായത്തിൽ ഹൈക്കോടതി ഡിവിഷൻ ബെഞ്ച് സുധാദേവി. കെ (നേരത്തെ സൂചിപ്പിച്ചത്) കേസിൽ പറഞ്ഞ നിലപാട് ആവർത്തിച്ചു. റവന്യൂ രേഖയിലെ പിഴവുകൾ തിരുത്തുന്നതുമായി ബന്ധപ്പെട്ട നിയമപരമായ പരിഹാരങ്ങൾ ആ കേസിലെ പരാതിക്കാർ പ്രയോജന പ്പെടുത്തിയിട്ടില്ലെന്ന് നിരീക്ഷിച്ചു. ബന്ധപ്പെട്ട നിയമം പരിഹാരങ്ങൾക്കായി ഒരു അധികാരശ്രേണി നൽകുമ്പോൾ, അവയെ ആശ്രയിക്കേണ്ടതായിരുന്നു. ലോകായുക്ത യുടെ നടപടി അധികാരിതയില്ലാത്തതാണെന്ന് കണ്ടെത്തി.

ഞങ്ങളുടെ വീക്ഷണത്തിൽ, ഹൈക്കോടതിയുടെ മേൽപ്പറഞ്ഞ രണ്ട് വിധികളിൽ, 1999–ലെ നിയമത്തിലെ വ്യവസ്ഥകൾ ശരിയായി വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ, നിലവിലെ കേസിൽ റവന്യൂ രേഖകൾ തിരുത്തുന്നതിനായി ഉപലോകായുക്ത പുറപ്പെടുവിച്ച നിർദ്ദേശം ഹൈക്കോടതി അംഗീകരിച്ചു. അത് ലോകായുക്തയുടെ അധികാരപരിധിക്ക് അപ്പുറമാണ്. ഒന്നാം എതിർകക്ഷി രേഖകൾ തിരുത്തി കിട്ടാനുള്ള അപേക്ഷ നിരസിച്ച 19.04.2016–ലെ ഉത്തരവിന് എതിരെ ഉചിതമായ എന്തെങ്കിലും നടപടിയെടുത്തുവെന്നോ അല്ലെങ്കിൽ അത് തിരുത്തി കിട്ടാനായി ഉചിതമായ മറ്റേതെങ്കിലും നടപടിയെടുത്തുവെന്നോ കാണിക്കാൻ രേഖകളൊന്നുമില്ല.

മുകളിൽ സൂചിപ്പിച്ച കാരണങ്ങളാൽ, ഞങ്ങളുടെ വീക്ഷണത്തിൽ ഹൈക്കോടതിയും ഉപലോകായുക്തയും പുറപ്പെടുവിച്ച ഉത്തരവുകൾ നിയമപരമായി നിലനിൽക്കില്ല. അവയെ റദ്ദാക്കുന്നു. റവന്യൂ രേഖകൾ തിരുത്തി കിട്ടുന്നതിന് ബന്ധപ്പെട്ട നിയമത്തിൻ കീഴിലുള്ള ഉചിതമായ പ്രതിവിധി ഒന്നാം എതിർകക്ഷിക്ക് പ്രയോജനപ്പെടുത്താവുന്നതാണ്.

അപ്പീൽ അനുവദിച്ചിരിക്കുന്നു. ചെലവ് സംബന്ധിച്ച് ഉത്തരവില്ല.

**സുപ്രീം കോടതി മുമ്പാകെ**

**സിവിൽ അപ്പീൽ അധികാരപരിധി**

**ബഹു. ജസ്റ്റിസ് ജെ. കെ. മഹേശ്വരി**
**&**
**ബഹു. ജസ്റ്റിസ് കെ. വി. വിശ്വനാഥൻ**

സിവിൽ അപ്പീൽനം. 5909/2012

**രവീന്ദ്ര കുമാർ – അപ്പീൽവാദി**

**v.**

**യു.പി. സംസ്ഥാനവും മറ്റുള്ളവരും – എതിർകക്ഷികൾ**

22.02.2024-ന് വിധി പ്രസ്താവിച്ചത്

**വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ**

ജോലിയുടെ സ്വഭാവം, ക്രിമിനൽ കേസിന്റെ സമയവും സ്വഭാവവും; കുറ്റവിമുക്തനെന്ന വിധിയുടെ മൊത്തത്തിലുള്ള പരിഗണന, അപേക്ഷയിലെ ചോദ്യത്തിന്റെ സ്വഭാവം, സ്വഭാവ പരിശോധന റിപ്പോർട്ടിന്റെ ഉള്ളടക്കം, അപേക്ഷിക്കുന്ന വ്യക്തിയുടെ സാമൂഹിക സാമ്പത്തിക തലങ്ങൾ; ഉദ്യോഗാർത്ഥിയുടെ വേറെ പൂർവ്വകാല ചരിത്രം, പരിഗണനയുടെ സ്വഭാവവും റദ്ദാക്കൽ ഉത്തരവിന്റെ ഉള്ളടക്കവും എന്നിവ യോഗ്യത നിർണ്ണയിക്കുന്നതിലും ഉത്തരവിടേണ്ട നിവൃത്തിയുടെ സ്വഭാവം നിർണ്ണയിക്കുന്നതിലും ജുഡീഷ്യൽ വിധിയിൽ പ്രവേശിക്കേണ്ട ചില നിർണ്ണായക വശങ്ങളാണ് ... വെളിപ്പെടുത്താത്ത എല്ലാ കാര്യങ്ങളും അയോഗ്യതയായി കണക്കാക്കുന്നത് അനീതിയാണ്, അത് മഹത്തായതും വിശാലവും വൈവിധ്യപൂർണ്ണവുമായ ഈ രാജ്യത്ത് ലഭിക്കുന്ന അടിസ്ഥാന യാഥാർത്ഥ്യങ്ങളെ പൂർണ്ണമായും അവഗണിക്കുന്നതിന് തുല്യമായിരിക്കും. ഓരോ കേസും ആ കേസിന്റെ വസ്തുതകളെയും സാഹചര്യങ്ങളെയും ആശ്രയിച്ചിരിക്കും. കൂടാതെ മുൻ വിധികളെ വഴികാട്ടിയായി പ്രവർത്തിച്ചുകൊണ്ടു വസ്തുനിഷ്ഠമായ മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി ഒരു സമഗ്ര വീക്ഷണം കോടതി സ്വീകരിക്കേണ്ടതുണ്ട്. എല്ലാ സാഹചര്യങ്ങളിലും ഇത് ഉപയോഗിക്കാൻ ഒരിക്കലും അനുയോജ്യമല്ല.

**വിധിന്യായം**

**ജസ്റ്റിസ് കെ. വി. വിശ്വനാഥൻ**

അലട്ടുന്ന ആ ചോദ്യം പിന്നെയും വന്നിരിക്കുന്നു. എല്ലാ സാഹചര്യങ്ങളിലും, ജോലിക്കായുള്ള ഉദ്യോഗാർത്ഥിയുടെ വെരിഫിക്കേഷൻ ഫോമിൽ ഒരു ക്രിമിനൽ കേസ് (കുറ്റവിമുക്തനാക്കപ്പെട്ടത്) ഉണ്ടെന്ന് വെളിപ്പെടുത്താത്തത് ഉദ്യോഗാർത്ഥി യുടെ ജോലിക്ക് നിർണ്ണായകമാണെന്നത് കർശനമായ ചട്ടമാണോ? അങ്ങനെ യല്ലെന്നും അങ്ങനെയായിരിക്കരുതെന്നും ഞങ്ങൾ കരുതുന്നു. ഭാഗ്യവശാൽ, ഈ വീക്ഷണത്തെ പിന്തുണയ്ക്കുന്ന നിരവധി വിധിന്യായങ്ങൾ ഉണ്ട്.

**കേസിന്റെ വസ്തുതകൾ:**

രവീന്ദ്രകുമാർ (അപ്പീൽവാദി), 12.02.2004-ന് കോൺസ്റ്റബിൾ തസ്തികയിലേക്ക് അപേക്ഷിച്ചു. അദ്ദേഹത്തിന്റെ റെക്കോർഡ് കളങ്കമില്ലാത്തതായിരുന്നു. അപേക്ഷ സമർപ്പിച്ച് അഞ്ച് ദിവസത്തിന് ശേഷം, അയാൾ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 324, 352, 504 വകുപ്പുകൾ പ്രകാരമുള്ള ക്രിമിനൽ കേസിൽ പ്രതിയായി. അത് തെറ്റായ കേസാണെന്ന് അപ്പീൽവാദി അവകാശപ്പെട്ടു. എഴുത്തുപരീക്ഷയും അഭിമുഖവും പാസായി. നേരത്തെ കായിക ക്ഷമത പരീക്ഷയും പാസായിരുന്നു. ഇതിനിടയിൽ, 13.09.2004-ലെ വിധിപ്രകാരം, അപ്പീൽവാദിയെ ടി കേസിൽ വെറുതെ വിടുകയും ചെയ്തു.

തെരഞ്ഞെടുത്തതിന് ശേഷം കുറ്റകൃത്യങ്ങളുടെ പൂർവ്വചരിത്രം എന്തെങ്കിലു മുണ്ടെങ്കിൽ വെളിപ്പെടുത്തുന്ന ഒരു സത്യവാങ്മൂലം അപ്പീൽവാദി സമർപ്പിക്കേണ്ട തായിരുന്നു. 30.10.2004-ന് അപ്പീൽവാദി തനിക്കെതിരെ ഒരു ക്രിമിനൽ കേസും രജിസ്റ്റർ ചെയ്തിട്ടില്ലെന്ന് കാണിക്കുന്ന ഒരു സത്യവാങ്മൂലം സമർപ്പിച്ചു. അതിനുശേഷം പരിശീലനത്തിന് റിപ്പോർട്ട് ചെയ്യാൻ ആവശ്യപ്പെട്ടതിനെ തുടർന്ന് അപ്പീൽവാദി റിപ്പോർട്ട് ചെയ്തപ്പോൾ സ്വഭാവ പരിശോധന ബാക്കിയുണ്ടെന്ന കാരണം പറഞ്ഞ് അയാളെ പരിശീലനത്തിന് അയച്ചില്ല.

തുടർന്ന്, 12.04.2005-ന്, സെലക്ഷൻ റദ്ദാക്കിക്കൊണ്ട് അപ്പീൽവാദിക്ക് കത്ത് നൽകപ്പെട്ടു.

20.01.2004-ലെ റിക്രൂട്ട്മെന്റ് വിജ്ഞാപനത്തിലെ 9ാം ഖണ്ഡിക പ്രകാരം, ഉദ്യോഗാർത്ഥി സത്യവാങ്മൂലത്തിൽ എന്തെങ്കിലും വസ്തുത മറച്ചുവെച്ചാൽ, അവന്റെ ഉദ്യോഗാർത്ഥിത്വം (candidature) റദ്ദാക്കപ്പെടുന്നതിന് ബാധ്യസ്ഥമാകുമെന്നാണ് വകുപ്പിന്റെ വാദം.

ഇതിനിടെ പോലീസ് വെരിഫിക്കേഷൻ നടന്നു. ഉദ്യോഗാർത്ഥിക്ക് എതിരെ 2004-ലെ ക്രൈം നമ്പർ 95 രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും, ഉദ്യോഗാർത്ഥിയെ വെറുതെവിട്ടുവെന്നും, കുറ്റവിമുക്തനാക്കിയ ഉത്തരവിനെതിരെ അപ്പീൽ നൽകി യിട്ടില്ലെന്നും ദിയോറ ജില്ലയിലെ ഗൗരി ബസാർ പോലീസ് സ്റ്റേഷന്റെ 09.12.2004-ലെ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നു. കൂടാതെ, ഒരു കോടതിയിലും വേറെ കേസുകൾ നിലവിലില്ലെന്നും ഉദ്യോഗാർത്ഥിക്കെതിരെ പോലീസ് സ്റ്റേഷനിൽ വേറെ കേസ് രജിസ്റ്റർ ചെയ്തിട്ടില്ലെന്നും റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ, സ്റ്റേഷൻ ഹൗസ് ഓഫീസർ നൽകിയ സ്വഭാവ സർട്ടിഫിക്കറ്റിൽ അപ്പീൽവാദിയുടെ മികച്ച സ്വഭാവത്തെ ഗ്രാമപ്രധാൻ പിന്താങ്ങുകയും ചെയ്തു.

അതിനുശേഷം, 10.12.2004-ന്, പോലീസ് സ്റ്റേഷന്റെ മേൽപ്പറഞ്ഞ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ദിയോറയിലെ പോലീസ് സൂപ്രണ്ട്, തന്റെ അഭിപ്രായത്തിൽ ഉദ്യോഗാർത്ഥി സർക്കാർ സേവനം ചെയ്യാൻ യോഗ്യനാണെന്ന് ബറേലിയിലെ എട്ടാം ബറ്റാലിയൻ കമാൻഡന്റിനെ അറിയിച്ചു.

12.04.2005-ലെ റദ്ദാക്കൽ കത്തിനെ പിന്തുണച്ച് സംസ്ഥാന സർക്കാർ എട്ടാം ബറ്റാലിയന്റ് കമാൻഡന്റിനെ അഭിസംബോധന ചെയ്യുന്ന ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസിന് വേണ്ടി എഴുതിയ 31.12.2004-ലെ ഒരു കത്തിനെ ആശ്രയിച്ചു. ക്രിമിനൽ കേസുകളിൽ കുറ്റവിമുക്തരാണെന്ന് കണ്ടെത്തിയെങ്കിലും സത്യവാങ്മൂലത്തിൽ കേസുകൾ പരാമർശിക്കാത്ത അപ്പീൽവാദിയെയും മറ്റ് രണ്ട് പേരെയും സംബന്ധിച്ച്, വ്യാജ സത്യവാങ്മൂലം സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട് നിയമപ്രകാരം നടപടിയെടുക്കുമെന്ന് ഉറപ്പാക്കണമെന്നും ആ കത്തിൽ പറയുന്നു.

**ഹൈക്കോടതിയിലെ നടപടികൾ:**

തെരഞ്ഞെടുപ്പ് റദ്ദാക്കിയ 12.04.2005-ലെ കത്തിൽ സങ്കടക്കാരനായ അപ്പീൽ വാദി അലഹബാദ് ഹൈക്കോടതിയിൽ ഒരു റിട്ട് ഹർജി ഫയൽ ചെയ്തു. ഹർജിക്കാരൻ ഫോറം പൂരിപ്പിക്കുന്ന സമയത്ത് ഒരു ക്രിമിനൽ കേസിൽ ഉൾപ്പെട്ട തിനെക്കുറിച്ചുള്ള സാരവത്തായ വിവരങ്ങൾ മറച്ചുവെച്ചുവെന്ന് പറഞ്ഞ് 16.05.2005-ലെ വിധിന്യായത്തിലൂടെ സിംഗിൾ ജഡ്ജി റിട്ട് ഹർജിയെ തള്ളി. ക്രിമിനൽ കേസിൽ പിന്നീട് കുറ്റവിമുക്തനാക്കപ്പെട്ടത് സാരവത്തായ വിവരങ്ങൾ മറച്ചുവെച്ചതിൽ നിന്ന് ഒഴിവാക്കപ്പെടുന്നതിനുള്ള കാരണമാകുന്നില്ല.

അപ്പീൽവാദി, സിംഗിൾ ജഡ്ജിയുടെ വിധിക്കെതിരെ സ്പെഷ്യൽ അപ്പീൽ ഫയൽ ചെയ്തു. എൻറോൾമെന്റ് സമയത്ത് ഒരു വ്യക്തി തെറ്റായ സത്യവാങ്മൂലം നൽകിയാൽ, അച്ചടക്കമുള്ള സർവ്വീസിൽ (Disciplined Service) ചേരാൻ യോഗ്യനല്ലെന്ന്

കാണിച്ച് 29.10.2020-ലെ വിധിയിലൂടെ ഡിവിഷൻ ബഞ്ചും പ്രത്യേക അപ്പീൽ തള്ളി. തെറ്റായ സത്യവാങ്മൂലം നൽകുന്നത് വ്യക്തിയുടെ പെരുമാറ്റത്തെയും സ്വഭാവത്തെയും സ്പർശിക്കുന്ന ഒരു പ്രവൃത്തിയാണെന്ന് കോടതി വിധിച്ചു.

29.10.2010-ലെ വിധിന്യായത്തിൽ സങ്കടക്കാരനായ അപ്പീൽവാദി നിലവിലുള്ള അപ്പീൽ ഹർജി സുപ്രീം കോടതി മുമ്പാകെ ഫയൽ ചെയ്തു.

**പരിഗണനയിലുള്ള ചോദ്യങ്ങൾ:**

1) 12.04.2005-ലെ ഉത്തരവിലൂടെ അപ്പീൽവാദിയുടെ തെരഞ്ഞെടുപ്പ് സംസ്ഥാനം റദ്ദാക്കിയത് ന്യായമാണോ?

2) അപേക്ഷകന് എന്ത് നിവൃത്തിക്കാണ് അർഹതയുള്ളത് ?

**ചർച്ചയും കണ്ടെത്തലും:**

സാരവത്തായ വിവരങ്ങൾ മറച്ചുവെച്ചുകൊണ്ട് ഒരാൾക്ക് നിയമനത്തിനുള്ള അനിയന്ത്രിതമായ അവകാശം (unfettered right) അവകാശപ്പെടാൻ കഴിയില്ലെങ്കിലും, സ്വേച്ഛാപരമായ ഇടപെടലിന് വിധേയമാകാതിരിക്കാൻ അവന്/അവൾക്ക് അവകാശമുണ്ടെന്ന് അവതാർ സിംഗ് v. യൂണിയൻ ഓഫ് ഇന്ത്യ, (2016) 8 SCC 471, യിൽ നിന്ന് വ്യക്തമാകും. അധികാര വിനിയോഗം ന്യായമായ രീതിയിൽ വസ്തുനിഷ്ഠതയോടും വസ്തുതകളോട് ഉചിതമായ പരിഗണനയോടും കൂടി ആയിരിക്കണം. ചുരുക്കി പറഞ്ഞാൽ, പ്രസക്തമായ എല്ലാ വശങ്ങളും കൃത്യമായി പരിഗണിച്ച ശേഷം വസ്തുനിഷ്ഠമായ മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കിയുള്ളതായിരിക്കണം തീരുമാനം.

കമ്മീഷണർ ഓഫ് പോലീസ് v. സന്ദീപ് കുമാർ, (2011) 4 SCC 644, കേസിലെ വിധി അവതാർ സിംഗ് കേസിൽ പരാമർശിക്കപ്പെട്ടു. സന്ദീപ് കുമാർ കേസിൽ, വിക്ടർ ഹ്യൂഗോയുടെ 'ലെസ് മിസറബിൾസ്' എന്ന നോവലിലെ 'ജീൻ വാൽജീൻ' എന്ന കഥാപാത്രത്തിന്റെ കഥ സുപ്രീം കോടതി ചൂണ്ടിക്കാണിച്ചു. ആ കഥയിൽ വിശന്നുവലയുന്ന കുടുംബത്തിനുവേണ്ടി ഒരു റൊട്ടി മോഷ്ടിച്ച കുറ്റത്തിന് ആ കഥാപാത്രം കള്ളനായി മുദ്രകുത്തപ്പെട്ടു.

നിലവിലുള്ള കേസിൽ, സതീഷ് ചന്ദ്ര യാദവ് v. യൂണിയൻ ഓഫ് ഇന്ത്യ, 26 (2023) 7 SCC 530 എന്ന കേസിലെ സുപ്രീം കോടതിയുടെ വിധിയും അതിൽ പറഞ്ഞിരിക്കുന്ന വിശാലമായ തത്വങ്ങളും ഈ കോടതി പരിഗണിച്ചു. ഓരോ കേസും ബന്ധപ്പെട്ട പൊതു തൊഴിലുടമ (Public Employer) സൂക്ഷ്മമായി പരിശോധിക്കണമെന്നും ബന്ധപ്പെട്ട

അധികാരികൾ സ്വീകരിച്ച അന്വേഷണ നടപടിക്രമം ന്യായമാണോ എന്ന് പരിശോധിക്കാൻ കോടതി ബാധ്യസ്ഥമാണെന്നും ആ കേസിൽ പ്രതിപാദിച്ചിട്ടുള്ള വിശാലമായ തത്വങ്ങൾ അടിവരയിടുന്നു. തെറ്റായ വിവരങ്ങൾ നൽകിയതിന് ഉദ്യോഗാർത്ഥിത്വം റദ്ദാക്കാനുള്ള ഉത്തരവ് പാസാക്കുമ്പോൾ, പൊതു തൊഴിലുട മയ്ക്ക് കേസിന്റെ പ്രത്യേക സാഹചര്യങ്ങൾ പരിഗണിക്കാമെന്ന് അവതാർ സിംഗ് കേസിൽ വിധിച്ചു.

ഇത് കൂടാതെ, ക്രിമിനൽ കേസിലെ പങ്കാളിത്തം സംബന്ധിച്ച വിവരങ്ങൾ മറച്ചുവെച്ചാലോ തെറ്റായ വിവരങ്ങൾ നൽകിയാലോ, അതിനകം കുറ്റവിമുക്തനായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ, പൊതു തൊഴിലുടമയ്ക്ക് പൂർവ്വകാല ചരിത്രം സംബന്ധിച്ച് ലഭ്യമായ എല്ലാ പ്രസക്തമായ വസ്തുതകളും തുടർന്നും പരിഗണിക്കാമെന്നും ജീവനക്കാരന്റെ തുടർ തൊഴിൽ സംബന്ധിച്ച് ഉചിതമായ തീരുമാനമെടുക്കാൻ കഴിയുമെന്നും അവതാർ സിംഗ് കേസിൽ വിധിച്ചു.

ജോലിയുടെ സ്വഭാവം, ക്രിമിനൽ കേസിന്റെ സമയവും സ്വഭാവവും; കുറ്റവിമുക്തനെന്ന വിധിയുടെ മൊത്തത്തിലുള്ള പരിഗണന, അപേക്ഷയിലെ ചോദ്യത്തിന്റെ സ്വഭാവം, സ്വഭാവ പരിശോധന റിപ്പോർട്ടിന്റെ ഉള്ളടക്കം, അപേക്ഷിക്കുന്ന വ്യക്തിയുടെ സാമൂഹിക സാമ്പത്തിക തലങ്ങൾ, ഉദ്യോഗാർത്ഥി യുടെ വേറെ കുറ്റകൃത്യങ്ങൾ സംബന്ധിച്ച ചരിത്രം, പരിഗണനയുടെ സ്വഭാവവും റദ്ദാക്കൽ ഉത്തരവിന്റെ ഉള്ളടക്കവും എന്നിവ യോഗ്യത നിർണ്ണയിക്കുന്നതിലും, ഉത്തരവിടേണ്ട നിവൃത്തിയുടെ സ്വഭാവം നിർണ്ണയിക്കുന്നതിലും ജുഡീഷ്യൽ വിധിയിൽ ഉണ്ടായിരിക്കേണ്ട ചില നിർണ്ണായക ഘടകങ്ങളാണ്.

**നിലവിലുള്ള കേസിലെ ചില പ്രത്യേക സവിശേഷതകൾ:**

I) ബഗാപർ എന്ന ചെറിയ ഗ്രാമത്തിൽ നിന്നുള്ളയാളാണ് അപ്പീൽവാദി.

ii) അപേക്ഷിച്ച തീയതിയിൽ, അപ്പീൽവാദിക്കെതിരെ ഒരു ക്രിമിനൽ കേസും നിലനിന്നില്ല , അപേക്ഷാ ഫോമിൽ വിവരങ്ങൾ മറച്ചുവെച്ചിട്ടില്ല.

iii) അദ്ദേഹത്തിനെതിരെ 21 വയസ്സുള്ളപ്പോൾ സന്ദീപ് കുമാർ കേസിലെ സമാനമായ കുറ്റകൃത്യങ്ങൾക്ക് ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുകയും ക്രിമിനൽ കേസിൽ പിന്നീട് കുറ്റവിമുക്തനാക്കുകയും ചെയ്തു.

iv) സത്യവാങ്മൂലത്തിലെ ഒന്നിലധികം കോളങ്ങളിലൂടെ, വ്യത്യസ്ത രൂപാന്തരങ്ങളിലും (permutations) സമ്മിശ്രണങ്ങളിലും (combinations) ഉള്ള ചോദ്യങ്ങൾ അദ്ദേഹത്തോട് ചോദിച്ചുവെന്നതിൽ സംശയമില്ല.

v) ക്രിമിനൽ കേസ് ശ്രദ്ധയിൽപ്പെട്ടതിന് ശേഷമുള്ള റിപ്പോർട്ടിൽ അദ്ദേഹത്തിന്റെ സ്വഭാവം മികച്ചതാണെന്നും പരാതികളൊന്നും ലഭിച്ചിട്ടില്ലെന്നും പൊതുവെ നല്ല മതിപ്പ് ഉണ്ടെന്നും വെരിഫിക്കേഷൻ രേഖകൾ വ്യക്തമാക്കുന്നു.

vi) സ്ഥലം സന്ദർശിച്ച ആൾ റിപ്പോർട്ടിൽ അദ്ദേഹത്തിന് ശോഭനമായ ഭാവി ആശംസിക്കുകയും ചെയ്തു.

vii) റിപ്പോർട്ടിലെ ഉള്ളടക്കം ആവർത്തിച്ചതിന് ശേഷം, അദ്ദേഹത്തെ കുറ്റവിമുക്തനാക്കിയെന്നും അപ്പീൽ നൽകിയിട്ടില്ലെന്നും പോലീസ് സൂപ്രണ്ടിന് റിപ്പോർട്ട് കൈമാറിയ എസ്.എച്ച്.ഒ നിരീക്ഷിച്ചു. ഉദ്യോഗാർത്ഥിക്കെതിരെ മറ്റൊരു കേസും നിലവിലില്ലെന്നും വേറെ കേസ് ഒന്നും രജിസ്റ്റർ ചെയ്തിട്ടില്ലെന്നും അദ്ദേഹം നിരീക്ഷിച്ചു.

viii) ഉദ്യോഗാർത്ഥിയുടെ സ്വഭാവം മികച്ചതാണെന്നും സർക്കാർ സർവീസ് ചെയ്യാൻ യോഗ്യനാണെന്നും എസ്. എച്ച്. ഒ. സാക്ഷ്യപ്പെടുത്തി.

ix) പോലീസ് സൂപ്രണ്ട്, കമാൻഡന്റിന് അയച്ച കത്തിൽ, റിപ്പോർട്ട് അംഗീകരിക്കുകയും ഉദ്യോഗാർത്ഥിയുടെ സ്വഭാവം മികച്ചതാണെന്ന് ആവർത്തിക്കുകയും ചെയ്തു.

x) അധികാരസ്ഥാനം അന്വേഷണത്തിനായി സ്വീകരിച്ച നടപടിക്രമം ന്യായമാണോ എന്ന് പരിശോധിക്കുമ്പോൾ, 12.04.2005-ലെ റദ്ദാക്കൽ ഉത്തരവ് ഈ വിധിന്യായത്തിൽ നേരത്തെ പ്രതിപാദിച്ചിരിക്കുന്ന സ്വഭാവം സ്ഥിരീകരിക്കുന്നതിനുള്ള ഫാറത്തിലെ ഖണ്ഡിക 4-ൽ നിർദ്ദേശിച്ചിരിക്കുന്ന ഉത്തരവ് പോലും പാലിക്കുന്നില്ല. രാം കുമാർ v. സ്റ്റേറ്റ് ഓഫ് ഉത്തർപ്രദേശ്, (2011) 14 SCC 709, കേസിൽ സംഭവിച്ചത് പോലെ, അപ്പീൽവാദി നിയമനത്തിന് യോഗ്യനാണോ എന്ന് പരിഗണിക്കുന്നതിനുപകരം, തെറ്റായ വസ്തുതകളുള്ള സത്യവാങ്മൂലം അപ്പീൽവാദി നൽകിയതിനാൽ അദ്ദേഹത്തിന്റെ സെലക്ഷൻ ക്രമരഹിതവും നിയമവിരുദ്ധവുമാണെന്ന് നിയമനം നൽകേണ്ട അധികാരസ്ഥാനം യാന്ത്രികമായി വിലയിരുത്തി. അതിനാൽ, സതീഷ് ചന്ദ്ര യാദവ് കേസിന്റെ വിശാലമായ തത്ത്വങ്ങൾ പ്രയോഗിക്കുമ്പോൾ പോലും, 12.04.2005 -ലെ റദ്ദാക്കിയ ഉത്തരവ് ന്യായമല്ലെന്ന് കണ്ടെത്തി.

കേസിന്റെ വസ്തുതകളിലും, മുകളിൽ പറഞ്ഞിരിക്കുന്ന പ്രത്യേക സാഹചര്യങ്ങളുടെ പശ്ചാത്തലത്തിലും, (കുറ്റവിമുക്തമാക്കലിൽ അവസാനിച്ച) ക്രിമിനൽ കേസിനെ വെളിപ്പെടുത്താത്തത്, കാര്യങ്ങളുടെ കിടപ്പ് എവിടെയാണ് എത്തിനിൽക്കുന്നത്? കേസിന്റെ സവിശേഷമായ വസ്തുതകൾ കണക്കിലെടുക്കുമ്പോൾ, ഇത് അപ്പീൽവാദിക്കെതിരായ നിർണ്ണായകമായ ഒന്നായി കണക്കാ

ക്കാനാവില്ല. വെളിപ്പെടുത്താത്ത എല്ലാ കാര്യങ്ങളും അയോഗ്യതയായി കണക്കാക്കുന്നത് അനീതിയാണ്, അത് മഹത്തായതും വിശാലവും വൈവിധ്യ പൂർണ്ണവുമായ ഈ രാജ്യത്ത് ലഭിക്കുന്ന അടിസ്ഥാന യാഥാർത്ഥ്യങ്ങളെ പൂർണ്ണമായും അവഗണിക്കുന്നതിന് തുല്യമായിരിക്കും. ഓരോ കേസും ആ കേസിന്റെ വസ്തുതകളെയും സാഹചര്യങ്ങളെയും ആശ്രയിച്ചിരിക്കും. കൂടാതെ ലഭ്യമായ മുൻവിധികളെ വഴികാട്ടിയാക്കി വസ്തുനിഷ്ഠമായ മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കിയുള്ള ഒരു സമഗ്ര വീക്ഷണം കോടതി സ്വീകരിക്കേണ്ടതുണ്ട്.

**നിവൃത്തി:**

മുകളിൽ പറഞ്ഞിരിക്കുന്ന കാരണങ്ങളാൽ, അപ്പീൽ അനുവദിക്കുന്നു. സിംഗിൾ ജഡ്ജിയുടെ ഉത്തരവും ഡിവിഷൻ ബെഞ്ചിന്റെ ഉത്തരവും റദ്ദാക്കുകയും ചെയ്യുന്നു. മൂന്നാം എതിർകക്ഷിയുടെ 12.04.2005-ലെ ഉത്തരവ് റദ്ദാക്കുന്നു. 20.01.2004-ലെ റിക്രൂട്ട്മെന്റ് വിജ്ഞാപനത്തിൽ പങ്കെടുത്തതിന് അനുസൃതമായി, കോൺസ്റ്റബിൾ തസ്തികയിൽ അപ്പീൽവാദിയെ സർവീസിൽ നിയമിക്കാൻ എതിർകക്ഷികളോട് നിർദ്ദേശിക്കുന്നു. സേനയിൽ സേവനമനുഷ്ഠിക്കാത്ത കാലയളവിലെ ശമ്പള കുടിശ്ശികയ്ക്ക് അപ്പീൽവാദിക്ക് അർഹതയില്ലെന്ന് വ്യക്തമാക്കുന്നു. അതേ സമയം, ശമ്പളം, സീനിയോറിറ്റി, മറ്റ് അനന്തരഫലങ്ങൾ എന്നിവയുൾപ്പെടെ എല്ലാ സാങ്കൽപ്പിക ആനുകൂല്യങ്ങൾക്കും (notional benefits) അപ്പീൽവാദിക്ക് അർഹതയുണ്ടെന്ന് നിർദ്ദേശിക്കുന്നു.

**സുപ്രീം കോടതി മുമ്പാകെ**

**ക്രിമിനൽ അപ്പീൽ അധികാരപരിധി**

**ബഹു. ജസ്റ്റിസ് അഭയ് എസ്. ഓക**

**&**

**ബഹു. ജസ്റ്റിസ് സഞ്ജയ് കരോൾ**

ക്രിമിനൽ അപ്പീൽ നം. 472/2012

**രാം നാഥ് – അപ്പീൽവാദി**

**v.**

**ഉത്തർപ്രദേശ് സംസ്ഥാനവും മറ്റുള്ളവരും – എതിർ കക്ഷികൾ**

അതിനോടൊപ്പം
ക്രിമിനൽ അപ്പീൽ നം. 479/2012
ക്രിമിനൽ അപ്പീൽ നം. 476, 478/2012
ക്രിമിനൽ അപ്പീൽ എസ്. എൽ. പി (ക്രിമിനൽ) നം. 1379/2011-ൽ
21.02.2024-ന് വിധി പ്രസ്താവിച്ചത്

**വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ**

സുരക്ഷിതമല്ലാത്ത ഭക്ഷണവുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് എഫ്എസ്എസ്എ യിൽ വളരെ സമഗ്രമായ കാര്യങ്ങളും നടപടിക്രമങ്ങളും ഉണ്ട്. 89-ാം വകുപ്പിന്റെ ശീർഷകം സൂചിപ്പിക്കുന്നത് ഭക്ഷണവുമായി ബന്ധപ്പെട്ട എല്ലാ നിയമങ്ങളുടെ മേൽ എഫ്എസ്എസ്എക്ക് അതിപ്രഭാവമുണ്ടായിരിക്കുമെന്നാണ്. 89-ാം വകുപ്പ് പ്രകാരം, തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ അസംഗതമായി എന്തു തന്നെ അടങ്ങിയിരുന്നാലും, എഫ്എസ്എസ്എയുടെ വ്യവസ്ഥകൾക്ക് പ്രാബല്യമുണ്ടായിരിക്കുന്നതാണ്. ഐപിസി 272, 273 വകുപ്പുകൾ പ്രകാരമുള്ള കുറ്റങ്ങൾ ആകർഷിക്കപ്പെടുന്ന കേസുകളിൽ, എഫ്എസ്എസ്എയുടെ 59-ാം വകുപ്പ് പ്രകാരമുള്ള കുറ്റകൃത്യങ്ങളും ആകർഷിക്കപ്പെടും. വാസ്തവത്തിൽ, എഫ്എസ്എസ്എയുടെ 59-ാം വകുപ്പ് പ്രകാരമുള്ള കുറ്റകൃത്യം കൂടുതൽ കർശനമാണ്. എഫ്എസ്എസ്എയുടെ 89-ാം വകുപ്പ് അനുസരിച്ച്, 59-ാം വകുപ്പിന് ഐപിസിയുടെ 272, 273 വകുപ്പുകളുടെ മേൽ അതിപ്രഭാവമുണ്ടായിരിക്കുമെന്നതിൽ സംശയമില്ല.

## വിധിന്യായം

2006-ലെ ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ്സ് ആക്റ്റിന്റെ (എഫ്.എസ്.എസ്.എ) 9-ാം അധ്യായത്തിലെ വ്യവസ്ഥകളും ഐ.പി.സിയുടെ 272, 273 വകുപ്പുകളും തമ്മിലുള്ള പരസ്പര ബന്ധമാണ് ഈ അപ്പീലുകളിൽ ഉൾപ്പെട്ടിരിക്കുന്ന ചോദ്യം.

### വസ്തുതകൾ

അലഹബാദ് ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ച് പുറപ്പെടുവിച്ച 2010 ഒക്ടോബർ 5-ലെ ഉത്തരവിനെതിരെയാണ് 2012-ലെ 472-ാം നമ്പർ ക്രിമിനൽ അപ്പീൽ ഫയൽ ചെയ്തത്. 2010 മെയ് 11-ന് ഉത്തർപ്രദേശ് സംസ്ഥാനം ഐ.പി.സിയുടെ 272, 273 വകുപ്പുകൾ പ്രകാരവും 1954-ലെ ഭക്ഷണത്തിൽ മായം ചേർക്കൽ നിരോധന നിയമം (പി.എഫ്.എ.) പ്രകാരവും പ്രോസിക്യൂഷൻ നടപടികൾ ആരംഭിക്കാൻ അധികാരികൾക്ക് അധികാരം നൽകിക്കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 2010 ഓഗസ്റ്റ് 28-ന്, ഐ.പി.സിയുടെ 272, 273 വകുപ്പുകൾ പ്രകാരം കുറ്റങ്ങൾ ആരോപിച്ച് ഹർജിക്കാരനെതിരെ ഒരു ഫുഡ് ഇൻസ്പെക്ടർ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിരുന്നു. കടുകെണ്ണ വിൽക്കാനുള്ള ലൈസൻസ് അപ്പീൽവാദിക്ക് ഇല്ലെങ്കിലും വിൽപ്പന തുടർന്നുവെന്നാണ് ആരോപണം. കടുകെണ്ണ, ഭക്ഷ്യ എണ്ണ, റൈസ് ബ്രാൻ ഓയിൽ എന്നിവയിൽ മായം കലർത്തിയെന്നാണ് ഹർജിക്കാരന് എതിരെയുള്ള മറ്റൊരു ആരോപണം. ഐ.പി.സിയുടെ 272, 273 വകുപ്പുകൾ പ്രകാരം ശിക്ഷാർഹമായ കുറ്റങ്ങൾക്കുള്ള പ്രോസിക്യൂഷൻ നടപടികൾ റദ്ദാക്കണമെന്ന് ആവശ്യപ്പെട്ടാണ് സി.ആർ.പി.സിയുടെ 482-ാം വകുപ്പ് പ്രകാരം അപ്പീൽവാദി ഹർജി സമർപ്പിച്ചത്. പെപ്സിക്കോ ഇന്ത്യ ഹോൾഡിംഗ്സ് (പ്രൈവറ്റ്) ലിമിറ്റഡ് v. സ്റ്റേറ്റ് ഓഫ് ഉത്തർപ്രദേശ് (2010 SCC OnLine All 1708) എന്ന കേസിൽ 2010 സെപ്തംബർ 8-ലെ അലഹബാദ് ഹൈക്കോടതിയുടെ തീരുമാനത്തെയാണ് അപ്പീൽവാദി ആശ്രയിച്ചത്. അപ്പീൽവാദി സമർപ്പിച്ച ഹർജി ഹൈക്കോടതി തള്ളി.

ആകസ്മികമായി, 2012-ലെ ക്രിമിനൽ അപ്പീൽ നമ്പർ 476, 478-ൽ പെപ്സിക്കോ ഇന്ത്യയുടെ കേസിലെ തീരുമാനം ഉത്തർപ്രദേശ് സംസ്ഥാനം ചോദ്യം ചെയ്തു. ഈ കേസിൽ, 2010 ഓഗസ്റ്റ് 11-ന് ഐ.പി.സി. 272, 273 വകുപ്പുകൾ പ്രകാരമുള്ള കുറ്റം ആരോപിച്ച് എതിർകക്ഷിക്ക് എതിരെ എഫ്. ഐ. ആർ രജിസ്റ്റർ ചെയ്തിരുന്നു. എതിർകക്ഷികൾ നിർമ്മിച്ച ശീതളപാനീയത്തിൽ മായം കലർന്നതായാണ് ആരോപണം. 2010 ജൂലൈ 29-ന് എഫ്.എസ്.എസ്.എ പ്രാബല്യത്തിൽ വന്ന മുതൽ എഫ്.എസ്.എസ്.എയുടെ വ്യവസ്ഥകൾ ഐപിസിയുടെ 272, 273 വകുപ്പുകൾ ഉൾപ്പെടെയുള്ള ഭക്ഷണവുമായി ബന്ധപ്പെട്ട എല്ലാ നിയമങ്ങളുടെയും മേൽ

അതിപ്രഭാവമുണ്ടായിരിക്കുമെന്നാണ് (overriding effect) പെപ്സിക്കോ ഇന്ത്യയുടെ കാര്യത്തിൽ എടുത്ത വീക്ഷണം. കൂടാതെ, എഫ്.എസ്.എസ്.എ പ്രകാരമുള്ള കേസ് അന്വേഷിക്കാൻ പോലീസിന് അധികാരമില്ലെന്നും വിധിച്ചു.

ഐ.പി.സി. 272, 273 വകുപ്പുകൾ പ്രകാരം ശിക്ഷാർഹമായ കുറ്റം റദ്ദാക്കാൻ ഹൈക്കോടതി വിസമ്മതിച്ച 2010 സെപ്റ്റംബർ 15ലെ ഉത്തരവിനെതിരെയാണ് 2012-ലെ 479-ാം നമ്പർ ക്രിമിനൽ അപ്പീൽ ഫയൽ ചെയ്തിരിക്കുന്നത്. ഐ.പി.സി 272, 273 വകുപ്പുകൾ പ്രകാരം രജിസ്റ്റർ ചെയ്ത എഫ്.ഐ.ആർ. റദ്ദാക്കാൻ നൽകിയ അപ്പീൽവാദിയുടെ 482-ാം വകുപ്പ് പ്രകാരമുള്ള ഹർജി തള്ളിയ അലഹബാദ് ഹൈക്കോടതിയുടെ 2010 ഓഗസ്റ്റ് 3-ലെ ഉത്തരവിനെതിരെയാണ് എസ്. എൽ. പി [ക്രിമിനൽ] നം.1379/2011 ഫയൽ ചെയ്തത്.

ചുരുക്കത്തിൽ, പെപ്സിക്കോ ഇന്ത്യയുടെ കാര്യത്തിൽ എടുത്ത വീക്ഷണം ശരിയാണോ എന്നതാണ് പ്രധാന ചോദ്യം. എഫ്.എസ്.എസ്.എ പ്രാബല്യത്തിൽ വന്ന 2010 ജൂലൈ 29 മുതൽ പി.എഫ്.എ ഉൾപ്പെടെയുള്ള ഭക്ഷ്യ സംബന്ധമായ മറ്റ് നിയമങ്ങളുടെയും മേൽ അതിന് അതിപ്രഭാവമുണ്ടായിരിക്കുമെന്നാണ് പ്രസ്തുത കേസിൽ വിധിച്ചത്. അതിനാൽ, 2010 മെയ് 11-ലെ സർക്കാർ ഉത്തരവിനെ ആസ്പദമാക്കി, ഭക്ഷണത്തിൽ മായം ചേർക്കുന്നത് സംബന്ധിച്ച് ഐപിസി 272, 273 വകുപ്പുകൾ എന്നിവ ചുമത്തിയത് നിയമപരമായി ശരിയായിരുന്നില്ലെന്ന് ഹൈക്കോടതി വിലയിരുത്തി.

**വിശകലനം**

ഭക്ഷ്യ നിയമങ്ങളുടെ ബാഹുല്യം ആശയക്കുഴപ്പം സൃഷ്ടിക്കുന്നുവെന്ന് എഫ്എസ്എസ്എയുടെ വസ്തുതകളുടെയും കാരണങ്ങളുടെയും പ്രസ്താവന വ്യക്തമായി പരാമർശിക്കുന്നു. നിയമങ്ങളുടെ ബാഹുല്യം, സ്റ്റാൻഡേർഡ് ക്രമീകരണം, വിവിധ എൻഫോഴ്സ്മെന്റ് ഏജൻസികൾ എന്നിവ നവീന ഭക്ഷ്യ സംസ്കരണ വ്യവസായത്തിന്റെ വളർച്ചയ്ക്ക് ഹാനികരമാണ്. ഉൽപ്പാദനം, വിപണനം, സംസ്ക്കരണം, കൈകാര്യം ചെയ്യൽ, ഗതാഗതം, ഇറക്കുമതി, ചരക്കുകളുടെ വിൽപ്പന എന്നിവയിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികളെ നയിക്കുന്നതിനും നിയന്ത്രിക്കുന്ന തിനുമായി എഫ്എസ്എസ്എ ഒരു സിംഗിൾവിൻഡോ സിസ്റ്റം പ്രദാനം ചെയ്യുന്നു. ഭക്ഷണവുമായി ബന്ധപ്പെട്ട നിയമങ്ങൾ ഏകീകരിക്കുന്നതിനുള്ള നിയമമാണ് എന്ന് എഫ്എസ്എസ്എയുടെ ആമുഖം പറയുന്നു.

എഫ്എസ്എസ്എയുടെ 3-ാം വകുപ്പിലെ ഖണ്ഡം (zz) സുരക്ഷിതമല്ലാത്ത (unsafe food) ഭക്ഷണം നിർവ്വചിക്കുന്നു. സുരക്ഷിതമല്ലാത്ത ഭക്ഷണം എന്ന ആശയം മായം കലർന്ന ഭക്ഷണം (adulterated food) എന്ന ആശയത്തേക്കാൾ സമഗ്രമാണ്.

ഭക്ഷണത്തിന്റെ സ്വഭാവമോ പദാർത്ഥമോ ഗുണനിലവാരമോ ആരോഗ്യത്തിന് ഹാനികരമാകുന്ന തരത്തിൽ ബാധിക്കുന്ന ഭക്ഷ്യവസ്തു സുരക്ഷിതമല്ലാത്ത ഭക്ഷണമാണ്.

3-ാം വകുപ്പിലെ ഖണ്ഡം (zx) പ്രകാരം 'നിലവാരമില്ലാത്തത്' (substandard) നിർവ്വചിച്ചിരിക്കുന്നു. നിലവാരമില്ലാത്ത ഭക്ഷണം സുരക്ഷിതമല്ലാത്ത ഭക്ഷണമാകാൻ കഴിയില്ല.

മറ്റൊരു പ്രധാന നിർവ്വചനം 3-ാം വകുപ്പിലെ ഖണ്ഡം (എ) പ്രകാരമുള്ള മായമാണ്. അനുവദനീയമല്ലാത്ത ഒരു പദാർത്ഥം നേരിട്ട് അല്ലെങ്കിൽ ഒരു ഘടകമായി ചേർക്കുന്നത് ഭക്ഷണത്തെ സുരക്ഷിതമല്ലാത്ത ഭക്ഷണമാക്കി മാറ്റും. ഭക്ഷണത്തിലെ ഏതെങ്കിലും ദോഷകരമായ വസ്തുക്കളുടെ സാന്നിധ്യം അത് സുരക്ഷിതമല്ലാത്ത ഭക്ഷണമാക്കുന്നു. അതിനാൽ, ഭക്ഷണപദാർത്ഥത്തിൽ ഏതെങ്കിലും മായം ചേർത്ത വസ്തുകലർത്തിയാൽ അത് സുരക്ഷിതമല്ലാത്ത ഭക്ഷണമായി മാറുന്നു.

ഏത് ഭക്ഷണപദാർഥവും എങ്ങനെ ആരോഗ്യത്തിന് ഹാനികരമാകുമെന്ന് 48(1) വകുപ്പിൽ പ്രതിപാദിക്കുന്നു. മനുഷ്യ ഉപഭോഗത്തിനായുള്ള ഒരു ഭക്ഷ്യവസ്തു വിൽപനയ്ക്കോ വിതരണത്തിനോ വാഗ്ദാനം ചെയ്യുന്നുവെന്ന് അറിയുകയും ഭക്ഷണത്തിൽ എന്തെങ്കിലും മായം ചേർക്കുകയും ചെയ്താൽ, ആ വ്യക്തി, ഭക്ഷ്യവസ്തുക്കൾ ആരോഗ്യത്തിന് ഹാനികരമാക്കുകയാണ് ചെയ്യുന്നത്.

അദ്ധ്യായം IX-ൽ, 49, 50, 51, 52, 53, 54, 55, 56, 57, 58 എന്നീ വകുപ്പുകൾ ശിക്ഷാവിധികൾ കൈകാര്യം ചെയ്യുന്നു. 59 മുതൽ 64, 66 വരെയുള്ള വകുപ്പുകൾ കുറ്റകൃത്യങ്ങളെ പ്രത്യേകം പ്രതിപാദിക്കുന്നു. ഉപഭോക്താവിന് ഗുരുതരമായ പരിക്കുകളോ ഉപഭോക്താവിന്റെ മരണമോ സംബന്ധിച്ച 3 വർഷത്തിൽ കൂടുതൽ തടവ് ശിക്ഷ ലഭിക്കാവുന്ന കുറ്റകൃത്യങ്ങളുടെ വിചാരണയ്ക്കായി പ്രത്യേക കോടതികൾ സ്ഥാപിക്കാൻ കേന്ദ്ര സർക്കാരിനെയും സംസ്ഥാന സർക്കാരിനെയും അധികാരപ്പെടുത്തുന്നു.

വകുപ്പ് 34(3) പ്രകാരം, പ്രത്യേക കോടതി നടത്തുന്ന എഫ്എസ്എസ്എ പ്രകാരമുള്ള കുറ്റകൃത്യത്തിന്റെ വിചാരണയ്ക്ക് മറ്റേതെങ്കിലും കോടതിയിൽ പ്രതിക്കെതിരെയുള്ള മറ്റേതെങ്കിലും കേസിന്റെ പ്രോസിക്യൂഷനേക്കാൾ മുൻഗണന ഉണ്ടായിരിക്കും. എഫ്എസ്എസ്എയുടെ 73-ാം വകുപ്പ് പ്രകാരം, പ്രത്യേക കോടതിക്ക് വിചാരണ ചെയ്യാൻ കഴിയാത്ത കുറ്റകൃത്യങ്ങൾ സി.ആർ.പി.സിയുടെ 262, 265 വകുപ്പുകൾ അനുസരിച്ച് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതികൾക്ക് "സമ്മറി" (summarily) വിചാരണ ചെയ്യാവുന്നതാണ്.

എഫ്എസ്എസ്എയുടെ 79-ാം വകുപ്പിന് സിആർപിസിയുടെ 29-ാം വകുപ്പിന്മേൽ അതിപ്രഭാവം നൽകുന്നു, കൂടാതെ 29-ാം വകുപ്പ് നൽകുന്ന അധികാരത്തേക്കാൾ 6 വർഷത്തിൽ കൂടുതൽ തടവ് ശിക്ഷ നൽകുന്നത് ഒഴികെ, എഫ്എസ്എസ്എയ്ക്ക് കീഴിൽ അധികാരപ്പെടുത്തിയ ഏതൊരു ശിക്ഷയും വിധിക്കുന്നത് സാധാരണ അധികാരപരിധിയിലെ കോടതിക്ക് നിയമാനുസൃതമാണെന്ന് വ്യവസ്ഥ ചെയ്യുന്നു.

78-ാം വകുപ്പ് പ്രകാരം, എഫ്എസ്എസ്എയ്ക്ക് കീഴിലുള്ള കുറ്റകൃത്യത്തിന്റെ വിചാരണ വേളയിൽ, ഇറക്കുമതിക്കാരനോ, നിർമ്മാതാവോ, വിതരണക്കാരനോ, വ്യാപാരിയോ ഡീലറോ അല്ലാത്ത ഏതെങ്കിലും വ്യക്തി കുറ്റം ചെയ്തതായി ആരോപിക്കുമ്പോൾ, കോടതി മുമ്പാകെ ഹാജരാക്കിയ തെളിവുകളുടെ അടിസ്ഥാനത്തിൽ, ഇറക്കുമതിക്കാരൻ, നിർമ്മാതാവ്, വിതരണക്കാരൻ അല്ലെങ്കിൽ വ്യാപാരി എന്നിവർക്കെതിരെ നടപടിയെടുക്കാൻ കോടതിക്ക് അധികാരമുണ്ട്. അതിനാൽ എഫ്എസ്എസ്എയുടെ 78-ാം വകുപ്പിന് സി.ആർ.പി.സിയുടെ 319(3) വകുപ്പിന്മേൽ വ്യക്തമായി അതിപ്രഭാവമുണ്ടായിരിക്കും.

എഫ്എസ്എസ്എ പ്രോസിക്യൂഷനിൽ അനുവദനീയവും അനുവദനീയമല്ലാത്തതുമായ പ്രതിരോധങ്ങൾ 80ാം വകുപ്പിൽ പറഞ്ഞിരിക്കുന്നു. ഉദാഹരണത്തിന്, കുറ്റം ചെയ്ത വസ്തുതകളെക്കുറിച്ച് കുറ്റാരോപിതന് തെറ്റായതും എന്നാൽ ന്യായയുക്തവുമായ വിശ്വാസം ഉണ്ടായിരുന്നു എന്നത് ഒരു പ്രതിരോധമല്ല.

അതിനാൽ, ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങളെ സംബന്ധിച്ചിടത്തോളം, ഭക്ഷ്യ സുരക്ഷയുടെ എല്ലാ വശങ്ങളും കൈകാര്യം ചെയ്യുന്നതിന് എഫ്എസ്എസ്എയിൽ വളരെ സമഗ്രമായ വ്യവസ്ഥകൾ ഉണ്ട്.

ഈ കേസുകളിൽ, എഫ്എസ്എസ്എയുടെ 59-ാം വകുപ്പ് പ്രകാരമുള്ള കുറ്റം വളരെ പ്രസക്തമാണ്. സ്വയം അല്ലെങ്കിൽ മറ്റാരെങ്കിലും മുഖാന്തിരം, സുരക്ഷിതമല്ലാത്ത ഭക്ഷണം മനുഷ്യ ഉപഭോഗത്തിനായി നിർമ്മിക്കുകയോ സംഭരിക്കുകയോ വിൽക്കുകയോ ഇറക്കുമതി ചെയ്യുകയോ ചെയ്യുന്ന ഏതൊരു വ്യക്തിയും സുരക്ഷിതമല്ലാത്ത ഭക്ഷണം കൈകാര്യം ചെയ്യുന്ന കുറ്റത്തിന് കുറ്റക്കാരനാകുന്നു. സുരക്ഷിതമല്ലാത്ത ഭക്ഷണം മൂലമുണ്ടാകുന്ന പരിക്കിന്റെ വ്യാപ്തിയും സ്വഭാവവും അനുസരിച്ച്, 3 മാസത്തെ തടവ് മുതൽ ജീവപര്യന്തം തടവ് വരെ നീളുന്ന വ്യത്യസ്ത ശിക്ഷകൾ നൽകിയിട്ടുണ്ട്.

ഈ അപ്പീലുകളിൽ ഐപിസി 272, 273 വകുപ്പുകൾ മാത്രമാണ് കൈകാര്യം ചെയ്യുന്നത്. 272-ാം വകുപ്പ് ഏതെങ്കിലും ഭക്ഷണപാനീയത്തിൽ മായം ചേർക്കുന്ന കുറ്റവുമായി ബന്ധപ്പെട്ടിരിക്കുന്നു. 3-ാം വകുപ്പിലെ ഖണ്ഡം (എ) പ്രകാരം

ഭക്ഷണത്തിന്റെ നിർവ്വചനത്തിൽ ദ്രാവകവും (liquid) ഉൾപ്പെടുന്നു. ഒരു ഭക്ഷണ പദാർത്ഥത്തിൽ മായം ചേർക്കുന്നത് അത്തരം പദാർത്ഥത്തെ ഹാനികരമായ ഭക്ഷണമോ പാനീയമോ ആക്കുകയാണെങ്കിൽ, മായം ചേർത്ത വ്യക്തി ഐപിസി 272-ാം വകുപ്പ് പ്രകാരം കുറ്റക്കാരനാണ്. അതിനാൽ, ഉദ്ദേശ്യം കുറ്റകൃത്യത്തിന്റെ ഒരു ഘടകമാണ്.

ഭക്ഷണത്തിലോ ദ്രാവകത്തിലോ മായം ചേർക്കുന്നതിലൂടെ അത് ദോഷകരമോ വിഷം പുരണ്ടതോ ആകുമ്പോൾ, അത് ഹാനികരമാണെന്ന് പറയാം. മായം ചേർക്കുന്നതിലൂടെ ഒരു ഭക്ഷണപദാർത്ഥം ഹാനികരമാണെങ്കിൽ അത് എഫ്എസ്എസ്എയുടെ 3-ാം വകുപ്പിലെ (zz) ഖണ്ഡത്തിന്റെ അർത്ഥത്തിൽ സുരക്ഷിതമല്ലാത്ത ഭക്ഷണമായി മാറുന്നു.

ഹാനികരമായതോ കഴിക്കാൻ യോഗ്യമല്ലാത്തതോ ആയ ഭക്ഷണ പാനീയങ്ങൾ വിൽക്കുകയോ നൽകുകയോ ചെയ്യുമ്പോൾ ഐപിസി 273-ാം വകുപ്പ് ബാധകമാകും.

273-ാം വകുപ്പ് പ്രകാരമുള്ള, ഒരു കുറ്റകൃത്യമായി മാറുന്നതിന്, വിൽക്കുന്ന ഭക്ഷണമോ പാനീയമോ ഹാനികരമാണെന്ന അറിവോ, ന്യായമായ വിശ്വാസമോ ആവശ്യമാണ്.

എഫ്എസ്എസ്എയുടെ 59-ാം വകുപ്പിന് ഐ.പി.സിയുടെ 272-ാം വകുപ്പ് വിഭാവനം ചെയ്യുന്ന ഉദ്ദേശ്യത്തിന്റെ സാന്നിധ്യം ആവശ്യമില്ല. ഐ.പി.സിയുടെ 272-ാം വകുപ്പിൽ നൽകിയിരിക്കുന്നത് പോലെ ഉദ്ദേശ്യം ഇല്ലെങ്കിൽ പോലും എഫ്എസ് എസ്എയുടെ 59-ാം വകുപ്പ് പ്രകാരമുള്ള കുറ്റകൃത്യം ആകർഷിക്കപ്പെടാം. എഫ്എസ് എസ്എയുടെ 48(1) വകുപ്പിൽ, അറിവ്, ഒരു അനിവാര്യ ഘടകമായതിനാൽ, അറിവ് 59-ാം വകുപ്പിന്റെ ഭാഗമായിരിക്കും.

ഐപിസി 272-ാം വകുപ്പ് പ്രകാരമുള്ള കുറ്റത്തിന് പരമാവധി ശിക്ഷ 6 മാസം വരെ നീണ്ടുനിൽക്കാവുന്ന തടവോ പിഴയോ ആണ്. ഐപിസി 273-ാം വകുപ്പ് പ്രകാരമുള്ള കുറ്റത്തിനുള്ള ശിക്ഷയും ഇത് തന്നെയാണ്. എന്നാൽ എഫ്എസ് എസ്എയുടെ 59-ാം വകുപ്പ് പ്രകാരം, 3 മാസം മുതൽ ജീവപര്യന്തം വരെ തടവും 3 ലക്ഷം രൂപ മുതൽ 10 ലക്ഷം വരെ പിഴയുമാണ് ശിക്ഷ.

59-ാം വകുപ്പിന് കീഴിലുള്ള കുറ്റകൃത്യത്തിന് 1 വർഷത്തെ കാലഹരണ കാലാവധി (limitation) നൽകിയിട്ടുണ്ട്. 3 വർഷം വരെ ഇത് നീട്ടാവുന്നതാണ്. 272, 273 വകുപ്പുകൾക്ക് കീഴിലുള്ള കുറ്റകൃത്യങ്ങൾക്ക് കാലഹരണ കാലാവധി ഒരു വർഷമാണ്. സി.ആർ.പി.സിയുടെ 473-ാം വകുപ്പ് പ്രകാരം സമയം നീട്ടാം. അതിന് 3 വർഷത്തിന്റെ പരിധിയില്ല.

**ഉപസംഹാരം**

അതിനാൽ, സുരക്ഷിതമല്ലാത്ത ഭക്ഷണവുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് എഫ്എസ്എസ്എയിൽ വളരെ സമഗ്രമായ കാര്യങ്ങളും നടപടിക്രമങ്ങളും ഉണ്ട്. 89-ാം വകുപ്പിന്റെ ശീർഷകം സൂചിപ്പിക്കുന്നത് ഭക്ഷണവുമായി ബന്ധപ്പെട്ട എല്ലാ നിയമങ്ങളുടെ മേലും എഫ്എസ്എസ്എക്ക് അതിപ്രഭാവ മുണ്ടായിരിക്കും എന്നാണ്. 89-ാം വകുപ്പ് പ്രകാരം, തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ അസംഗതമായി എന്തു തന്നെ അടങ്ങിയിരുന്നാലും, എഫ്എസ്എസ്എ യുടെ വ്യവസ്ഥകൾക്ക് പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

ഐപിസിയുടെ 272, 273 വകുപ്പുകൾ മാത്രമാണ് തൽക്ഷണ കേസ് കൈകാര്യം ചെയ്യുന്നത്. ഐപിസി 272, 273 വകുപ്പുകൾ പ്രകാരമുള്ള കുറ്റങ്ങൾ ആകർഷിക്കപ്പെടുന്ന കേസുകളിൽ, എഫ്എസ്എസ്എയുടെ 59-ാം വകുപ്പ് പ്രകാരമുള്ള കുറ്റകൃത്യങ്ങളും ആകർഷിക്കപ്പെടും. വാസ്തവത്തിൽ, എഫ്എസ്എസ്എയുടെ 59-ാം വകുപ്പ് പ്രകാരമുള്ള കുറ്റകൃത്യം കൂടുതൽ കർശനമാണ്. എഫ്എസ്എസ്എ യുടെ 89-ാം വകുപ്പ് അനുസരിച്ച്, 59-ാം വകുപ്പിന് ഐപിസിയുടെ 272, 273 വകുപ്പുകളുടെ മേൽ അതിപ്രഭാവമുണ്ടായിരിക്കുമെന്ന് സംശയമില്ല.

അതനുസരിച്ച്, 2012ലെ ക്രിമിനൽ അപ്പീൽ നമ്പർ. 472, 2012-ലെ ക്രിമിനൽ അപ്പീൽ നമ്പർ.479, 2011-ലെ SLP (Crl.) നമ്പർ 1379-ൽ നിന്ന് ഉത്ഭവിച്ച ക്രിമിനൽ അപ്പീൽ എന്നിവ അനുവദിക്കുന്നു. കൂടാതെ ചോദ്യംചെയ്യപ്പെട്ട ഉത്തരവുകളെ റദ്ദാക്കുന്നു. ഈ അപ്പീലുകളുടെ വിഷയമായ കുറ്റകൃത്യങ്ങൾ റദ്ദാക്കുകയും ഇതിനകം ആരംഭിച്ചിട്ടില്ലെങ്കിൽ നിയമത്തിന് അനുസൃതമായി ഉചിതമായ നടപടികൾ ആരംഭിക്കാൻ അധികാരികൾക്ക് സ്വാതന്ത്ര്യം നൽകുകയും ചെയ്യുന്നു. എഫ്എസ്എസ്എ നിയമത്തിന്റെ 59-ാം വകുപ്പ് പ്രകാരം ശിക്ഷാർഹമായ കുറ്റകൃത്യങ്ങളിൻമേൽ എഫ്എസ്എസ്എ നിയമപ്രകാരം നടപടി സ്വീകരിക്കുന്നതിനുള്ള സ്വാതന്ത്ര്യം ബന്ധപ്പെട്ട അധികാരികൾക്കുണ്ട്. 2012-ലെ ക്രിമിനൽ അപ്പീൽ നമ്പറുകൾ 476, 478 നിരസിക്കുന്നു.

# സുപ്രധാനവിധികൾ
# ഒറ്റനോട്ടത്തിൽ



**രതീഷ് കെ. ആർ.**

**v.**

**ഡയറക്ടർ, അക്ഷയ പ്രോജക്റ്റ്, തിരുവനന്തപുരം**

(2024 (1) KHC 546)




ഒരു അക്ഷയ സെന്റർ ലൈസൻസി ആയത് കൈമാറ്റം ചെയ്തതാണ് ഈ കേസിലെ വിഷയം. അക്ഷയ സെന്റർ ലൈസൻസി തന്റെ അക്ഷയ സെന്റർ മറ്റൊരാൾക്ക് കൈമാറ്റം ചെയ്തപ്പോൾ ജില്ലാ കളക്ടറും അക്ഷയ പ്രോജക്റ്റ് ഡയറക്ടറും അയാളുടെ ലൈസൻസ് റദ്ദാക്കി. ഇതിനെ ചോദ്യം ചെയ്ത് സമർപ്പിക്കപ്പെട്ട കേസ്, ലൈസൻസ് ഉള്ള ആൾ നിയമത്തിനെതിരായി അക്ഷയ സെന്ററുമായി ബന്ധപ്പെട്ട് ഏതെങ്കിലും സാമ്പത്തിക ഇടപാടിൽ ഏർപ്പെട്ടാൽ അധികാരികൾ ഇടപെട്ട് നടപടിയെടുക്കേണ്ടതായി വരുമെന്നും, അങ്ങനെ ചെയ്തില്ലെങ്കിൽ അത് അനധികൃതമായി സ്വത്ത് സമ്പാദിക്കാനുള്ള മാർഗ്ഗമായി അക്ഷയ സെന്ററുകൾ ദുരുപയോഗം ചെയ്യാൻ മറ്റുള്ളവർക്ക് ഒരു പ്രേരണയാകുമെന്നും, ഇത് പൊതുതാല്പര്യത്തിനായി മാത്രം സ്ഥാപിക്കപ്പെട്ട അക്ഷയ കേന്ദ്രങ്ങളുടെ ഉദ്ദേശലക്ഷ്യങ്ങൾക്ക് എതിരാകുമെന്നും മറ്റും പറഞ്ഞ് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി തള്ളുകയുണ്ടായി.

**അശ്വതി സുരേന്ദ്രൻ**

**v.**

**ഇന്ത്യൻ യൂണിയൻ**

(2024(1) KHC 570)



1971–ലെ ചികിത്സാപരമായ ഗർഭാവസ്ഥ സമാപന ആക്റ്റിലെ 3(2) (ബി) വകുപ്പ് പ്രകാരം ഗർഭസ്ഥശിശുവിന്റെ അസാധാരണത്വം കാരണം ഗർഭാവസ്ഥ അവസാനിപ്പിക്കാനുള്ള അനുമതിക്കായി ഹർജിക്കാരി ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചു. ഗർഭാവസ്ഥ അവസാനിപ്പിക്കുന്നതിന് തക്കതായ കാരണങ്ങളുണ്ടോ എന്ന് കോടതി പരിശോധിക്കവെ വിദഗ്ദ്ധ പരിശോധനക്കായി മെഡിക്കൽ ബോർഡിലേക്ക് റഫർ ചെയ്തു. മെഡിക്കൽ ബോർഡിന്റെ റിപ്പോർട്ടിൽ ഗർഭസ്ഥ ശിശു നന്നായിരിക്കുന്നുവെന്നും ചിലപ്പോൾ ജനിക്കുമ്പോൾ വൃക്കകൾക്ക് ചെറുതോ വലുതോ ആയ അസാധാരണത്വം ഉണ്ടായേക്കാമെന്നും എന്നാൽ ആയത് ജനിച്ച് കഴിഞ്ഞാൽ മാത്രമേ തിട്ടപ്പെടുത്താൻ സാധിക്കുകയുള്ളൂ എന്നുമാണ് പറഞ്ഞിട്ടുള്ളത്. മെഡിക്കൽ ബോർഡിന്റെ റിപ്പോർട്ട് പരിഗണിച്ചശേഷം ഗർഭസ്ഥശിശുവിന് കുഴപ്പമൊന്നുമില്ലെന്ന് കണ്ട്, പ്രത്യേകിച്ചും ഗർഭസ്ഥശിശു 30 ആഴ്ച വളർച്ച എത്തിയതുകൊണ്ട്, ഹർജിക്കാരിക്ക് ഗർഭാവസ്ഥ അവസാനിപ്പിക്കാൻ അനുമതി നൽകാതിരിക്കുകയാണ് ഉണ്ടായത്.

**ചന്ദ്രകുമാർ**

**V.**

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ഓംബുഡ്സ്മാൻ**

(2024(1) KHC 570)



ഹർജിക്കാരന് അച്ഛനിൽ നിന്നും പിന്തുടർച്ച വഴി ലഭിച്ച ഒരു സെന്റ് വസ്തുവകയിൽ ഉള്ള വീട്ടിൽ കക്കൂസ് കുഴി കെട്ടാത്തതിനാൽ ആ മാലിന്യം രണ്ടാം എതിർകക്ഷിയുടെ വസ്തുവകകളിലേക്ക് പുറന്തള്ളുന്നു എന്നും നിരവധി പരാതികൾ പഞ്ചായത്തിൽ നൽകിയെങ്കിലും ഒരു നടപടിയും സ്വീകരിച്ചിട്ടില്ല എന്നു കാണിച്ച് ബഹുമാനപ്പെട്ട ഓംബുഡ്സ്മാൻ മുമ്പാകെ പരാതി നൽകുകയുണ്ടായി. ഹർജിക്കാരന്റെ വസ്തുവകകളിൽ പരിശോധന നടത്തി അയാളുടെ വസ്തുവിൽ മാലിന്യ നിർമ്മാർജ്ജനത്തിനുള്ള സൗകര്യങ്ങൾ സ്ഥാപിക്കുവാൻ നിർദ്ദേശം നൽകുവാനും ഈ ഉപദ്രവം അവസാനിച്ചു എന്ന് ഉറപ്പുവരുത്തണമെന്നും പഞ്ചായത്ത് സെക്രട്ടറിക്ക് ബഹുമാനപ്പെട്ട ഓംബുഡ്സ്മാൻ നിർദ്ദേശം നൽകി. ഇതിനെതിരെ ഹർജിക്കാരൻ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചു. ഇത്തരമൊരു ഉത്തരവ് നൽകാൻ ബഹുമാനപ്പെട്ട ഓംബുഡ്സ്മാന് അധികാരമുണ്ടോ എന്നതാണ് തർക്കവിഷയം. സ്വകാര്യവ്യക്തികൾ തമ്മിലുള്ള തർക്കം തീരുമാനിക്കാനുള്ള അധികാരം ബഹുമാനപ്പെട്ട ഓംബുഡ്സ്മാനില്ലെന്ന നിരീക്ഷണത്തോടുകൂടി കോടതി ഹർജിക്കാരന് അനുകൂലമായി വിധി പ്രഖ്യാപിച്ചു.

**മുഹമ്മദ് കുഞ്ഞി എം. v. കേരള സംസ്ഥാനം**

(2023 (7) KHC 535)

ഒരേ കൂട്ടം ആരോപണങ്ങളുടെയും കുറ്റകൃത്യങ്ങളുടെയും അടിസ്ഥാനത്തിൽ രണ്ട് പ്രഥമ വിവര റിപ്പോർട്ടുകൾ ഉണ്ടെങ്കിൽ രണ്ടാമത്തെ പ്രഥമ വിവര റിപ്പോർട്ടും അതിൽ നിന്നും തുടങ്ങിയ നടപടികളും അസാധുവായിരിക്കും എന്നും, ആരോപണങ്ങളുടെ സ്വഭാവം, വസ്തുതകൾ, ബാധിക്കപ്പെട്ട വ്യക്തികൾ ഇവയ്ക്കൊന്നും സമാനതകളില്ലെങ്കിൽ ഈ വിലക്ക് ബാധകമായിരിക്കുകയില്ല എന്നും കേരള ഹൈക്കോടതി നിരവധി സുപ്രീംകോടതി വിധികളെ ഉദ്ധരിച്ചുകൊണ്ട് മേൽ കേസിൽ ഉത്തരവിട്ടു. ഈ കേസിൽ ആദ്യത്തെ പ്രഥമ വിവര റിപ്പോർട്ട് സിവിൽ തർക്കമായതുകൊണ്ട് ആയത് റഫർ ചെയ്യുകയാണ് ഉണ്ടായത്. രണ്ടാമത്തെ കേസിൽ മാത്രമാണ് പൂർണ്ണമായ അന്വേഷണം നടത്തി അന്തിമ റിപ്പോർട്ട് ഫയൽ ചെയ്തിട്ടുള്ളത്. അതുകൊണ്ട് രണ്ടാം പ്രഥമ വിവര റിപ്പോർട്ടിനുള്ള വിലക്ക് ഈ കേസിൽ ബാധകമല്ല എന്ന് തീർപ്പു കൽപ്പിച്ചു.

**തെരേസ, മേരിജോർജ്ജ്. v. കേരള സംസ്ഥാനവും മറ്റുള്ളവരും**

(2024 (7) KER 10939 Live Law)

കീഴ്ക്കോടതി വിധി നടപ്പിൽ വരുത്തുന്നതിനായി ഭരണഘടനയുടെ 226-ാം അനുച്ഛേദത്തിൽ പറയുന്ന മൻഡാമസ് റിട്ട് പുറപ്പെടുവിക്കുന്നതിനായി ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയെ സമീപിക്കാവുന്നതാണോ എന്നതാണ് ഈ കേസിലെ പ്രതിപാദ്യവിഷയം. ഹർജിക്കാരിയുടെ 3.24 ആർ വസ്തുവകകളിൽ കൈയ്യേറ്റം ഉണ്ടായതിനെ തുടർന്ന് നോർത്ത് പറവൂർ സബ്കോടതിയിൽ അതിർത്തി നിശ്ചയിച്ചു കിട്ടാൻ കേസ് ഫയൽ ചെയ്യുകയും, അതിൽ താലൂക്ക് സർവ്വേയർ അതിർത്തി തിരിച്ച് പ്ലാൻ സമർപ്പിക്കുകയും, പിന്നീട് കേസ് രാജിയാവുകയും ചെയ്തു. പിന്നീട് ഹർജിക്കാരി അതിർത്തിയിൽ സർവ്വേക്കല്ലുകൾ ഇട്ടുതരണമെന്ന് കാണിച്ച് തഹസീൽദാർക്ക് അപേക്ഷ നൽകിയെങ്കിലും, വിധി നടപ്പിലാക്കിക്കിട്ടുവാൻ ബന്ധപ്പെട്ട കോടതിയെ സമീപിക്കണമെന്ന് പറഞ്ഞ് ആയത് നിരസിക്കപ്പെട്ടു. ഹർജിക്കാരിക്ക് മറ്റൊരു പരിഹാരമാർഗ്ഗം സിവിൽ നടപടിക്രമത്തിന്റെ 21-ാം ഓർഡർ പ്രകാരം ഉള്ളതിനാൽ മൻഡാമസ് റിട്ട് ഉത്തരവാക്കണമെന്ന റിട്ട് ഹർജിയുമായി ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിക്കുവാൻ പറ്റില്ലയെന്നും ഹർജി പ്രകാരമുള്ള നിവൃത്തികൾക്ക് അർഹതയില്ല എന്നും പറഞ്ഞ് ഹർജി തള്ളുകയാണുണ്ടായത്.

**ഷാലു വർഗ്ഗീസ്. V. കേരള സംസ്ഥാനം**

(2023 (7) KHC SN 26)

നേരിട്ടുള്ള നിയമനത്തിനുള്ള വിജ്ഞാപനങ്ങൾ വഴിയുള്ള നിയമനങ്ങൾ വിജ്ഞാപനം ചെയ്ത ഒഴിവുകളിലേക്ക് പരിമിതപ്പെടുത്തണം എന്ന് കേരള ഹൈക്കോടതി വിധിച്ചു. അല്ലാത്തപക്ഷം അത് പിന്നീട് യോഗ്യത നേടുന്ന ആളുകൾക്ക് ഭരണഘടനയുടെ 14,16 എന്നീ അനുച്ഛേദങ്ങൾ ഉറപ്പു നൽകുന്ന പൊതുതൊഴിൽ നേടാനുള്ള അവകാശത്തെ ബാധിക്കും. എ. ശ്രീകണ്ഠൻ നായരും മറ്റുള്ളവരും V. എൻ. കെ. മുരളീധരൻ നായരും മറ്റുള്ളവരും (1991 KHC 2636)എന്ന കേസിലെ പൊതുതൊഴിൽ നേടാനുള്ള തുല്യ അവസരം ഭരണഘടന ഉറപ്പാക്കുന്ന മൗലിക സ്വാതന്ത്ര്യമാണെന്നും അതിനു യോഗ്യതയുള്ള ആളുകൾക്കിടയിൽ അതു തുല്യമായി വീതിക്കപ്പെടണം എന്ന വിധിയെയും ഈ കേസിൽ പരാമർശിച്ചു. കഴിവുള്ള ചെറുപ്പക്കാർക്ക് പൊതുതൊഴിൽ വഴി വരുമാനം കണ്ടെത്തുവാൻ ആഗ്രഹമുണ്ടെങ്കിൽ അവരെ പഴയ സെലക്ട് ലിസ്റ്റിൽ ആളുകൾ അവശേഷിക്കുന്നുണ്ടെന്ന കാരണത്താൽ നിയമനത്തിൽ നിന്നും മാറ്റി നിർത്താൻ സാധ്യമല്ല എന്ന് കോടതി നിരീക്ഷിച്ചു.

**സാജൻ ടി. സണ്ണി. V. കേരള സംസ്ഥാനം**

(2024 (1) KHC 457)

1988-ലെ അഴിമതി നിരോധന നിയമത്തിന്റെ 13(1) (ഡി), 13(2) പ്രകാരവും ഇന്ത്യൻ ശിക്ഷാനിയമത്തിന്റെ 420, 120 ബി വകുപ്പുകൾ പ്രകാരവുമുള്ള കുറ്റകൃത്യങ്ങൾ ഹർജിക്കാരൻ ചെയ്തു എന്നതാണ് ആരോപണം. ആരോപിതൻ നിയമാനുസൃതമല്ലാത്ത പ്രവർത്തികൾ വഴി വില്പനനികുതി വകുപ്പിനും അതുവഴി സർക്കാരിനും നഷ്ടമുണ്ടാക്കി. അന്തിമ റിപ്പോർട്ടും അതിനെ തുടർന്ന് എടുത്ത നടപടികളും റദ്ദാക്കുന്നതിനുവേണ്ടി ക്രിമിനൽ നടപടിക്രമത്തിന്റെ 482-ാം വകുപ്പ് പ്രകാരം സമർപ്പിക്കപ്പെട്ട ഹർജിയാണിത്. അന്തിമ റിപ്പോർട്ടിൽ പറയുന്ന ആരോപണങ്ങൾ മുഖവിലക്കെടുത്ത് മുഴുവനായും സ്വീകരിച്ചാൽ കൂടി അത് തനിക്കെതിരെ ഒരു കേസ് ഉണ്ടാക്കുവാൻ പര്യാപ്തമല്ല എന്നും ഇതേ കൂട്ടം വസ്തുതകളുടെ അടിസ്ഥാനത്തിൽ തനിക്കെതിരെ ഉണ്ടായിരുന്ന വകുപ്പുതല നടപടികളിൽ ഈ ചാർജ്ജുകളിൽ നിന്നും കുറ്റവിമുക്തനാക്കിയതിനാൽ ക്രിമിനൽ നടപടികളിൽ തുടരാൻ പാടില്ല എന്നുമാണ്

ഹർജിക്കാരന്റെ വാദം. വകുപ്പുതല നടപടികളിൽ നിന്നും കുറ്റവിമുക്തനാക്കപ്പെട്ടു എന്നത് കൊണ്ട് ക്രിമിനൽ നടപടികൾ റദ്ദാക്കൽ അവസാനിക്കണമെന്നില്ല. ഏതെങ്കിലും നടപടിക്രമത്തിന്റെ ഭാഗമായി മാത്രമാണ് പ്രോസിക്യൂഷൻ നടപടികൾ ആരംഭിച്ചിട്ടുള്ളതെങ്കിൽ ആ നടപടി ക്രമത്തിലെ കണ്ടെത്തൽ അധികാരക്രമത്തിലുള്ള മേലുദ്യോഗസ്ഥൻ റദ്ദാക്കുന്ന അവസരത്തിൽ, പ്രോസിക്യൂഷൻ നടപടികൾ റദ്ദാക്കാൻ സാധിക്കും. എന്നാൽ വകുപ്പുതല നടപടികളും ക്രിമിനൽ നടപടികളും ഒരേ അധികാരക്രമത്തിൽപ്പെട്ടതല്ല. ഈ കാരണത്താൽ ആഷ്ഠ സുരേന്ദ്രനാഥ് തിവാരി കേസിലെ വിധി ഈ കേസിൽ പ്രയോഗിക്കാൻ പറ്റില്ല എന്നും വകുപ്പുതല നടപടികളിൽ കുറ്റവിമുക്തനാക്കിയാലും അതേ കൂട്ടം വസ്തുതകളിന്മേൽ ക്രിമിനൽ പ്രോസിക്യൂഷൻ തുടങ്ങുവാനും തുടരുവാനും സാധിക്കുമെന്ന് ബഹുമാനപ്പെട്ട കോടതി വിധി പ്രസ്താവിച്ചു.

## വിശ്വംഭരൻ V. കേരള സംസ്ഥാനം

(2024 : KER : 6005)

28/10/2000 തീയതി 2.30 മണിക്ക് വെളിയം വില്ലേജിലെ വെൻകോസ് ജംഗ്ഷന് സമീപത്ത് ഷാജി മന്ദിരം വീടിന്റെ തെക്കുവശത്തുള്ള മുറ്റത്തിന്റെ സ്ലാബിൽ 4 ലിറ്റർ ചാരായം ഒരു 10 ലിറ്റർ കന്നാസിൽ പ്രതി സൂക്ഷിച്ചിരുന്നു എന്നതാണ് പ്രോസിക്യൂഷൻ കേസ്. അഡീഷണൽ സെഷൻസ് ജഡ്ജി അബ്കാരി ആക്റ്റിലെ 55(എ) വകുപ്പ് പ്രകാരം പ്രതി കുറ്റക്കാരനാണെന്ന് കണ്ട് ശിക്ഷിച്ചു. അപ്പീലുമായി പ്രതി ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചു. രവി. സി. V. കേരള സംസ്ഥാനം (2011(3) KLR 627), സന്തോഷ് V. കേരള സംസ്ഥാനം (2021 (5) KHC 214) എന്നീ കേസുകളിലെ വിധിയിലെ പ്രസക്തഭാഗങ്ങൾ പരാമർശിച്ച് പ്രതിക്ക് പിടിച്ചെടുത്ത സാധനത്തിന്മേൽ ആധിപത്യമോ നിയന്ത്രണമോ ഉള്ളതായി തെളിയിക്കാൻ പ്രോസിക്യൂഷന് സാധിച്ചിട്ടില്ല എന്നും സംഭവസമയത്ത് ആ വീടിന്റെ ഉടമസ്ഥനാണെന്നോ, കൈവശക്കാരനാണെന്നോ, അവിടെ താമസിച്ചു വരുന്ന ആളാണെന്നോ കാണിക്കാൻ ഒരു തെളിവും ഇല്ലാത്ത സ്ഥിതിക്ക് സംശയത്തിന്റെ ആനുകൂല്യം നൽകിക്കൊണ്ട് വിചാരണകോടതി ചുമത്തിയ ശിക്ഷ റദ്ദാക്കുകയാണ് ഉണ്ടായത്.

# ലേഖനങ്ങൾ







KERALA REVENUE RECOVERY ACT 1968

# കേരള റവന്യൂ റിക്കവറി ആക്ട് 1968

## ഒരു വിശകലനം






**രഹന വി. എം**
അഡീഷണൽ നിയമസെക്രട്ടറി

നിയമങ്ങൾ തയ്യാറാക്കുന്ന കാര്യത്തിൽ എക്സിക്യൂട്ടീവിന്റെ കാഴ്ചപ്പാടുകൾ വ്യത്യസ്തങ്ങളാണ്. ചില നിയമങ്ങൾ പരിമിതമെങ്കിൽ മറ്റ് ചിലത് സമ്പൂർണ്ണമായിരിക്കും. അത്തരത്തിൽ സമ്പൂർണ്ണ വ്യവസ്ഥകൾ കൊണ്ട് സമ്പുഷ്ടമാക്കപ്പെട്ടതാണ് 1968-ലെ കേരള റവന്യൂ റിക്കവറി ആക്റ്റ്. ആദരണീയരായ സാമാജികർ ഉൾപ്പെട്ട മൂന്നാം കേരള നിയമസഭയുടെ മൂന്നാം സമ്മേളനത്തിലാണ് ഈ നിയമം പാസ്സായത് എന്നതും ശ്രദ്ധേയമാണ്. 1967 ജൂൺ 19-ന് അന്നത്തെ റവന്യൂ മന്ത്രി എന്ന നിലയിൽ ശ്രീമതി കെ. ആർ. ഗൗരിയമ്മ ബിൽ അവതരിപ്പിച്ചതിനെ തുടർന്ന് നിയമസഭാ സാമാജികർക്കിടയിൽ നടന്ന ആശയസംഘട്ടനങ്ങൾക്കും, സംവാദങ്ങൾക്കും, സെലക്റ്റ് കമ്മിറ്റിയുടെ പഠന റിപ്പോർട്ടിനും ഒടുവിലാണ് ഈ നിയമം നിലവിൽ വന്നത്.

സർക്കാരിന് കിട്ടേണ്ട കുടിശ്ശികതുക മടക്കിക്കൊടുക്കാതെ രക്ഷപ്പെടാൻ ശ്രമിക്കുന്നവരെ പൂട്ടുന്നതിനും പൊതുധനം വെട്ടിക്കുന്നവരിൽ നിന്നും സങ്കീർണ്ണതകൾ കൂടാതെ സമയബന്ധിതമായി അവ പിടിച്ചെടുക്കുന്നതിനും വ്യവസ്ഥ ചെയ്യുന്നു എന്നതാണ് ഈ നിയമത്തിന്റെ സവിശേഷത. സിവിൽ, ക്രിമിനൽ കോടതികൾ മുഖേന തുക തിരിച്ച് പിടിക്കുന്നതിനുള്ള നടപടിക്രമങ്ങളിലെ സങ്കീർണ്ണത, കാലതാമസം എന്നീ ദോഷഫലങ്ങൾ ഉൾക്കൊണ്ടുകൊണ്ട് അവയ്ക്ക് പരിഹാരം കാണാനുള്ള കാര്യക്ഷമമായ നടപടികളാണ് ഈ നിയമത്തിൽ വിഭാവനം ചെയ്തിട്ടുള്ളത്.

സംസ്ഥാന ഏകീകരണത്തെ തുടർന്ന് തിരുവിതാംകൂർ, കൊച്ചി, മലബാർ പ്രദേശങ്ങളിൽ നിലനിന്നിരുന്ന വ്യത്യസ്ത നിയമങ്ങൾ റദ്ദ് ചെയ്തുകൊണ്ട് ഒരു ഏകീകൃത നിയമം സംസ്ഥാനത്താകമാനം നടപ്പിലാക്കുക എന്ന ലക്ഷ്യം ഇതിലൂടെ സാക്ഷാത്കരിച്ചു. പൊതുപണം കുടിശ്ശിക വരുത്തുന്നവരുടെ സ്ഥാവര ജംഗമ വസ്തുക്കൾ ജപ്തിചെയ്ത് സർക്കാരിൽ മുതൽക്കൂട്ടുന്നതിനാണ് പ്രധാനമായും വ്യവസ്ഥ ചെയ്തത്. ആദായ നികുതി നിയമത്തിൽ നിലനിന്നിരുന്ന വ്യവസ്ഥ, അതായത്, കുടിശ്ശിക തുക ഭൂമിയിന്മേലുള്ള ഫസ്റ്റ് ചാർജ് ആയിരിക്കുമെന്ന തത്വം ഇതിൽ ബാധകമാക്കി. ഭൂമിയിന്മേലുള്ള റവന്യൂ കുടിശ്ശികയ്ക്ക് പുറമേ, സർക്കാരിന് കിട്ടാനുള്ള മറ്റ് കടങ്ങളും ഫസ്റ്റ് ചാർജ് ആയി ഈടാക്കുന്നതിനും, പൊതുതാൽ പര്യാർത്ഥം സർക്കാർ വിജ്ഞാപനം ചെയ്യുന്ന മറ്റ് സ്ഥാപനങ്ങളെ കൂടി നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനും വ്യവസ്ഥ ഉൾപ്പെടുത്തി. സർക്കാർ ജപ്തി ചെയ്ത വസ്തു ലേലത്തിൽ പിടിക്കാൻ സ്വകാര്യ വ്യക്തികൾ വിമുഖത കാട്ടുകയും ലേലംകൊള്ളാൻ തയ്യാറാകാതെ വരികയും ചെയ്യുമ്പോൾ അവ നോമിനൽ തുകയ്ക്ക് സർക്കാരിന് ലേലംകൊള്ളാമെന്നും അതിന്റെ ഉടമസ്ഥാവകാശം സർക്കാരിൽ മുതൽക്കൂട്ടാമെന്നും വ്യക്തമാക്കി. സർക്കാർ ലേലംകൊണ്ട വസ്തുക്കൾ യഥാർത്ഥ ഉടമസ്ഥന് കൈമാറുന്നതിനുള്ള സമയപരിധി നിജപ്പെടുത്തി. കുടിശ്ശിക ഒടുക്കുവാൻ മറ്റു നിവൃത്തിമാർഗ്ഗങ്ങൾ ഉണ്ടായിട്ടും പണം ഒടുക്കാതെ സർക്കാരിനെ കബളിപ്പിച്ചു കൊണ്ട് അവ ബിനാമികളുടെയോ ബന്ധുക്കളുടെയോ പേരിലേക്ക് മാറ്റി ബാധ്യതയിൽ നിന്ന് ഒഴിഞ്ഞുമാറുന്നവരുടെ അഭിമാനത്തെ ചോദ്യം ചെയ്ത് തുക ഈടാക്കു ന്നതിനുള്ള ഒരു സമ്മർദ്ദതന്ത്രം എന്ന നിലയിലാണ് അറസ്റ്റിന് വ്യവസ്ഥ ചെയ്തിട്ടുള്ളത്. എന്നാൽ, അറസ്റ്റിലൂടെ പണം ഈടാക്കാൻ ശ്രമിക്കുന്നത് ഭരണ ഘടനാവിരുദ്ധമാണെന്നും, പൗരൻമാരുടെ അവകാശങ്ങളിന്മേലുള്ള കടന്നാക്രമണം ആണെന്നുമുള്ള ആക്ഷേപം ഉയർന്നെങ്കിലും പ്രസ്തുത അധികാരം ദുരുപയോഗം ചെയ്യാതിരിക്കാനുള്ള കരുതൽ വ്യവസ്ഥകൾ ഉൾപ്പെടുത്തി ആ ആക്ഷേപത്തിന് നിയമത്തിലൂടെ മറുപടി നൽകി. രേഖാമൂലമുള്ള ഡിമാന്റ് നോട്ടീസ് നൽകി കഴിഞ്ഞിട്ടും തുക ഒടുക്കാത്തവരെ അറസ്റ്റ് ചെയ്യാൻ ജില്ലാ കളക്ടർക്ക് അധികാരം നൽകി. ആക്റ്റിലെ മറ്റ് പല അധികാരങ്ങളും കളക്ടർക്കോ 'കളക്ടർ' എന്ന നിർവ്വചനത്തിൽ ഉൾപ്പെടുന്ന ഉദ്യോഗസ്ഥർക്കോ, അധികാരപ്പെട്ട ഉദ്യോഗസ്ഥൻ മാർക്കോ പ്രയോഗിക്കാമെങ്കിലും അറസ്റ്റ് സംബന്ധിച്ച ഉത്തരവ് നൽകാൻ ജില്ലാകളക്ടർക്ക് മാത്രമേ അധികാരമുള്ളൂ. പ്രസ്തുത അധികാരം താഴേത്തട്ടിലെ ഉദ്യോഗസ്ഥശ്രേണിയെ ഏൽപ്പിക്കുന്നത് പൗരാവകാശത്തെ ഹനിക്കപ്പെടാം എന്നതി നാലാണ് അപ്രകാരം ഒരു കരുതൽ നടപടി സ്വീകരിച്ചത്. അറസ്റ്റ് ചെയ്യപ്പെട്ടവരെ ക്രിമിനൽ തടവുകാർക്കൊപ്പം അല്ല മറിച്ച് ജില്ലാ സിവിൽ ജയിലിലോ, സിവിൽ ജയിൽ ഇല്ലാത്ത ജില്ലകളിൽ തൊട്ടടുത്ത ജില്ലാ ജയിലിലോ പാർപ്പിക്കണമെന്നും വ്യവസ്ഥ ചെയ്തു. ഗുരുതര രോഗം, പകർച്ചവ്യാധി, അതുപോലുള്ള മറ്റു കാരണങ്ങളാൽ

വൈഷമ്യം നേരിടുന്നവരെ ജയിൽ മോചിതരാക്കാനും സ്ത്രീകൾ, കുട്ടികൾ, ചിത്തഭ്രമമുള്ള ആളുകൾ എന്നിവരെ ഒഴിവാക്കാനും വ്യവസ്ഥ ചെയ്തു. 500 രൂപയിൽ താഴെയുള്ള കുടിശ്ശികയ്ക്ക് 3 മാസത്തിൽ കൂടുതൽ ജയിൽവാസം പാടില്ലെന്നും പരമാവധി ജയിൽവാസം 2 വർഷം ആയിരിക്കുമെന്ന നിബന്ധനയും ഉൾപ്പെടുത്തി. തടങ്കലിൽ കഴിഞ്ഞുവെന്നത് ശിക്ഷയായി പരിഗണിക്കുന്നില്ലാത്തതിനാൽ കുടിശ്ശിക ഒടുക്കാനുള്ള ഒരാളുടെ ബാധ്യത അതിലൂടെ ഇല്ലാതാകുന്നില്ല. തടങ്കലിൽ പാർപ്പിക്കുന്നതിനുള്ള ചെലവ് ഡിഫാൾട്ടറുടെ കുടിശ്ശികയായി കണക്കാക്കാൻ വ്യവസ്ഥ ഉണ്ടെങ്കിലും അങ്ങനെയുള്ള കുടിശ്ശിക ഈടാക്കുന്നതിന് അറസ്റ്റ് പാടില്ലെന്നും വ്യക്തമാക്കി. ജില്ലാ കളക്ടറുടെ കൈയ്യൊപ്പും സീലും കൂടാതെ യാതൊരു അറസ്റ്റ് വാറണ്ടും സാധ്യമല്ല. പൗരൻമാരുടെ സാമാന്യനീതിയെ അംഗീകരിക്കുന്ന മറ്റു സവിശേഷ വ്യവസ്ഥകളും ഇതിലുണ്ട്. റിക്കവറിയുടെ മറവിൽ അവിഹിത നേട്ടം ഉണ്ടാക്കാൻ പാടില്ല എന്നതാണ് മറ്റൊരു പ്രധാന സവിശേഷത. ചില വസ്തുവകകളെ ജപ്തിനടപടികളിൽനിന്നും പൂർണ്ണമായി ഒഴിവാക്കിയിട്ടുണ്ട്. തൊഴിൽചെയ്ത് നിത്യവൃത്തി നടത്തുന്നവരുടെ പണിക്കോപ്പുകൾ, ആചാരവിധി പ്രകാരം പരിപാവനമായി കണക്കാക്കി വരുന്ന താലി, വിവാഹ മോതിരം, ആടയാഭരണ ങ്ങൾ, മതപരമായ ചടങ്ങുകൾക്കും പൂജാ കർമ്മങ്ങൾക്കുമായി ഉപയോഗിക്കുന്ന സാധനങ്ങൾ, കൃഷി ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന ഉരുക്കൾ, ഉപകരണങ്ങൾ, സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന അങ്ങനെയുള്ള മറ്റു വസ്തുക്കൾ എന്നിവയും ഒഴിവാക്കിയിട്ടുണ്ട്.

കുടിശ്ശികയ്ക്ക് പുറമേ സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ പലിശയും ഈടാക്കാം. സ്ഥാവര, ജംഗമ വസ്തുക്കളുടെ ജപ്തിനടപടിയുടെ ഭാഗമായി ഡിമാന്റ് നോട്ടീസ് നൽകുന്നതിനുള്ള നടപടിക്രമം വ്യത്യസ്തമാണ്. ജംഗമ വസ്തുക്കളുടെ സംഗതിയിൽ, ഡിമാന്റ് നോട്ടീസ് നൽകി കഴിഞ്ഞാൽ ഉടൻതന്നെ അറ്റാച്ച് ചെയ്യാം. കൂടുതൽ സമയം അനുവദിക്കുന്നത് ജപ്തി നടപടികളെ പ്രതികൂലമായി ബാധിക്കു മെന്നതും, അറ്റാച്ച് ചെയ്യുന്നതിന് മുമ്പായി സാധന സാമഗ്രികൾ നീക്കം ചെയ്യപ്പെടാം എന്നതുമാണ് അപ്രകാരം വ്യവസ്ഥ ചെയ്തതിനുള്ള കാരണം. എന്നാൽ സ്ഥാവര വസ്തുക്കൾ ജപ്തിചെയ്യുന്നതിന് നോട്ടീസ് തീയതി മുതൽ 30 ദിവസത്തെ സമയ പരിധി അനുവദിക്കുന്നുണ്ട്.

ചുരുക്കത്തിൽ, പൊതുജനങ്ങളിൽ നിന്നും സർക്കാരിന് ഈടാക്കാവുന്ന കുടിശ്ശിക എത്രയും വേഗത്തിൽ ഈടാക്കാനുതകുന്ന വ്യവസ്ഥകളാണ് നിയമത്തിൽ ഉൾക്കൊള്ളിച്ചതെന്ന് കാണാം. ആക്റ്റിന്റെ 5-ാം വകുപ്പിൽ പ്രതിപാദിച്ചിട്ടുള്ള നാല് മാർഗ്ഗങ്ങളിലൂടെ, അവ ഒരുമിച്ചോ ഒന്നിന് പുറകേ മറ്റൊന്നായോ പ്രയോഗിച്ചുകൊണ്ട് കുടിശ്ശിക ഈടാക്കിയെടുക്കാനുള്ള വിവേചനാധികാരം റവന്യൂ അധികാരികൾക്ക് നൽകുന്നുണ്ട്. ഡിമാന്റ് നോട്ടീസ് നൽകിയശേഷം സ്ഥാവര വസ്തുവിന്മേൽ ഉടമ

നടത്തുന്ന ഏതൊരു ഇടപാടും റവന്യൂ റിക്കവറി നടപടികളെ പരാജയപ്പെടുത്തുന്നതായി കണക്കാക്കുന്നു. അതിനാൽ അത്തരം കൈമാറ്റങ്ങൾക്ക് നിയമസാധുതയുണ്ടായിരിക്കുന്നതല്ല. തുക കുടിശ്ശികയായി കഴിഞ്ഞാൽ ബന്ധുക്കൾക്കോ മറ്റുള്ളവർക്കോ ഭൂമി കൈമാറ്റം ചെയ്യപ്പെടാനുള്ള ഏതൊരു ശ്രമവും തടയുകയെന്നത് നിയമത്തിന്റെ ലക്ഷ്യങ്ങളിൽപ്പെടുന്നു.

സ്വകാര്യ വ്യക്തികളുടെ ഭൂമി സർക്കാർ 'ബോട്ട്ഇൻലാന്റ്' ആക്കുമ്പോൾ ഭൂമിയുടെ വില പൂർണ്ണമായും കെട്ടിവയ്ക്കുക എന്നത് പ്രായോഗികമല്ല. ഇതിനാലാണ് നോമിനൽ തുകയ്ക്ക് വസ്തു ലേലം കൊള്ളാൻ സർക്കാരിനെ അനുവദിക്കുന്നത്. 'ബോട്ട്ഇൻലാന്റ്' വസ്തുവിന്റെ വിൽപ്പനസ്ഥിതീകരണം, കൈവശാവകാശം ഏറ്റെടുക്കൽ തുടങ്ങിയ പ്രക്രിയകളിലൂടെ അവയെ പുറമ്പോക്ക് ഭൂമിയായി മാറ്റപ്പെടേണ്ടതുണ്ട്. എന്നാൽ 'ബോട്ട്ഇൻലാന്റ്' ആക്കിയ തീയതി മുതൽ 30 ദിവസത്തിനകം കുടിശ്ശികതുക പൂർണ്ണമായും കെട്ടിവച്ചുകൊണ്ട് ഭൂമി മടക്കികിട്ടാൻ ഉടമസ്ഥന് അപേക്ഷ സമർപ്പിക്കാം. വില്പന നടപടിക്രമങ്ങളിലെ ക്രമക്കേട്, വഞ്ചന മുതലായ കാരണങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് വില്പന അസ്ഥിരപ്പെടുത്താനുള്ള അപേക്ഷയും ഉടമസ്ഥന് നൽകാവുന്നതാണ്. ഒരിക്കൽ വിൽപ്പന നടപടി അസ്ഥിരപ്പെടുത്തി കഴിഞ്ഞാൽ പ്രസ്തുത ഭൂമിയിന്മേൽ പുതുതായി വിൽപ്പന നടപടി സ്വീകരിക്കുന്നതിനും തടസ്സമില്ല.

എന്നാൽ, നിശ്ചിത കാലാവധിക്കുശേഷവും 'ബോട്ട്ഇൻലാന്റ്' ഭൂമി മടക്കി നൽകാൻ നിർദ്ദേശം നൽകുന്ന റവന്യൂ വകുപ്പിന്റെ ഉത്തരവുകളും സർക്കുലറുകളും നിലവിലുണ്ട്. 'ബോട്ട്ഇൻലാന്റ്' ഭൂമി മറ്റേതൊരു സർക്കാർ ഭൂമിയും പോലെ സർക്കാരിന്റെ ഉടമസ്ഥതയിലും, കൈവശത്തിലും, അനുഭവആദായത്തിലും എടുക്കേണ്ടതാണ്. അവ സർക്കാർ/പൊതു ആവശ്യങ്ങൾക്കോ, കമ്പനികൾ, സ്ഥാപനങ്ങൾ എന്നിവയ്ക്ക് പൊതുതാൽപര്യാർത്ഥമോ നൽകാവുന്നതാണ്. കൂടാതെ 1960-ലെ Kerala Government Land Assignment ആക്റ്റിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് വിധേയമായി അവ സ്വകാര്യ വ്യക്തികൾക്കും പതിച്ച് നൽകാവുന്നതുമാണ്. എന്നാൽ, ലേലസ്ഥിതീകരണം നടത്താതെയും ഭൂമി കൈവശപ്പെടുത്താതെയും ലേല നടപടികൾ റദ്ദ് ചെയ്തുകൊണ്ടോ, സ്റ്റേ ചെയ്തുകൊണ്ടോ അന്യായമായി നീട്ടിക്കൊണ്ട് പോകുന്നത് ഉടമസ്ഥർ ഉൾപ്പെടെയുള്ള കക്ഷികൾക്ക് പ്രസ്തുത ഭൂമിയിൽ പിൽക്കാലത്തും അവകാശവാദം ഉന്നയിക്കുന്നതിന് വഴിയൊരുക്കുന്നതാണ്. ആക്റ്റിന്റെ പ്രാരംഭദശയിൽ, ലേല സ്ഥിതീകരണ തീയതി മുതൽ 2 വർഷം വരെ അപേക്ഷിക്കുന്നവർക്കാണ് ഭൂമി തിരിച്ചുകിട്ടാൻ ഇളവനുവദിച്ചിരുന്നത്. ഒരു നിശ്ചിത കാലയളവിൽ, അതായത് 01-11-1983-നും 23-06-1993-നും ഇടയ്ക്ക്, 'ബോട്ട്ഇൻലാന്റ്' ഭൂമി തിരികെ കിട്ടുന്നതിന് ഉടമസ്ഥന് അപേക്ഷ സമർപ്പിക്കാവുന്നതാണെന്നും അതിന് മുമ്പുള്ള അപേക്ഷകൾ

സ്വീകരിക്കുന്നതല്ലെന്നും നിലപാട് എടുത്തിരുന്നു. മാത്രമല്ല, കുടിശ്ശിക തുകയോടൊപ്പം മാർക്കറ്റ് വിലയും കൂടി ഈടാക്കി ഭൂമി മടക്കി നൽകുന്നതു സംബന്ധിച്ച ഉത്തരവിലെ വ്യവസ്ഥകൾക്ക് ആക്റ്റ് ഭേദഗതി മൂലം നിയമപ്രാബല്യം നൽകുന്നതാണെന്ന പ്രഖ്യാപനവും നടത്തിയിരുന്നു. എന്നാൽ, ഇത് പിൽക്കാലത്ത്, (2013-മുതൽ) വിൽപ്പന സ്ഥിതീകരണശേഷം 2 മുതൽ 5 വർഷക്കാലയളവിനുള്ളിൽ അപേക്ഷിക്കുന്നവർക്കും ഭൂമി മടക്കി കിട്ടുന്നതരത്തിൽ ഭേദഗതി ചെയ്യപ്പെട്ടു. ഇതിൽ, ഭൂരഹിതരായ അപേക്ഷകർക്ക് കുടിശ്ശികതുക അടച്ചാൽ 25 സെന്റ് വരെ മടക്കി നൽകാമെന്നും 25 സെന്റിനു മുകളിൽ 1 ഏക്കർ വരെ കുടിശ്ശികതുകയോടൊപ്പം കമ്പോളവിലയും ഈടാക്കി നൽകാമെന്നും വ്യവസ്ഥ കൊണ്ടുവന്നു.




ബോട്ട്ഇൻലാന്റ് ഭൂമി മടക്കി ലഭിക്കുന്നത് ഉടമസ്ഥന്റെ അവകാശം അല്ലെന്ന നിയമതത്വം കോടതികൾ അംഗീകരിച്ചുവെങ്കിലും നടപടിക്രമങ്ങളിലെ സങ്കീർണ്ണതകൾ കോടതികളുടെ ഇടപെടലിനും രൂക്ഷവിമർശനത്തിനും ഇടയാക്കിയിട്ടുണ്ട്. 1995-ൽ ബോട്ട്ഇൻലാന്റ് ആക്കിയ 15 ഏക്കർ റബ്ബർ ഭൂമി മടക്കി നൽകണമെന്ന അപേക്ഷ ബഹു. കേരള ഹൈക്കോടതി പരിഗണിക്കവേ, പ്രസ്തുത ഭൂമിയിലെ ആദായം മാത്രം യഥാവിധി എടുത്തിരുന്നുവെങ്കിൽ കുടിശ്ശികതുക പൂർണ്ണമായും അടഞ്ഞു തീരാൻ 15 വർഷ കാലയളവ് പര്യാപ്തമായിരുന്നുവെന്ന് കോടതി നിരീക്ഷിച്ചിരുന്നു. കുടിശ്ശികതുകയ്ക്ക് ആവശ്യമായ മിനിമം വസ്തു പരിഗണിക്കാതെ കൂടുതൽ വസ്തുക്കൾ ലേലം ചെയ്യുന്ന റവന്യൂ അധികാരികളുടെ നടപടികൾക്കെതിരെ കക്ഷികൾ ബഹു. ഹൈക്കോടതിയെ സമീപിക്കവേ അത്തരം കേസുകളിൽ കുടിശ്ശികക്കാരന് തന്റെ ജപ്തി ചെയ്യപ്പെട്ട വസ്തു പൂർണ്ണമായോ ഭാഗികമായോ

വിൽപ്പന നടത്തി കുടിശ്ശിക തീർക്കാൻ സാവകാശം നൽകത്തക്കവിധത്തിൽ റവന്യൂ റിക്കവറി അധികാരികൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിനും കോടതി നിർദ്ദേശിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ കുടിശ്ശികക്കാരന് തന്റെ ബാധ്യത തീർക്കുന്നതിൽ ഒരു അവസാന അവസരം എന്ന നിലയ്ക്ക് ഭൂമിയുടെ വിൽപ്പന നടത്തുന്നതിന് ഏതെങ്കിലും മൂന്നാംകക്ഷിയുമായി ധാരണയാകാൻ അനുവാദം നൽകിക്കൊണ്ടും, ഇങ്ങനെ ഒരു അവസരമുണ്ടെന്നുള്ള വിവരം റവന്യൂ റിക്കവറി അധികാരികൾ കുടിശ്ശികക്കാരനെ രേഖാമൂലം അറിയിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചു കൊണ്ടും, ആയതിലേക്ക് കുടിശ്ശികക്കാരന് പരമാവധി 3 മാസത്തെ സമയം അനുവദിച്ചുകൊണ്ടും, പ്രസ്തുത 3 മാസ കാലപരിധി കഴിഞ്ഞതിന് ശേഷം മാത്രമേ ജപ്തി ചെയ്യപ്പെട്ട ഭൂമി ലേലം ചെയ്യാൻ പാടുള്ളൂ എന്ന് നിഷ്കർഷിച്ചുകൊണ്ടും സർക്കാർ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

ചുരുക്കത്തിൽ, റവന്യൂ റിക്കവറി നടപടികളുടെ സമയബന്ധിതമായ പരിസമാപ്തി സാധ്യമാക്കുന്ന തരത്തിൽ കാലോചിതമായ നിയമഭേദഗതികൾ ഈ നിയമത്തിൽ കൊണ്ടുവരേണ്ടത് അനിവാര്യമാണ്. പൊതു മുതലിന്റെ 'ട്രസ്റ്റി' എന്ന നിലയ്ക്കു് സർക്കാരിന് ഇക്കാര്യത്തിൽ ആവശ്യമായ നയം/നിയമം ചിട്ടപ്പെടുത്താവുന്നതാണ്. ആക്റ്റ് പ്രാബല്യത്തിൽ വന്ന 1968 കാലഘട്ടത്തിൽ നിന്നും ഏറെമാറിയ സാമൂഹിക ക്രമത്തിനനുസൃതമായും ഭൂമിയുടെ ലഭ്യതക്കുറവ്, വർദ്ധിച്ചു വരുന്ന ഡിമാന്റ് എന്നീ വസ്തുതകൾ പരിഗണിച്ചുകൊണ്ടും ഈ നിയമത്തെ കൂടുതൽ കെട്ടുറപ്പുള്ളതാക്കാനും പുനരാവിഷ്ക്കരിക്കാനും നാം പരിശ്രമിക്കേണ്ടതുണ്ട്.






**ദിപിൻ റോയ് എസ്സ്. എൽ.**
അസിസ്റ്റന്റ് ലീഗൽ ഓഫീസർ,
നിയമവകുപ്പ്.

# ക്രിമിനൽ നിയമങ്ങൾ തദ്ദേശീയമാകുമ്പോൾ

ഇന്ത്യയിലെ ക്രിമിനൽ നീതിനിർവ്വഹണ സംവിധാനത്തെ എല്ലാ അർത്ഥത്തിലും ചലനാത്മകമാക്കി നിർത്തുന്നതിൽ പ്രധാന പങ്ക് വഹിക്കുന്ന മൂന്ന് നിയമങ്ങളാണ് 1860 ലെ ഇന്ത്യൻ ശിക്ഷാ നിയമം (The Indian Penal Code), 1872-ലെ ഇന്ത്യൻ തെളിവു നിയമം (The Indian Evidence Act), 1973-ലെ ക്രിമിനൽ നടപടി നിയമസംഹിത (The Code of Criminal Procedure) എന്നിവ. നമ്മുടെ പരമോന്നത നീതിപീഠവും നിയമനിർമ്മാണസഭകളും അവയിലെ ഓരോ വാക്കിനും വ്യവസ്ഥയ്ക്കും കാലാകാലങ്ങളിൽ വ്യാഖ്യാനങ്ങൾ നൽകിയതിന്റെയും ഭേദഗതികൾ കൊണ്ടുവന്നതിന്റെയും ഫലമായി, ഇന്ത്യയുടെ സാമൂഹിക പശ്ചാത്തലത്തിൽ ഉൾച്ചേർന്നിരുന്ന എല്ലാ വൈവിധ്യങ്ങളെയും പൂർണ്ണാർത്ഥത്തിൽ ഉൾക്കൊണ്ടുകൊണ്ട്, സമ്പൂർണ്ണ നിയമങ്ങളായി രൂപപ്പെട്ടുവന്നവയാണ് ഈ മൂന്ന് നിയമങ്ങളും. ലോർഡ് ടി ബി മെക്കാളെ (Thomas Babington Macaulay) ആണ് ഇന്ത്യൻ പീനൽ കോഡിന്റെ ഉപജ്ഞാതാവെങ്കിൽ, ഇന്ത്യൻ തെളിവുനിയമം ക്രോഡീകരിച്ചു തയ്യാറാക്കിയത് സർ ജയിംസ് ഫിറ്റ്സ് ജയിംസ് സ്റ്റീഫൻ (Sir James Fitz

James Stephen) ആണ്. അതേസമയം ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയാകട്ടെ, സ്വാതന്ത്ര്യത്തിനു ശേഷം രൂപീകൃതമായ ആദ്യ നിയമ കമ്മീഷൻ സമർപ്പിച്ച 41-ാമത് റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ ബ്രിട്ടീഷ് ഇന്ത്യയിൽ നിലവിലുണ്ടായിരുന്ന 1898-ലെ Criminal Procedure Code (Act 5 of 1898) പിൻവലിച്ചുകൊണ്ട് അതേ മാതൃകയിൽ തന്നെ രൂപപ്പെടുത്തിയതാണ്. ഇത്തരത്തിൽ പതിറ്റാണ്ടുകൾ പഴക്കമുള്ള മൂന്ന് നിയമങ്ങളെയാണ് 2023-ൽ ഒരു പൊളിച്ചെഴുത്തിന് വിധേയമാക്കിയിരിക്കുന്നത്. ഇന്ത്യൻ പീനൽ കോഡ്, ക്രിമിനൽ പ്രോസിജിയർ കോഡ്, ഇന്ത്യൻ എവിഡൻസ് ആക്റ്റ് എന്നിവയെ യഥാക്രമം ഭാരതീയ ന്യായ സംഹിത, 2023 (BNS), ഭാരതീയ നാഗരിക് സുരക്ഷാ സംഹിത, 2023 (BNSS), ഭാരതീയ സാക്ഷ്യ അധിനിയം, 2023 (BSA) എന്നിങ്ങനെ പുനർനാമകരണം ചെയ്തിരിയ്ക്കുന്നു.

2023 ഓഗസ്റ്റ് 11-നാണ് നിലവിലുള്ള ക്രിമിനൽ നിയമങ്ങൾക്ക് പകരം മൂന്ന് പുതിയ നിയമങ്ങളുടെ ബില്ലുകൾ കേന്ദ്രസർക്കാർ ലോക് സഭയിൽ അവതരിപ്പിച്ചത്. തുടർന്ന് ബില്ലുകൾ പാർലമെന്ററി സ്റ്റാൻഡിങ് കമ്മിറ്റിയുടെ പരിഗണനയ്ക്കായി വിട്ടിരുന്നു. സ്റ്റാൻഡിംഗ് കമ്മിറ്റി അതിന്റെ റിപ്പോർട്ട് 2023 നവംബർ 10-ന് രാജ്യസഭയിൽ അവതരിപ്പിച്ചു. സ്റ്റാൻഡിംഗ് കമ്മിറ്റി നിർദ്ദേശിച്ച ഭേദഗതികളോടെ 2023 ഡിസംബർ 12-ന് ലോക്സഭയിൽ വീണ്ടും അവതരിപ്പിക്കുകയും ചെയ്തു. 2023 ഡിസംബർ 20-ന് ലോക്സഭയും ഡിസംബർ 21-ന് രാജ്യസഭയും ബിൽ പാസാക്കി. ലോക്സഭയും രാജ്യസഭയും പാസാക്കിയ ബില്ലുകളിൽ 2023 ഡിസംബർ 25-ന് രാഷ്ട്രപതി ഒപ്പുവെച്ചതോടെ ഭാരതീയ ന്യായ സംഹിത, ഭാരതീയ നാഗരിക് സുരക്ഷാ സംഹിത, ഭാരതീയ സാക്ഷ്യ ബിൽ എന്നിവ നിയമമായി. പ്രസ്തുത നിയമങ്ങൾക്ക് 2024 ജൂലൈ 1 മുതൽ പ്രാബല്യമുണ്ടാകും.

കൊളോണിയൽ പാരമ്പര്യം പേറുന്ന രാജ്യത്തെ ക്രിമിനൽ നിയമങ്ങളെ തദ്ദേശീയവൽക്കരിക്കുക എന്ന ലക്ഷ്യത്തിലൂന്നിയാണ് പുതിയ ക്രിമിനൽ നിയമങ്ങൾ കൊണ്ടുവന്നിട്ടുള്ളത് എന്നാണ് കേന്ദ്രസർക്കാരിന്റെ അവകാശവാദം. എന്നിരുന്നാലും, അവയിലെ വ്യവസ്ഥകൾ കൂടുതലായി പരിശോധിച്ചാൽ നിരവധി മാറ്റങ്ങൾ കൊണ്ടുവന്നിട്ടുണ്ടെങ്കിലും നിലവിലുള്ള ക്രിമിനൽ നിയമങ്ങളുടെ അതെ ചട്ടക്കൂടിൽ നിന്നുകൊണ്ടാണ് പുതിയ ക്രിമിനൽ നിയമസംഹിതകളും രൂപപ്പെടുത്തിയിട്ടുള്ളത് എന്ന് മനസിലാക്കാം. ഒറ്റനോട്ടത്തിൽ കാണാൻ കഴിയുന്ന ആദ്യ മാറ്റം ഹിന്ദിയും സംസ്കൃതവും ചേർത്തുള്ള പേരുകൾ പുതിയ ക്രിമിനൽ നിയമങ്ങൾക്ക് നൽകിയതാണ്. ഇത് ഭരണഘടനയുടെ 348-ാം അനുച്ഛേദം പ്രകാരം പാർലമെന്റിൽ അവതരിപ്പിക്കുന്ന ബില്ലുകളുടെ ഔദ്യോഗിക ടെക്സ്റ്റ് ഇംഗ്ലീഷിൽ ആയിരിക്കണമെന്ന ഭരണഘടനാ വ്യവസ്ഥയുടെ ലംഘനമാണെന്ന വിമർശനം ഇതിനോടകം തന്നെ

ഉയർന്നിട്ടുണ്ട്. എന്നാൽ പേരുകൾ ഹിന്ദിയിലാണെങ്കിലും ബില്ലുകളിൽ അവ ഇംഗ്ലീഷിൽ തന്നെയാണ് ഉപയോഗിച്ചിരിക്കുന്നത് എന്നതിനാൽ ഈ വിമർശനത്തിന് അടിസ്ഥാനമില്ല എന്ന മറുവാദവും ഉയർന്നുവരുന്നുണ്ട്. എന്തായാലും പുതിയ ക്രിമിനൽ നിയമങ്ങൾ വരികൾക്കിടയിൽ വായിച്ചാൽ ഗൗരവതരമായ ചില 'കൂട്ടിച്ചേർക്കലുകളും', 'ഉൾപ്പെടുത്തലുകളും', 'ഒഴിവാക്കലുകളും' അതിന്റെ ഭാഗമായിട്ടുണ്ട് എന്ന് മനസിലാക്കാം. അതിനാൽ നിലവിലുള്ള ക്രിമിനൽ നിയമങ്ങളിൽ നിന്നും പുതിയവ എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു എന്നത് പരിശോധിക്കുന്നത് ഉചിതമായിരിക്കും. എന്നാൽ പുതിയ ക്രിമിനൽ നിയമങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ പുതിയ വ്യവസ്ഥകളും മാറ്റങ്ങളും വിശദമായി ഈ ലേഖനത്തിൽ ഉൾക്കൊള്ളിക്കുന്നത് പ്രായോഗികമല്ല. എന്നിരുന്നാലും ഈ മൂന്ന് ക്രിമിനൽ നിയമങ്ങളിലും വന്നിട്ടുള്ള വളരെയധികം പ്രാധാന്യമുള്ളതെന്ന് കരുതുന്ന പുതിയ വ്യവസ്ഥകളെയും മാറ്റങ്ങളെയും സംബന്ധിച്ച ഒരു സംക്ഷിപ്ത വിവരണമാണ് വായനക്കാരുടെ അറിവിലേയ്ക്കായി ഈ ലേഖനത്തിൽ ഉൾക്കൊള്ളിക്കാൻ ശ്രമിച്ചിട്ടുള്ളത്.

**ഭാരതീയ ന്യായ സംഹിത,2023 (B.N.S) (Act 45 of 2023)**

ഇന്ത്യൻ പീനൽ കോഡ് ഭാരതീയ ന്യായസംഹിത ആയി മാറുമ്പോൾ 511 വകുപ്പുകൾ ഉണ്ടായിരുന്നത് 358 വകുപ്പുകൾ ആയി ചുരുങ്ങി. 20 വകുപ്പുകളെ പൂർണ്ണമായും ഒഴിവാക്കുകയും 175 വകുപ്പുകളിൽ ഭേദഗതി വരുത്തുകയും 18 പുതിയ വകുപ്പുകൾ ഉൾപ്പെടുത്തുകയും ചെയ്തു. 41 കുറ്റങ്ങളിൽ തടവുശിക്ഷ വർദ്ധിപ്പിച്ചു, 83 കുറ്റകൃത്യങ്ങളിൽ പിഴശിക്ഷ വർദ്ധിപ്പിച്ചു. 23 കുറ്റകൃത്യങ്ങളിൽ കുറഞ്ഞ നിർബന്ധിത ശിക്ഷ ഏർപ്പെടുത്തി.

6 കുറ്റകൃത്യങ്ങളിൽ ശിക്ഷയായി സാമൂഹ്യസേവന വ്യവസ്ഥകൾ ഏർപ്പെടുത്തി.

**പുതുതായി ഉൾപ്പെടുത്തിയ പ്രധാന വകുപ്പുകളും കുറ്റങ്ങളും**

- സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ കുറ്റകൃത്യങ്ങൾ IPC-ൽ വിവിധ അദ്ധ്യായങ്ങളിൽ വ്യാപിച്ചുകിടന്നിരുന്നത് ആക്റ്റിൽ 'Offences against Woman and Child' എന്ന പ്രത്യേക അദ്ധ്യായത്തിൽ (അദ്ധ്യായം V) ഉൾപ്പെടുത്തിയിരിക്കുന്നു. മാത്രമല്ല BNS-ന്റെ വകുപ്പ് 2(10)ൽ "gender" എന്നതിന്റെ നിർവ്വചനത്തിൽ 'ആൺ', 'പെൺ' എന്നിവയ്ക്ക് പുറമെ 'ട്രാൻസ്ജെൻഡർ' എന്നും ഉൾപ്പെടുത്തിയിട്ടുണ്ട്.

- BNS-ന്റെ 4-ാം വകുപ്പ് 'സാമൂഹ്യ സേവനം' ഒരു പുതിയ ശിക്ഷാ രീതി മരണശിക്ഷ, ജീവപര്യന്തം തടവ്; തടവ് കഠിനതടവും വെറും തടവും, സ്വത്ത് കണ്ടുകെട്ടൽ, പിഴശിക്ഷ എന്നീ ശിക്ഷാ രീതികൾക്കൊപ്പം 4(f) ആയി 'സാമൂഹ്യ

സേവനം' ഒരു പുതിയ ശിക്ഷാ രീതിയായി അവതരിപ്പിച്ചു. 'സാമൂഹ്യ സേവനം' എന്ന പദം ആക്റ്റിൽ നിർവ്വചിച്ചിട്ടില്ല. എന്നിരുന്നാലും, സമൂഹത്തിന് പ്രയോജനപ്പെടുന്ന ഒരു ശിക്ഷാരീതിയായി ഒരു കുറ്റവാളിയോട് കോടതി ഉത്തരവിട്ടേക്കാവുന്ന ജോലി എന്ന രീതിയിലുള്ള നിർവ്വചനം ഭാരതീയ നാഗരിക് സുരക്ഷാ സംഹിത (BNSS)യുടെ 23-ാം വകുപ്പിന്റെ വിശദീകരണത്തിൽ നൽകിയിട്ടുണ്ട്. അതിന് അയാൾക്ക് പ്രതിഫലത്തിന് അർഹതയില്ല. മാത്രമല്ല സാമൂഹിക സേവനത്തിൽ വീഴ്ച വരുത്തിയാലും ശിക്ഷ ലഭിക്കും. ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റിനോ സെക്കന്റ് ക്ലാസ് മജിസ്ട്രേറ്റിനോ ആണ് സാമൂഹിക സേവനം ഒരു ശിക്ഷയായി നൽകാൻ അധികാരമുള്ളത്.

● ആക്റ്റിന്റെ 69-ാം വകുപ്പ് : വഞ്ചനാപരമായ മാർഗ്ഗത്തിലൂടെയോ അല്ലെങ്കിൽ ഒരു സ്ത്രീയെ വിവാഹം കഴിക്കാമെന്ന വാഗ്ദാനത്തിലൂടെയോ, അത് നിറവേറ്റാൻ ഉദ്ദേശിക്കാതെ, ബലാത്സംഗ കുറ്റത്തിന് തുല്യമല്ലാത്ത ലൈംഗിക ബന്ധത്തിൽ ഏർപ്പെട്ടാൽ, പത്ത് വർഷം വരെ തടവോ പിഴയോ ശിക്ഷയായി ലഭിക്കാവുന്നതാണ്.

● ആക്റ്റിന്റെ 103(2)-ാം വകുപ്പ് ആൾക്കൂട്ട ആക്രമണം (Mob Lynching ). അഞ്ചോ അതിലധികമോ വ്യക്തികൾ സംഘം ചേർന്ന് വംശം, ജാതി അല്ലെങ്കിൽ സമുദായം, ലിംഗഭേദം, ജന്മസ്ഥലം, ഭാഷ, വ്യക്തിപരമായ വിശ്വാസം അല്ലെങ്കിൽ മറ്റേതെങ്കിലും കാരണങ്ങളുടെ അടിസ്ഥാനത്തിൽ കൊലപാതകം നടത്തുമ്പോൾ ഓരോ അംഗ ത്തിനും ജീവപര്യന്തം മുതൽ മരണ ശിക്ഷ വരെയും കൂടാതെ പിഴയും ലഭിക്കാവുന്നതാണ്.

● BNS-ന്റെ 111-ാം വകുപ്പ് സംഘടിത കുറ്റകൃത്യം (Organised crime) : ആദ്യമായാണ് സംഘടിത കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് ക്രിമിനൽ നിയമത്തിൽ വ്യവസ്ഥകൾ കൊണ്ട് വരുന്നത്. സംഘടിത ക്രൈം സിൻഡിക്കേറ്റുകളോ സംഘങ്ങളോ നടത്തുന്ന ക്രിമിനൽ പ്രവർത്തനങ്ങൾ തടയുന്നതിനും നിയന്ത്രിക്കുന്നതിനുമായി നിരവധി സംസ്ഥാനങ്ങളിൽ പ്രത്യേക നിയമനിർമ്മാണങ്ങളുണ്ട്. ഉദാഹരണത്തിന് 1999-ലെ മഹാരാഷ്ട്ര കൺട്രോൾ ഓഫ് ഓർഗനൈസ്ഡ് ക്രൈം ആക്ട്, (MACOCA). അതെ മാതൃകയാണ് BNS-ലും സ്വീകരിച്ചിട്ടുള്ളത്. തട്ടിക്കൊണ്ടുപോകൽ, കൊള്ള യടിക്കൽ, കവർച്ച, കരാർ കൊലപാതകം, വാഹനമോഷണം, ഭൂമി തട്ടിയെടുക്കൽ, സാമ്പത്തിക കുറ്റകൃത്യം, സൈബർ കുറ്റകൃത്യങ്ങൾ, മനുഷ്യ കടത്ത്, മയക്കുമരുന്ന്, ആയുധങ്ങൾ അല്ലെങ്കിൽ അനധികൃത വസ്തുക്കളോ സേവനങ്ങളോ കടത്തൽ, വേശ്യാവൃത്തിക്കോ മോചനദ്രവ്യത്തിനോ വേണ്ടിയുള്ള മനുഷ്യക്കടത്ത് എന്നിവ യുൾപ്പെടെ കുറ്റകൃത്യങ്ങൾ സംഘടിത കുറ്റകൃത്യത്തിൽ ഉൾപ്പെടും. സംഘടിത കുറ്റകൃത്യം ചെയ്യാനുള്ള ശ്രമത്തിനും സംഘടിത കുറ്റകൃത്യങ്ങൾ ചെയ്യുന്നതിനുമുള്ള

ശിക്ഷ ഒന്നുതന്നെയാണ്, എന്നാൽ ആരോപിക്കപ്പെടുന്ന കുറ്റം മൂലമാണോ മരണം സംഭവിച്ചത് എന്നതിനെ അടിസ്ഥാനമാക്കി ശിക്ഷയിൽ വ്യത്യാസം ഉണ്ട്. കുറ്റകൃത്യത്തിന്റെ ഭാഗമായി മരണം സംഭവിച്ചിട്ടുള്ള കേസുകളിൽ, ശിക്ഷ ജീവപര്യന്തം മുതൽ മരണം വരെയാണ്, എന്നാൽ മരണം സംഭവിക്കാത്ത കുറ്റകൃത്യങ്ങളുടെ കാര്യത്തിൽ, അഞ്ച് വർഷത്തെ നിർബന്ധിത തടവാണ് ഏറ്റവും ചെറിയ ശിക്ഷയായി നിർദ്ദേശിക്കുന്നത്, അത് ജീവപര്യന്തം വരെ ആകാം.

- BNS-ന്റെ 112-ാം വകുപ്പ് 1 ചെറിയ സംഘടിത കുറ്റകൃത്യങ്ങൾ"(Petty Organised crime): മോഷണം, തട്ടിയെടുക്കൽ, വഞ്ചന, അനധികൃതമായി ടിക്കറ്റ് വിൽക്കൽ, അനധികൃത വാതുവെപ്പ് അല്ലെങ്കിൽ ചൂതാട്ടം, പൊതു പരീക്ഷാ ചോദ്യപേപ്പറുകൾ വിൽക്കൽ അല്ലെങ്കിൽ സമാനമായ മറ്റേതെങ്കിലും ക്രിമിനൽ പ്രവൃത്തി എന്നിവ ചെറിയ സംഘടിത കുറ്റകൃത്യങ്ങൾ (Petty Organised crime) എന്ന ഗണത്തിൽ ഉൾപ്പെടുന്നു. ഒരു വർഷത്തിൽ കുറയാത്തതും എന്നാൽ ഏഴു വർഷം വരെ നീട്ടാവുന്നതുമായ ഒരു കാലയളവിലേക്കുള്ള തടവ് ശിക്ഷയും പിഴയും ലഭിക്കാവുന്ന കുറ്റമാണിത്.

- BNS-ന്റെ 113-ാം വകുപ്പ് 'ഭീകരപ്രവർത്തനം' എന്നത് നിർവ്വചിക്കുന്നു. രാജ്യത്തിന്റെ ഐക്യം, അഖണ്ഡത, പരമാധികാരം, സുരക്ഷ, ഇന്ത്യയുടെ സാമ്പത്തിക സ്ഥിരത എന്നീ ഘടകങ്ങളെ വെല്ലുവിളിക്കാൻ ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങളെ ഉൾക്കൊള്ളുന്ന തരത്തിലാണ് BNS-ൽ തീവ്രവാദത്തിനുള്ള നിർവ്വചനം നൽകിയിട്ടുള്ളത്. 1967-ലെ നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയൽ ആക്ടിലെ (UAPA) 15, 18 വകുപ്പുകളിലെ വ്യവസ്ഥകൾക്ക് സമാനമായ നിർവ്വചനമാണിത്. അത്തരം പ്രവൃത്തി ഏതെങ്കിലും വ്യക്തിയുടെ മരണത്തിൽ കലാശിച്ചിട്ടുണ്ടെങ്കിൽ, വധശിക്ഷക്കോ ജീവപര്യന്തം തടവിനോ ശിക്ഷിക്കപ്പെടും, കൂടാതെ പിഴയ്ക്കും ബാദ്ധ്യസ്ഥനാണ്. അല്ലാത്ത കേസിൽ, അഞ്ച് വർഷത്തിൽ കുറയാത്തതും, എന്നാൽ ജീവപര്യന്തം വരെ തടവും പിഴയും ശിക്ഷയായി ലഭിക്കാം. മാത്രമല്ല 'മനുഷ്യ ശരീരത്തിനെതിരായ കുറ്റകൃത്യങ്ങൾ' എന്ന അദ്ധ്യായത്തിലാണ് (അദ്ധ്യായം vi) ഇത് ഉൾപ്പെടുത്തിയിട്ടുള്ളത്.

- ആക്റ്റിന്റെ 304-ാം വകുപ്പ് Snatching (പിടിച്ചുപറി) ഒരു പുതിയ കുറ്റകൃത്യമായി ചേർത്തിരിക്കുന്നു. മറ്റൊരാളുടെ കൈവശത്തിൽ നിന്ന് പെട്ടെന്നോ അല്ലെങ്കിൽ വേഗത്തിലോ അല്ലെങ്കിൽ ബലപ്രയോഗത്തിലൂടെയോ ഏതെങ്കിലും ജംഗമവസ്തു (movable property) പിടിച്ചെടുക്കുകയോ അപഹരിക്കുകയോ ചെയ്താൽ പിടിച്ചുപറി (Snatching) ആയി കരുതും. മൂന്നു വർഷം വരെ തടവോ പിഴയോ ആണ് ശിക്ഷ.

**മറ്റു ചില സുപ്രധാന മാറ്റങ്ങൾ**

● 'ഹിറ്റ് ആൻഡ് റൺ' കേസുകൾ, ചികിത്സയ്ക്കിടെ ഡോക്ടറുടെ ശ്രദ്ധക്കുറവ് മൂലമുണ്ടാകുന്ന മരണങ്ങൾ:

ഇന്ത്യൻ പീനൽ കോഡിൽ 304-എ വകുപ്പ് പ്രകാരം അമിത വേഗത്തിൽ അശ്രദ്ധ മായി വാഹനം ഓടിച്ചു മരണത്തിനു കാരണമായാൽ, മനഃപ്പൂർവ്വമായ നരഹത്യ അല്ലാത്ത കേസുകളിൽ, പരമാവധി രണ്ടു വർഷമാണ് ശിക്ഷ. എന്നാൽ സമാന വ്യവസ്ഥ ഉൾപ്പെടുന്ന BNS-ന്റെ വകുപ്പ് 106-ൽ ഈ ശിക്ഷ വർദ്ധിപ്പിച്ചിട്ടുണ്ട്. 106 (1) വകുപ്പ് പറയുന്നത് ഇപ്രകാരമാണ്: 'അശ്രദ്ധമായതോ അപകടകരമാംവിധമോ ആയ പ്രവർത്തനത്തിലൂടെ മനഃപ്പൂർവ്വമല്ലാത്ത നരഹത്യക്ക് കാരണമാകുന്നയാൾക്ക് അഞ്ച് വർഷം വരെ തടവും പിഴയും'' ലഭിക്കാം. ഇതേ വകുപ്പ് പ്രകാരം തന്നെ ചികിത്സയ്ക്കിടെ ശ്രദ്ധക്കുറവ് മൂലമുണ്ടാകുന്ന മരണങ്ങൾക്ക് ഒരു രജിസ്റ്റേഡ് മെഡിക്കൽ പ്രാക്ടീഷണറിന് (ഡോക്ടർക്ക്) രണ്ടുവർഷം വരെ തടവും പിഴയുമായി രിക്കും ശിക്ഷയായി ലഭിക്കുക. വകുപ്പ് 106 (2) കുറെക്കൂടി കടുത്ത ശിക്ഷാവിധിയാണ് നൽകുന്നത്. അശ്രദ്ധമായതോ അപകടകരമായ വേഗതയിലുള്ളതോ ആയ പ്രവർത്തനത്തിലൂടെ മനഃപ്പൂർവ്വമല്ലാത്ത നരഹത്യക്ക് കാരണമാകുകയും സ്ഥലത്ത് നിന്ന് രക്ഷപ്പെടുകയും, പൊലീസിനേയോ മജിസ്ട്രേറ്റിനേയോ വിവരം അറിയിക്കാ തിരിക്കുകയും ചെയ്യുന്നയാൾക്ക് 10 വർഷം വരെ തടവും പിഴയും ലഭിക്കാം. ഉപവകുപ്പ് 106(2)ലെ വ്യവസ്ഥ പ്രാബല്യത്തിൽ വരുന്നത് കേന്ദ്ര സർക്കാർ താൽക്കാലി കമായി മരവിപ്പിച്ചിട്ടുണ്ട് ]**2

● **നിരാഹാര സമരം ക്രിമിനൽ കുറ്റമാകുമോ ?**

BNS-ന്റെ 226-ാം വകുപ്പ് മരണംവരെ നിരാഹാര സമരം നടത്തുന്നവർക്കെതിരെ കേസെടുക്കാനാകുമെന്നാണ് നിയമവിദഗ്ധർ ചൂണ്ടിക്കാട്ടുന്നത്. പൊതുസേവകനെ കൃത്യനിർവ്വഹണത്തിൽനിന്ന് ഒഴിഞ്ഞുനിൽക്കുന്നതിനോ, അല്ലെങ്കിൽ അത് ചെയ്യുന്നതിന് നിർബന്ധിക്കുന്നതിനോ വേണ്ടി ആരെങ്കിലും ആത്മഹത്യയ്ക്ക് ശ്രമിക്കുന്നത് ക്രിമിനൽ കുറ്റമാകുമെന്ന് ഈ വകുപ്പ് വ്യവസ്ഥ ചെയ്യുന്നു. ഒരു വർഷം വരെ സാധാരണ തടവോ അതല്ലെങ്കിൽ പിഴയോ രണ്ടും കൂടിയോ അതല്ലെങ്കിൽ സാമൂഹിക സേവനത്തിനോ ശിക്ഷിക്കാവുന്ന വകുപ്പാണിത്. കോടതിയുടെ അനുമതി ഇതിന് ആവശ്യമാണ്. പ്രതിഷേധസമയത്ത് സ്വയം തീകൊളുത്തലും നിരാഹാര സമരവും തടയാൻ ഈ വ്യവസ്ഥ പ്രയോഗിക്കാവുന്നതാണ്. എന്നാൽ ആത്മഹത്യാ ശ്രമം ആക്റ്റ് കുറ്റകരമാക്കിയിട്ടുമില്ല.

**ഒഴിവാക്കപ്പെട്ട പ്രധാന വകുപ്പുകൾ**

- ഇന്ത്യൻ പീനൽ കോഡിലെ 124-എ വകുപ്പ് പ്രകാരമാണ് രാജ്യദ്രോഹത്തെ (Sedition) നിർവ്വചിച്ചിട്ടുള്ളത്. BNS ഈ വകുപ്പ് ഒഴിവാക്കിയിട്ടുണ്ട്.

- IPC യുടെ 377-ാം വകുപ്പ് (Unnatural offences), സ്വവർഗ്ഗലൈംഗികത (Homosexuality) ഉൾപ്പെടെയുള്ള പ്രവൃത്തികളെ 'പ്രകൃതി വിരുദ്ധം' (Unnatural) എന്ന നിലയിൽ ഒരു കുറ്റകൃത്യമായി കണക്കാക്കിയിരുന്നു. എന്നാൽ BNS ഈ വകുപ്പ് പൂർണ്ണമായും ഒഴിവാക്കുകയാണ് ചെയ്തത്.

- IPC യുടെ 310-ാം വകുപ്പ്, (Thug) കൊലപാതകം മുഖേനയോ കൊലപാതകത്തോട് കൂടിയോ, കവർച്ചയോ ശിശുമോഷണമോ നടത്തുന്നതിന് വേണ്ടി മറ്റേതെങ്കിലും ആളുമായോ ആളുകളുമായോ സ്ഥിരമായി കൂട്ടുകൂടുന്നവരെ "തഗ്ഗു" കളായി കണക്കാക്കിയിരുന്നു. BNS ഈ വകുപ്പും പൂർണ്ണമായും ഒഴിവാക്കി.

- IPC-യുടെ 497-ാം വകുപ്പ് (Adultery), വ്യഭിചാരവുമായി ബന്ധപ്പെട്ട് പരാമർശിക്കുന്ന ഇന്ത്യൻ ശിക്ഷാനിയമത്തിലെ വകുപ്പാണ് 497. BNS ഈ വകുപ്പും ഒഴിവാക്കി.

**ഭാരതീയ നാഗരിക് സുരക്ഷാ സംഹിത (Act 46 of 2023)**

1973-ലെ ക്രിമിനൽ നടപടി നിയമസംഹിത (CrPC) ഭാരതീയ നാഗരിക് സുരക്ഷ സംഹിത (BNSS) ആയി മാറുമ്പോൾ 484 വകുപ്പുകൾക്ക് പകരമായി ഇനി 531 വകുപ്പുകളാണുണ്ടാവുക. 177 വകുപ്പുകൾ ഭേദഗതി വരുത്തി 9 പുതിയ വകുപ്പുകൾ ചേർക്കുകയും 14 വകുപ്പുകൾ റദ്ദാക്കുകയും ചെയ്തു. അറസ്റ്റ്, കസ്റ്റഡി, അന്വേഷണം, പിടിച്ചെടുക്കൽ, വിലങ്ങുവെക്കൽ, കരുതൽ തടങ്കൽ, പ്രതികളുടെ അഭാവത്തിൽ ശിക്ഷ വിധിക്കൽ എന്നിവയുമായി ബന്ധപ്പെട്ടതാണ് പ്രധാന മാറ്റങ്ങൾ.

- പുതുതായി ഉൾപ്പെടുത്തിയ പ്രധാന വകുപ്പുകളും അതിലെ വ്യവസ്ഥകളും

- വിലങ്ങുവയ്ക്കുന്നത് സംബന്ധിച്ച വ്യവസ്ഥകൾ

CrPC യുടെ 46-ാം വകുപ്പ് ഒരു വ്യക്തിയെ അറസ്റ്റ് ചെയ്യുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ വ്യവസ്ഥചെയ്യുന്നു. എന്നാൽ ഈ വകുപ്പിലോ CrPC യിൽ മറ്റെവിടെയെങ്കിലുമോ ഒരു വ്യക്തിയെ വിലങ്ങുവയ്ക്കുന്നത് സംബന്ധിച്ച് നേരിട്ടുള്ള പരാമർശങ്ങളില്ല. എന്നാൽ വിലങ്ങുവയ്ക്കുന്നത് സംബന്ധിച്ച് ബഹു. സുപ്രീം

കോടതി പ്രേം ശങ്കർ ശുക്ല vs ഡൽഹി അഡ്മിനിസ്ട്രേഷൻ (1980 AIR 1535), സുനിൽ ബത്ര vs ഡൽഹി അഡ്മിനിസ്ട്രേഷൻ (1980 AIR 1579) എന്നീ കേസുകളിൽ നൽകിയ നിർദ്ദേശങ്ങളായിരുന്നു വിലങ്ങുവയ്ക്കൽ സംബന്ധിച്ച നടപടിക്രമങ്ങൾക്കാധാരം. എന്നാൽ CrPC യുടെ 46-ാം വകുപ്പിന് സമാനമായ ആക്റ്റിന്റെ 43 (3)-ാം വകുപ്പ് ഒരു വ്യക്തിയെ വിലങ്ങുവയ്ക്കുന്നത് സംബന്ധിച്ച വ്യവസ്ഥകൾ പുതുതായി ഉൾപ്പെടുത്തിയിരിയ്ക്കുന്നു. അതായത് കുറ്റകൃത്യത്തിന്റെ സ്വഭാവവും തീവ്രതയും കണക്കിലെടുത്ത്,സംഘടിത കുറ്റകൃത്യങ്ങൾ, തീവ്രവാദകുറ്റം, മയക്കുമരുന്നുമായി ബന്ധപ്പെട്ട കുറ്റകൃത്യം, അല്ലെങ്കിൽ ആയുധങ്ങളും വെടിക്കോപ്പു കളും അനധികൃതമായി കൈവശം വയ്ക്കൽ, കൊലപാതകം, ബലാത്സംഗം, ആസിഡ് ആക്രമണം, നാണയങ്ങളുടെയും കറൻസികളുടെയും വ്യാജനിർമ്മാണം, മനുഷ്യക്കടത്ത്, കുട്ടികൾക്കെതിരായ ലൈംഗിക കുറ്റകൃത്യങ്ങൾ, ഇന്ത്യയുടെ പരമാധി കാരം, ഐക്യം, അഖണ്ഡത എന്നിവ അപകടപ്പെടുത്തുന്ന പ്രവൃത്തികൾ ഉൾപ്പെടെ യുള്ള ഭരണകൂടത്തിനെതിരായ കുറ്റകൃത്യങ്ങൾ എന്നിവ ചെയ്തിട്ടുള്ള കുറ്റവാളികളെ അറസ്റ്റ് ചെയ്യുമ്പോൾ പോലീസ് ഉദ്യോഗസ്ഥന് കൈവിലങ്ങ് ഉപയോഗിക്കാം.

- പ്രഥമ വിവര റിപ്പോർട്ടുകളുടെ (എഫ്.ഐ.ആർ) രജിസ്ട്രേഷനുമായി ബന്ധപ്പെട്ട ചില പുതിയ നടപടിക്രമങ്ങൾ.

എഫ്.ഐ.ആർ കളുടെ രജിസ്ട്രേഷനെ സംബന്ധിച്ച് പ്രധാനപ്പെട്ട ഒരു വ്യവസ്ഥ “സീറോ എഫ്. ഐ. ആർ (Zero FIR)” BNSS-ന്റെ 173(1)-ാം വകുപ്പിൽ, ഉൾപ്പെടുത്തിയിരിക്കുന്നു. ഒരു പ്രത്യേക പോലീസ് സ്റ്റേഷന് അധികാരപരിധി ഉണ്ടോ ഇല്ലയോ എന്നത് പരിഗണിക്കാതെ ഏതെങ്കിലും പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്യുന്ന എഫ് ഐ ആർ ആണ് സീറോ എഫ്. ഐ. ആർ. മാത്രമല്ല ഇനിമുതൽ ഇലക്ട്രോണിക് കമ്മ്യൂണിക്കേഷനിലൂടെ ലഭിച്ച പരാതികൾ/വിവരങ്ങൾ എന്നിവ അടിസ്ഥാനമാക്കിയുള്ള എഫ്. ഐ. ആർ കൾ രജിസ്റ്റർ ചെയ്യണം. അത്തരം വിവരങ്ങൾ നൽകുന്ന വ്യക്തി മൂന്ന് ദിവസത്തിനുള്ളിൽ ഒപ്പിട്ടാൽ അത് രേഖപ്പെടുത്തേണ്ടതുമാണ്. സീറോ എഫ്. ഐ. ആർ രജിസ്റ്റർ ചെയ്തുകഴിഞ്ഞാൽ, ബന്ധപ്പെട്ട പോലീസ് സ്റ്റേഷൻ പ്രസ്തുത എഫ്. ഐ. ആർ. കേസ് അന്വേഷിക്കാൻ അധികാരമുള്ള പോലീസ് സ്റ്റേഷനിലേക്ക് മാറ്റണം.

- **പ്രാഥമിക അന്വേഷണം**

CrPCവകുപ്പ് 154(1) പ്രകാരം കോഗ്നിസബിൾ കുറ്റകൃത്യവുമായി ബന്ധപ്പെട്ട ഒരു വിവരം ലഭിക്കുമ്പോൾ പോലീസ് എഫ്. ഐ. ആർ. രജിസ്റ്റർ ചെയ്യേണ്ടത് നിർബന്ധമായിരുന്നു. എന്നാൽ സമാന വ്യവസ്ഥ ഉൾപ്പെടുന്ന BNSS ലെ വകുപ്പ് 173

(3) പ്രകാരം മൂന്ന് വർഷമോ അതിൽ കൂടുതലോ എന്നാൽ ഏഴ് വർഷത്തിൽ താഴെയോ തടവ് ശിക്ഷ ലഭിക്കാവുന്ന കുറ്റങ്ങൾക്ക് എഫ്. ഐ. ആർ രജിസ്റ്റർ ചെയ്യുന്നതിനായി പ്രഥമദൃഷ്ട്യാ കേസ് ഉണ്ടോ എന്ന് നിർണ്ണയിക്കാൻ ഒരു പ്രാഥമിക അന്വേഷണം നടത്താമെന്ന പുതിയ വ്യവസ്ഥ കൊണ്ടുവന്നു.

- **പോലീസ് കസ്റ്റഡി**

CrPC യുടെ 167 (2 )-ാം വകുപ്പ്, അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കുന്ന ഒരു പ്രതിയുടെ പോലീസ് കസ്റ്റഡി സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നുണ്ട്. ആദ്യ 15 ദിവസമാണ് പരമാവധി പോലീസ് കസ്റ്റഡി അനുവദിക്കുന്നത്. മാത്രമല്ല അനുപം ജെ കുൽക്കർണി v/s സിബിഐ (1992 SCR (3) 158) കേസിൽ,അറസ്റ്റിലായ വ്യക്തിയെ ആദ്യ 15 ദിവസങ്ങൾക്ക് ശേഷം പൊലീസ് കസ്റ്റഡിയിൽ അയക്കാൻ കഴിയില്ലായെന്ന് നിരീക്ഷിച്ചിട്ടുണ്ട്. എന്നാൽ സമാന വ്യവസ്ഥ ഉൾപ്പെടുന്ന BNSS-ന്റെ 187 (2)-ാം വകുപ്പ് ഒരു പുതിയ വ്യവസ്ഥ കൊണ്ടുവരുന്നു. മരണശിക്ഷ വരെ ലഭിക്കാവുന്ന കുറ്റകൃത്യങ്ങൾ, ജീവപര്യന്ത തടവ് ശിക്ഷ ലഭിക്കാവുന്ന കുറ്റകൃത്യങ്ങൾ, പത്ത് വർഷത്തിൽ കുറയാത്ത തടവ് ലഭിക്കാവുന്ന കുറ്റകൃത്യങ്ങൾ എന്നിവയ്ക്ക് ആദ്യത്തെ 40/60 ദിവസങ്ങളിൽ മുഴുവനായോ ഭാഗങ്ങളായോ 15 ദിവസത്തെ പോലീസ് കസ്റ്റഡി അനുവദിക്കാമെന്ന് വ്യവസ്ഥ ചെയുന്നു. ഫലത്തിൽ അന്വേഷണ ഏജൻസികൾക്ക് 15 ദിവസത്തെ പോലീസ് കസ്റ്റഡി മൊത്തം കസ്റ്റഡി കാലയളവായ 60/90 ദിവസ ത്തിൽ, വിവിധ ഘട്ടങ്ങളിലായി ആവശ്യപ്പെടാം.

- BNSS-ന്റെ വകുപ്പ് 356 In Absentia Trial ( പ്രതിയുടെ അഭാവത്തിലുള്ള വിചാരണ) പ്രഖ്യാപിത കുറ്റവാളി ആയി പ്രഖ്യാപിക്കുന്ന ഒരാൾ വിചാരണ ഒഴിവാക്കുന്നതിനായി ഒളിവിൽ പോയ കേസുകളിൽ, അയാളെ ഉടൻ പിടികൂടാനുള്ള സാധ്യത ഇല്ലെങ്കിൽ, അയാളുടെ അസാന്നിധ്യത്തിൽ വിചാരണ തുടരാനും വ്യക്തിയുടെ അഭാവത്തിൽ പോലും വിധി പ്രസ്താവിക്കാനും BNSS 356-ാം വകുപ്പ് അനുവദിക്കുന്നു. എന്നാൽ ഇതിനു 90 ദിവസത്തെ കാലയളവ് നൽകിയിട്ടുണ്ട്.

- ഇലക്ട്രോണിക് ആശയവിനിമയവും ഓഡിയോ വീഡിയോ ഇലക്ട്രോണിക് മാർഗങ്ങളും

- BNSS പ്രകാരം കൊണ്ടുവന്നിട്ടുള്ള മറ്റൊരു പ്രധാന മാറ്റമാണ് ഈ സംഹിത യ്ക്കു കീഴിലുള്ള വിവിധ നടപടിക്രമങ്ങൾക്കായി ഇലക്ട്രോണിക് ആശയവിനിമയവും ഓഡിയോ വീഡിയോ ഇലക്ട്രോണിക് മാർഗ്ഗങ്ങളും അവതരിപ്പിച്ചത്. അതിനായി BNSS-ന്റെ വകുപ്പ് 2 (1) a , 2 (1) i എന്നിവയിൽ 'audiovideo electronic means', 'electronic communication' എന്നിവയ്ക്ക് നിർവ്വചനം നൽകിയിട്ടുണ്ട് .

● BNSS വകുപ്പ് 64, 68, 94, 227 സാക്ഷികൾക്കും കുറ്റാരോപിതർക്കും കോടതി മുദ്ര പതിച്ച സമൻസും നോട്ടീസുകളും ഇലക്ട്രോണിക് ആശയവിനിമയത്തിലൂടെ നൽകാം. ഇലക്ട്രോണിക് ആശയവിനിമയത്തിന്റെ രൂപവും ഇലക്ട്രോണിക് ആശയവിനിമയത്തിൽ സമൻസ് നൽകുന്ന രീതിയും ചട്ടങ്ങൾ വഴി സംസ്ഥാന സർക്കാർ നൽകേണ്ടതാണ്. അത്തരമൊരു സേവനം സാധുതയുള്ള സേവനമായി കണക്കാക്കപ്പെടുന്നു.

● BNSS 176-ാം വകുപ്പ് ഓഡിയോ വീഡിയോ മാർഗ്ഗങ്ങളിലൂടെയും അന്വേഷണ ഉദ്യോഗസ്ഥന് മൊഴി രേഖപ്പെടുത്താം.

● BNSS-വകുപ്പ് 230, 231 അതുപോലെ, കുറ്റപത്രമോ പരാതിയോ ഫയൽ ചെയ്തതിന് ശേഷം, പോലീസ് റിപ്പോർട്ട് പോലുള്ള രേഖകൾ ഇലക്ട്രോണിക് രൂപത്തിൽ നൽകാൻ അന്വേഷണ അധികാരികൾക്ക് അനുവദനീയമാണ്.

● BNSS-ന്റെ വകുപ്പ് 105, 185 എന്നീ വകുപ്പുകൾ പ്രകാരം ഇനിമുതൽ പോലീസ് നടത്തുന്ന തിരച്ചിൽ (search), പിടിച്ചെടുക്കൽ (seizure) എന്നിവയുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ, പിടിച്ചെടുത്ത എല്ലാ വസ്തുക്കളുടെയും ലിസ്റ്റ് തയ്യാറാക്കൽ, സാക്ഷികൾ ലിസ്റ്റിൽ ഒപ്പുവെക്കൽ ഉൾപ്പെടെ എല്ലാം ഓഡിയോവീഡിയോ മാർഗ്ഗങ്ങളിലൂടെയും റെക്കോർഡ് ചെയ്യേണ്ടതും (കഴിയുമെങ്കിൽ മൊബൈൽ ഫോൺ ഉപയോഗിച്ച് റെക്കോർഡിങ് നടത്തണം) കാലതാമസം കൂടാതെ അവ മജിസ്ട്രേറ്റിന് കൈമാറേണ്ടതുമാണ്.

● BNSS 530-ാം വകുപ്പ് എല്ലാ വിചാരണകളും അന്വേഷണങ്ങളും നടപടികളും ഇലക്ട്രോണിക് മോഡിൽ നടത്താമെന്ന് വ്യവസ്ഥ ചെയ്യുന്നു. ഇതിൽ സമൻസും വാറണ്ടും നൽകൽ, പരാതിക്കാരന്റെയും സാക്ഷികളുടെയും വിസ്താരം, അന്വേഷണ ങ്ങളിലും വിചാരണകളിലും തെളിവുകൾ രേഖപ്പെടുത്തൽ എന്നിവ ഉൾപ്പെടും.

നടപടി ക്രമങ്ങൾക്ക് സമയപരിധി നിശ്ചയിച്ചിരിക്കുന്നു

● BNSS-ന്റെ വകുപ്പ് 232 ഒരു കുറ്റകൃത്യം സെഷൻസ് കോടതിയിൽ വിചാരണ ചെയ്യേണ്ടതാണെങ്കിൽ ആ കേസ് സെഷൻസ് കോടതിയ്ക്ക് കൈമാറുന്നതിന് (Committal Proceedings) മജിസ്ട്രേറ്റ് കോഗ്നിസൻസ് എടുത്ത തീയതി മുതൽ 90 ദിവസത്തിനുള്ളിൽ പൂർത്തിയാക്കുകയും മതിയായ കാരണമുണ്ടെങ്കിൽ അത്തരം കാലയളവ് 180 ദിവസത്തിൽ കൂടാത്ത കാലയളവിലേക്ക് നീട്ടുകയും ചെയ്യാം.

● BNSS-ന്റെ വകുപ്പ് 230 കുറ്റാരോപിതനും ഇരയ്ക്കും പോലീസ് റിപ്പോർട്ടി

ന്റെയും മറ്റ് രേഖകളുടെയും ഒരു പകർപ്പ് പ്രതിയെ ഹാജരാക്കിയതോ ഹാജരായതോ ആയ തീയതി മുതൽ 14 ദിവസത്തിനുള്ളിൽ നൽകണം.

● ആക്റ്റിന്റെ വകുപ്പ് 263 സെഷൻസ് കോടതിയുടെ മുമ്പാകെയുള്ള വിചാരണയിൽ ചാർജിന്മേൽ വാദം കേൾക്കുന്ന ആദ്യ തീയതി മുതൽ 60 ദിവസത്തിനുള്ളിൽ ചാർജ് ഫ്രെയിം ചെയ്യണം.

● ആക്റ്റിന്റെ 258-ാം വകുപ്പ്-സെഷൻസ് കോടതിയുടെ മുമ്പാകെയുള്ള വിചാരണയിൽ,വാദം പൂർത്തിയാക്കി 30 ദിവസത്തിനുള്ളിൽ കുറ്റവിമുക്തമാക്കൽ അല്ലെങ്കിൽ ശിക്ഷാവിധി പാസാക്കേണ്ടതുണ്ട്,അത് പ്രത്യേക കാരണങ്ങൾ ഉണ്ടെങ്കിൽ 45 ദിവസത്തേക്ക് നീട്ടാവുന്നതാണ്.

● ആക്റ്റ് 472-ാം വകുപ്പ് - രാഷ്ട്രപതിക്കും ഗവർണർക്കും മുമ്പാകെ സമർപ്പിച്ച ദയാഹർജികൾ സമയബന്ധിതമായി സമർപ്പിക്കാൻ ഒരു പുതിയ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ വ്യവസ്ഥ ഒരു സമയപരിധി നിർദ്ദേശിക്കുന്നു, അത്തരം ഹർജികൾ ഗവർണർക്ക് മുമ്പാകെ 30 ദിവസത്തിനുള്ളിലും രാഷ്ട്രപതിയുടെ മുമ്പാകെ 60 ദിവസത്തിനകവും സമർപ്പിക്കണമെന്ന് നിർദ്ദേശിക്കുന്നു .

● CrPC 474-ാം വകുപ്പ്-ശിക്ഷ ലഘൂകരിക്കാനുള്ള സർക്കാരിന്റെ അധികാരത്തെ സംബന്ധിച്ചു വ്യവസ്ഥ ചെയ്യുന്നു. നിലവിലെ വ്യവസ്ഥ പ്രകാരം ഒരു മരണശിക്ഷ IPC-യിൽ പറഞ്ഞിട്ടുള്ള ഏത് ശിക്ഷയിലേക്കും കുറയ്ക്കാനാകുമാ യിരുന്നു. എന്നാൽ സമാന വ്യവസ്ഥ ഉൾപ്പെടുന്ന ആക്റ്റ് 474-ാം വകുപ്പ് പ്രകാരം ഇനിമുതൽ ഒരു മരണശിക്ഷ ജീവപര്യന്തമായി മാത്രമേ കുറയ്ക്കാനാകൂ. മാത്രമല്ല ജീവപര്യന്തമോ കഠിനതടവോ ഇളവുചെയ്ത് കേവലം പിഴശിക്ഷയായി കുറയ്ക്കാനും കഴിയില്ല .

**ഭാരതീയ സാക്ഷ്യ അധിനിയം,2023 ( BSA) (Act 47of 2023)**

● 1872-ലെ ഇന്ത്യൻ എവിഡൻസ് ആക്റ്റ് 2023-ലെ ഭാരതീയ സാക്ഷ്യ അധിനിയം ആകുമ്പോൾ നിലവിലുള്ള 167 വകുപ്പുകൾ 170 വകുപ്പുകൾ ആയി മാറുന്നു, 23 വകുപ്പുകൾ പരിഷ്ക്കരിക്കുകയും അഞ്ചു വകുപ്പുകൾ നീക്കം ചെയ്യുകയും ചെയ്തു. കോടതിയിൽ ഹാജരാക്കുന്ന തെളിവുകളുടെ പട്ടികയിൽ ഇലക്ട്രോണിക് രൂപത്തിലുള്ളതും ഡിജിറ്റൽ രൂപത്തിലുള്ളതുമായ തെളിവുകൾക്കും രേഖകൾക്കും കൂടുതൽ പ്രാധാന്യം നൽകി എന്നതാണ് ഭാരതീയ സാക്ഷ്യ അധിനിയം പ്രകാരം കൊണ്ടുവന്നിട്ടുള്ള പ്രധാന മാറ്റം.

● ഇന്ത്യൻ എവിഡൻസ് ആക്റ്റിലെ വ്യസ്ഥകൾ ആർമി ആക്റ്റ്, നേവൽ ഡിസിപ്ലിൻ ആക്റ്റ് ഇന്ത്യൻ നേവി (ഡിസിപ്ലിൻ) ആക്റ്റ്, എയർഫോഴ്സ് ആക്റ്റ്

എന്നിവ പ്രകാര മുള്ള കോർട്ട്സ്മാർഷലിന് ബാധകമല്ലായിരുന്നു. എന്നാൽ BSA യുടെ വകുപ്പ് 1 (2 ) പ്രകാരം ഈ ആക്റ്റിലെ വ്യവസ്ഥകൾ ആർമി ആക്റ്റ്, നേവൽ ഡിസിപ്ലിൻ ആക്ട്, ഇന്ത്യൻ നേവി (ഡിസിപ്ലിൻ) ആക്റ്റ്, എയർഫോഴ്സ് ആക്റ്റ് എന്നിവ പ്രകാരമുള്ള കോർട്ട്മാർഷലിനും ഇനി ബാധകമാണ്.

● BSA യുടെ വകുപ്പ് 2 (1) ൽ 'ഡോക്യുമെന്റ്' (Document) എന്നതിന്റെ നിർവ്വചന ത്തിൽ ഇലക്ട്രോണിക് രൂപത്തിലുള്ളതും ഡിജിറ്റൽ രൂപത്തിലുള്ളതുമായ രേഖകൾ ഉൾപ്പെടും എന്ന പുതിയ വ്യവസ്ഥ കൊണ്ടുവന്നിട്ടുണ്ട്. അത് പ്രകാരം ഇമെയിലുകൾ, സെർവർ ലോഗുകൾ, കമ്പ്യൂട്ടറുകളിലെ ഡോക്യുമെന്റുകൾ, ലാപ്ടോപ്പ് അല്ലെങ്കിൽ സ്മാർട്ട്ഫോണുകൾ, സന്ദേശങ്ങൾ, വെബ്സൈറ്റുകൾ, ഡിജിറ്റൽ ഉപകരണങ്ങളിൽ ശേഖരിച്ചിരിയ്ക്കുന്ന വോയ്സ് മെയിൽ സന്ദേശങ്ങൾ എന്നിവയെല്ലാം ഡോക്യുമെന്റു കളായി കരുതും.

● BSA യുടെ വകുപ്പ് 2 (1) (e) പ്രകാരം 'തെളിവ്' (evidence) എന്നതിന്റെ നിർവ്വചന ത്തിലും കോടതി അനുവദിക്കുന്ന ഇലക്ട്രോണിക് രീതിയിൽ നൽകിയിട്ടുള്ള പ്രസ്താവനകൾ ഉൾപ്പെടെയുള്ള എല്ലാ പ്രസ്താവനകളെയും 'Oral evidence' ആയി കരുതുകയും കോടതിയുടെ പരിശോധനയ്ക്കായി ഹാജരാക്കിയ ഇലക്ട്രോണിക് അല്ലെങ്കിൽ ഡിജിറ്റൽ റെക്കോർഡുകൾ ഉൾപ്പെടെയുള്ള എല്ലാ രേഖകളും 'documentary evidence' ആയി കരുതുകയും ചെയ്യും. കൂടാതെ BSA യുടെ വകുപ്പ് 57 പ്രകാരം ഇലക്ട്രോണിക് രൂപത്തിലുള്ളതും ഡിജിറ്റൽ രൂപത്തിലുള്ളതുമായ രേഖകളെ "primary evidence" ആയി കണക്കാക്കും. BSA യുടെ വകുപ്പ് 61, 63 എന്നിവ പ്രകാരം ഇലക്ട്രോണിക് രൂപത്തിലുള്ളതും ഡിജിറ്റൽ രൂപത്തിലുള്ളതുമായ തെളിവുകളുടെ സ്വീകാര്യതയ്ക്കു കൂടുതൽ വ്യാപ്തി നൽകിയിട്ടുണ്ട്.

● എവിഡൻസ് ആക്റ്റിൽ ഉപയോഗിച്ചിരുന്ന "barrister, pleader, attorney or vakil" എന്നീ പ്രയോഗങ്ങൾക്ക് പകരമായി BSA യിൽ ''advocate'' എന്ന പദം ഉപയോഗിച്ചിരിക്കുന്നു . മാത്രമല്ല "Parliament of the United Kingdom", "Provincial Act", "London Gazette", "Jury", "Barrister" "Lahore', 'Commonwealth,' 'United Kingdom of Great Britain and Ireland,' 'Her Majesty's Government,' 'Possession of the British Crown' 'Court of Justice in England', 'Her Majesty's Dominions' എന്നീ വാക്കുകളും ഒഴിവാക്കിയിട്ടുണ്ട്.

● ഭാരതീയ ന്യായ സംഹിതയുടെ വകുപ്പ് 358 , ഭാരതീയ നാഗരിക് സുരക്ഷാ സംഹിതയുടെ വകുപ്പ് 531, ഭാരതീയ സാക്ഷ്യ അധിനിയത്തിന്റെ വകുപ്പ് 170 എന്നിവയിലെ റദ്ദാക്കലും ഒഴിവാക്കലും (repeal and saving ) വ്യവസ്ഥകൾ പ്രകാരം

പുതിയ ക്രിമിനൽ നിയമങ്ങൾ പ്രാബല്യത്തിൽ വരുന്ന തീയതിയ്ക്ക് തൊട്ടുമുൻപായി ഇന്ത്യൻ പീനൽ കോഡ് , ക്രിമിനൽ പ്രോസീജിയർ കോഡ്, ഇന്ത്യൻ എവിഡൻസ് ആക്റ്റ് എന്നിവ പ്രകാരം എടുത്തിട്ടുള്ള എല്ലാ നടപടികളും ആ നിയമങ്ങൾ പ്രകാരം തന്നെ തുടരും എന്ന് വ്യവസ്ഥ ചെയ്തിട്ടുമുണ്ട്.

നൂറ്റിയൻപതിലധികം വർഷങ്ങളായി, ഇന്ത്യയിലെ നിയമ കുതുകികളായ ഓരോരുത്തരുടെയും മനസ്സിൽ, വേദപുസ്തകമെന്ന പോലെ പ്രതിഷ്ഠിക്കപ്പെട്ട 1860-ലെ ഇന്ത്യൻ പീനൽ കോഡും, 1872ലെ ഇന്ത്യൻ എവിഡൻസ് ആക്റ്റും പിന്നിട് 1973-ൽ നിലവിൽ വന്ന ക്രിമിനൽ പ്രൊസീജിയർ കോഡുമെല്ലാം പുതിയ രൂപത്തിൽ നമ്മുടെ ക്രിമിനൽ നിയമസംവിധാനത്തിലേക്ക് കടന്നുവരുമ്പോൾ അത് നമ്മുടെ നീതിന്യായ വ്യവസ്ഥയിൽ ഏത് രീതിയിൽ പ്രതിഫലിക്കും എന്നത് പ്രവചനാതീതമാണ്. നിലവിലുള്ള ജുഡീഷ്യൽ സംവിധാനത്തിന്റെ പ്രയോഗക്ഷമത വച്ച് നോക്കുമ്പോൾ ഇപ്പോഴുള്ള ക്രിമിനൽ നിയമങ്ങൾ പ്രകാരം എടുത്തിട്ടുള്ള നടപടിക്രമങ്ങൾ രണ്ടു ദശാബ്ദത്തോളമെങ്കിലും നിലനിൽക്കും എന്ന് തന്നെ കരുതേണ്ടി വരും. അതുകൊണ്ടു തന്നെ പഴയതും പുതിയതുമായ നിയമങ്ങൾ ഒരേസമയം കൈകാര്യം ചെയ്യേണ്ടി വരുന്നത് അഭിഭാഷകർക്കും, ജുഡിഷ്യറിയ്ക്കും, പോലീസിനും മറ്റ് അനുബന്ധ സംവിധാനങ്ങൾക്കും ഒരേപോലെ വെല്ലുവിളിയാകാം. മാത്രമല്ല പുതിയ ക്രിമിനൽ നിയമങ്ങളിലെ വ്യവസ്ഥകൾ സംബന്ധിച്ച തർക്കങ്ങൾ കോടതി കയറാനും സാധ്യതയുണ്ട്. ചുരുക്കത്തിൽ നിയമനിർമ്മാണത്തേക്കാൾ വലിയ വെല്ലുവിളി അത് നടപ്പിലാക്കുന്നതിന് വേണ്ടിവരും എന്ന് സാരം. എന്നിരുന്നാലും നിയമങ്ങൾ എല്ലായ്പ്പോഴും മാറ്റത്തിനു വിധേയമാണ് എന്നത് ഒരു പുരോഗമന ജനാധിപത്യ സമൂഹത്തെ സംബന്ധിച്ച് പുതിയ കാര്യമല്ല. എന്നാൽ ആ മാറ്റം സമൂഹത്തിന്റെ ആവശ്യകതകളെ കാലാനുസൃതമായി ഉൾക്കൊള്ളാൻ പര്യാപ്തമാണോ എന്ന് തിരിച്ചറിയാൻ കഴിയുന്നിടത്താണ് ഓരോ നിയമത്തിന്റെയും നിലനിൽപ്പ്, അത് തന്നെയാണ് നിയമവാഴ്ചയുടെ സൗന്ദര്യവും.

ഈ ലേഖനം തയാറാക്കുന്നതിന് താഴെപ്പറയുന്ന ഉറവിടങ്ങളെ ആശ്രയിച്ചിട്ടുണ്ട്.

1) The Constitution Of India

2) The Indian Penal Code 1860 (45 of 1860)

3) The Indian Evidence Act, 1872(

4) The Code of Criminal Procedure,1973 (2 of 1974)

5) The Maharashtra Control of Organised Crime Act, 1999

6) The Unlawful Activities (Prevention) Act, 1967

7) The Bharatiya Nyaya Sanhita Bill, 2023 (Bill No. 121 of 2023)

8) The Bharatiya Nagarik Suraksha Bill, 2023 (Bill No. 122 of 2023)

9) Bharatheeya Sakshya Sanhitha Bill, 2023 (Bill No. 123 of 2023)

10) Report No. 246, 'the Bharatiya Nyaya Sanhita', Standing Committee on Home Affairs, November 10, 2023.

11) Report No. 247, 'the Bharatiya Nagarik Suraksha Sanhita', Standing Committee on Home Affairs, November 10, 2023.

12) Report No. 248, 'the Bharatiya Sakshya Bill', Standing Committee on Home Affairs, November 10, 2023.

13) Bharatiya Nyaya (Second) Sanhita Bill, 2023, (Bill No. 173 of 2023)

14) The Bharatiya Nagarik Suraksha (Second) Sanhita,Bill 2023 (Bill No. 174 of 2023)

15) Bharatheeya Sakshya Sanhitha (Second) Bill, 2023 (Bill No. 175 of 2023)

16) 41st Report of the Law Commission of India on the Code of Criminal Procedure, 1898 dated 24 September 1969.

17) https://thewire.in/government secondavatarcriminallawbillshasanythingchanged, G. Mohan Gopal, 15/DEC/2023

18) https://www.livelaw.in/topstories/majorchangesintroducedbybharatiyanyayasecondsanhita, 30 Dec 2023

19) https://www.azbpartners.com/bank/decodingthenewmadeinindiacodeofcriminalprocedure bharatiyanagariksurakshasecondsanhita2023,

20) https://www.thefourthnews.in/fourthspecial/livelawmanagingeditortalksaboutthereplacementofipcandcrpc21)https://www.scconline.com/blog/post/2023/12/31/keyhighlightsofthethreenewcriminallawsintroducedin2023/December31,2023

22) https://Press Information beauro pib.gov.in/PressReleasePage.aspx?PRID=1988968

23) https://indianexpress.com/article/india/criminallawbillsbharatiyanyayasanhitakeychanges highlights.

24) https://thewire.in/law/bharatiyanyaysanhitadecolonisingorreinforcingcolonialideasMrinal Satish, Preeti Pratishruti Dash and Anushka Pandey 30/JAN/2024.

25) https://www.nls.ac.in/blog/bharatiyanyayasanhitabillimplicationsofproposedchangestothe indianpenalcode/Mrinal Satish, Preeti Pratishruti Dash, Anushka Pandey.







**ശ്രീമതി. അമൽ രാജഗോപാൽ**
ലീഗൽ അസിസ്റ്റന്റ് ഗ്രേഡ് I

# പരിസ്ഥിതി സംരക്ഷണവും ജല നിയമത്തിലെ ഭേദഗതികളും

" ഉറവകൾ വറ്റും വരെ
നാം
ജലത്തെ മതിപ്പ് കൽപ്പിക്കുകയില്ല "

ബെഞ്ചമിൻ ഫ്രാങ്ക്ലിൻ



"ഭുവനൈകനിഢം" എന്ന ആശയം ലോകത്തിന് സംഭാവന ചെയ്ത ഭാരത ത്തിന് പരിസ്ഥിതി സംരക്ഷണത്തിന്റെ സമ്പന്നമായ പുരാതന പാരമ്പര്യം കൈമുതലാ യുണ്ട്. ഇതിന്റെ പ്രസക്തിയും പ്രാധാന്യവും അർത്ഥശാസ്ത്രം, വേദങ്ങൾ, മനുസ്മൃതി, രാമായണം, മഹാഭാരതം മുതലായ എല്ലാ ഭാരതീയ വൈജ്ഞാനിക ഇതിഹാസ പുരാണ ഗ്രന്ഥങ്ങളിലും ഉണ്ട്. ഇത്

പുരാതന ഭാരതത്തിന്റെ മാത്രം ചരിത്രമല്ല, ലോകത്തെ എല്ലാ പുരാതന സംസ്ക്കാരങ്ങളും, തത്വചിന്തകളും പരിസ്ഥിതി സംരക്ഷ ണത്തിന്റെ പ്രാധാന്യം മനുഷ്യന്റെ പ്രാക്തനകാലം തൊട്ട് മനസ്സിലാക്കുകയും, വിഭാവനം ചെയ്യുകയും ചെയ്തിരുന്നു എന്നതിന്റെ സൂചകങ്ങളായി വേദങ്ങളും, ലോക ഇതിഹാസങ്ങളും മറ്റും നിലനിൽക്കുന്നു. ഈ പ്രാക്തനമായ ചിന്തയും പ്രാധാന്യവും പകർന്നു വന്നിട്ടും, ആധുനികകാലത്തെ മനുഷ്യൻ പ്രകൃതിക്കും, പരിസ്ഥിതിക്കും വരുത്തിവയ്ക്കുന്ന വിപത്തുകളിൽ നിന്നാണ് പ്രകൃതിയെയും പരിസ്ഥിതിയെയും, മനുഷ്യകുലത്തിന്റെ നിലനിൽപ്പിന് തന്നെ നിദാനമായ ''ജലത്തെ''യും സംരക്ഷിക്കുന്നതിനുള്ള നിയമങ്ങളും ചട്ടങ്ങളും രൂപീകരിക്കുന്ന തിന്റെ ആവശ്യകതയിലേക്ക് ഭാരതവും ലോകരാജ്യങ്ങളും എത്തിച്ചേർന്നത്.

സ്റ്റോക്ക്ഹോമിൽ 1972 ജൂണിൽ നടന്ന മനുഷ്യ പരിസ്ഥിതിയെക്കുറിച്ചുള്ള ഐക്യരാഷ്ട്രസഭ ഉച്ചകോടിയിൽ "ഇന്നത്തെയും ഭാവിയിലെയും തലമുറകൾക്കായി പരിസ്ഥിതിയെ സംരക്ഷിക്കുകയും മെച്ചപ്പെടുത്തുകയും ചെയ്യുക എന്നത് മനുഷ്യരാശിയുടെ അനിവാര്യമായ ലക്ഷ്യമായി മാറിയിരിക്കുന്നു'' എന്ന് പ്രഖ്യാപിക്കുകയുണ്ടായി. പരിസ്ഥിതിയുടെ 'മാഗ്നാകാർട്ടാ' എന്നറിയപ്പെടുന്ന പ്രസ്തുത സമ്മേളനത്തിൽ 26 തത്വങ്ങൾ അംഗീകരിക്കപ്പെട്ടു. ആ സമ്മേളനത്തിൽ ഒപ്പുവച്ച രാജ്യങ്ങളിൽ ഒന്നായ ഇന്ത്യ പരിസ്ഥിതിയെ മെച്ചപ്പെടുത്തുന്നതിനും സംരക്ഷിക്കുന്നതിനും ആയി 42-ാം ഭരണഘടന ഭേദഗതി പ്രകാരം രണ്ട് അനുച്ഛേദ ങ്ങൾ 48 എ, 51 എ(ജി) ഭരണഘടനയിൽ ഉൾപ്പെടുത്തുകയും വിവിധ നിയമങ്ങൾ പാസ്സാക്കുകയും ചെയ്യുകയുണ്ടായി, അതിലൊന്നാണ് ജലമലിനീകരണം തടയുന്ന തിനും നിയന്ത്രിക്കുന്നതിനും ജലത്തിന്റെ ആരോഗ്യം നിലനിർത്തുന്നതിനും, പുനഃസ്ഥാപിക്കുന്നതിനും വേണ്ടി നടപ്പിലാക്കിയ 1974-ലെ ജല (മലിനീകരണം തടയലും നിയന്ത്രണവും) ആക്റ്റ്.

കേന്ദ്ര സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുകൾ യഥാക്രമം നിയമത്തിന്റെ 3, 4 വകുപ്പുകൾ പ്രകാരം രൂപീകരിക്കപ്പെടുകയും കൂടാതെ 1981-ലെ വായു (മലിനീകരണം തടയലും, നിയന്ത്രണവും) നിയമത്തിന് കീഴിലുള്ള അധികാര ങ്ങളും പ്രവർത്തനങ്ങളും മലിനീകരണ നിയന്ത്രണ ബോർഡിന് നൽകുകയും ചെയ്തു. ചില അവ്യക്തതകൾ പരിഹരിക്കുവാനും, മലിനീകരണ നിയന്ത്രണ ബോർഡിന് കൂടുതൽ അധികാരങ്ങൾ നൽകുന്നതിനുമായി 1978 ലും 1988 ലും നിയമം ഭേദഗതി ചെയ്യുകയുണ്ടായി.

**2024 – ലെ ജല (മലിനീകരണം തടയലും, നിയന്ത്രണവും) ബിൽ.**

വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനും, വ്യവസായം ചെയ്യുന്നത് സുഗമമാക്കുന്നതിനും ചെറിയ ജലമലിനീകരണങ്ങൾ കുറ്റമല്ലാതാക്കി, ആയത്

യുക്തിസഹമാക്കുന്നതിനുമായി ജല (മലിനീകരണം തടയലും, നിയന്ത്രണവും) ഭേദഗതി ബില്ല് 2024 ഈ വർഷം ഫെബ്രുവരി 5ന് രാജ്യസഭയിൽ അവതരിപ്പിക്കുകയും, പാർലമെന്റിന്റെ ഇരുസഭകളും 72 മണിക്കൂറിനുള്ളിൽ ബിൽ പാസാക്കുകയും ചെയ്തു. ഹിമാചൽ പ്രദേശ്, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലുമാണ് നിയമം ആദ്യം നിലവിൽ വരിക. മറ്റു സംസ്ഥാനങ്ങൾ അതത് സംസ്ഥാനങ്ങളിൽ ഭേദഗതികളുടെ പ്രയോഗക്ഷമത വ്യാപിപ്പിക്കുന്നതിന് പ്രമേയങ്ങൾ പാസാക്കിയാൽ മാത്രമേ ഈ നിയമം അവിടങ്ങളിൽ ബാധകമാകുകയുള്ളൂ. അപ്രകാരം നിലവിൽ വരാനിരിക്കുന്ന ജലനിയമത്തിലെ ഭേദഗതികൾ ചുരുക്കത്തിൽ താഴെ പ്രതിപാദിക്കുന്നു.

**വ്യവസായങ്ങൾ സ്ഥാപിക്കുന്നതിനുള്ള സമ്മത ഇളവുകൾ**

നിലവിലെ നിയമം അനുസരിച്ച് ജലാശയത്തിലേക്കോ, അഴുക്കുചാലിലേക്കോ, ഭൂമിയിലേക്കോ മലിനജലം ഒഴുക്കാൻ സാധ്യതയുള്ള ഏതെങ്കിലും വ്യവസായമോ, സംസ്ക്കരണ പ്ലാന്റോ സ്ഥാപിക്കുന്നതിന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. എന്നാൽ കേന്ദ്രസർക്കാരിന് കേന്ദ്ര മലിനീകരണ ബോർഡുമായി കൂടിയാലോചിച്ച് അത്തരം സമ്മതം നേടുന്നതിൽ നിന്ന് ചില വിഭാഗങ്ങളിലെ വ്യവസായ പ്ലാന്റുകളെ ഒഴിവാക്കാമെന്ന് ബിൽ വ്യക്തമാക്കുന്നു (വകുപ്പ് 25). സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നൽകുന്ന സമ്മതം അനുവദിക്കുന്നതിനോ, നിരസിക്കുന്നതിനോ, അല്ലെങ്കിൽ റദ്ദാക്കുന്നതിനോ കേന്ദ്രസർക്കാരിന് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കാമെന്നും ബിൽ കൂട്ടിച്ചേർക്കുന്നു (വകുപ്പ് 27 എ).

**സംസ്ഥാന ബോർഡ് ചെയർമാൻ**

നിലവിലെ ആക്റ്റ് പ്രകാരം സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചെയർമാനെ സംസ്ഥാന സർക്കാർ നാമനിർദ്ദേശം ചെയ്യുന്നു. എന്നാൽ നാമനിർദ്ദേശം ചെയ്യുന്ന രീതിയും ചെയർമാന്റെ സേവന നിബന്ധനകളും വ്യവസ്ഥകളും കേന്ദ്രസർക്കാർ നിർദ്ദേശിക്കുമെന്നും ബിൽ കൂട്ടിച്ചേർക്കുന്നു (4, 5 വകുപ്പുകൾ).

**കുറ്റകൃത്യങ്ങൾക്കുള്ള പിഴ**

I. 20-ാം വകുപ്പിലെ വ്യവസ്ഥകളോ അതനുസരിച്ചു പുറപ്പെടുവിച്ച നിർദ്ദേശങ്ങളോ പാലിക്കുന്നതിൽ വീഴ്ചവരുത്തിയാൽ നിലവിലെ നിയമത്തിലെ ശിക്ഷയായി പറഞ്ഞിരുന്ന തടവ് ഒഴിവാക്കുകയും, 10000/ രൂപ മുതൽ 15 ലക്ഷം രൂപ വരെ പിഴ ഈടാക്കുകയും ചെയ്യും (വകുപ്പ് 41).

II. 32-ാം വകുപ്പിലെ വ്യവസ്ഥകൾ പാലിച്ചില്ലെങ്കിലോ അല്ലെങ്കിൽ 33, 33 എ എന്നീ വകുപ്പുകൾ അനുസരിച്ചു പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയാലോ 10,000/ രൂപ മുതൽ 15 ലക്ഷം രൂപ വരെ പിഴ ഈടാക്കാം എന്ന് ബിൽ കൂട്ടിച്ചേർക്കുന്നു (വകുപ്പ് 41 എ).

III. നിലവിലെ നിയമത്തിലെ ചില കുറ്റകൃത്യങ്ങൾക്കുള്ള ശിക്ഷയായി 42-ാം വകുപ്പിൽ പറഞ്ഞിരുന്ന തടവ് ഒഴിവാക്കി 10,000/ രൂപ മുതൽ 15 ലക്ഷം രൂപ വരെ പിഴ ഈടാക്കാം എന്നും ബിൽ ഭേദഗതി വരുത്തുന്നു.

IV. 24-ാം വകുപ്പ് ലംഘിച്ചതിന് നിലവിലെ നിയമത്തിൽ പറഞ്ഞിരുന്ന തടവ് ഒഴിവാക്കി 10000 രൂപ മുതൽ 15 ലക്ഷം രൂപ വരെ പിഴ ഈടാക്കാം (വകുപ്പ് 43).

V. 25-ാം വകുപ്പോ, 26-ാം വകുപ്പോ ലംഘിച്ചാൽ നിലവിലെ നിയമത്തിൽ പറഞ്ഞിരുന്ന തടവ് ഒഴിവാക്കി 10000 രൂപ മുതൽ 15 ലക്ഷം രൂപ വരെ പിഴ ഈടാക്കാം (വകുപ്പ് 44).

VI. നിലവിലെ നിയമപ്രകാരം ശിക്ഷ വ്യക്തമാക്കിയിട്ടില്ലാത്ത കുറ്റത്തിന് മൂന്നുമാസം വരെ തടവോ പതിനായിരം രൂപ വരെ പിഴയോ, അല്ലെങ്കിൽ രണ്ടും ലഭിക്കാം. ബിൽ ശിക്ഷയായി പറഞ്ഞിരുന്ന തടവ് ഒഴിവാക്കുകയും പതിനായിരം രൂപ മുതൽ 15 ലക്ഷം രൂപ വരെ പിഴ ഈടാക്കുകയും ചെയ്യുന്നു (വകുപ്പ് 45എ).

VII. നിയമപ്രകാരമുള്ള ഏതെങ്കിലും വ്യവസ്ഥയുടെ ലംഘനത്തിന് പിഴ അടയ്ക്കുന്നതിൽ പരാജയപ്പെട്ടാൽ മൂന്നുവർഷം വരെ തടവോ അല്ലെങ്കിൽ ചുമത്തിയ പിഴയുടെ ഇരട്ടി പിഴയോ ലഭിക്കും (വകുപ്പ് 45(ഇ)3)

**പിഴകൾ നിർണ്ണയിക്കുന്നതിന് അഡ്ജൂഡിക്കേറ്റിങ് ഓഫീസർ**

നിയമത്തിന് കീഴിലുള്ള പിഴകൾ നിർണ്ണയിക്കാൻ അഡ്ജൂഡിക്കേറ്റിങ് ഓഫീസർമാരെ നിയമിക്കാൻ ബിൽ കേന്ദ്രസർക്കാരിനെ അനുവദിക്കുന്നു (വകുപ്പ് 45 ബി). ടി ഉദ്യോഗസ്ഥൻ കേന്ദ്ര ഗവൺമെന്റിന്റ ജോയിന്റ് സെക്രട്ടറി റാങ്കിലോ അല്ലെങ്കിൽ സംസ്ഥാന സർക്കാരിന്റെ സെക്രട്ടറി റാങ്കിൽ ഉള്ള ഉദ്യോഗസ്ഥനോ ആയിരിക്കണം.

**അപ്പീൽ**

അഡ്ജൂഡിക്കേറ്റിങ് ഓഫീസർ പുറപ്പെടുവിച്ച ഉത്തരവുകൾക്കെതിരെ 60 ദിവസങ്ങൾക്കുള്ളിൽ 10% പിഴ നിക്ഷേപിച്ചുകൊണ്ട് ദേശീയ ഹരിത ട്രൈബ്യൂണലിൽ അപ്പീൽ സമർപ്പിക്കാവുന്നതാണ്(വകുപ്പ് 45 സി).

**പരിസ്ഥിതി സംരക്ഷണ ഫണ്ട്.**

ഈ ആക്റ്റ് പ്രകാരം ഒടുക്കുന്ന പിഴകൾ എല്ലാം 1986-ലെ പരിസ്ഥിതി സംരക്ഷണ നിയമത്തിന് കീഴിൽ സ്ഥാപിതമായ പരിസ്ഥിതി സംരക്ഷണ ഫണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യപ്പെടും (വകുപ്പ് 45 ഡി).

**സർക്കാർ വകുപ്പുകളുടെ കുറ്റകൃത്യങ്ങൾ**

സർക്കാർ വകുപ്പുകൾ ചെയ്യുന്ന കുറ്റകൃത്യങ്ങൾക്ക് വകുപ്പ് തലവൻ കുറ്റക്കാരൻ ആകുകയും അത്തരം ലംഘനങ്ങൾ ഒഴിവാക്കുന്നതിന് ആവശ്യമായ ജാഗ്രത അതത് വകുപ്പ് മേധാവിയുടെ ഉത്തരവാദിത്വം ആകുകയും ചെയ്യുന്നു. നിയമത്തിലെ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിക്കുകയാണെങ്കിൽ വകുപ്പ് മേധാവി അടിസ്ഥാന ശമ്പളത്തിന്റെ തുല്യമായ തുക പിഴയായി നൽകേണ്ടി വരുമെന്ന് ബിൽ വ്യക്തമാക്കുന്നു. വകുപ്പ് മേധാവി അല്ലാത്ത ഒരു ഉദ്യോഗസ്ഥന്റെ വ്യക്തിപരമായ ഭാഗത്ത് നിന്നുള്ള അവഗണന കൊണ്ട് ഉണ്ടാകുന്ന നിയമലംഘനത്തിന് ആ ഉദ്യോഗസ്ഥൻ കുറ്റക്കാരനാകുന്നതും അടിസ്ഥാന ശമ്പളത്തിന് തുല്യമായ തുക പിഴയായി അടയ്ക്കാൻ ബാധ്യസ്ഥനും ആണ് (വകുപ്പ് 48)

**ഭേദഗതി ബിൽ നേട്ടങ്ങളും ആശങ്കകളും**

ബിൽ എല്ലാ അധികാരങ്ങളെയും കേന്ദ്രീകരിക്കാൻ ശ്രമിക്കുന്നതാണോ എന്നും, ഫെഡറലിസത്തിന്റെ തത്വങ്ങൾക്ക് എതിരാണോ എന്നും, ജലസംരക്ഷണ നിയമത്തിന്റെ ആത്യന്തിക ലക്ഷ്യത്തെയും സുതാര്യതയെയും ബാധിക്കുന്നുണ്ടോ എന്നും ചിന്തിക്കേണ്ടിയിരിക്കുന്നു. പരിസ്ഥിതി മലിനീകരണം പോലെയുള്ള ഒരു വിഷയത്തെ നേരിടാൻ കടുത്ത ഭയം നൽകുന്ന നിയമമില്ലാതെ പ്രയാസമാണെന്നും ചൂഷണങ്ങൾ വർദ്ധിക്കും എന്നും ആശങ്കയുണ്ട്.

സമൂഹത്തിന്റെ മാറുന്ന ആവശ്യങ്ങൾക്ക് അനുസരിച്ച് നിയമം മാറേണ്ടതുണ്ട്. എന്നാൽ ലോകരാജ്യങ്ങൾ ഒന്നടങ്കം മലിനീകരണത്തിനെതിരെ പ്രവർത്തിക്കുമ്പോൾ വ്യാവസായിക താൽപര്യം മാത്രം മുൻനിർത്തി പല ലംഘനങ്ങളുടെയും ശിക്ഷ ഒഴിവാക്കപ്പെടുന്നത് മലിനീകരണം നടത്താനുള്ള മൗനാനുവാദമായി മാറുകയേ ഉള്ളൂ. 2023 ഡിസംബർ മാസം പ്രസിദ്ധീകരിച്ച 2022-ലെ ദേശീയ ക്രൈം റെക്കോർഡ്സ് ബ്യൂറോ റിപ്പോർട്ട് പ്രകാരം ജല നിയമവും വായു നിയമവും ലംഘിച്ചതിന് രജിസ്റ്റർ ചെയ്ത കേസുകൾ 2021ൽ 42% വർദ്ധിച്ചിട്ടുണ്ട്. ബിൽപ്രകാരം ഒരുഭാഗത്ത് പിഴ തുക വർദ്ധിപ്പിച്ചിട്ടുണ്ടെങ്കിൽ പോലും പല ലംഘനങ്ങൾക്കും ശിക്ഷ തന്നെ എടുത്തു കളഞ്ഞതായി കാണാം. പ്രകൃതിയെ ചൂഷണം ചെയ്യുന്ന കാര്യങ്ങളിൽ പൊതുജനങ്ങളിൽ ഭയവും, ബോധവും കൊണ്ടുവരാൻ കടുത്ത ശിക്ഷയായിരുന്നു അഭികാമ്യം.

പ്രളയമായും, ഭൂകമ്പമായും മറ്റും പ്രകൃതി തന്നെ മനുഷ്യരാശിയെ ശിക്ഷിച്ചു കൊണ്ടിരിക്കുന്നത് കാണാതെ, പ്രകൃതിവിഭവങ്ങൾക്ക്, പ്രത്യേകിച്ച് ജലത്തിന് വേണ്ടിയുള്ളതാവും അടുത്ത ലോകമഹായുദ്ധം എന്ന മുന്നറിയിപ്പുകൾ കണ്ടിട്ടും ഭോഗതൽപരതയും, ക്ഷണികലാഭവും മാത്രം കണ്ട് നിയമങ്ങൾ ഉണ്ടാക്കുന്നത് ഉചിതമോ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. ഏത് ചട്ടവും, നിയമവും ആത്യന്തികമായി മാനവരാശിയുടെ മനുഷ്യന്റെ ആത്യന്തികമായ നിലനിൽപ്പിനും, ഗുണത്തിനും വേണ്ടിയായിരിക്കണം എന്ന് ചുരുക്കം.

**"പ്രണയമില്ലാതെ ഒരാൾ പോലും മരിച്ചിട്ടില്ല, ജലമില്ലാതെ മരിച്ചവർ ദശലക്ഷക്കണക്കിന് "**

ഡബ്ല്യൂയു. എച്ച്. ഓഡൻ

പ്രപഞ്ചത്തിന്റെ സത്തയും അസ്തിത്വവും നിലനിർത്തുന്നത് പരിസ്ഥിതിയാണ്. പരിസ്ഥിതിയെ അവഗണിച്ചുകൊണ്ടുള്ള വികസനത്തിന് നിലനിൽപ്പില്ലെന്ന തിരിച്ചറിവിലാണ് ലോകം. ഭാവി തലമുറയുടെ ആവശ്യങ്ങൾ നിറവേറ്റാനുള്ള വിഭവങ്ങൾ നശിപ്പിക്കാതെ ഇന്നത്തെ ആവശ്യങ്ങൾ നിറവേറ്റുന്ന വികസനമാണ് നമുക്ക് ആവശ്യം 1987 ലെ ബ്രണ്ട് ലാൻഡ് കമ്മീഷൻ റിപ്പോർട്ട് 'ഔർ കാമൻ ഫ്യൂച്ചർ' സുസ്ഥിര വികസനത്തെ നിർവചിച്ചിരിക്കുന്നത്). സുസ്ഥിരമല്ലാത്ത വികസനം നാം എത്രത്തോളം പിന്തുടരുന്നുവോ അത്രയധികം ദുരന്തങ്ങൾ നമ്മെ കാത്തിരിക്കുന്നുണ്ട്. പരിസ്ഥിതിയോട് ചേർന്ന് ജീവിക്കുവാനും പ്രകൃതിയോടുള്ള ആദരവും, പ്രകൃതി യുമായുള്ള സംയോജനവും നമ്മുടെ ധാർമ്മികതയുടെയും മൂല്യവ്യവസ്ഥയുടെയും ഭാഗമാക്കാനും നാം പഠിക്കേണ്ടിയിരിക്കുന്നു.

**"എല്ലാം ജലത്തിൽ നിന്നാണ് ഉത്ഭവിക്കുന്നത്. എല്ലാം നിലനിൽക്കുന്നതും ജലം കാരണമാണ്"**

ഗോയ്ഥേ

ജലം ജീവചക്രത്തിന്റെ ആരക്കാലുകളാണ്. എല്ലാത്തരം മലിനീകരണത്തിൽ നിന്നും ജലത്തെ സംരക്ഷിക്കേണ്ടതുണ്ട്. ഭൂമിയെ സംരക്ഷിക്കുന്നതിനും മാനവ രാശിയുടെ ക്ഷേമം ഉറപ്പു നൽകുന്നതിനുമുള്ള സുസ്ഥിര വികസന ലക്ഷ്യങ്ങൾ ഉൾക്കൊള്ളുന്ന 2030-ലെ ഐക്യരാഷ്ട്രസഭ സുസ്ഥിര വികസന അജണ്ടയിലെ 17 ലക്ഷ്യങ്ങളിൽ പ്രധാനമായ ഒന്നാണ് ജലസംരക്ഷണം (6-ാം ഗോൾ). ലോകജന സംഖ്യയുടെ 18% ഇന്ത്യയിലുള്ളപ്പോൾ ലോകത്തിലെ ജലസ്രോതസ്സുകളുടെ ഏകദേശം 4% മാത്രമാണ് നമ്മുടെ രാജ്യത്തുള്ളത്. വ്യവസായ സ്ഥാപനങ്ങളിൽ നിന്നും, ആശുപത്രികളിൽ നിന്നും ഹോട്ടലുകളിൽ നിന്നും എന്തിനേറെ പറയുന്നു ശുചിമുറി മാലിന്യം വരെ ഏറ്റുവാങ്ങുന്ന ജലസ്രോതസ്സുകളുണ്ട്. പുഴയും, തോടും, കുളവും, കായലും ഒന്നും മാലിന്യം വലിച്ചെറിയാനുള്ള കുപ്പത്തൊട്ടികളല്ല എന്ന

സത്യം മനസിലാക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ഗംഗ മുതൽ ബാഗ്മതി വരെ മലിനമായ നദികൾ നമുക്ക് പാഠമാകണം. വെള്ളത്തിന്റെ ദൗർലഭ്യം നേരിടുന്ന ഭയാനകമായ ഭാവി നമുക്കു മുമ്പിൽ ഉണ്ട്.

"**മനസാക്ഷിയില്ലാത്ത വ്യാവസായികവൽക്കരണം, മാപ്പർഹിക്കാത്ത വനനശീകരണം, ജീവ ജാലങ്ങളുടെ മനുഷ്യത്വരഹിതമായ ഉന്മൂലനം, ചൂഷണം ചെയ്യുന്ന ക്രൂരത, ലാഭത്തിനും ആനന്ദ ത്തിനുമുള്ള സാമൂഹികവിരുദ്ധ അഭിനിവേശം എന്നിവ മാനവികതയ്ക്കും സംരക്ഷണത്തിനും വിരുദ്ധമാണ്**"

വി. ആർ. കൃഷ്ണയ്യർ

ജുഡീഷ്യൽ ആക്ടിവിസം യഥാർത്ഥത്തിൽ സമഗ്രമായ ഒരു ഇന്ത്യൻ പരിസ്ഥിതി നിയമത്തിന്റെ രൂപീകരണത്തിന് വിലപ്പെട്ട സംഭാവനകൾ നൽകിയിട്ടുണ്ട്. ഭരണഘടനയുടെ അനുച്ഛേദം 32, 226 പ്രകാരമുള്ള പൊതുതാൽപ്പര്യ ഹർജികൾ പരിസ്ഥിതിയെ സംരക്ഷിക്കുന്നതിന് പ്രധാന പങ്കു വഹിച്ചിട്ടുണ്ട്. ജീവിക്കാനുള്ള അവകാശത്തിൽ (അനുച്ഛേദം 21) ആരോഗ്യകരമായ അന്തരീക്ഷത്തിനുള്ള അവകാശവും ഉൾപ്പെടുന്നു എന്നും അതിൽ മലിനീകരണമില്ലാത്ത വെള്ളവും വായുവും പൂർണ്ണമായി ലഭിക്കുവാനുള്ള അവകാശവും ഉണ്ടെന്നും സുപ്രീംകോടതി പറഞ്ഞിട്ടുണ്ട് (സുബാഷ് കുമാർ v. ബീഹാർ സംസ്ഥാനം, AIR 1991 SC 420).

മലിനമാക്കുന്നയാൾ ചെലവു വഹിക്കണം എന്ന തത്വം (Polluter Pay Principle), മുൻകരുതൽ തത്വം (Precautionary Principle), സമ്പൂർണ്ണ ബാധ്യത (Absolute Liability), പൊതു ട്രസ്റ്റ് സിദ്ധാന്തം (Public Trust Doctrine) തുടങ്ങിയ തത്വങ്ങൾ സുപ്രീം കോടതി വിധിയിലൂടെ അംഗീകരിക്കുകയും പ്രയോഗപ്പെടുത്തുകയും ചെയ്തു. വേല്ലൂർ സിറ്റിസൺസ് വെൽഫയർ ഫോറം v. യൂണിയൻ ഓഫ് ഇന്ത്യ (AIR 1996 SC 2715), ഇന്ത്യൻ കൗൺസിൽ ഫോർ എൻവിറോലീഗൽ ആക്ഷൻ v. യൂണിയൻ ഓഫ് ഇന്ത്യ (AIR 1996 SC 1446), എം. സി. മേത്ത v. യൂണിയൻ ഓഫ് ഇന്ത്യ (AIR 1997 SC 734), എം. സി. മേത്ത v. കമൽനാഥ് [2000 (6) SCC 213]. വികസനവും പ്രകൃതി സംരക്ഷണവും ഒരു നാണയത്തിന്റെ ഇരുവശങ്ങൾ ആകയാൽ സുസ്ഥിരവികസന നയം ഉയർത്തിപ്പിടിച്ച് പരിസ്ഥിതിയെ സംരക്ഷിക്കുന്നതിലും ഇന്ത്യയുടെ വ്യാവസായിക വികസനത്തെ സഹായിക്കുന്നതിലും ജുഡീഷ്യറി വഹിക്കുന്ന പങ്ക് വളരെ വലുതാണ്.

ഭരണഘടനയുടെ എഴുപത്തിമൂന്നാം ഭേദഗതി പ്രകാരം കൂട്ടിച്ചേർക്കപ്പെട്ട പതിനൊന്നാം ഷെഡ്യൂളിനൊപ്പം അനുച്ഛേദം 243, റിസോഴ്സുകൾ ജല മാനേജ്മെൻറ്

ഉൾപ്പെടെ കൈകാര്യം ചെയ്യുന്നതിനും നിയന്ത്രിക്കുന്നതിനും പഞ്ചായത്തുകൾക്ക് ഭരണഘടനാപരമായ ചുമതല നൽകുന്നുണ്ട്. എന്നാൽ മാലിന്യങ്ങൾ കൊണ്ട് പുഴ നിറഞ്ഞാൽ പോലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈ ഭരണഘടനാപരമായ ചുമതല നിർവഹിക്കാറില്ല. ഇന്ത്യയിൽ പലയിടങ്ങളിലും കണ്ടുവരുന്നത് വികസന ത്തിന്റെ പേരിൽ കോർപ്പറേറ്റുകൾ നടത്തുന്ന ജല ചൂഷണമാണ്. നിലവിലുള്ള ജലസംരക്ഷണ നിയമങ്ങളെ ഓരോന്നായി ദുർബലപ്പെടുത്തുന്നത് വലിയ രീതിയിലുള്ള ചൂഷണങ്ങൾക്ക് വഴിയൊരുക്കും. വൻകിട കമ്പനികൾ തങ്ങളുടെ വ്യവസായ പ്രവർത്തനങ്ങൾ നടത്തി പരിസ്ഥിതിക്കും പ്രാദേശിക സമൂഹത്തിനും ഉണ്ടായ നാശനഷ്ടങ്ങളോട് തികഞ്ഞ അവഗണന കാട്ടിയതിന്റെ ദുരന്തഫലമാണ് പ്ലാച്ചിമട കൊക്കക്കോള പ്ലാന്റും, കാസർകോട്ട് എൻഡോസൾഫാൻ ബാധിതരും നമ്മെ ഓർമ്മിപ്പിക്കുന്നത്. കടുത്ത വേനലിൽ ജലസ്രോതസ്സുകൾ വറ്റിവരണ്ടു പോകുമ്പോൾ, ജീവൻ നിലനിർത്താനുള്ള നീരുറവ തേടി മൃഗങ്ങൾ കാടിറങ്ങുമ്പോൾ, മനുഷ്യരും മൃഗങ്ങളും തമ്മിലുള്ള ജീവൻമരണ പോരാട്ടത്തിന്റെ ഭയാനകമായ മുഖങ്ങളാണ് ഇന്ന് പത്രവാർത്തകളിൽ നിറയുന്നത്. ഈ ലോകം എല്ലാവർക്കു മുള്ളതാണെന്ന വിശാലമായ കാഴ്ചപ്പാടിൽ നിന്നും, മനുഷ്യന്റേത് മാത്രമാണെന്ന സ്വാർത്ഥ മനോഭാവമാണ് എല്ലാത്തിനും നിദാനമാകുന്നത്.

2022-ൽ മാലിന്യത്തിന്റെ അളവ് കുറഞ്ഞതിനെത്തുടർന്ന് കേരളത്തിലെ 11 നദീ ഭാഗങ്ങളെ കേന്ദ്രമലിനീകരണ നിയന്ത്രണ ബോർഡ് മലിനീകരണ പട്ടികയിൽ നിന്നും ഒഴിവാക്കിയിരുന്നു. ഈ വർഷം ജനുവരിയിൽ (2024 ജനുവരി) ഏഴ് നദീ ഭാഗങ്ങളെ കൂടി ഒഴിവാക്കുന്നതിനായി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് കേന്ദ്രമലിനീകരണ നിയന്ത്രണ ബോർഡിനോട് ശുപാർശ ചെയ്തിട്ടുണ്ട്. ജലദൗർലഭ്യത്തിന് പരിഹാരം എന്ന നിലയിൽ മാത്രമല്ല, ജലസ്രോതസ്സുകളുടെ ഫലപ്രദമായ പരിപാലനത്തിനും, വേനൽ മാസങ്ങളിലെ ജലക്ഷാമം ഇല്ലാതാ ക്കുന്നതിനും, തുല്യമായ ജലവിതരണം ഉറപ്പാക്കുന്നതിനും ആയി 2023 ഏപ്രിൽ 17-ന് ജല ബഡ്ജറ്റ് അംഗീകരിച്ച ആദ്യ സംസ്ഥാനമായി കേരളം മാറി.

ഫെബ്രുവരിയിൽ ഇരു സഭകളും പാസ്സാക്കിയ ജല (മലിനീകരണ തടയലും നിയന്ത്രണവും) ബിൽ 2024 കേരളത്തിന് ബാധകമാകണമെങ്കിൽ നമ്മുടെ നിയമസഭ പ്രമേയം പാസ്സാക്കണം. പ്രകൃതിയെ അകറ്റുകയല്ല മറിച്ച് ചേർത്തുനിർത്തുകയാണ് നമ്മുടെ നാടിനാവശ്യം എന്ന പാഠം നമ്മൾ 2018 പ്രളയകാലത്ത് പഠിച്ചതാണ്. അതുകൊണ്ടുതന്നെ ജലസംരക്ഷണ നിയമത്തെ ദുർബ്ബലപ്പെടുത്തുന്ന ഒന്നും തന്നെ ചെയ്യാൻ നമ്മുടെ സംസ്ഥാനം മുൻകൈ എടുക്കില്ല എന്ന് വിശ്വസിക്കാം.

പാരിസ്ഥിതിക സംരക്ഷണം ഉറപ്പാക്കിയില്ലെങ്കിൽ വികസനത്തിന്റെ പേരിലുള്ള നേട്ടങ്ങൾക്ക് തിളക്കം കുറയുക തന്നെ ചെയ്യും. നമ്മുടെ ജലസ്രോതസ്സുകൾക്ക് വേണ്ടത് സംരക്ഷണവും പരിഗണനയുമാണ്. ജലാശയങ്ങളിലേക്ക് മാലിന്യം തള്ളുന്നത് തടയുക എന്നത് തന്നെയാണ് പരിസ്ഥിതി സംരക്ഷണത്തിന്റെ ആദ്യപടി. തനിക്കും വരാനിരിക്കുന്ന തലമുറകൾക്കും വേണ്ടി, സ്വാർത്ഥലാഭം നോക്കാതെ പ്രകൃതിയോട് ചേർന്ന് ജീവിക്കാൻ നാം പഠിക്കേണ്ടിരിയിരുന്നു.

" ഇനിയും മരിക്കാത്ത ഭൂമി!
നിന്നാസന്നമൃതിയിൽ നിനക്കാത്മശാന്തി !

ഇത് നിന്റെ (എന്റെയും) ചരമശുശ്രൂഷയ്ക്ക്

ഹൃദയത്തിലെന്നേ കുറിച്ച് ഗീതം"



ഒ. എൻ. വി. (ഭൂമിക്കൊരു ചരമഗീതം)



# വേറിട്ട വിധികൾ



**വേറിട്ട വിധികളിൽ** ഉൾപ്പെട്ടിരിക്കുന്ന വിധികൾ എല്ലാം അന്തിമവിധികളല്ല. **വ്യത്യസ്ഥവും കൗതുകകരവുമായ** ചില വിധികൾ വായനക്കാരുടെ അറിവിലേക്കായി പ്രസിദ്ധീകരിക്കുക മാത്രമാണ് ചെയ്തിരിക്കുന്നത്.



# ഭാര്യയെയും കുട്ടികളെയും സർവ്വീസ് രജിസ്റ്ററിൽ ഉൾപ്പെടുത്താത്തതും, സാമ്പത്തിക സഹായം നിഷേധിക്കുന്നതും ക്രൂരതയെന്ന്

മദ്രാസ് ഹൈക്കോടതി

ഭാര്യയ്ക്കും കുട്ടികൾക്കുമൊപ്പം ജീവിക്കാൻ ഭർത്താവിന് താൽപ്പര്യമില്ലാതിരിക്കുകയും അവർക്ക് സാമ്പത്തിക സഹായം നൽകാതിരിക്കുകയും സർവ്വീസ് രജിസ്റ്ററിൽ പേരുകൾ ഉൾപ്പെടുത്താതിരിക്കുകയും ചെയ്താൽ അത് ക്രൂരതയാകുമെന്ന് മദ്രാസ് ഹൈക്കോടതി അടുത്തിടെ നിരീക്ഷിച്ചു. ദാമ്പത്യ തകർച്ച കാരണം ഭർത്താവിന് വിവാഹമോചനം അനുവദിച്ച കുടുംബ കോടതി ഉത്തരവിനെ ചോദ്യം ചെയ്ത് ഭാര്യ നൽകിയ അപ്പീലിലാണ് മദ്രാസ് ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ചിന്റെ ഈ നിരീക്ഷണം.

വിവാഹമോചനം അനുവദിക്കുമ്പോൾ, കക്ഷികൾ വേർപിരിഞ്ഞാണ് താമസിക്കുന്നതെന്നും ഭാര്യ ഭർത്താവിനെതിരെ അവിഹിതബന്ധം ഉന്നയിച്ചത് മാനസിക ക്രൂരതയാണെന്നും കുടുംബകോടതി നിരീക്ഷിച്ചു. എന്നാൽ ഭർത്താവ് പറഞ്ഞ കാരണങ്ങളൊന്നും നിയമപ്രകാരം തെളിയിക്കപ്പെട്ടിട്ടില്ലെന്നും ഭാര്യ സമാധാനപരമായി ജീവിക്കാൻ തയ്യാറായിട്ടും തന്റെ ചുമതലകൾ നിറവേറ്റാത്തത് ഭർത്താവാണെന്ന് കാണിക്കാൻ ഭാര്യക്ക് കഴിഞ്ഞെന്നും ഹൈക്കോടതി ചൂണ്ടിക്കാട്ടി.

മൂത്ത മകളുടെ പ്രായപൂർത്തിയാകൽ ചടങ്ങിനിടെ ഭാര്യയുമായി വഴക്കിട്ടതിനെ തുടർന്നാണ് വിവാഹബന്ധം വേർപെടുത്താൻ ഭർത്താവ് കോടതിയെ സമീപിച്ചത്. വേർപിരിയലുമായി ബന്ധപ്പെട്ട് അദ്ദേഹം ചില വാദങ്ങൾ ഉന്നയിക്കുകയും ഏകദേശം 12 വർഷമായി തങ്ങൾ വേർപിരിഞ്ഞ് ജീവിക്കുകയാണെന്ന് ബോധിപ്പിക്കുകയും ചെയ്തു. ഭാര്യയാകട്ടെ, ഭർത്താവിനൊപ്പം ജീവിക്കാൻ തയ്യാറാണെന്നും ദാമ്പത്യാവകാശങ്ങൾ പുനഃസ്ഥാപിച്ചുകിട്ടണമെന്നും ആവശ്യപ്പെട്ടു. മകളുടെ പ്രായപൂർത്തിയാകൽ ചടങ്ങ് കഴിഞ്ഞ് ഭർത്താവ് വീട്ടിൽ തിരിച്ചെത്തിയില്ലെന്നും കോടതിയെ അറിയിച്ചു. പിന്നീട് ഭർത്താവിന്റെ സഹോദരൻ അവർക്കെതിരെ പോലീസിൽ പരാതി നൽകിയപ്പോൾ, ഭർത്താവ് പോലീസ് സ്റ്റേഷനിലെത്തുകയും പ്രത്യേക വീടെടുത്ത് താമസിക്കാമെന്ന ഒത്തുതീർപ്പിലെത്തുകയും ചെയ്തു. ഭർത്താവ് വീട്ടിൽ വരുന്നില്ലെന്നും കുട്ടികളുടെ പഠനത്തിന് സഹായിച്ചിട്ടില്ലെന്നും അവർ കോടതിയെ അറിയിച്ചിരുന്നു.

ഭാര്യയുടെ ക്രൂരത ആരോപിക്കുന്ന ഭർത്താവ് അത് നിയമം അനുശാസിക്കുന്ന രീതിയിൽ തെളിയിക്കേണ്ടതുണ്ടെന്ന് കോടതി അഭിപ്രായപ്പെട്ടു. കുടുംബ കോടതിയുടെ സമീപനം തെറ്റാണെന്നും അത് റദ്ദാക്കാൻ ബാധ്യസ്ഥമാണെന്നും ഹൈക്കോടതി വിധിച്ചു. ഭാര്യയുടെയും കുട്ടികളുടെയും കൂടെ താമസിക്കുവാൻ താൽപര്യം കാണിക്കാത്തതും അവർക്ക് സാമ്പത്തിക സഹായങ്ങൾ നൽകാത്തതും, അവരെ സർവ്വീസ് രജിസ്റ്ററിൽ ചേർക്കാത്തതുമായ കാര്യങ്ങൾ കൊണ്ട് ഭർത്താവിൽ നിന്നും ക്രൂരത അനുഭവിക്കേണ്ടിവന്നു എന്ന് കാണിക്കുന്നതിന് ഭാര്യക്ക് സാധിച്ചു എന്നും നിരീക്ഷിച്ചു.

*(ABC v. XYZ, C.M.A.(MD).No.1121/2017,*

**മദ്രാസ് ഹൈക്കോടതിയുടെ മധുര ബെഞ്ച്)**

# അടിപിടിക്കിടെ വസ്ത്രങ്ങൾ കീറിയാൽ അത് സ്ത്രീയെ മാനഭംഗപ്പെടുത്തുന്ന കുറ്റമാകണമെന്നില്ല

## ജാർഖണ്ഡ് ഹൈക്കോടതി

അടിപിടിക്കിടെ വസ്ത്രം കീറുന്നത് സ്ത്രീയെ മാനഭംഗപ്പെടുത്തുന്ന കുറ്റമായി കണക്കാക്കേണ്ടതില്ലെന്ന് ഒരു പ്രതിയെ വെറുതെ വിട്ടുകൊണ്ട് ജാർഖണ്ഡ് ഹൈക്കോടതി വിധിച്ചു. ഐ.പി.സി 354-ാം വകുപ്പ് പ്രകാരമുള്ള കുറ്റകൃത്യത്തിന് ഒരു സ്ത്രീയെ മാനഭംഗപ്പെടുത്താനുള്ള ഉദ്ദേശ്യമാണ് പ്രധാന ഘടകം. വഴക്കിനിടെ, പോരിടുന്ന രണ്ട് വിഭാഗങ്ങൾക്കിടയിൽ ഉണ്ടാകുന്ന സ്പർശനം മാനഭംഗപ്പെടുത്താനുള്ള പ്രവൃത്തി എന്ന് വിളിക്കാനാവില്ല. അടിപിടിക്കിടെ വസ്ത്രങ്ങൾ കീറിപ്പോയാൽ, അത് ഈ വകുപ്പ് പ്രകാരം എപ്പോഴും കുറ്റമാകില്ല.

സെഷൻസ് കോടതിയുടെ ശിക്ഷാവിധിക്കെതിരെയുള്ള ക്രിമിനൽ അപ്പീലിലാണ് മേൽപ്പറഞ്ഞ തീരുമാനം വന്നത്. അഴുക്കുചാലിനെ സംബന്ധിച്ച ഒരു ചെറിയ തർക്കത്തിന്റെ പേരിൽ അയൽ പക്കക്കാർ തമ്മിലുണ്ടായ വാക്കേറ്റമാണ് സംഭവത്തിന് കാരണമെന്ന് അപ്പീൽവാദികളുടെ അഭിഭാഷകൻ അറിയിച്ചു. നാല് സ്ത്രീകളുൾപ്പെടെ ഏഴ് പേരടങ്ങുന്ന സംഘം വീട്ടിൽ അതിക്രമിച്ച് കയറി ആക്രമിച്ചതാണ് കേസിന്റെ കാതൽ എന്ന് അഭിഭാഷകൻ വാദിച്ചു. അതിനാൽ ഈ കേസിൽ മാനഭംഗത്തിന്റെ ചോദ്യം ഉയർന്നുവന്നിട്ടില്ലെന്ന് വാദിച്ചു.

സാക്ഷികളുടെ മൊഴികൾ സംയോജിപ്പിച്ച് വായിച്ചപ്പോൾ, കുറ്റാരോപിതരായ 7 പേരിൽ നാല് പേരും സ്ത്രീകളാണെന്നും പ്രധാന ലക്ഷ്യം അടിപിടിയാണെന്നും മാനഭംഗപ്പെടുത്തലല്ലെന്ന് വ്യക്തമാണെന്നും, അതിനാൽ 354-ാം വകുപ്പ് ആകർഷിക്കപ്പെടുന്നില്ലെന്നും കോടതി നിരീക്ഷിച്ചു.

(മിഥിലേഷ് കുമാർ സോ v. ജാർഖണ്ഡ് സംസ്ഥാനം,

*Cr. Appeal [SJ] No.289 of 2012,*

ജാർഖണ്ഡ് ഹൈക്കോടതി)

## രണ്ട് വർഷമായി ഒളിവിൽ കഴിയുന്ന പ്രതിയെ അറസ്റ്റ് ചെയ്യാത്ത എസ്.എച്ച്.ഒ-മാരുടെ ശമ്പളം ജപ്തി ചെയ്യാൻ പഞ്ചാബ്, ഹരിയാന ഹൈക്കോടതി ഉത്തരവിട്ടു

2022-ൽ രജിസ്റ്റർ ചെയ്ത 33 ക്രിമിനൽ കേസുകളിൽ 19 എണ്ണത്തിലും പ്രഖ്യാപിത കുറ്റവാളിയായി പ്രഖ്യാപിച്ച പ്രതിയെ അറസ്റ്റ് ചെയ്യുന്നതിൽ വീഴ്ച വരുത്തിയ ബന്ധപ്പെട്ട സ്റ്റേഷൻ ഹൗസ് ഓഫീസർമാരുടെ (എസ്.എച്ച്.ഒ) ശമ്പളം ജപ്തി ചെയ്യാൻ പഞ്ചാബ്, ഹരിയാന ഹൈക്കോടതി ഉത്തരവിട്ടു.

വിവിധ അവസരങ്ങളിൽ കോടതി ആവർത്തിച്ച് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടും, അത് പാലിക്കാൻ വ്യക്തമായ ശ്രമങ്ങളൊന്നും നടന്നിട്ടില്ലാത്തതിനാൽ, ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥരുടെ ശമ്പളം ജപ്തി ചെയ്യുകയല്ലാതെ മറ്റൊരു മാർഗവുമില്ലെന്ന് കോടതി അഭിപ്രായപ്പെട്ടു. 05.07.2021ന് ഈ വിഷയത്തിൽ സത്യവാങ്മൂലം സമർപ്പിക്കാൻ പഞ്ചാബ് ഡയറക്ടർ ജനറൽ ഓഫ് പോലീസിനോട് നിർദ്ദേശിച്ച് രണ്ട് വർഷം പിന്നിട്ടിട്ടും അന്വേഷണം ഇപ്പോഴും സുഖസുഷുപ്തിയിലാണെന്ന് കോടതി അതിന്റെ തൊട്ടുമുമ്പുള്ള ഉത്തരവിൽ ചൂണ്ടിക്കാട്ടിയിരുന്നു.

രക്ഷപ്പെട്ടയാളെ അറസ്റ്റ് ചെയ്യുന്നതിൽ പരാജയപ്പെട്ടത് അന്വേഷണ ഏജൻസിയുടെ പൂർണ്ണ പരാജയമാണെന്നും കോടതി പറഞ്ഞു. രക്ഷപ്പെട്ടയാളെ ഇതുവരെ അറസ്റ്റ് ചെയ്തിട്ടില്ലെന്നും സി.ആർ.പി.സി-ലെ 83-ാം വകുപ്പിൽ പറഞ്ഞിരിക്കുന്ന നടപടിക്രമങ്ങൾ പാലിക്കാൻ ശ്രമിച്ചിട്ടില്ലെന്നും കോടതി അഭിപ്രായപ്പെട്ടു.

അതനുസരിച്ച് പഞ്ചാബ് അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസിനോട് (ലാ & ഓർഡർ) ഒരാഴ്ചയ്ക്കുള്ളിൽ കേസിന്റെ വസ്തുതകളും സാഹചര്യങ്ങളും കണക്കിലെടുത്ത് സ്വീകരിക്കേണ്ട ആവശ്യമായ നടപടികൾ സൂചിപ്പിക്കുന്ന സത്യവാങ്മൂലം സമർപ്പിക്കാൻ നിർദ്ദേശിച്ചു.

(ലവൽജിത് സിംഗ് v. സ്റ്റേറ്റ് ഓഫ് പഞ്ചാബ്,

CRM-M-21727-2021,

പഞ്ചാബ്, ഹരിയാന ഹൈക്കോടതി)




# നിയമപരിചയം






## ഹിന്ദു വിവാഹ ആക്റ്റ്, 1955

ഹിന്ദുക്കളുടെ ഇടയിലുള്ള വിവാഹം സംബന്ധിച്ച നിയമം ഭേദഗതി ചെയ്യുവാനും ക്രോഡീകരിക്കുവാനും ഉള്ള ആക്റ്റാണിത്. ഇത് ഇന്ത്യ മുഴുവൻ വ്യാപിക്കുന്നതും ഈ ആക്റ്റ് വ്യാപിക്കുന്ന ഭൂപ്രദേശങ്ങളിൽ അധിവസിക്കുന്നവരും ആ ഭൂപ്രദേശങ്ങൾക്ക് വെളിയിലുള്ളവരും ആയ ഹിന്ദുക്കൾക്കും ബാധകമായിരിക്കുന്നതും ആകുന്നു.

**ഈ നിയമം ബാധകമാകുന്നവർ**

- വീരശൈവനോ, ലിംഗായത്തോ അല്ലെങ്കിൽ ബ്രഹ്മസമാജത്തിന്റെയോ, പ്രാർത്ഥനാ സമാജത്തിന്റെയോ ആര്യസമാജത്തിന്റേയോ അനുയായിയോ ഉൾപ്പെടെ ഹിന്ദുമതത്തിന്റെ ഏതെങ്കിലും രൂപത്തിലോ വികാസരൂപത്തിലോ ഉള്ള മതം കൊണ്ട് ഹിന്ദുവായ ഏതൊരാൾക്കും,

- മതംകൊണ്ട് ബുദ്ധമതക്കാരനോ, ജൈനനോ, സിക്കുകാരനോ ആയ ഏതൊരാൾക്കും,

- ഈ ആക്റ്റ് വ്യാപിക്കുന്ന ഭൂപ്രദേശങ്ങളിൽ അധിവാസമുള്ളവനും മതം കൊണ്ട് മുസ്ലീമോ ക്രിസ്ത്യാനിയോ പാർസിയോ ജൂതനോ അല്ലാത്തവനുമായ മറ്റേതൊരാൾക്കും, അങ്ങനെയുള്ള ആൾ ഈ ആക്റ്റ് പാസ്സാക്കിയിട്ടില്ലായി രുന്നുവെങ്കിൽ, ഇതിൽ കൈകാര്യം ചെയ്തിട്ടുള്ള ഏതെങ്കിലും വിഷയങ്ങളെ

സംബന്ധിച്ച് ഹിന്ദുനിയമത്താലോ ആ നിയമത്തിന്റെ ഭാഗമായ വല്ല ആചാരത്താലോ വഴക്കത്താലോ അനുശാസിതനാകുമായിരുന്നില്ലെന്ന് തെളിയിക്കാത്ത പക്ഷവും,

**ബാധകമാകുന്നു.**

വിശദീകരണം.- താഴെപ്പറയുന്ന ആളുകൾ മതംകൊണ്ട്, അതതു സംഗതിപോലെ, ഹിന്ദുക്കളോ ബുദ്ധമതക്കാരോ ജൈനരോ സിക്കുകാരോ ആകുന്നു.

(a) മാതാപിതാക്കൾ രണ്ടുപേരും മതംകൊണ്ട് ഹിന്ദുക്കളോ ബുദ്ധമതക്കാരോ ജൈനരോ സിക്കുകാരോ ആയ നിയമാനുസൃതമായ വേഴ്ചയിൽ ഉണ്ടായതോ, നിയമവിരുദ്ധമായ വേഴ്ചയിലുണ്ടായതോ ആയ ഏതെങ്കിലും കുട്ടി,

(b) മാതാപിതാക്കളിൽ ഒരാൾ മതംകൊണ്ട് ഹിന്ദുവോ ബുദ്ധമതക്കാരനോ ജൈനനോ സിക്കുകാരനോ ആയിരിക്കുകയും, അങ്ങനെയുള്ള മാതാവോ പിതാവോ ഏത് ഗോത്രവർഗ്ഗത്തിലോ സമുദായത്തിലോ ഗണത്തിലോ കുടുംബത്തിലോപ്പെട്ടതാണോ അല്ലെങ്കിൽ പെട്ടതായിരുന്നുവോ, അതിലെ ഒരംഗമായി വളർത്തപ്പെടുകയും ചെയ്ത നിയമാനുസൃതമായ വേഴ്ചയിലുണ്ടായതോ നിയമവിരുദ്ധമായ വേഴ്ചയിലുണ്ടായതോ ആയ ഏതെങ്കിലും കുട്ടി;

(c) ഹിന്ദുമതത്തിലേക്കോ, ബുദ്ധമതത്തിലേക്കോ ജൈനമതത്തിലേക്കോ, സിക്കുമതത്തിലേക്കോ, പരിവർത്തനം ചെയ്യുകയോ പുന:പരിവർത്തനം ചെയ്യുകയോ ചെയ്തിട്ടുള്ള ഏതെങ്കിലും ആൾ,

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റിൽ അടങ്ങിയ യാതൊന്നും, കേന്ദ്ര ഗവൺമെന്റ് ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി മറ്റുവിധത്തിൽ നിർദ്ദേശിക്കാത്തപക്ഷം ഭരണഘടനയുടെ 366-ാം അനുച്ഛേദം (25)-ാം ഖണ്ഡത്തിന്റെ അർത്ഥത്തിലുള്ള ഏതെങ്കിലും പട്ടികഗോത്രവർഗ്ഗത്തിലെ അംഗങ്ങൾക്ക് ബാധകമാകുന്നതല്ല.

**ഈ നിയമത്തിലെ പ്രധാനപ്പെട്ട ചില നിർവ്വചനങ്ങൾ**

<u>“ആചാരം”, “വഴക്കം”</u>

ആചാരം, വഴക്കം എന്നീ പദങ്ങൾക്ക് തുടർച്ചയായും ഏകരൂപമായും ദീർഘകാലം ആചരിക്കപ്പെട്ടതുകൊണ്ട് ഏതെങ്കിലും തദ്ദേശ പ്രദേശത്തിലോ ഗോത്രവർഗ്ഗത്തിലോ, സമുദായത്തിലോ ഗ്രൂപ്പിലോ കുടുംബത്തിലോ ഹിന്ദുക്കളുടെ ഇടയിൽ നിയമത്തിന്റെ ബലം ലഭിച്ചിട്ടുള്ള ഏതെങ്കിലും ചട്ടം എന്നർത്ഥമാകുന്നു:

എന്നാൽ, ആ ചട്ടം സുനിശ്ചിതമായിട്ടുള്ളതും ന്യായരഹിതമോ പബ്ലിക്ക് പോളിസിക്കെതിരോ അല്ലാത്തതും ആയിരിക്കണം:

എന്നുമാത്രമല്ല, ഒരു കുടുംബത്തിനുമാത്രം ബാധകമാകുന്ന ചട്ടത്തിന്റെ സംഗതിയിൽ, ആ കുടുംബം അത് തുടരുന്നത് നിറുത്തിയിരിക്കാൻ പാടില്ലാത്തതും ആകുന്നു.

<u>"പൂർണ്ണരക്തവും" "അർദ്ധരക്തവും"</u>

രണ്ടാളുകൾ, ഒരു പൊതു പൂർവ്വികനിൽ നിന്നു ഒരേ ഭാര്യവഴിയുള്ള സന്തതികളാണെങ്കിൽ അവർ അന്യോന്യം പൂർണ്ണരക്തത്താൽ ബന്ധപ്പെട്ടവരെന്നും, അവർ ഒരു പൊതു പൂർവ്വികനിൽ നിന്ന് വ്യത്യസ്ത ഭാര്യമാർ വഴിയുള്ള സന്തതികളാണെങ്കിൽ അന്യോന്യം അർദ്ധരക്തത്താൽ ബന്ധപ്പെട്ടവരെന്നും പറയപ്പെടുന്നു; "പൂർവ്വികൻ" എന്നതിൽ പിതാവും "പൂർവ്വിക" എന്നതിൽ മാതാവും ഉൾപ്പെടുന്നു.

<u>"ഏകോദര രക്തം"</u>

രണ്ടാളുകൾ ഒരു പൊതു പൂർവ്വികയ്ക്ക് വ്യത്യസ്ത ഭർത്താക്കന്മാർ വഴിയുള്ള സന്തതികളാണെങ്കിൽ അന്യോന്യം ഏകോദരരക്തത്താൽ ബന്ധപ്പെട്ടവരെന്ന് പറയപ്പെടുന്നു;

വിശദീകരണം.- "പൂർവ്വികൻ" എന്നതിൽ പിതാവും "പൂർവ്വിക" എന്നതിൽ മാതാവും ഉൾപ്പെടുന്നു.

<u>"സപിണ്ഡബന്ധം"</u>

ഏതെങ്കിലും ആളെ സംബന്ധിച്ച് "സപിണ്ഡബന്ധം" മാതാവു വഴിയുള്ള ആരോഹണപരമ്പരയിൽ മൂന്നാമത്തെ തലമുറവരേയും (അത് ഉൾപ്പെടെ) പിതാവുവഴിയുള്ള ആരോഹണപരമ്പരയിൽ അഞ്ചാമത്തെ തലമുറവരേയും (അത് ഉൾപ്പെടെ) വ്യാപിക്കുന്നതാകുന്നു ഓരോ സംഗതിയിലും ആ ആളെ ഒന്നാമത്തെ തലമുറയായി എണ്ണി പരമ്പര മേല്പോട്ട് കണക്കാക്കേണ്ടതാകുന്നു;

രണ്ടാളുകളിൽ ഒരാൾ, മറ്റേ ആളുടെ ആരോഹണ പരമ്പരയിൽ സപിണ്ഡ ബന്ധത്തിന്റെ പരിമിതികൾക്കുള്ളിൽ ഉള്ള പൂർവ്വികനാണെങ്കിലോ അല്ലെങ്കിൽ അവർക്ക് ആരോഹണപരമ്പരയിൽ സപിണ്ഡബന്ധത്തിന്റെ പരിധികൾക്കു ള്ളിലായി, ഒരു പൊതുപൂർവ്വികൻ ഉണ്ടെങ്കിലോ, അവർ അന്യോന്യം "സപിണ്ഡർ" ആണെന്ന് പറയപ്പെടുന്നു;

ബന്ധം എന്നതിൽ പൂർണ്ണരക്തബന്ധം മാത്രമല്ല അർദ്ധരക്തബന്ധവും ഏകോദര രക്തബന്ധവും, നിയമാനുസൃത വേഴ്ചയിലുണ്ടായ രക്തബന്ധം മാത്രമല്ല നിയമവിരുദ്ധമായ വേഴ്ചയിലുണ്ടായ രക്തബന്ധവും, രക്തം വഴിയുള്ള ബന്ധം മാത്രമല്ല ദത്തുവഴിയുള്ള ബന്ധവും ഉൾപ്പെടുന്നു.

"നിരോധിത ബന്ധത്തിന്റെ തലങ്ങളിലുള്ള" രണ്ടാളുകളിൽ

(i) ഒരാൾ മറ്റേ ആളുടെ ആരോഹണ പരമ്പരയിലെ പൂർവ്വികനാണെങ്കിലോ, അല്ലെങ്കിൽ

(ii) ഒരാൾ മറ്റേ ആളുടെ ആരോഹണ പരമ്പരയിലെ പൂർവ്വികന്റേയോ അവരോഹണ പരമ്പരയിലെ സന്തതിയുടേയോ ഭാര്യയോ ഭർത്താവോ ആയിരുന്നുവെങ്കിലോ; അല്ലെങ്കിൽ

(iii) ഒരാൾ മറ്റേ ആളുടെ സഹോദരന്റെയോ പിതൃസഹോദരന്റെയോ മാതൃസഹോദരന്റെയോ പിതാമഹീ സഹോദരന്റെയോ മാതാമഹീ സഹോദരന്റെയോ ഭാര്യ ആയിരുന്നുവെങ്കിലോ; അല്ലെങ്കിൽ

(iv) ഇരുവരും സഹോദരനും സഹോദരിയുമോ, അല്ലെങ്കിൽ അമ്മയുടെയോ അച്ഛന്റെയോ സഹോദരനും അയാളുടെ സഹോദരിയുടേയോ സഹോദരന്റെയോ പുത്രിയുമോ, അല്ലെങ്കിൽ അമ്മയുടേയോ അച്ഛന്റെയോ സഹോദരിയും അവളുടെ സഹോദരിയുടേയോ സഹോദരന്റെയോ പുത്രനുമോ അല്ലെങ്കിൽ സഹോദരീ സഹോദരന്മാരുടെയോ രണ്ടു സഹോദരന്മാരുടെയോ രണ്ടു സഹോദരിമാരുടെയോ കുട്ടികളോ ആണെങ്കിലോ,

അവർ നിരോധിതബന്ധത്തിന്റെ ഡിഗ്രികളിൽപ്പെടുന്നവരാണെന്ന് പറയപ്പെടുന്നു.

ബന്ധം എന്നതിൽ പൂർണ്ണരക്തബന്ധം മാത്രമല്ല അർദ്ധരക്തബന്ധവും ഏകോദര രക്തബന്ധവും, നിയമാനുസൃത വേഴ്ചയിലുണ്ടായ രക്തബന്ധം മാത്രമല്ല നിയമവിരുദ്ധമായ വേഴ്ചയിലുണ്ടായ രക്തബന്ധവും, രക്തം വഴിയുള്ള ബന്ധം മാത്രമല്ല ദത്തുവഴിയുള്ള ബന്ധവും ഉൾപ്പെടുന്നു.

**ഒരു ഹിന്ദുവിവാഹത്തിന് വേണ്ട ഉപാധികൾ**

(1) കക്ഷികളിൽ, വരന് ഭാര്യയോ വധുവിന് ഭർത്താവോ, വിവാഹ സമയത്ത് ജീവിച്ചിരിപ്പുണ്ടാകരുത്;

(ii) ഒരു കക്ഷിയും വിവാഹസമയത്ത്

(a) ചിത്തഭ്രമം കാരണമായി വിവാഹത്തിന് സാധുതയുള്ള ഒരു സമ്മതം നൽകാൻ കഴിയാതിരിക്കുകയോ; അല്ലെങ്കിൽ

(b) സാധുതയുള്ള ഒരു സമ്മതം നൽകാൻ സാധിക്കുമെങ്കിലും, വിവാഹ ജീവിതത്തിനും സന്താനോൽപ്പാദനത്തിനും സാധിക്കാത്ത വിധത്തിലോ അല്ലെങ്കിൽ അത്ര ഗുരുതരമോ ആയ മാനസികരോഗം ഉണ്ടായിരിക്കുകയോ, അല്ലെങ്കിൽ

(c) തുടർച്ചയായി ഉന്മാദത്തിന് വിധേയനായിരിക്കുകയോ, ചെയ്യരുത്

(iii) വിവാഹസമയത്ത് വരന് ഇരുപത്തിയൊന്ന് വയസ്സും വധുവിന് പതിനെട്ടു വയസ്സും പൂർത്തിയായിരിക്കണം;

(Iv) കക്ഷികൾ, അവരിൽ ഓരോരുത്തരേയും അനുശാസിക്കുന്ന ആചാരമോ വഴക്കമോ അവർ തമ്മിൽ വിവാഹം അനുവദിക്കാത്തപക്ഷം, നിരോധിതബന്ധത്തിന്റെ ഡിഗ്രികളിൽപ്പെട്ടവരാകരുത്;

(v) കക്ഷികൾ, അവരിൽ ഓരോരുത്തരേയും അനുശാസിക്കുന്ന ആചാരമോ വഴക്കമോ അവർ തമ്മിൽ വിവാഹം അനുവദിക്കാത്തപക്ഷം അന്യോന്യം സപിണ്ഡർ ആകരുത്;

**ഹിന്ദു വിവാഹത്തിന്റെ ചടങ്ങ്**



ഒരു ഹിന്ദു വിവാഹം അതിലെ ഇരുകക്ഷികളിൽ ആരുടെയെങ്കിലും ആചാരപ്രകാരമുള്ള ചടങ്ങുകളും അടിയന്തിരങ്ങളും അനുസരിച്ച് യഥാവിധി നിർവ്വഹിക്കാവുന്നതാണ്.

അങ്ങനെയുള്ള ചടങ്ങുകളിലും അടിയന്തിരങ്ങളിലും സപ്തപദി (അതായത് അഗ്നി സമക്ഷം വരനും വധുവും ഒന്നിച്ച് ഏഴു ചുവടു വയ്ക്കുന്നത്) ഉൾപ്പെടുന്നിടത്ത്, ഏഴാമത്തെ ചുവടുവയ്ക്കുമ്പോൾ വിവാഹം പൂർത്തിയായതും ബന്ധിക്കു ന്നതും ആയിത്തീരുന്നു.

**ഹിന്ദു വിവാഹങ്ങളുടെ രജിസ്ട്രേഷൻ**

ഹിന്ദു വിവാഹങ്ങൾ തെളിയിക്കുന്നതിന് സുഖകരമാക്കുന്ന ആവശ്യത്തിലേക്ക്, സംസ്ഥാന സർക്കാരിന് അങ്ങനെയുള്ള ഏതെങ്കിലും വിവാഹത്തിലെ കക്ഷികൾക്ക് അവരുടെ വിവാഹം സംബന്ധിച്ച വിവരങ്ങൾ, നിർണ്ണയിക്കപ്പെടുന്ന രീതിയിലും നിർണ്ണയിക്കപ്പെടുന്ന

ഉപാധികൾക്കും വിധേയമായി, ആ ആവശ്യത്തിലേക്കു വച്ചുപോരുന്ന ഹിന്ദുവിവാഹ രജിസ്റ്ററിൽ ചേർപ്പിക്കാവുന്നതാണെന്നു വ്യവസ്ഥ ചെയ്യുന്ന ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

സംസ്ഥാന സർക്കാരിന് ആവശ്യമാണെന്നോ യുക്തമാണെന്നോ അഭിപ്രായ മുണ്ടെങ്കിൽ, (1)-ാം ഉപവകുപ്പിൽ പറഞ്ഞ വിവരങ്ങൾ ചേർക്കുന്നത് എല്ലാ സംഗതികളിലായാലും നിർദ്ദിഷ്ട സംഗതികളിലായാലും, സ്റ്റേറ്റിലോ അതിന്റെ ഏതെങ്കിലും ഭാഗത്തോ നിർബന്ധമാണെന്ന് വ്യവസ്ഥ ചെയ്യാവുന്നതും അങ്ങനെ ഏതെങ്കിലും നിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ളിടത്ത്, ഇതിലേക്ക് ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ചട്ടം ലംഘിക്കുന്ന ഏതെങ്കിലും ആൾ ഇരുപത്തഞ്ചു രൂപയോള മാകാവുന്ന പിഴശിക്ഷ നല്കി ശിക്ഷിക്കപ്പെടുന്നതും ആകുന്നു.

ഹിന്ദുവിവാഹരജിസ്റ്റർ പരിശോധനയ്ക്ക് ന്യായമായ എല്ലാ സമയങ്ങളിലും പ്രാപ്യമാക്കേണ്ടതും അതിൽ അടങ്ങിയിട്ടുള്ള പ്രസ്താവനകളുടെ തെളിവായി തെളിവിൽ സ്വീകാര്യമാക്കേണ്ടതും, അപേക്ഷയിന്മേൽ, നിർണ്ണയിക്കപ്പെട്ട ഫീസ് അടച്ചതിനുശേഷം രജിസ്ട്രാർ അതിൽ നിന്നുള്ള സാക്ഷ്യപ്പെടുത്തിയ സംക്ഷിപ്ത ങ്ങൾ നല്കേണ്ടതും ആകുന്നു.

ഉൾക്കുറിപ്പു ചേർക്കുവാൻ വിട്ടുപോകുന്നത് ഏതെങ്കിലും ഹിന്ദു വിവാഹ ത്തിന്റെ സാധുതയെ യാതൊരു വിധത്തിലും ബാധിക്കുന്നതല്ല.

**ദാമ്പത്യാവകാശങ്ങളുടെ പുനഃസ്ഥാപനവും ജുഡീഷ്യലായ വേർപ്പെടുത്തലും**

ഭാര്യാഭർത്താക്കന്മാരിൽ ഒരാൾ, ന്യായമായ കാരണം കൂടാതെ മറ്റേ ആളുമായുള്ള സഹവാസത്തിൽ നിന്ന് പിൻവാങ്ങുമ്പോൾ, സങ്കടകക്ഷിക്ക് ദാമ്പത്യാവകാശങ്ങളുടെ പുനഃസ്ഥാപനത്തിന് ഒരു ഹർജി വഴി ജില്ലാക്കോടതിയോട് അപേക്ഷിക്കാവുന്നതും, കോടതിക്ക് അങ്ങനെയുള്ള ഹർജിയിൽ പറഞ്ഞിരിക്കുന്ന പ്രസ്താവനകൾ സത്യമാണെന്നും, ആ അപേക്ഷ അനുവദിക്കാതിരിക്കുന്നതിന് നിയമപരമായ യാതൊരു കാരണവും ഇല്ലെന്നും ബോദ്ധ്യപ്പെട്ടതിന്മേൽ, അതനുസരിച്ച് ദാമ്പത്യാവകാശങ്ങളുടെ പുനഃസ്ഥാപനത്തിന് വിധിക്കാവുന്നതും ആകുന്നു.

വിശദീകരണം. സഹവാസത്തിൽ നിന്ന് പിൻവാങ്ങുന്നതിന് മതിയായ കാരണമുണ്ടായിരുന്നുവോ എന്നതിനെക്കുറിച്ചാണ് തർക്കവിഷയമെങ്കിൽ ആരാണോ സഹവാസത്തിൽ നിന്ന് പിൻവാങ്ങിയത് ആ വ്യക്തി തന്നെയാണ് പിൻവാങ്ങിയതിന് മതിയായ കാരണമുണ്ടായിരുന്നുവെന്ന് തെളിയിക്കേണ്ടത്.

ഒരു വിവാഹത്തിലെ, അത് യഥാവിധി നിർവ്വഹിക്കപ്പെട്ടത് ഈ ആക്റ്റിന്റെ പ്രാരംഭത്തിന് മുമ്പായാലും ശേഷമായാലും ശരി, ഇരുകക്ഷികളിൽ ആർക്കെങ്കിലും

വിവാഹമോചനത്തിനുള്ള ഒരു ഹർജി ബോധിപ്പിക്കുന്നതിനുള്ള കാരണങ്ങളായി 13-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിൽ പ്രത്യേകം പറഞ്ഞിട്ടുള്ള കാരണങ്ങളിൽ ഏതിന്റെയെങ്കിലും അടിസ്ഥാനത്തിലോ ഭാര്യയുടെ സംഗതിയിൽ അതിനുപുറമേ ഉപവകുപ്പ് (2)-ൽ പ്രത്യേകം പറഞ്ഞിട്ടുള്ള കാരണങ്ങളിൽ ഏതിന്റെയെങ്കിലും അടിസ്ഥാനത്തിലോ ജുഡീഷ്യൽ വേർപെടുത്തലിനായി ഒരു ഹർജി സമർപ്പിക്കാവുന്നതാണ്.

ജുഡീഷ്യലായുള്ള വേർപെടുത്തലിന് ഒരു വിധി പാസ്സാക്കിയിട്ടുള്ളിടത്ത്, പിന്നീട് എതിർകക്ഷിയുമായി സഹവസിക്കുവാൻ, ഹർജി കൊടുത്ത ആൾക്ക് ബാദ്ധ്യതയില്ലാത്തതും, എന്നാൽ കോടതിക്ക് ഇരുകക്ഷികളിൽ ആരുടെയെങ്കിലും ഹർജിവഴിയുള്ള അപേക്ഷയിന്മേലും അങ്ങനെയുള്ള ഹർജിയിൽ പറഞ്ഞിട്ടുള്ള പ്രസ്താവനകളുടെ സത്യാവസ്ഥയെപ്പറ്റി ബോദ്ധ്യപ്പെട്ടതിന്മേലും ആ വിധി റദ്ദാക്കുന്നത് നീതിപൂർവ്വകവും ന്യായമായതും ആണെന്ന് കരുതുന്നുവെങ്കിൽ, അപ്രകാരം ചെയ്യാവുന്നതും ആണ്.

**വിവാഹത്തിന്റെ അസാധുവാക്കലും വിവാഹമോചനവും**

ആക്റ്റ് പ്രാബല്യത്തിൽ വന്നതിന് ശേഷം യഥാവിധി നിർവ്വഹിച്ചിട്ടുള്ള ഏതെങ്കിലും വിവാഹം 5-ാം വകുപ്പിലെ (i), (iv), (v) എന്നീ ഖണ്ഡങ്ങളിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകളിൽ ഏതെങ്കിലും ഒന്നിന് വിരുദ്ധമായാൽ ആ വിവാഹം അസാധുവായിരിക്കുന്നതും വിവാഹത്തിലെ ഏതെങ്കിലും ഒരു കക്ഷി മറ്റേ കക്ഷിക്കെതിരെ സമർപ്പിക്കുന്ന ഒരു ഹർജിയിന്മേൽ ആ വിവാഹം അസാധുവാക്കി കൊണ്ടുള്ള ഒരു വിധി പുറപ്പെടുവിക്കാവുന്നതുമാണ്.

(1) ഏതെങ്കിലും വിവാഹം, ആ വിവാഹം ഈ ആക്റ്റിന്റെ പ്രാരംഭത്തിനു മുമ്പോ പിമ്പോ യഥാവിധി നിർവ്വഹിച്ചതായാലും, താഴെപ്പറയുന്ന ഏതെങ്കിലും കാരണത്തിന്മേൽ, അതായത്

(a) എതിർകക്ഷിയുടെ ഷണ്ഡത്വം കാരണമായി വിവാഹം പൂർത്തീകരിക്കപ്പെടാതിരിക്കുകയോ; അല്ലെങ്കിൽ

(b) വിവാഹം 5-ാം വകുപ്പിലെ (ii)-ാം ഖണ്ഡത്തിൽ നിർദ്ദിഷ്ടമായ ഉപാധിക്ക് വിരുദ്ധമായിട്ടുള്ളതാണെന്ന്; അല്ലെങ്കിൽ

(c) ഹർജികക്ഷിയുടെ സമ്മതമോ, ശൈശവ വിവാഹ നിരോധന (ഭേദഗതി) ആക്റ്റ്, 1978-നിലവിൽ വരുന്നതിന് മുമ്പ് ഈ നിയമത്തിലെ 5-ാം വകുപ്പ് പ്രകാരം രക്ഷകർത്താവിന്റെ സമ്മതം വേണ്ടിയിരുന്നിടത്ത് അങ്ങനെയുള്ള സമ്മതമോ നേടിയത് ബലപ്രയോഗത്തിലൂടെയോ ചടങ്ങിന്റെ സ്വഭാവത്തെ സംബന്ധിച്ചോ ഏതെങ്കിലും

സ്ഥായിയായ ഒരു വസ്തുതയെ സംബന്ധിച്ചോ എതിർകക്ഷിയുമായി ബന്ധപ്പെട്ട ഏതെങ്കിലും സാഹചര്യത്തെ സംബന്ധിച്ചോ നടത്തിയ ചതിയാലോ, അല്ലെങ്കിൽ

(d) വിവാഹസമയത്ത് എതിർകക്ഷി ഹർജി കൊടുത്ത ആളിൽ നിന്നല്ലാതെ, മറ്റ് ഏതെങ്കിലും ആളിൽ നിന്ന് ഗർഭം ധരിച്ചിട്ടുണ്ടെന്നോ, ഉള്ള കാരണത്തിന്മേൽ അസാധുവാക്കാവുന്ന ഒന്നാകുന്നതും, (decree of nullity) അസാധുവാക്കാവുന്നതും ആണ്.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, വിവാഹം അസാധു വാക്കുന്നതിനുള്ള യാതൊരു ഹർജിയും-

(a) (1)-ാം ഉപവകുപ്പ് (c) ഖണ്ഡത്തിൽ നിർദ്ദിഷ്ട കാരണത്തിന്മേൽ

(i) അതതുസംഗതിപോലെ, ബലപ്രയോഗം പ്രവർത്തനത്തിലല്ലാതായിട്ടോ വഞ്ചന കണ്ടുപിടിക്കപ്പെട്ട് ഒരു വർഷം കഴിഞ്ഞതിനുശേഷമാണ് ഹർജിബോധിപ്പി ച്ചിട്ടുള്ളതെങ്കിലോ; അല്ലെങ്കിൽ

(ii) അതതുസംഗതിപോലെ, ബലപ്രയോഗം പ്രവർത്തനത്തിലല്ലാതായതിനോ വഞ്ചന കണ്ടുപിടിക്കപ്പെട്ടതിനോശേഷം ഹർജി കൊടുത്ത ആൾ തന്റെ പൂർണ്ണ സമ്മത ത്തോടുകൂടി വിവാഹത്തിലെ മറ്റേകക്ഷിയുമായി ഭർത്താവോ ഭാര്യയോ എന്ന നിലയിൽ ജീവിച്ചിട്ടുണ്ടെങ്കിലോ,

സ്വീകരിക്കപ്പെടുന്നതോ; (b) (1)-ാം ഉപവകുപ്പ് (d) ഖണ്ഡത്തിൽ നിർദ്ദിഷ്ടമായ കാരണത്തിന്മേൽ

(i) വിവാഹസമയത്ത് ഹർജി കൊടുത്ത ആൾക്ക്, പറയപ്പെട്ട വസ്തുത കളെപ്പറ്റി അറിവുണ്ടായിരുന്നില്ലെന്നും;

(ii) നടപടികൾ ആരംഭിച്ചിട്ടുള്ളത് ഈ ആക്റ്റിന്റെ പ്രാരംഭത്തിനു മുമ്പായി യഥാവിധി നിർവ്വഹിച്ച ഒരു വിവാഹത്തിന്റെ സംഗതിയിൽ അങ്ങനെയുള്ള പ്രാരംഭ ത്തിന്റെ ഒരു വർഷത്തിനുള്ളിലും അങ്ങനെയുള്ള പ്രാരംഭത്തിനുശേഷം ചടങ്ങനു സരിച്ച് നടത്തിയിട്ടുള്ള വിവാഹങ്ങളുടെ സംഗതിയിൽ വിവാഹത്തിന്റെ തീയതി മുതൽ ഒരു വർഷത്തിനുള്ളിലും ആണെന്നും,

(iii) മേൽപ്പറഞ്ഞ കാരണങ്ങൾ നിലനിൽക്കുന്നുണ്ടെന്ന് ഹർജി കൊടുത്ത ആൾ കണ്ടുപിടിച്ചതിനുശേഷം ഹർജി കൊടുത്ത ആളുടെ സമ്മതത്തോടുകൂടി വൈവാഹികസംഗം ഉണ്ടായിട്ടില്ലെന്നും, കോടതിക്ക് ബോദ്ധ്യമാകാത്തപക്ഷം, സ്വീകരിക്കപ്പെടുന്നതോ അല്ലാത്തതാകുന്നു.

**വിവാഹമോചനം**

(1) ഏതെങ്കിലും വിവാഹം, അത് ഈ ആക്റ്റിന്റെ പ്രാരംഭത്തിനു മുമ്പോ പിമ്പോ യഥാവിധി നിർവ്വഹിച്ചിട്ടുള്ളതായാലും ഭാര്യയോ ഭർത്താവോ ബോധിപ്പിക്കുന്ന ഒരു ഹർജിയിന്മേൽ, മറ്റേ കക്ഷി

(i) വിവാഹം യഥാവിധി നിർവ്വഹിക്കപ്പെട്ട ശേഷം ദമ്പതികളിൽ ആരെങ്കിലും തന്റെ പങ്കാളിയൊഴികെ മറ്റേതെങ്കിലും വ്യക്തിയുമായി സ്വമേധയാ ലൈംഗിക ബന്ധത്തിലേർപ്പെട്ടുവെങ്കിൽ;

(ia) വിവാഹം യഥാവിധി നിർവ്വഹിക്കപ്പെട്ട ശേഷം ഹർജി കക്ഷിയെ ക്രൂരതയ്ക്ക് വിധേയമാക്കിയാൽ;

(ib) ഹർജി ബോധിപ്പിക്കുന്നതിന് തൊട്ടുമുമ്പുള്ള രണ്ട് വർഷത്തിൽ കുറയാത്ത കാലം ഹർജികക്ഷിയെ തുടർച്ചയായി പരിത്യജിച്ചിരിക്കുകയാണെങ്കിൽ; അല്ലെങ്കിൽ

(ii) മറ്റൊരു മതത്തിലേയ്ക്കുള്ള പരിവർത്തനത്താൽ ഹിന്ദു അല്ലാതായി ത്തീർന്നിട്ടുണ്ടെന്നോ; അല്ലെങ്കിൽ

(iii) ചികിത്സിച്ചു ഭേദമാക്കാനാവാത്ത വിധത്തിലുള്ള ചിത്തഭ്രമത്തി നടിമയായിരിക്കുകയോ അല്ലെങ്കിൽ ഹർജികക്ഷി ന്യായമായും കൂടെ താമസിക്ക ണമെന്ന് പ്രതീക്ഷിക്കാനാകാത്ത തരത്തിലും അത്രത്തോളവുമുള്ള തുടർച്ചയായതോ ഇടവിട്ടുള്ളതോ ആയ ചിത്തഭ്രമത്തിന് വിധേയമായിരിക്കുന്ന ആളാണെങ്കിൽ; അല്ലെങ്കിൽ

(v) പകരാവുന്ന രൂപത്തിലുള്ള ഗുഹ്യരോഗം ബാധിച്ച ആളായിരിക്കുക യാണെന്നോ; അല്ലെങ്കിൽ

(vi) ഏതെങ്കിലും പരിവ്രാജകമാർഗ്ഗം സ്വീകരിച്ച് ലൗകിക ജീവിതം പരിത്യജിച്ച ആളായിരിക്കുകയാണെന്നോ;

(vii) ആ കക്ഷി ജീവിച്ചിരിപ്പുള്ളതായി ആ കക്ഷി ജീവിച്ചിരിപ്പുണ്ടെങ്കിൽ സ്വാഭാവികമായി അതിനെക്കുറിച്ച് കേൾക്കുമായിരുന്ന ആളുകൾ ഏഴു വർഷമോ അതിൽ കൂടുതലോ കാലമായി കേട്ടിട്ടില്ലെന്നോ;

ഉള്ള കാരണത്തിന്മേൽ ഒരു വിവാഹമോചനവിധിയാൽ വിഘടിതമാക്കാവുന്നതാണ്.

(1A) വിവാഹത്തിലെ ഇരുകക്ഷികളിൽ ആർക്കെങ്കിലും, അത് ഈ ആക്റ്റിന്റെ പ്രാരംഭത്തിന് മുമ്പോ പിമ്പോ യഥാവിധി നിർവ്വഹിച്ചതായാലും

(i) വിവാഹത്തിലെ കക്ഷികൾ തമ്മിൽ, അവർ കക്ഷികളായിരുന്ന ഒരു നടപടിയിൽ ജുഡീഷ്യലായ വേർപെടുത്തലിന് ഒരു വിധി പാസ്സാക്കിയതിനു ശേഷം, ഒരുവർഷമോ അതിൽ കൂടുതലോ കാലമായി സഹവാസം പുനരാരംഭിച്ചിട്ടില്ലെന്നോ; അല്ലെങ്കിൽ

(ii) വിവാഹത്തിലെ കക്ഷികൾ തമ്മിൽ അവർ കക്ഷികളായിരുന്ന ഒരു നടപടിയിൽ ദാമ്പത്യാവകാശങ്ങൾ പുനഃസ്ഥാപിക്കുന്നതിനുള്ള വിധി പാസ്സാക്കിയതിനുശേഷം, ഒരു വർഷമോ അതിൽ കൂടുതലോ കാലമായി ദാമ്പത്യാവകാശങ്ങൾ പുനഃസ്ഥാപിച്ചിട്ടില്ലെന്നോ;

ഉള്ള കാരണത്തിന്മേൽ ഒരു വിവാഹമോചനവിധിയാൽ വിവാഹത്തിന്റെ വിഘടനത്തിന് ഹർജി ബോധിപ്പിക്കാവുന്നതാണ്.

(2) ഒരു ഭാര്യയ്ക്ക് താഴെപ്പറയുന്ന കാരണത്തിന്മേലും, തന്റെ വിവാഹത്തിന്റെ വിവാഹമോചനവിധിയാലുള്ള വിഘടനത്തിന് ഹർജി ബോധിപ്പിക്കാവുന്നതാണ്.

(i) ഈ ആക്റ്റിന്റെ പ്രാരംഭത്തിനു മുൻപ് യഥാവിധി നിർവ്വഹിച്ചിട്ടുള്ള ഏതെങ്കിലും വിവാഹത്തിന്റെ സംഗതിയിൽ, അങ്ങനെയുള്ള പ്രാരംഭത്തിനു മുമ്പ് ഭർത്താവ് വീണ്ടും വിവാഹം ചെയ്തിട്ടുണ്ടായിരുന്നുവെന്നോ, അല്ലെങ്കിൽ അങ്ങനെയുള്ള പ്രാരംഭത്തിനു മുമ്പ് ഭർത്താവ് വിവാഹം ചെയ്ത വേറെ ഏതെങ്കിലും ഭാര്യ ഹർജിക്കാരിയുടെ വിവാഹം ചടങ്ങനുസരിച്ച് നടന്ന സമയത്ത് ജീവിച്ചിരിപ്പുണ്ടായിരുന്നുവെന്നോ, ഉള്ള കാരണത്തിന്മേൽ;

എന്നാൽ ഈ രണ്ടു സംഗതികളിലും ഹർജി ബോധിപ്പിക്കുന്ന കാലത്ത് മറ്റേ ഭാര്യ ജീവിച്ചിരിപ്പുണ്ടായിരിക്കണം; അല്ലെങ്കിൽ

(ii) വിവാഹം യഥാവിധി നിർവ്വഹിച്ചതിനുശേഷം ഭർത്താവ് ബലാൽസംഗത്തിനോ, പ്രകൃതിവിരുദ്ധസംഗത്തിനോ, മൃഗസംഗത്തിനോ അപരാധിയായിരുന്നു എന്ന കാരണത്തിന്മേൽ

(iii) 1956-ലെ (1956-ലെ 78) ഹിന്ദു ദത്തെടുക്കലും സംരക്ഷ 18-00 2 000 1973-(1974-682) ക്രിമിനൽ നടപടി നിയമത്തിലെ 125-ാം വകുപ്പ് പ്രകാരമോ അല്ലെങ്കിൽ 1998-ലെ (1898-ലെ 5) (ക്രിമിനൽ നടപടി നിയമത്തിലെ ഇതിന് സമാനമായ 488-ാം വകുപ്പ് പ്രകാരമോ അതതുസംഗതികളിൽ ഒരു വിധിയോ ഉത്തരവോ

ഒരു ഭർത്താവിനെതിരെ അയാളുടെ ഭാര്യ വേറിട്ട് താമസിക്കുന്നുവെങ്കിൽ തന്നെയും ആ സ്ത്രീക്ക് ചെലവിന് കൊടുക്കാനായി പാസ്സാക്കിയിരിക്കെ

അങ്ങനെയുള്ള വിധിയോ ഉത്തരവോ പാസ്സാക്കി ഒരു വർഷത്തോളമോ അല്ലെങ്കിൽ അതിനുശേഷമോ കക്ഷികൾ തമ്മിൽ യാതൊരുവിധ ദാമ്പത്യസംഗവും നടന്നിട്ടില്ലായെങ്കിൽ;

(iv) അവളുടെ വിവാഹം (അത് പൂർത്തീകരിക്കപ്പെട്ടിരുന്നാലും ഇല്ലെങ്കിലും) പതിനഞ്ച് വയസ്സാകുന്നതിന് മുമ്പ് യഥാവിധി നിർവ്വഹിക്കപ്പെട്ടിരിക്കുകയും, പതിനഞ്ച് വയസ്സ് പൂർത്തിയായതിനു ശേഷവും എന്നാൽ പതിനെട്ടു വയസ്സാകുന്നതിന് മുമ്പും അതിൽ നിന്ന് പിൻമാറിയിരിക്കുകയും ചെയ്താൽ

**വിവാഹമോചന നടപടികളിലുള്ള സമാന്തര നിവൃത്തി.**

ഒരു വിവാഹമോചന വിധിയിലൂടെ വിവാഹബന്ധം അവസാനിപ്പിക്കുന്നതിലേക്കുള്ള ഏതെങ്കിലും ഹർജിയിന്മേൽ, 13-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിന്റെ ഖണ്ഡം (2), (6), (7) എന്നിവയിൽ വ്യക്തമാക്കിയിട്ടുള്ള കാരണങ്ങളിന്മേലുള്ള ഹർജിയിലൊഴികെ, ഈ നിയമപ്രകാരമുള്ള ഏതൊരു നടപടിയിലും, കേസിലെ സാഹചര്യങ്ങൾ സംബന്ധിച്ച് കോടതിക്ക് അങ്ങനെ ചെയ്യുന്നത് യുക്തമാണെന്ന് കാണുന്നപക്ഷം വിവാഹമോചനവിധിക്ക് പകരമായി ജുഡീഷ്യൽ വേർപ്പെടുത്തലിനായുള്ള ഒരു വിധി പാസ്സാക്കാവുന്നതാണ്.

**ഉഭയസമ്മതപ്രകാരമുള്ള വിവാഹമോചനം**

ഒരു വിവാഹത്തിലെ ഇരുകക്ഷികൾക്കും ആ വിവാഹം യഥാവിധി നിർവ്വഹിക്കപ്പെട്ടത് വിവാഹനിയമങ്ങൾ (ഭേദഗതി) ആക്റ്റ്, 1976 പ്രഭാവത്തിൽ വരുന്നതിന് മുമ്പോ അതിനുശേഷമോ ആയാലും തങ്ങൾ ഒരു വർഷമോ അതിലേറെയോ ആയി വേർപിരിഞ്ഞു താമസിക്കുകയാണെന്നും ഒരുമിച്ച് താമസിക്കുവാൻ സാദ്ധ്യമല്ലെന്നും വിവാഹം വേർപെടുത്തുവാൻ പരസ്പരം സമ്മതിച്ചിരിക്കുന്നുവെന്നും കാണിച്ചുകൊണ്ട് ജില്ലാക്കോടതി മുമ്പാകെ വിവാഹമോചന വിധിയിലൂടെ വിവാഹം വിഘടിപ്പിക്കുന്നതിലേക്കായി ഒരു ഹർജി സമർപ്പിക്കാവുന്നതാണ്.

മുകളിൽ പറയുന്ന പ്രകാരം ഹർജി സമർപ്പിച്ച് ആറുമാസത്തിൽ കുറയാത്ത കാലയളവിന് ശേഷമോ മേൽപ്പറഞ്ഞ തീയതിക്കുശേഷം പതിനെട്ടു മാസം കഴിയുന്നതിന് മുമ്പായോ അതിനിടയിൽ ഹർജി പിൻവലിച്ചില്ലെങ്കിൽ കോടതി ഇരുകക്ഷികളുടെയും വാദം കേട്ട് അതിന് യുക്തമെന്നു തോന്നുന്ന അന്വേഷണ വിചാരണ നടത്തിയതിനു ശേഷവും വിവാഹം യഥാവിധി നിർവ്വഹിച്ചിട്ടുണ്ടെന്നും ഹർജിയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ എല്ലാം സത്യമാണെന്നും ബോദ്ധ്യ

മാകുന്നപക്ഷം വിധിത്തീയതി മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം വിവാഹം വിഘടിപ്പിച്ചതായി പ്രഖ്യാപിച്ചുകൊണ്ട് ഒരു വിവാഹ മോചനവിധി പാസ്സാക്കേണ്ടതാണ്.

**വിവാഹമോചന ഹർജി ഫയലാക്കുന്നതിനുള്ള സമയക്രമം**

വിവാഹമോചനവിധിയാൽ വിവാഹത്തിന്റെ വിഘടനത്തിനുള്ള ഏതെങ്കിലും ഹർജി സ്വീകരിക്കുവാൻ ഹർജി ബോധിപ്പിച്ച തീയതിയിൽ വിവാഹത്തീയതി മുതൽ ഒരു വർഷം കഴിഞ്ഞിട്ടില്ലാത്തപക്ഷം യാതൊരു കോടതിക്കും ക്ഷമതയുണ്ടായിരിക്കുന്നതല്ല:

എന്നാൽ കോടതിക്ക്, ഹൈക്കോടതി അതിലേക്ക് ഉണ്ടാക്കുന്ന ചട്ടങ്ങൾ അനുസരിച്ച് കൊടുക്കുന്ന അപേക്ഷയിന്മേൽ, ഹർജി വിവാഹത്തീയതി മുതൽ ഒരുവർഷം കഴിയുന്നതിനു മുൻപ് ബോധിപ്പിക്കുവാൻ,

ഹർജി കൊടുത്ത കക്ഷിക്ക് അസാധാരണ കഷ്ടതയോ എതിർകക്ഷിയുടെ ഭാഗത്ത് അസാധാരണ ദുർമ്മാർഗ്ഗിത്വമോ ഉള്ള സംഗതി ആണെന്ന കാരണത്തിന്മേൽ, അനുവദിക്കുന്നതാണ്. എന്നാൽ ഹർജി ബോധിപ്പിക്കുവാനുള്ള അനുവാദം ഹർജി ബോധിപ്പിച്ച ആൾ സംഗതികളുടെ സ്വഭാവം തെറ്റിദ്ധരിപ്പിച്ചോ മറച്ചുവച്ചോ നേടിയതാണെന്ന് ഹർജിയുടെ വിചാരണ സമയത്ത് കോടതിക്ക് തോന്നുന്നുവെങ്കിൽ, കോടതിക്ക്, ഒരു വിധി പ്രസ്താവിക്കുന്നുവെങ്കിൽ, അത് വിവാഹത്തീയതി മുതൽ ഒരുവർഷം കഴിയുന്നതുവരെ വിധിക്ക് പ്രഭാവം ഉണ്ടായിരിക്കുന്നതല്ല എന്നുള്ള ഉപാധിക്ക് വിധേയമായി ചെയ്യാവുന്നതോ അല്ലെങ്കിൽ മേൽപറഞ്ഞ ഒരുവർഷം കഴിഞ്ഞതിനുശേഷം, തള്ളിക്കളയുന്ന ഹർജിക്ക് അവലംബമായി പറഞ്ഞിട്ടുള്ള അതേ വസ്തുതകളിന്മേലോ സാരാംശത്തിൽ അതേ വസ്തുതകളിന്മേലോ കൊണ്ടുവരുന്ന ഏതെങ്കിലും ഹർജിക്ക് ഭംഗം വരാത്തവിധത്തിൽ ആ ഹർജി തള്ളിക്കളയാവുന്നതോ, ആണ്.

വിവാഹത്തീയതി മുതൽ ഒരുവർഷം കഴിയുന്നതിനു മുമ്പ് വിവാഹമോചനത്തിനുള്ള ഒരു ഹർജി ബോധിപ്പിക്കുവാൻ അനുവാദത്തിനുള്ള ഈ വകുപ്പിൻകീഴിലെ ഒരു അപേക്ഷയിന്മേൽ തീർപ്പു കൽപ്പിക്കുന്നതിൽ, കോടതി ആ വിവാഹത്തിലെ ഏതെങ്കിലും കുട്ടികളുടെ താത്പര്യങ്ങളും മേൽപ്പറഞ്ഞ ഒരു വർഷം കഴിയുന്നതിനുമുമ്പ് കക്ഷികൾ യോജിക്കാനുള്ള ന്യായമായ സംഭാവ്യത ഉണ്ടോ എന്ന പ്രശ്നവും, കണക്കിലെടുക്കേണ്ട താകുന്നു.

**വിവാഹമോചനം നേടിയവർക്ക് എപ്പോൾ വീണ്ടും വിവാഹം ചെയ്യാമെന്ന്**

ഒരു വിവാഹമോചന വിധിയാൽ വിവാഹം വിഘടിതമാവുകയും ആ വിധിയിന്മേൽ ഒന്നുകിൽ അപ്പീൽ കൊടുക്കുന്നതിന് യാതൊരു അവകാശവുമില്ലാതിരിക്കുകയോ,

അല്ലെങ്കിൽ, അങ്ങനെ അപ്പീലിന് അവകാശമുണ്ടായിരുന്നുവെങ്കിലും, അപ്പീൽ കൊടുക്കാതെ അപ്പീലിനുള്ള കാലാവധി കഴിഞ്ഞിരിക്കുകയോ അല്ലെങ്കിൽ അപ്പീൽ ബോധിപ്പിക്കുകയും എന്നാൽ അത് തള്ളിക്കളഞ്ഞിരിക്കുകയോ ചെയ്തിട്ടുള്ളപ്പോൾ, വിവാഹത്തിലെ ഇരുകക്ഷികളിൽ ആരെങ്കിലും വീണ്ടും വിവാഹം ചെയ്യുന്നത് നിയമാനുസൃത മായിരിക്കുന്നതാണ്.

**കുട്ടികൾക്ക് അംഗീകാരം നൽകൽ**

ഒരു വിവാഹം അസാധുവോ അസാധുവാക്കപ്പെടാവുന്നതോ ആയിരുന്നാൽ ത്തന്നെയും ആ വിവാഹത്തിൽ ജനിച്ചതും ആ വിവാഹം സാധുതയുള്ളതായിരുന്നു വെങ്കിൽ നിയമാനുസൃത വേഴ്ച ഉണ്ടാകുമായിരുന്നതുമായ കുട്ടി, അങ്ങനെയുള്ള കുട്ടി വിവാഹ നിയമങ്ങൾ (ഭേദഗതി) ആക്റ്റ്, 1976 പ്രാബല്യത്തിൽ വരുന്നതിന് മുമ്പോ ശേഷമോ ജനിച്ചതായിരുന്നാലും ആ വിവാഹത്തെ സംബന്ധിച്ച് ഈ ആക്റ്റ് പ്രകാരം അസാധു വാക്കൽ വിധി ഉണ്ടെന്നിരുന്നാലും ഇല്ലെങ്കിലും അവരുടെ നിയമാനുസൃതവേഴ്ചയിലുണ്ടായ കുട്ടിയായി കരുതപ്പെടുന്നതാകുന്നു:

അസാധുവാക്കാവുന്ന ഒരു വിവാഹത്തെ സംബന്ധിച്ച് ഒരു അസാധുവാക്കൽ വിധി നൽകിയിട്ടുള്ളിടത്ത് ആ വിധി പുറപ്പെടുവിക്കുന്നതിന് മുമ്പ് ഗർഭസ്ഥമാവുകയോ ജനിക്കുകയോ ചെയ്തതും ആയ ഏതെങ്കിലും കുട്ടി, അസാധുവാക്കൽ വിധി ഉണ്ടായിരുന്നാലും വിധിത്തീയതിയിൽ വിവാഹം അസാധുവും ശൂന്യവുമാണെന്ന് പ്രഖ്യാപിക്കുന്നതിന് പകരം അത് വിഘടിതമാക്കിയിരുന്നാൽ ആ വിവാഹത്തിലെ കക്ഷികളുടെ നിയമാനുസൃത വേഴ്ചയിലുണ്ടായ കുട്ടിയാകുമായിരുന്നാലെന്നപോലെ നിയമാനുസൃതമായി ജനിച്ച കുട്ടിയായി കണക്കാക്കുന്നതാണ്.

ഇതൊന്നും തന്നെ അസാധുവായതോ അല്ലെങ്കിൽ അസാധുവാക്കൽ വിധിയിലൂടെ ശൂന്യമാക്കപ്പെട്ടതോ ആയ ഒരു വിവാഹത്തിലെ ഏതെങ്കിലും കുട്ടിക്ക്, അങ്ങനെയുള്ള കുട്ടി, മാതാപിതാക്കളുടെ നിയമാനുസൃതവേഴ്ചയിലുള്ള കുട്ടിയല്ല എന്ന കാരണത്താൽ അതിന്റെ മാതാപിതാക്കളല്ലാത്ത മറ്റേതെങ്കിലും ആളുടെ വസ്തുവിനോ വസ്തുവിലോ ഉള്ള ഏതെങ്കിലും അവകാശം കൈവശ പ്പെടുത്തുകയോ ആർജ്ജിക്കുകയോ ചെയ്യുന്നതിന് ഈ ആക്റ്റ് പാസാക്കിയിട്ടി ല്ലെങ്കിൽ അതിനു കഴിയാതിരിക്കുമായിരുന്നിടത്ത്, അങ്ങനെയുള്ള ഏതെങ്കിലും അവകാശം നല്കുന്നതായി അർത്ഥം കല്പിക്കുവാൻ പാടുള്ളതല്ല.

**ദ്വിവിവാഹത്തിനുള്ള ശിക്ഷ**

രണ്ടു ഹിന്ദുക്കൾ തമ്മിൽ ഈ ആക്റ്റിന്റെ പ്രാരംഭത്തിനുശേഷം യഥാവിധി നിർവ്വഹിച്ച ഏതെങ്കിലും വിവാഹം അങ്ങനെയുള്ള വിവാഹത്തീയതിയിൽ ഇരുകക്ഷികളിൽ ആർക്കെങ്കിലും ഭർത്താവോ ഭാര്യയോ ജീവിച്ചിരിപ്പുണ്ടെങ്കിൽ,

ശൂന്യമാകുന്നു; ഇന്ത്യൻ ശിക്ഷാനിയമത്തിൽ 494, 495 വകുപ്പുകളിലെ വ്യവസ്ഥകൾ ഇതു സംബന്ധിച്ച് ബാധക മാകുന്നതാണ്.

**മറ്റു ചില സന്ദർഭങ്ങളിലുള്ള ശിക്ഷ**

5-ാം വകുപ്പിന്റെ (ii), (iv), (v) എന്നീ ഖണ്ഡങ്ങളിൽ നിർദ്ദിഷ്ടമായ ഉപാധികൾ ലംഘിച്ചുകൊണ്ട് ഈ ആക്റ്റിൻ കീഴിൽ തന്റെ വിവാഹം യഥാവിധി നിർവ്വഹിക്കുന്ന ഏതൊരാളും

(a)5-ാം വകുപ്പിന്റെ (iii)-ാം ഖണ്ഡത്തിൽ നിർദ്ദിഷ്ടമായ ഉപാധി ലംഘിക്കുന്ന സംഗതിയിൽ രണ്ടുവർഷത്തോളമാകാവുന്ന കഠിനതടവോ ഒരു ലക്ഷത്തോളമാകാവുന്ന പിഴയോ അല്ലെങ്കിൽ ഇവ രണ്ടും കൂടിയോ;

(b) 5-ാം വകുപ്പിന്റെ (iv)-ാം ഖണ്ഡത്തിലോ (v)-ാം ഖണ്ഡത്തിലോ നിർദ്ദിഷ്ടമായ ഉപാധി ലംഘിക്കുന്ന സംഗതിയിൽ ഒരു മാസത്തോളമാകാവുന്ന വെറും തടവോ, അല്ലെങ്കിൽ ആയിരം രൂപയോളമാകാവുന്ന പിഴ ശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ; നൽകി ശിക്ഷിക്കപ്പെടുന്നതാകുന്നു.

**ഹർജി ഏതു കോടതിയിൽ കൊടുക്കണം**

ഈ ആക്റ്റിൻ കീഴിലുള്ള ഏതു ഹർജിയും, ഏതു ജില്ലാ കോടതിയുടെ ആദ്യ സിവിൽ അധികാരിതയുടെ തദ്ദേശാതിർത്തിക്കുള്ളിലാണോ

(i) വിവാഹം യഥാവിധി നിർവ്വഹിച്ചത്, അല്ലെങ്കിൽ,

(ii) ഹർജി ബോധിപ്പിക്കുന്ന സമയത്ത് എതിർ കക്ഷി താമസിക്കുന്നത്.

(iii) വിവാഹത്തിലെ കക്ഷികൾ ഏറ്റവും ഒടുവിൽ ഒരുമിച്ചു താമസിച്ചത് അല്ലെങ്കിൽ

(iiia) ഹർജി ബോധിപ്പിക്കുന്നത് ഭാര്യയാണെങ്കിൽ, ഹർജി സമർപ്പിക്കുന്ന സമയത്ത് അവൾ എവിടെയാണോ താമസിക്കുന്നത് അല്ലെങ്കിൽ

(iv) ഹർജി ബോധിപ്പിക്കുന്ന സമയത്ത് എതിർകക്ഷി ഈ ആക്റ്റ് ബാധകമാകുന്ന ഭൂപ്രദേശത്തിനു വെളിയിൽ താമസിക്കുന്ന സംഗതിയിലോ അല്ലെങ്കിൽ എതിർകക്ഷി ജീവിച്ചിരിപ്പുള്ളതായി അയാൾ ജീവിച്ചിരിപ്പുണ്ടെങ്കിൽ അയാളെ കുറിച്ച് സ്വാഭാവികമായി കേൾക്കുമായിരുന്ന ആളുകൾ ഏഴുവർഷമോ അതിലധികമോ ആയി അയാളെക്കുറിച്ച് കേട്ടിട്ടില്ലാത്ത സംഗതിയിലോ ഹർജി കൊടുക്കുന്ന സമയത്ത് ഹർജിക്കാരൻ എവിടെയാണോ താമസിക്കുന്നത്

ആ ജില്ലാക്കോടതിയിൽ ബോധിപ്പിക്കേണ്ടതാകുന്നു.

**ഹർജികളുടെ വിചാരണയും തീർപ്പും സംബന്ധിച്ച പ്രത്യേക വ്യവസ്ഥ**

ഈ ആക്റ്റ് പ്രകാരമുള്ള ഏതൊരു ഹർജിയും കഴിയുന്നത്ര വേഗം വിചാരണ നടത്തേണ്ടതും പരാതി സംബന്ധിച്ച് എതിർകക്ഷിക്ക് നോട്ടീസ് നടത്തി ആറുമാസത്തിനുള്ളിൽ തന്നെ തീർപ്പ് കൽപ്പിക്കുന്നതിലേക്കായി പരിശ്രമിക്കേണ്ട തുമാണ്.

ഈ ആക്റ്റ് പ്രകാരമുള്ള എല്ലാ അപ്പീലുകളിന്മേലും കഴിയുന്നത്ര പെട്ടെന്ന് വാദം കേൾക്കേണ്ടതും എതിർകക്ഷിക്ക് നോട്ടീസ് നടത്തി മൂന്നുമാസത്തിനുള്ളിൽത്തന്നെ വാദം പൂർത്തിയാക്കുന്നതിലേക്കായി പരിശ്രമിക്കേണ്ടതുമാണ്.

**വിചാരണ നടപടിക്രമങ്ങൾ**

ഈ ആക്റ്റ് പ്രകാരമുള്ള എല്ലാ നടപടികളും രഹസ്യമായി നടത്തേണ്ടതും ഹൈക്കോടതിയുടേയോ സുപ്രീംകോടതിയുടേയോ വിധിന്യായങ്ങളൊഴികെ അങ്ങനെയുള്ള ഏതൊരു നടപടിയുമായി ബന്ധപ്പെട്ട വസ്തുതയും കോടതിയുടെ മുൻകൂർ അനുമതി കൂടാതെ പ്രസിദ്ധീകരിക്കുകയോ അച്ചടിക്കുകയോ ചെയ്യുന്നത് നിയമവിധേയമല്ലാത്തതുമാണ്.

ഇതിനു വിരുദ്ധമായി ഏതെങ്കിലും സംഗതി അച്ചടിക്കുകയോ പ്രസിദ്ധ പ്പെടുത്തുകയോ ചെയ്യുന്ന ഏതൊരാളും ആയിരം രൂപവരെയാകാവുന്ന പിഴ ശിക്ഷയ്ക്ക് വിധേയനാകുന്നതാണ്.

**നടപടികളിലെ വിധി**

ഏതൊരു സംഗതിയിലും ഒരു വിവാഹമോചന വിധിയിലൂടെ വിവാഹം വിഘടിപ്പിച്ചിട്ടുള്ളപ്പോൾ അതിലെ എല്ലാ കക്ഷികൾക്കും വിധിയുടെ ഒരു പകർപ്പ് സൗജന്യമായി നൽകേണ്ടതാണ്.

**വിവാഹമോചനത്തിനും മറ്റുമുള്ള നടപടികളിൽ എതിർകക്ഷിക്കുള്ള നിവൃത്തി.**

വിവാഹമോചനത്തിനോ, ജുഡീഷ്യലായുള്ള വേർപെടുത്തലിനോ ദാമ്പത്യാ വകാശം പുനഃസ്ഥാപിച്ചു കിട്ടുന്നതിനോ ഉള്ള ഏതൊരു നടപടിയിലും എതിർകക്ഷി (അപ്പീൽവാദി) ഹർജികക്ഷിയുടെ പരസ്ത്രീ ഗമനം, പരപുരുഷ സംസർഗ്ഗം (ജാര സംസർഗ്ഗം), (ക്രൂരത, അല്ലെങ്കിൽ പരിത്യജനം എന്നിവയുടെ അടിസ്ഥാനത്തിൽ പരാതിക്കാരിയുടെ നിവൃത്തിയെ എതിർക്കുക മാത്രമല്ല ഇതേ കാരണങ്ങളാൽ ഈ നിയമത്തിൽ പറയുന്ന ഏതെങ്കിലും നിവൃത്തിയ്ക്കായി ഒരു എതിർ അവകാശവാദം

നടത്താവുന്നതും മേൽപ്പറഞ്ഞ കാരണങ്ങൾ ഹർജികക്ഷിക്കെതിരെ തെളിയിക്കപ്പെടുകയാണെങ്കിൽ ഈ നിയമത്തിൻകീഴിൽ അത്തരം നിവൃത്തിക്കായി മേൽപ്പറഞ്ഞ കാരണങ്ങളാൽ ഒരു ഹർജി സമർപ്പിച്ചിരുന്നെങ്കിൽ അയാൾക്കോ അവൾക്കോ ലഭിക്കുമായിരുന്ന ഏതൊരു നിവൃത്തിയും കോടതിക്ക് അങ്ങനെയുള്ള എതിർകക്ഷിക്ക് നൽകാവുന്നതുമാണ്.

**വ്യവഹാരം നിലവിലുള്ള കാലത്തെ സംരക്ഷണവും നടപടിച്ചെലവും**

ഈ ആക്റ്റിൻ കീഴിലുള്ള ഏതെങ്കിലും നടപടിയിൽ, അതതുസംഗതിപോലെ, ഭാര്യയ്ക്കോ ഭർത്താവിനോ ജീവസന്ധാരണത്തിനും ആവശ്യമായ നടപടിച്ചെലവുകൾക്കും മതിയായ സ്വതന്ത്ര വരുമാനം ഇല്ലെന്നു കോടതിക്ക് തോന്നുന്നിടത്ത് ഭാര്യയുടെയോ ഭർത്താവിന്റെയോ അപേക്ഷയിന്മേൽ നടപടിച്ചെലവുകളും, നടപടികാലത്ത് പ്രതിമാസം ഹർജികൊടുത്ത ആളുടെ സ്വന്തം വരുമാനവും, എതിർകക്ഷിയുടെ വരുമാനവും പരിഗണനയിലെടുക്കുമ്പോൾ കോടതിക്കു ന്യായമാണെന്നു തോന്നുന്ന തുകയും എതിർകക്ഷി ഹർജി കൊടുക്കുന്ന ആൾക്കു കൊടുക്കണമെന്നു കോടതിക്ക് ഉത്തരവ് നൽകാവുന്നതാണ്:

എന്നാൽ, കോടതിച്ചെലവുകൾക്കും ഈ നടപടികൾ നടക്കുന്ന കാലയളവിലെ പ്രതിമാസ ചെലവ് നൽകുന്നതിനുള്ള ഹർജിയിൽ കഴിയാവുന്നിടത്തോളം അതതുസംഗതികളിൽ ഭാര്യക്കോ ഭർത്താവിനോ നോട്ടീസ് നടത്തി അറുപത് ദിവസത്തിനുള്ളിൽ തന്നെ തീരുമാനമെടുക്കേണ്ടതാണ്.

**സ്ഥിരം ജീവനാംശവും സംരക്ഷണവും**

ഈ ആക്റ്റിൻകീഴിൽ അധികാരിത പ്രയോഗിക്കുന്ന ഏതെങ്കിലും കോടതിക്ക്, ഏതെങ്കിലും വിധി പാസ്സാക്കുന്ന സമയത്തോ അല്ലെങ്കിൽ അതിനുശേഷം ഏതെങ്കിലും സമയത്തോ, അതതുസംഗതിപോലെ, ഭാര്യയോ ഭർത്താവോ ആ ആവശ്യത്തിലേക്ക് കൊടുക്കുന്ന അപേക്ഷയിന്മേൽ, അപേക്ഷ കൊടുക്കുന്ന ആൾക്ക് ആ ആളുടെ സംരക്ഷണത്തിനും ജീവസന്ധാരണത്തിനുമായി, അപേക്ഷ കൊടുക്കുന്ന ആളുടെ ജീവിതകാലത്തിൽ കവിയാത്ത ഏതെങ്കിലും കാലത്തേയ്ക്ക് എതിർകക്ഷിയുടെ സ്വന്തം വരുമാനവും മറ്റു വസ്തുക്കൾ എന്തെങ്കിലുമുണ്ടെങ്കിൽ അതും അപേക്ഷ കൊടുക്കുന്ന ആളുടെ സ്വന്തം വരുമാനവും മറ്റു വസ്തുവകകളും കക്ഷികളുടെ പെരുമാറ്റവും കേസിന്റെ മറ്റു സാഹചര്യങ്ങളും പരിഗണനയിലെടുത്തുകൊണ്ട്, നീതിപൂർവ്വകമാണെന്ന് കോടതിക്ക് തോന്നുന്ന ഒരു മൊത്തസംഖ്യയോ പ്രതിമാസമായോ ആനുകാലികമായോ നല്കേണ്ട സംഖ്യയോ എതിർകക്ഷി അപേക്ഷ കൊടുക്കുന്ന ആൾക്ക് കൊടുക്കണമെന്ന് ഉത്തരവു നല്കാവുന്നതും, അപ്രകാരം കൊടുക്കേണ്ട ഏതെങ്കിലും സംഖ്യ അതിന്റെ ഈടിനായി ആവശ്യമാണെങ്കിൽ എതിർകക്ഷിയുടെ സ്ഥാവര വസ്തുവിന്മേൽ ചാർജ്ജാക്കാവുന്നതുമാണ്.

മേൽപ്പറഞ്ഞ ഒരു ഉത്തരവു പുറപ്പെടുവിച്ചതിനുശേഷം ഏത് സമയത്തും ഇരുകക്ഷികളിൽ ആരുടെയെങ്കിലും പരിതഃസ്ഥിതികളിൽ മാറ്റമുണ്ടായിട്ടുണ്ടെന്ന് ബോദ്ധ്യമായാൽ കോടതിക്ക് അവരിലേതെങ്കിലും കക്ഷിയുടെ ആവശ്യപ്രകാരം നീതിപൂർവ്വകമെന്ന് കോടതി കരുതുന്ന രീതിയിൽ അങ്ങനെയുള്ള ഉത്തരവു വ്യത്യാസപ്പെടു ത്തുകയോ, രൂപഭേദപ്പെടുത്തുകയോ, റദ്ദാക്കുകയോ ചെയ്യാവു ന്നതാണ്.

ഏത് കക്ഷിക്ക് അനുകൂലമായാണോ ഈ വകുപ്പിൻകീഴിൽ ഒരു ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്, ആ കക്ഷി പുനർവിവാഹം ചെയ്തിട്ടുണ്ടെന്നോ, അല്ലെങ്കിൽ ആ കക്ഷി ഭാര്യയാണെങ്കിൽ അവർ ചാരിത്രവതിയായി ഇരുന്നിട്ടില്ലെന്നോ, അല്ലെങ്കിൽ ആ കക്ഷി ഭർത്താവാണെങ്കിൽ അയാൾ ദാമ്പത്യത്തിന് പുറത്ത് മറ്റേതെങ്കിലും സ്ത്രീയുമായി ലൈംഗികസംഗം ചെയ്തുവെന്നോ, കോടതിക്ക് ബോദ്ധ്യപ്പെടുന്നു വെങ്കിൽ അതിന് മറ്റേ കക്ഷിയുടെ അപേക്ഷയിന്മേൽ കോടതിക്ക് യുക്തമെന്നു തോന്നുന്ന രീതിയിൽ അങ്ങനെയുള്ള യാതൊരു ഉത്തരവും മാറ്റം വരുത്തുകയോ ഭേദഗതി ചെയ്യുകയോ റദ്ദുചെയ്യുകയോ ചെയ്യാവുന്നതാണ്.

**കുട്ടികളുടെ കസ്റ്റഡി**

ഈ ആക്റ്റിൻ കീഴിലുള്ള ഏതെങ്കിലും നടപടിയിൽ മൈനർമാരായ കുട്ടികളുടെ കസ്റ്റഡിയും സംരക്ഷണവും വിദ്യാഭ്യാസവും സംബന്ധിച്ച് സാദ്ധ്യമായിടത്തെല്ലാം അവരുടെ ആഗ്രഹങ്ങൾക്ക് സംഗതമാകുംവണ്ണം കോടതിക്ക് അപ്പോഴപ്പോൾ നീതിപൂർവ്വകവും യുക്തവുമാണെന്ന് കോടതി കരുതുന്ന ഇടക്കാല ഉത്തരവുകൾ പാസ്സാക്കുകയും വ്യവസ്ഥകൾ വിധിയിൽ ഉണ്ടാക്കുകയും ചെയ്യാവുന്നതും, വിധിക്കുശേഷം ആ ആവശ്യത്തിലേക്ക് ഹർജിവഴി കൊടുക്കുന്ന ഏതെങ്കിലും അപേക്ഷയിൻമേൽ വിധി കിട്ടുന്നതിനുള്ള നടപടി നിലവിലുണ്ടായിരുന്നുവെങ്കിൽ അങ്ങനെയുള്ള കുട്ടികളുടെ കസ്റ്റഡിയും സംരക്ഷണവും വിദ്യാഭ്യാസവും സംബന്ധിച്ച് അങ്ങനെയുള്ള വിധിയാലോ ഇടക്കാല ഉത്തരവുകളാലോ ചെയ്തി രിക്കാമായിരുന്ന എല്ലാ ഉത്തരവുകളും വ്യവസ്ഥകളും അപ്പോഴപ്പോഴുണ്ടാക്കാ വുന്നതും, മുൻപ് ഉണ്ടാക്കിയ അങ്ങനെയുള്ള ഏതെങ്കിലും ഉത്തരവുകളും വ്യവസ്ഥ കളും കോടതിക്ക് അപ്പോഴപ്പോൾ പിൻവലിക്കുകയോ നിറുത്തിവയ്ക്കുകയോ വ്യത്യാസപ്പെടുത്തുകയോ ചെയ്യാവുന്നതും ആണ്:

എന്നാൽ മേൽപ്പറഞ്ഞ വിധിക്കായി സമർപ്പിച്ചിട്ടുള്ള ഒരു ഹർജി കോടതിയുടെ പരിഗണനയിലിരിക്കെ മൈനറായ കുട്ടികളുടെ പരിപാലനത്തിനും വിദ്യാഭ്യാസത്തിനും ഉള്ള തുകയ്ക്കായി സമർപ്പിച്ചിരിക്കുന്ന ഒരു അപേക്ഷയിന്മേൽ കഴിയുന്നിടത്തോളം എതിർകക്ഷിക്ക് നോട്ടീസ് നൽകി അറുപത് ദിവസത്തിനുള്ളിൽ തന്നെ തീർപ്പ് കൽപ്പിക്കേണ്ടതാണ്.

**അപ്പീൽ**

ഈ ആക്റ്റിൻ കീഴിലുള്ള ഏതെങ്കിലും നടപടിയിൽ കോടതി പുറപ്പെടുവിക്കുന്ന എല്ലാ വിധികളും, (3)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, ആ കോടതിയുടെ സിവിൽ ആദ്യാധികാരിത ഉപയോഗിച്ച് ഉണ്ടാക്കിയ വിധികളെന്നപോലെ അതിന്മേൽ അപ്പീൽ നൽകാവുന്നതും അങ്ങനെയുള്ള എല്ലാ അപ്പീലുകളും അങ്ങനെയുള്ള വിധി പുറപ്പെടുവിച്ച കോടതിയിൽ നിന്നും ഏത് കോടതിയിലേക്കാണ് നൽകാവുന്നത് ആ കോടതിയിൽ ബോധിപ്പിക്കാവുന്നതുമാണ്.

ഈ ആക്റ്റിലെ 25-ഉം 26-ഉം വകുപ്പുകൾക്ക് കീഴിൽ ഏതെങ്കിലും നടപടികൾ പ്രകാരം കോടതി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ, (3)-ാം ഉപവകുപ്പിലെ വ്യവസ്ഥ കൾക്ക് വിധേയമായി അവ ഇടക്കാല ഉത്തരവുകൾ അല്ലാത്തപക്ഷം അപ്പീലുകൾ ബോധിപ്പിക്കാവുന്നതും അങ്ങനെയുള്ള യാതൊരു അപ്പീലും ഏത് കോടതിയാണോ ആദ്യാധികാരിത വിനിയോഗിച്ച് ആ വിധി പുറപ്പെടുവിച്ചിട്ടുള്ളത് ആ കോടതിയിൽ നിന്നും സാധാരണഗതിയിൽ അപ്പീൽ കോടതിയിൽ ബോധിപ്പിക്കാവുന്നതാണ്.

എന്നാൽ കോടതി ചെലവുമായി ബന്ധപ്പെട്ട് മാത്രം ഈ വകുപ്പിൻ കീഴിൽ ഏതൊരു അപ്പീലും ഉണ്ടായിരിക്കുന്നതല്ല.

ഈ വകുപ്പ് പ്രകാരമുള്ള എല്ലാ അപ്പീലുകളും വിധിയുടേയോ ഉത്തരവിന്റെയോ തീയതി മുതൽ തൊണ്ണൂറ് ദിവസത്തിനുള്ളിൽ സമർപ്പിച്ചിരിക്കേണ്ടതാണ്.

**വിധികളും ഉത്തരവുകളും പ്രാവർത്തികമാക്കൽ**

ഈ ആക്റ്റിൻ കീഴിലുള്ള ഏതെങ്കിലും നടപടിയിൽ കോടതി പുറപ്പെടുവിക്കുന്ന എല്ലാ വിധികളും ഉത്തരവുകളും, കോടതിയുടെ ആദ്യ സിവിൽ അധികാരിത വിനിയോഗിച്ചുകൊണ്ട് പുറപ്പെടുവിച്ച വിധികളും ഉത്തരവുകളം നടപ്പിലാക്കുന്ന തിലേയ്ക്കായി തത്സമയം പ്രാബല്യത്തിലുള്ള അതേ രീതിയിൽ നടപ്പിലാക്കേണ്ടതാണ്.



# നിയമപ്രകാരമുള്ള
# അധികാരസ്ഥാപനങ്ങൾ




# കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ

## ആമുഖം

2005-ലെ ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള കമ്മീഷനുകൾ ആക്റ്റ് (കമ്മീഷൻസ് ഫോർ ദ പ്രൊട്ടക്ഷൻ ഓഫ് ചൈൽഡ് റൈറ്റ്സ് ആക്റ്റ് സി. പി. സി. ആർ ആക്റ്റ്) പ്രകാരം രൂപീകരിക്കപ്പെട്ട കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ 2013 ജൂൺ മൂന്നിനാണ് പ്രവർത്തനം ആരംഭിച്ചത്. കേന്ദ്ര നിയമത്തിലെ 13-ാം വകുപ്പ്, 2012-ലെ കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ ചട്ടങ്ങളിലെ ചട്ടം 17 എന്നിവയിലാണ് കമ്മീഷന്റെ കർത്തവ്യങ്ങളും ചുമതലകളും നിഷ്കർഷിച്ചിട്ടുള്ളത്.

പ്രസ്തുത നിയമവ്യവസ്ഥകൾ പ്രകാരം ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടി തത്സമയം പ്രാബല്യത്തിലിരിക്കുന്ന ഏതെങ്കിലും നിയമങ്ങളോ അതിൻ കീഴിലോ വ്യവസ്ഥ ചെയ്തിട്ടുള്ള സുരക്ഷാ ഏർപ്പാടുകൾ പരിശോധിക്കുകയും പുനഃപരിശോധിക്കുകയും ചെയ്ത് അവ ഫലപ്രദമായി നടപ്പിലാക്കുന്നതിനാവശ്യമായ മാർഗ്ഗങ്ങൾ ശിപാർശ ചെയ്യുന്നതിനുപുറമെ ബാലാവകാശലംഘനം സംബന്ധിച്ച പരാതികൾ അന്വേഷണവിചാരണ ചെയ്ത് നടപടികൾ തുടങ്ങുന്നതിന് ശിപാർശ ചെയ്യുന്നതും കമ്മീഷന്റെ ഏറ്റവും പ്രധാനപ്പെട്ട കർത്തവ്യമാണ്. ഇത്തരം കാര്യങ്ങളുടെ നിർവ്വഹണത്തിനായി കമ്മീഷനിൽ പരാതിപരിഹാര വിഭാഗം പ്രവർത്തിക്കുന്നുണ്ട്. കമ്മീഷനിൽ ലഭിക്കുന്ന പരാതികളിൽ ബന്ധപ്പെട്ടവരിൽ നിന്നും റിപ്പോർട്ട് തേടുകയും ഓരോ കേസിലെയും വിഭിന്നങ്ങളായ തെളിവുകളും സാഹചര്യങ്ങളും അപഗ്രഥിച്ചും

വിലയിരുത്തിയും തീർപ്പു കൽപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ സർക്കാരിനും ബന്ധപ്പെട്ട അധികാരസ്ഥാനങ്ങൾക്കും ശിപാർശകൾ നൽകുകയും ചെയ്യുന്ന സമ്പ്രദായമാണ് പരാതികളുമായി ബന്ധപ്പെട്ട കമ്മീഷൻ അവലംബിക്കുന്നത്.

**കമ്മീഷന്റെ ചുമതലകളും അധികാരങ്ങളും**

2005-ലെ ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള കമ്മീഷനുകൾ ആക്റ്റ് (സി.പി.സി.ആർ.ആക്റ്റ്) സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം ആക്റ്റ്, 2009 (ആർ.ടി.ഇ. ആക്റ്റ്) ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) ആക്റ്റ്, 2015 എന്നിവ പ്രകാരമുള്ള ചുമതലകളും കർത്തവ്യങ്ങളും അധികാരങ്ങളുമാണ് കമ്മീഷനുള്ളത്.

2005-ലെ സി. പി. സി. ആർ ആക്റ്റിലെ 13-ാം വകുപ്പ് പ്രകാരം ചുവടെ പറയുന്നവ കമ്മീഷന്റെ ചുമതലകളാണ്.

- ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമങ്ങളോ അതിൻകീഴിലോ വ്യവസ്ഥ ചെയ്തിട്ടുള്ള സുരക്ഷാ ഏർപ്പാടുകൾ പരിശോധിക്കുകയും പുനഃപരിശോധിക്കുകയും ചെയ്തത് അവ ഫലപ്രദമായി നടപ്പിലാക്കുന്നതിനാവശ്യമായ മാർഗ്ഗങ്ങൾ ശിപാർശ ചെയ്യുക ;

- കമ്മീഷന് യുക്തമെന്ന് തോന്നുന്നപക്ഷം വാർഷികമായും അല്ലാതെയും ഇത്തരം സുരക്ഷാ ഏർപ്പാടുകളുടെ പ്രവർത്തനത്തിന്മേലുള്ള റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിക്കുക;

- ബാലാവകാശലംഘനവുമായി ബന്ധപ്പെട്ട കേസുകളിൽ അന്വേഷണ വിചാരണ ചെയ്ത് നടപടികൾ തുടങ്ങുന്നതിന് ശിപാർശ ചെയ്യുക;

- ഭീകരപ്രവർത്തനം, വർഗ്ഗീയകലാപം, ലഹള, പ്രകൃതിദുരന്തം, ഗാർഹിക പീഡനം, എച്ച്.ഐ.വി/എയ്ഡ്സ്, മനുഷ്യക്കടത്ത്, പീഡനം, ഭേദ്യം ചെയ്യലും ചൂഷണവും, അശ്ലീലസാഹിത്യം, ലൈംഗികചൂഷണം, എന്നിവ മൂലം ബുദ്ധിമുട്ടുന്ന കുട്ടികളുടെ അവകാശങ്ങൾ നിഷേധിക്കുന്ന എല്ലാ ഘടകങ്ങളും പരിശോധിക്കുകയും ഉചിതമായ പരിഹാരങ്ങൾ ശിപാർശ ചെയ്യുകയും ചെയ്യുക;

- ദുരന്തം അനുഭവിക്കുന്നതും പാർശ്വവത്ക്കരിക്കപ്പെട്ടതും പ്രതികൂലാവസ്ഥയിലുള്ളതും നിയമവുമായി പൊരുത്തപ്പെടാത്തതും പക്വതയില്ലാത്തതും കുടുംബമില്ലാത്തതും തടവുകാരുടേത് ഉൾപ്പെടെ പ്രത്യേക ശ്രദ്ധയും പരിരക്ഷയും

ആവശ്യമുള്ളതുമായ കുട്ടികളെ സംബന്ധിച്ച സംഗതികൾ കണക്കിലെടുക്കുകയും ഉചിതമായ പരിഹാരമാർഗ്ഗങ്ങൾ ശിപാർശ ചെയ്യുകയും ചെയ്യുക;

- സമാധാന ഉടമ്പടികളും മറ്റ് അന്താരാഷ്ട്ര രേഖകളും പഠിക്കുകയും ബാലാവകാശങ്ങളിന്മേൽ നിലവിലുള്ള നയങ്ങളുടെയും കാര്യപരിപാടികളുടെയും മറ്റ് പ്രവർത്തനങ്ങളുടെയും ആനുകാലിക പുനഃപരിശോധന ഏറ്റെടുക്കുകയും കുട്ടികളുടെ ഉത്തമ താൽപര്യത്തിനായി അവയുടെ ഫലപ്രദമായ നടപ്പാക്കലിനുവേണ്ട ശിപാർശകൾ നടത്തുകയും ചെയ്യുക;

- ബാലാവകാശമേഖലയിൽ ഗവേഷണം നടത്തുകയും അത് പ്രോത്സാഹിപ്പിക്കുകയും ചെയ്യുക;

- സമൂഹത്തിന്റെ വിവിധ വിഭാഗങ്ങൾക്കിടയിൽ ബാലാവകാശ സാക്ഷരത പ്രചരിപ്പിക്കുകയും പ്രസിദ്ധീകരണങ്ങൾ, മാധ്യമങ്ങൾ, സെമിനാറുകൾ, ലഭ്യമായ മറ്റ് മാർഗ്ഗങ്ങൾ എന്നിവയിലൂടെ ബാലാവകാശങ്ങളുടെ സംരക്ഷണത്തിന് നിലവിലുള്ള സുരക്ഷാ ഏർപ്പാടുകളുടെ അവബോധം പ്രോത്സാഹിപ്പിക്കുകയും ചെയ്യുക;

- സാമൂഹികസംഘടനകൾ ഉൾപ്പെടെയുള്ളവർ നടത്തുന്ന ബാലാവകാശ സംരക്ഷണ മന്ദിരമോ മറ്റ് താമസസ്ഥലമോ കുട്ടികൾക്ക് വേണ്ടിയുള്ള സ്ഥാപനങ്ങളോ പരിശോധിക്കുകയോ പരിശോധിക്കപ്പെടുകയോ ചെയ്യുകയും ആവശ്യമാണെന്നു കാണുന്നപക്ഷം പരിഹാര നടപടി സ്വീകരിക്കുകയും ചെയ്യുക;

- ബാലാവകാശങ്ങൾ നിഷേധിക്കലും ലംഘനവും കുട്ടികളുടെ സംരക്ഷണത്തിനും അഭിവൃദ്ധിക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്ന നിയമങ്ങൾ നടപ്പാകാതിരിക്കലും കുട്ടികളുടെ കഷ്ടപ്പാടുകൾ ലഘൂകരിക്കുന്നതിന് ലക്ഷ്യമിട്ട നയപരമായ തീരുമാനങ്ങളോ മാർഗ്ഗനിർദ്ദേശങ്ങളോ നിർദ്ദേശങ്ങളോ നടപ്പാക്കാതിരിക്കലും കുട്ടികൾക്ക് ആശ്വാസം നൽകലും എന്നീ സംഗതികൾ സംബന്ധിച്ച പരാതികളിൽ അന്വേഷണ വിചാരണ നടത്തുകയും സ്വമേധയാ പരിഗണനയ്ക്ക് എടുക്കുകയും ചെയ്യുക

**ബാലാവകാശ സംരക്ഷണ കമ്മീഷനുകൾ ആക്റ്റിലെ 15-ാം വകുപ്പു പ്രകാരം അന്വേഷണ വിചാരണക്കു ശേഷം ചുവടെപറയുന്ന നടപടികൾക്ക് കമ്മീഷന് അധികാരമുണ്ട്**

- ബാലാവകാശത്തിന്മേൽ ഗൗരവതരമായ ലംഘനമോ തത്സമയം പ്രാബല്യത്തിലിരിക്കുന്ന ഏതെങ്കിലും നിയമത്തിന്റെ ലംഘനമോ നടന്നതായി അന്വേഷണ വിചാരണയിൽ വെളിപ്പെട്ടാൽ, ബന്ധപ്പെട്ട ആളിനോ ആളുകൾക്കോ എതിരായി

പ്രോസിക്യൂഷൻ നടപടികൾ ആരംഭിക്കുവാൻ സർക്കാരിനോ മറ്റ് അധികാര സ്ഥാനത്തോടോ ശിപാർശ ചെയ്യുക;

- നിർദ്ദേശങ്ങൾക്കോ ഉത്തരവുകൾക്കോ റിട്ടുകൾക്കോ വേണ്ടി ബഹുമാനപ്പെട്ട സുപ്രീം കോടതിയെയോ ഹൈക്കോടതിയെയോ സമീപിക്കുക;

- ഇടക്കാലാശ്വാസം പീഡിതനോ ആ വ്യക്തിയുടെ കുടുംബാംഗങ്ങൾക്കോ നൽകുന്നതിനായി സർക്കാരിനോടോ ബന്ധപ്പെട്ട അധികാരസ്ഥാനത്തോടോ ശിപാർശ ചെയ്യുക.

**സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം ആക്റ്റ്, 2009 (ആർ.ടി.ഇ ആക്റ്റ്) പ്രകാരമുള്ള അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും**

ആർ.ടി.ഇ ആക്റ്റിലെ 31-ാം വകുപ്പുപ്രകാരം, പ്രസ്തുത ആക്റ്റിലെ 2 (സി) വകുപ്പിൽ നിർവ്വചിക്കുന്ന പ്രകാരമുള്ള ഒരു കുട്ടിയുടെ, വിദ്യാഭ്യാസത്തിനുള്ള അവകാശം നിരീക്ഷിക്കുന്നതിനുള്ള അധികാരം സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷനിൽ നിക്ഷിപ്തമാണ്. ഇതുപ്രകാരം വിദ്യാഭ്യാസ അവകാശത്തിനുള്ള സുരക്ഷാ ഏർപ്പാടുകൾ പരിശോധിക്കുകയും പുനഃപരിശോധിക്കുകയും ചെയ്യുന്ന തിനും കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസാവകാശവുമായി ബന്ധപ്പെട്ട പരാതികൾ അന്വേഷണ വിചാരണ ചെയ്യുന്നതിനും കമ്മീഷന് അധികാരമുണ്ട്. ഈ നിയമത്തിലെ 32(4) വകുപ്പ് പ്രകാരം കമ്മീഷൻ പ്രസ്തുത നിയമ ത്തിൻ കീഴിലുള്ള അപ്പീൽ അധികാരസ്ഥാനം കൂടിയാണ്. കൂടാതെ വിദ്യാഭ്യാസ അവകാശ നിരീക്ഷണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിൽ കമ്മീഷന് ബാലാവകാശ സംരക്ഷണ കമ്മീഷനുകൾ ആക്റ്റിലെ എല്ലാ അധികാരങ്ങളും വിനിയോഗി ക്കാമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

**ലൈംഗിക അതിക്രമങ്ങളിൽ നിന്ന് കുട്ടികളെ സംരക്ഷിക്കുന്നതിനുള്ള ആക്റ്റ് 2012 (പോക്സോ ആക്റ്റ്) പ്രകാരമുള്ള അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും**

കുട്ടികളെ ലൈംഗിക കുറ്റകൃത്യങ്ങളിൽ നിന്ന് സംരക്ഷിക്കുന്നതിനുള്ള ആക്റ്റ്, 2012 (പോക്സോ ആക്റ്റ്)-ലെ 44-ാം വകുപ്പ് പ്രകാരം പോക്സോ നിയമത്തിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിന് നിരീക്ഷിക്കുന്നതിനുള്ള അധികാരവും കമ്മീഷനിൽ നിക്ഷിപ്തമാണ്. ഇതുപ്രകാരം, ചുവടെ പറയുന്ന കാര്യങ്ങൾ കമ്മീഷൻ നിരീക്ഷി ക്കുന്നതാണ്.

- പോക്സോ ആക്റ്റ് പ്രകാരമുള്ള കേസുകൾ വിചാരണ ചെയ്യുന്നതിനായി പ്രത്യേക കോടതികൾ സംസ്ഥാന സർക്കാർ നാമനിർദ്ദേശം ചെയ്യുന്നത്;

- ടി കോടതികളിൽ പ്രത്യേക പബ്ലിക് പ്രോസിക്യൂട്ടർമാരെ സംസ്ഥാന സർക്കാർ നിയമിക്കുന്ന കാര്യം;

- ടി കേസുകളിൽ പ്രത്യേക പബ്ലിക് പ്രോസിക്യൂട്ടർമാരെ സംസ്ഥാന സർക്കാർ നിയമിക്കുന്ന കാര്യം;

- വിചാരണഘട്ടത്തിലും വിചാരണക്കുമുമ്പും കുട്ടിയെ സഹായിക്കുന്നതിനായി സർക്കാരിതര സംഘടനകൾക്കും മനഃശാസ്ത്രം, സാമൂഹിക സേവനം, മാനസിക ശാരീരിക ആരോഗ്യം തുടങ്ങിയവയുമായി ബന്ധപ്പെട്ട വിദഗ്ദ്ധർക്കും വ്യക്തികൾക്കുമായി പോക്സോ നിയമത്തിലെ 39-ാം വകുപ്പു പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിക്കുന്നതും അത്തരം മാർഗ്ഗ നിർദ്ദേശങ്ങളുടെ നടപ്പാക്കലും;

- പോലീസ് ഉദ്യോഗസ്ഥർക്കും മറ്റു സർക്കാർ ജീവനക്കാർക്കും പരിശീലനം നൽകുന്നതിനുള്ള മാർഗ്ഗരൂപരേഖകൾ തയ്യാറാക്കുന്നതും അവ നടപ്പാക്കുന്നതും;

- കൂടാതെ പോക്സോ നിയമത്തിലെ വ്യവസ്ഥകൾ സംബന്ധിച്ച അറിവ് പൊതുജനങ്ങൾ, കുട്ടികൾ, രക്ഷാകർത്താക്കൾ തുടങ്ങിയവർക്കെല്ലാം ഇലക്ട്രോണിക് മാധ്യമങ്ങൾ ഉൾപ്പെടെയുള്ള മാധ്യമങ്ങളിലൂടെ നിശ്ചിത ഇടവേളകളിൽ ലഭ്യമാക്കുന്നതിനായി സംസ്ഥാന സർക്കാരിനെ സഹായി ക്കുകയും ലൈംഗികാതിക്രമങ്ങൾ സംബന്ധിച്ച് റിപ്പോർട്ട് ചെയ്യപ്പെട്ട കേസുകളിൽ ബന്ധപ്പെട്ട അധികാരസ്ഥാനങ്ങളിൽ നിന്ന് വിവരങ്ങൾ ശേഖരിക്കുന്നതും.

**ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) ആക്റ്റ് 2015 പ്രകാരമുള്ള അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും**

2015-ലെ ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) ആക്റ്റിലെ 109-ാം വകുപ്പു പ്രകാരം പ്രസ്തുത നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നത് നിരീക്ഷിക്കുന്നതിനുള്ള അധികാരം സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷനാണ്. 2016 ജനുവരിയിലാണ് ടി ആക്റ്റ് പ്രാബല്യത്തിൽ വന്നത്. ഈ ആക്റ്റു മായി ബന്ധപ്പെട്ട മാതൃകാചട്ടങ്ങൾ ദേശീയതലത്തിൽ നിലവിൽ വന്നു. എന്നാൽ, മേൽപ്രകാരമുള്ള ചട്ടങ്ങൾ സംസ്ഥാനതലത്തിൽ പുറപ്പെടുവിക്കപ്പെട്ടിട്ടില്ല.

പ്രസ്തുത നിയമത്തിലെ 110-ാം വകുപ്പ് പ്രകാരം സർക്കാർ ഉണ്ടാക്കുന്ന ചട്ടങ്ങളാൽ നിർദ്ദേശിക്കപ്പെടുന്ന പ്രകാരമാണ് കമ്മീഷൻ പ്രസ്തുത നിരീക്ഷണ കർത്തവ്യം നിർവ്വഹിക്കേണ്ടത്. ധാരാളം പങ്കാളികൾ ഉൾപ്പെടുന്നതാണ് ബാല നീതി ആക്റ്റിലെ നിരീക്ഷണസംവിധാനം. സംവിധാനം കമ്മീഷനിൽ നടപ്പിൽ വരുന്നതിന് ആവശ്യമായ പ്രൊപ്പോസൽ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

**കമ്മീഷന്റെ ഘടനയും അംഗങ്ങളും**

ചെയർപേഴ്സണും ആറ് അംഗങ്ങളും അടങ്ങുന്നതാണ് കമ്മീഷന്റെ ഘടന. 2005-ലെ ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള കമ്മീഷനുകൾ ആക്റ്റിലെ 17-ാം വകുപ്പ് പ്രകാരമാണ് സംസ്ഥാന സർക്കാർ കമ്മീഷൻ രൂപവൽക്കരിച്ചിട്ടുള്ളത്. പ്രസ്തുത ആക്റ്റിലെയും 2012-ലെ കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ചട്ടങ്ങളിലേയും വ്യവസ്ഥകൾക്കനുസൃതമായാണ് ചെയർപേഴ്സന്റയും അംഗങ്ങളുടെയും നിയമനം നടത്തുന്നത്. കമ്മീഷനുമായി ബന്ധപ്പെട്ട കർത്തവ്യങ്ങളും ചുമതലകളും നിർവ്വഹിക്കുന്നതിന് അംഗങ്ങൾക്ക് ജില്ലകൾ തിരിച്ച ചുമതല നൽകിയിട്ടുണ്ട്.

മൂന്നാം കമ്മീഷൻ ചെയർപേഴ്സണായി ശ്രീ. കെ. വി. മനോജ് കുമാർ 29-06-2020-ന് ചുമതലയേറ്റു. അംഗങ്ങളായ ശ്രീമതി ബബിത. ബി., ശ്രീ. റെനി ആന്റണി, ശ്രീമതി ശ്യാമളാദേവി. പി. പി., ശ്രീ. സി. വിജയകുമാർ എന്നിവർ 13-08-2020-നും ശ്രീമതി സുനന്ദ. എൻ., ശ്രീമതി ജലജമോൾ ടി. സി. എന്നിവർ 25-08-2022-നും കമ്മീഷനിൽ ചാർജ്ജെടുത്തു.

**കമ്മീഷന്റെ സെക്രട്ടറിയും മറ്റ് ഉദ്യോഗസ്ഥരും**

ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള കമ്മീഷനുകൾ ആക്റ്റിലെ 21(1)വകുപ്പ് പ്രകാരം കമ്മീഷന്റെ ചുമതലകളുടെ കാര്യക്ഷമമായ നിർവ്വഹണത്തിനും ദൈനംദിന പ്രവർത്തനത്തിനുമായി സംസ്ഥാന സർക്കാരിന്റെ സെക്രട്ടറി പദവിയിലുള്ള ഉദ്യോഗസ്ഥനെ കമ്മീഷൻ സെക്രട്ടറിയായി സംസ്ഥാന സർക്കാർ വിജ്ഞാപനം വഴി നിയമിക്കണമെന്നും കമ്മീഷന്റെ ചുമതലകളുടെ കാര്യക്ഷമമായ നിർവ്വഹണത്തിന് ആവശ്യമായ ഉദ്യോഗസ്ഥരെയും ജീവനക്കാരെയും കമ്മീഷനിൽ ലഭ്യമാക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ബാലാവകാശലംഘനം, നിഷേധം തുടങ്ങിയവയുമായി ബന്ധപ്പെട്ട കാര്യങ്ങളുടെ ഉചിതമായ നടത്തിപ്പിനായി സംസ്ഥാന സർക്കാരിന്റെ അഡീഷണൽ ലാ സെക്രട്ടറിയുടെ പദവിയിലുള്ള ഒരു ഉദ്യോഗസ്ഥനെ കമ്മീഷൻ രജിസ്ട്രാറായും നിയമിച്ചിട്ടുണ്ട്. ഇതുകൂടാതെ കമ്മീഷന്റെ ദൈനംദിന കാര്യങ്ങളുടെ സുഗമമായ നടത്തിപ്പിന് ആവശ്യമായ മറ്റുദ്യോഗസ്ഥർക്കും ജീവനക്കാർക്കും പുറമേ സാങ്കേതിക സഹായത്തിനും മറ്റുമായി കൺസൾട്ടന്റുമാരേയും നിയമിച്ചിട്ടുണ്ട്.

**പരാതികളും അന്വേഷണ വിചാരണയും**

കമ്മീഷന്റെ പരാതിവിഭാഗം കമ്മീഷന്റെ രജിസ്ട്രാറുടെ നേതൃത്വത്തിലാണ് പ്രവർത്തിക്കുന്നത്. 2022-2023 കാലയളവിൽ കമ്മീഷന് 2,537 പരാതികൾ ലഭിച്ചിരുന്നു. മാധ്യമവാർത്തകളുടെയും മറ്റും അടിസ്ഥാനത്തിൽ കമ്മീഷൻ സ്വമേധയായും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇപ്രകാരം ലഭിച്ച കേസുകളിൽ കമ്മീഷൻ ബന്ധപ്പെട്ട

അധികാരികളോട് റിപ്പോർട്ട് ആവശ്യപ്പെടുകയും അന്വേഷണ വിചാരണ സംബന്ധിച്ച അധികാരങ്ങൾ വിനിയോഗിച്ച് തെളിവെടുപ്പ് നടത്തുകയും ചെയ്തിട്ടുണ്ട്. പരാതികൾ നേരിട്ടും തപാലിലും ഓൺലൈനായുമാണ് കമ്മീഷന് ലഭിക്കുന്നത്. കൂടാതെ, സ്വമേധയായും ജില്ലകളിൽ നിന്ന് ചൈൽഡ് വെൽഫെയർ കമ്മിറ്റി (സി ഡബ്ല്യു സി) അയച്ചുതരുന്ന പരാതികളിലും കമ്മീഷൻ നടപടി സ്വീകരിക്കുന്നു. കമ്മീഷൻ ആസ്ഥാനത്തും ജില്ലാ ആസ്ഥാനങ്ങളിലും സിറ്റിംഗുകൾ നടത്താറുണ്ട്. പരാതിക്കാരെയും എതിർകക്ഷികളെയും നേരിൽ കേൾക്കുകയും ഓരോ കേസിലും ലഭ്യമാകുന്ന തെളിവുകൾ അപഗ്രഥിച്ചും വിഭിന്നമായ സാഹചര്യങ്ങൾ കണക്കിലെടുത്തും നീതിയുക്തവും ഉചിതവുമായ തീരുമാനങ്ങൾ കൈക്കൊള്ളുകയും ആവശ്യമായ ശിപാർശ സർക്കാരിനും ബന്ധപ്പെട്ട അധികാരസ്ഥാനത്തിനും നൽകുകയും സ്വീകരിച്ച റിപ്പോർട്ടുകൾ ആവശ്യപ്പെടുകയും ചെയ്തുവരുന്നു. പരാതികളെക്കുറിച്ച് ബന്ധപ്പെട്ട അധികാരികളിൽ നിന്ന് റിപ്പോർട്ട് തേടിയും അങ്ങനെ ലഭിക്കുന്ന റിപ്പോർട്ടുകൾ വിശദമായി അപഗ്രഥിച്ചുമാണ് കമ്മീഷൻ ഉത്തരവുകൾ തയ്യാറാക്കുന്നത്.

**ഓൺലൈൻ പരാതി സംവിധാനം**

ഓൺലൈൻ കംപ്ലയിന്റ് മാനേജ്മെന്റ് സംവിധാനം 2023 ഏപ്രിൽ 5-ന് സംസ്ഥാന ബാലാവകാശ കമ്മീഷൻ നടപ്പിലാക്കി. ബാലാവകാശ ലംഘനങ്ങളും പിഴവുകളും സംബന്ധിച്ച പരാതികളിന്മേൽ വേഗത്തിൽ പരിഹാരം കാണുകയാണ് ഓൺലൈൻ കംപ്ലയിന്റ് മാനേജ്മെന്റ് സിസ്റ്റത്തിലൂടെ ലക്ഷ്യമിടുന്നത്. പരാതികളിന്മേൽ ഓൺലൈനായി www.childrights.kerala.gov.in-ൽ നേരിട്ടോ www.kescpcr.kerala.gov.in online services ലിങ്ക് മുഖേനയോ കമ്മീഷനെ വിവരം അറിയിക്കാം. പരാതിയോടൊപ്പം ഡിജിറ്റൽ തെളിവുകളും ഓൺലൈനായി അയയ്ക്കാൻ സംവിധാനമുണ്ട്. കംപ്ലയിന്റ് രജിസ്ട്രേഷൻ പൂർത്തിയാകുമ്പോൾ അപേക്ഷകന്റെ മൊബൈലിൽ ലഭിക്കുന്ന കംപ്ലയിന്റ് നമ്പർ ഉപയോഗിച്ച് പരാതിയിന്മേൽ കമ്മീഷൻ സ്വീകരിച്ച തുടർനടപടികൾ അറിയിക്കാൻ സാധിക്കും. ഓൺലൈൻ കംപ്ലയിന്റ് മാനേജ്മെന്റ് സിസ്റ്റത്തിൽ ഡാഷ് ബോർഡിൽ നിന്നും പരാതി തീർപ്പാക്കലുമായി ബന്ധപ്പെട്ട മുഴുവൻ സ്ഥിതിവിവര കണക്കും കമ്മീഷന് വിലയിരുത്തി മുന്നോട്ടു പോകാനും സംവിധാനമുണ്ട്.

**കമ്മീഷന്റെ വിലാസം**

സെക്രട്ടറി, കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ,
റ്റി.സി.27/2980, ശ്രീ ഗണേഷ്, വാൻറോസ് ജംഗ്ഷൻ,
ബേക്കറി ജംഗ്ഷന് സമീപം, തിരുവനന്തപുരം-695 034
ഫോൺ നമ്പർ: 04712326603/2326604/2326605
ഇമെയിൽ: childrights.cpcr@kerala.gov.in



# നിയമപദപരിചയം

# LEGAL TERMINOLOGY

# നിയമപദപരിചയം

| | | |
|---|---|---|
| Authenticate | - | പ്രമാണീകരിക്കുക, സാധുവെന്ന് സ്ഥാപിക്കുക |
| Bona vacantia | - | ഉടമസ്ഥനില്ലാത്ത ചരക്ക് |
| Clandestine | - | രഹസ്യമായ, ഗൂഢമായ |
| Desuetude | - | നിഷ്ക്രിയത്വം,<br>ഉപയോഗിക്കാതിരിക്കൽ, നിരുപയോഗസ്ഥിതി |
| Indemnify | - | നഷ്ടോത്തരവാദം ചെയ്യുക |
| Interlineation | - | വരികൾക്കിടയിൽ എഴുതി ചേർക്കുന്നത് |
| Moiety | - | പകുതി ഓഹരി |
| Obfuscate | - | ദുർഗ്രഹമാക്കുക |
| Opprobrium | - | അപലപനീയമായ |
| Per incuriam | - | തെറ്റായ വിധി; തെറ്റായ ധാരണയിൽ നിന്നുണ്ടായ വിധി |
| Quasi | - | പോലെയുള്ള, ചില കാര്യങ്ങളിൽ സാദൃശ്യമുള്ള |
| Receptacle | - | പാത്രം |
| Sub Modo | - | വ്യവസ്ഥകൾക്കും പരിമിതികൾക്കും വിധേയമായി |
| Tenuous evidence | - | ദുർബലമായ തെളിവ് |
| Uberrima fides | - | ഉത്തമ വിശ്വാസത്തിലുള്ള |
| Volition | - | ഇച്ഛാശക്തി പ്രയോഗിക്കൽ |




# നിയമ സൂക്തങ്ങൾ
# (ലീഗൽ മാക്സിമുകൾ)



# നിയമ സൂക്തങ്ങൾ
# (ലീഗൽ മാക്സിമുകൾ)

1. **Bona fides non patitur ut bis idem exigatur:**

   *Good faith does not allow payment to be exacted twice for the same thing.*
   ഒരേ കാര്യത്തിന് രണ്ടുതവണ പണം ഈടാക്കാൻ ഉത്തമവിശ്വാസം അനുവദിക്കുന്നില്ല.

2. **Dura lex sed lex:**

   *The law is hard, but it is the law.*
   നിയമം കഠിനമാണ്, പക്ഷേ അതാണ് നിയമം

3. **Incivile est, nisi tota sententia inspecta, de aliqua parte judicare:**

   *It is improper to give an opinion on any part of a passage without examining the whole.*
   ഒരു ഖണ്ഡിക മുഴുവൻ പരിശോധിക്കാതെ ഏതെങ്കിലും ഒരു ഭാഗത്തെ കുറിച്ച് അഭിപ്രായം പറയുന്നത് അനുചിതമാണ്.

4. **Lata culpa dolo aequiparatur:**

   *Gross negligence is equivalent to fraud.*
   കടുത്ത ഉപേക്ഷ വഞ്ചനയ്ക്ക് തുല്യമാണ്.

5. **Nul prendra advantage de son tort demesne:**

   *No one shall take advantage of his own wrong.*
   സ്വന്തം തെറ്റിൽ നിന്നും ആരും മുതലെടുക്കുവാൻ പാടുള്ളതല്ല.

6. **Pendente lite nihil innovetur:**

   *During litigation, let nothing be changed.*
   വ്യവഹാരം നിലനിൽക്കുമ്പോൾ ഒന്നിനും മാറ്റം വരുത്തുവാൻ പാടുള്ളതല്ല

7. **Qui prior est tempore potior est jure:**

   *The person who is prior in time is stronger in right.*
   സമയക്രമ പ്രകാരം ആദ്യം വരുന്ന വ്യക്തിയായിരിക്കും അവകാശങ്ങളുടെ കാര്യത്തിൽ കൂടുതൽ ശക്തൻ

8. **Quod constat curiae, opere testium non indiget:**

*What appears true to the court needs not the help of witnesses.*

കോടതിക്ക് സത്യമാണെന്ന് തോന്നുന്ന കാര്യങ്ങൾക്ക് സാക്ഷികളുടെ സഹായം ആവശ്യമില്ല.

9. **Si plures sint fidejussores, quotquot erunt numero, singuli in solidum tenentur:**

*If there are more sureties than one, however many they will be in number, they are individually liable for the whole.*

ഒന്നിൽ കൂടുതൽ ജാമ്യക്കാർ ഉണ്ടെങ്കിൽ, അവർ എത്ര പേരുണ്ടായാലും, അവർ ഓരോരുത്തരും വ്യക്തിഗതമായി  മുഴുവൻ തുകയ്ക്കും ബാധ്യസ്ഥരായിരിക്കും.

10. **Transgressione multiplicata, crescat poenae inflictio:**

*When transgression is repeated, let the infliction of punishment be increased*

ലംഘനം ആവർത്തിക്കപ്പെടുമ്പോൾ,  നൽകുന്ന ശിക്ഷയും വർദ്ധിപ്പിക്കണം.




(ഉദ്യോഗസ്ഥഭരണപരിഷ്ക്കാര (ഔദ്യോഗികഭാഷ)വകുപ്പ്
പ്രസിദ്ധീകരിച്ച കൈപ്പുസ്തകത്തിൽ നിന്നും)

കസ്റ്റംസ്

കസ്റ്റംസ് ഇൻസ്പെക്ടർ

കസ്റ്റംസ് ഓഫീസർ

കസ്റ്റംസ്
ഡ്യൂട്ടി

കളക്ടർ

കളക്ട്രേറ്റ്

കറൻസി

കറൻസിനോട്ട്

കാബിനറ്റ്

കൃതാർത്ഥത

കൃത്രിമം

കെമിക്കൽ എക്സാമിനർ

കെമിക്കൽ ലബോറട്ടറി

കേഡർ

കേഡറ്റ്

കേണൽ

കേമത്തം

കേരളമുഖ്യമന്ത്രി

കേരളസർക്കാർ

കാബിനറ്റ് സെക്രട്ടറി
കാരാഗൃഹം
കാര്യസ്ഥൻ
കാലാകാലം
കാല്പാട്
കാഷ്യർ
കാസ്റ്റിങ് വോട്ട്
കാറ്റലോഗ്
കീബോർഡ്
കീഴ്ക്കോടതി
കുടിശ്ശിക
കുത്തക
കുളിർമ്മ
കുറയ്ക്കുക
കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്
കോൺസുലർ അറ്റാഷേ
കോൺസ്റ്റബിൾ
കോർപ്പറേഷൻ
കോളേജ്
കോഴിക്കോട്
കൗൺസലർ (counsellor)
കൗൺസിലർ (councillor)
കൗൺസിൽ
ക്യാമ്പ് ഓഫീസർ
ക്യാഷ് കൗണ്ടർ
ക്യാഷ് മെമ്മോ
ക്രിമിനൽക്കേസ്
ക്രിമിനൽക്കോഡ്

കേരളസംസ്ഥാനം
കേസ്
കൈത്തൊഴിൽ
കൈപ്പട
കൈമാറ്റം
കൈയക്ഷരം
കൈയാങ്കളി
കൈയിൽ
കൈയെഴുത്ത്
കൈയേറ്റം
കൈയൊപ്പ്
കൊറിയർ
കോൺട്രാക്ടർ
ക്വാറി
ഖണ്ഡം
ഗദ്ഗദം
ഗവേഷക
ഗവേഷകൻ
ഗസറ്റഡ് ഓഫീസർ
ഗസറ്റിയർ
ഗസ്റ്റ്
ഗാരന്റി
ഗാർഡ് ബുക്ക്
ഗീതഗോവിന്ദം
ഗുരുത്വം
ഗൂഢാലോചന
ഗൃഹം
ഗൃഹപ്രവേശം

ക്രിസ്മസ്
ക്രീമിലെയർ സർട്ടിഫിക്കറ്റ്
ക്രെഡിറ്റ് കാർഡ്
ക്രൈംബ്രാഞ്ച്
ക്രോഡീകരിക്കുക
ക്ലാസ്സ്
ക്ലിനിക്കൽ ലബോറട്ടറി
ക്ലിപ്തം
ക്ലിയറിങ് ഹൗസ്
ഘെരാവോ
ചരിവ്
ചർമ്മം
ചലച്ചിത്രം
ചാതുർവർണ്യം
ചാരിതാർത്ഥ്യം
ചാർട്ടർ
ചാർട്ടേർഡ് അക്കൗണ്ടന്റ്
ചിതൽ
ചിന്നം
ചിഹ്നം
ചീഫ് എഡിറ്റർ
ചീഫ് ജസ്റ്റിസ്
ചീഫ് ജു
ഡീഷ്യൽ മജിസ്ട്രേറ്റ്
ചീഫ് ടൗൺ പ്ലാനർ
ചീഫ് സെക്രട്ടറി
ചുമതലബോധം
ചെലവ്
ചേംബർ

ഗൃഹസ്ഥൻ
ഗോഷ്ഠി
ഗ്യാസ് കണക്ഷൻ
ഗ്രഹം
ഗ്രാഫിക് അസിസ്റ്റന്റ്
ഗ്രൂപ്പ്കമാൻഡർ
ഗ്രേഡ്
ഗ്രൗണ്ട് ട്രാഫിക് കൺട്രോളർ
ജട
ജഡം
ജഡ്ജി
ജനറൽ എഡിറ്റർ
ജനറൽ ഡയറി
ജനറൽ മാനേജർ
ജനറൽ സർക്കുലർ
ജനുവരി
ജന്മിത്തം
ജാഡ്യം
ജാത്യാ
ജാമ്യബോണ്ട്
ജില്ലാ കളക്ടർ
ജില്ലാ മജിസ്ട്രേറ്റ്
ജില്ലാ മാനേജർ
ജില്ലാ മെ

ഡിക്കൽ ഓഫീസർ
ജില്ലാ സമിതി
ജില്ലാ സെഷൻസ് കോടതി

ചൊല്പടി

ഛായാഗ്രഹണം

ഛിന്നം

ജങ്ഷൻ

ടച്ച്സ്ക്രീൻ

ടിപ്പണി

ടൂർണ്ണമെന്റ്

ടെൻഡർ

ടെലിപ്രിന്റർ

ടെലിഫോൺ

ടെലിവിഷൻ

ടൈപ്പ്റൈറ്റർ

ടൗൺപ്ലാനർ

ട്രഷറർ

ട്രഷറി

ട്രസ്റ്റ്

ട്രസ്റ്റ് ബോർഡ്

ട്രാൻസിറ്റ് രജിസ്റ്റർ

ട്രാൻസ്ജെൻഡർ

ട്രാൻസ്ഫോമർ

ട്രാഫിക് പോലീസ്

ട്രിബ്യൂണൽ

ട്രെയിൻ

ട്രോഫി

ട്രോളിങ് നിരോധനം

ഡയറക്ടർ

ഡയറക്ടർ ജനറൽ

ജില്ലാ സെഷൻസ് ജഡ്ജി

ജീവച്ഛവം

ജു
ഡീഷ്യൽ മജിസ്ട്രേറ്റ്

ജുനിയർ ക്ലാർക്ക്

ജ്യേഷ്ഠൻ

ഡയറക്ടറി

ഡയറക്ട്രേറ്റ്

ഡിക്രി

ഡിപ്ലോ

ഡിവിഷണൽ അക്കൗണ്ടന്റ്

ഡിവിഷൻ ബഞ്ച്

ഡിസൈനർ

ഡെപ്യൂട്ടി കളക്ടർ



# നിയമലോകം

## 2018-നും 2023-നും ഇടയിൽ നിയമിതരായ ഹൈക്കോടതി ജഡ്ജിമാരിലെ എസ്. സി, എസ്. ടി, പിന്നോക്ക പ്രാതിനിധ്യം

നിയമ മന്ത്രാലയം ഡാറ്റ

2018-നും 2023-നും ഇടയിൽ നിയമിതരായ 650 ഹൈക്കോടതി ജഡ്ജിമാരിൽ 492 പേരും ജനറൽ വിഭാഗത്തിൽപ്പെട്ടവരാണെന്ന് കേന്ദ്ര നിയമനീതി മന്ത്രി നൽകിയ വിവരങ്ങൾ കാണിക്കുന്നു (75.69%). ഇക്കാലയളവിൽ നിയമിക്കപ്പെട്ട ഹൈക്കോടതി ജഡ്ജിമാരിൽ 23 പേർ പട്ടികജാതി വിഭാഗത്തിൽ നിന്നും 10 പേർ പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നും 76 പേർ മറ്റ് പിന്നാക്ക വിഭാഗങ്ങളിൽ നിന്നും 36 പേർ മതന്യൂനപക്ഷങ്ങളിൽ നിന്നുമാണ്.

എസ്. സി., എസ്. ടി., ഒ. ബി. സി., ന്യൂനപക്ഷ പ്രാതിനിധ്യം യഥാക്രമം 3.54 ശതമാനം, 1.54 ശതമാനം, 11.7 ശതമാനം, 5.54 ശതമാനം എന്നിങ്ങനെയാണ് (മൊത്തം ഏകദേശം 22.24%). 13 ജഡ്ജിമാരുടെ വിവരങ്ങൾ ലഭ്യമല്ലെന്ന് മന്ത്രാലയം അറിയിച്ചു.

ബഹു. രാജ്യസഭാ എം. പി. ഡോ. ജോൺ ബ്രിട്ടാസ് ഉന്നയിച്ച ചോദ്യങ്ങൾക്ക് മറുപടിയായാണ് ബഹു. കേന്ദ്ര. നിയമമന്ത്രി അർജുൻ റാം മേഘ്വാൾ ഈ വിവരം നൽകിയത്. ഹയർ ജുഡീഷ്യറിയിലെ സ്ത്രീ പ്രാതിനിധ്യം സംബന്ധിച്ച വിവരങ്ങളും

മന്ത്രി നൽകി. നിലവിൽ സുപ്രീം കോടതിയിലും ഹൈക്കോടതിയിലും ജോലി ചെയ്യുന്ന 824 ജഡ്ജിമാരിൽ 111 പേർ സ്ത്രീകളാണ് (ഏകദേശം 13.5%).

ജഡ്ജിമാരെ നിയമിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ അയയ്ക്കുമ്പോൾ, ഹൈക്കോടതികളിലെ ജഡ്ജിമാരുടെ നിയമനത്തിൽ സാമൂഹിക വൈവിധ്യം ഉറപ്പാക്കാൻ പട്ടികജാതി, പട്ടികവർഗ്ഗ, മറ്റ് പിന്നാക്ക വിഭാഗങ്ങൾ, ന്യൂനപക്ഷങ്ങൾ, സ്ത്രീകൾ എന്നിവരിൽപ്പെടുന്ന യോഗ്യരായ ഉദ്യോഗാർത്ഥികൾക്ക് അർഹമായ പരിഗണന നൽകണമെന്ന് ഹൈക്കോടതികളിലെ ചീഫ് ജസ്റ്റിസുമാരോട് അഭ്യർത്ഥിച്ചിട്ടുണ്ടെന്ന് നിയമ മന്ത്രാലയം വ്യക്തമാക്കി.

കൊളീജിയം സംവിധാനം വഴി ഹൈക്കോടതികളിലേക്കും സുപ്രീം കോടതികളിലേക്കും ജഡ്ജിമാരെ നിയമിക്കുന്ന നിലവിലെ സമ്പ്രദായത്തിൽ, എസ്. സി., എസ്. ടി., ഒ. ബി. സി., സ്ത്രീകൾ, ന്യൂനപക്ഷങ്ങൾ എന്നിവയുൾപ്പെടെ സമൂഹത്തിലെ എല്ലാ വിഭാഗക്കാർക്കും സാമൂഹിക വൈവിധ്യവും പ്രാതിനിധ്യവും നൽകേണ്ട ബാധ്യത പ്രാഥമികമായി ജുഡീഷ്യറിയിലാണെന്നും നിയമ മന്ത്രാലയം വ്യക്തമാക്കി.

കൊളീജിയവുമായി ആലോചിച്ച് പുതുക്കിയ മെമ്മോറാണ്ടം ഓഫ് പ്രൊസീജ്യർ (എം. ഒ. പി.) സർക്കാർ അന്തിമമാക്കുകയാണെന്നും നിയമ മന്ത്രാലയം അറിയിച്ചു. പുതുക്കിയ എം. ഒ. പി. മെറിറ്റ് അടിസ്ഥാനമാക്കിയുള്ളതും സ്ത്രീകൾക്കും പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾക്കും പ്രാതിനിധ്യം ഉറപ്പാക്കുന്നതും ആയിരിക്കും എന്ന് നിയമ മന്ത്രാലയം പറയുന്നു.

## വിചാരണ കോടതികളെ കീഴ്ക്കോടതികൾ എന്ന് അഭിസംബോധന ചെയ്യരുത്

വിചാരണ കോടതികളെ കീഴ്ക്കോടതികൾ എന്ന് അഭിസംബോധന ചെയ്യരുതെന്ന് സുപ്രീം കോടതി അതിന്റെ രജിസ്ട്രിയോട് കർശനമായി ആവശ്യപ്പെട്ടു. വിചാരണ കോടതിയുടെ രേഖകളെ പോലും "ലോവർ കോർട്ട് റെക്കോർഡ്" (എൽ. സി. ആർ.) എന്ന് വിളിക്കരുത്, പകരം "ട്രയൽ കോർട്ട് റെക്കോർഡ്" (ടി. സി. ആർ) എന്ന് വിളിക്കണം. ഒരു ക്രിമിനൽ അപ്പീൽ (സഖാവത്ത് v. ഉത്തർപ്രദേശ് സംസ്ഥാനം, 2024 LiveLaw (SC) 103) പരിഗണിക്കവെയാണ് ജസ്റ്റിസുമാരായ അഭയ് എസ് ഓക, ഉജ്ജൽ ഭൂയാൻ എന്നിവരുടെ ഡിവിഷൻ ബെഞ്ച് ഈ ഉത്തരവ് പുറപ്പെടുവിച്ചത്.

ഇതിനെ തുടർന്ന്, വിചാരണ കോടതിയുടെ രേഖകളെ "ലോവർ കോർട്ട് റെക്കോർഡ്" (എൽ. സി. ആർ) എന്നതിനുപകരം "ട്രയൽ കോർട്ട് റെക്കോർഡ" (ടി. സി. ആർ.) എന്ന് വിളിക്കണമെന്നത് എല്ലാ ജീവനക്കാരെയും അംഗങ്ങളെയും അറിയിക്കാൻ ബഹു. കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസ് എ. ജെ. ദേശായി ഹൈക്കോടതി രജിസ്ട്രിയോട് നിർദ്ദേശിച്ചു. ലാ കമ്മീഷൻ ഓഫ് ഇന്ത്യയുടെ

18-ാം റിപ്പോർട്ട് നൽകിയ ശിപാർശയുടെ അടിസ്ഥാനത്തിൽ രജിസ്ട്രാർ (സബോർഡിനേറ്റ് ജുഡീഷ്യറി) തസ്തികയെ രജിസ്ട്രാർ (ജില്ലാ ജുഡീഷ്യറി) എന്ന് പുനർനാമകരണം ചെയ്യുകയും ചെയ്തു.

## സംസ്ഥാനത്തെ മജിസ്ട്രേറ്റ് കോടതി മുമ്പാകെ തീരുമാനമാകാതെ കിടക്കുന്ന പെറ്റിക്കേസുകളുടെ എണ്ണം കുറക്കുന്നതിനുള്ള നിർദ്ദേശങ്ങൾ

ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ 22.08.23-ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്വമേധയാ നടപടിയെടുത്ത് (ഒറിജിനൽ ഹർജി (ക്രിമിനൽ)) ബഹുമാനപ്പെട്ട ചീഫ് ജസ്റ്റിസ്സിന്റെ നിർദ്ദേശപ്രകാരം ജഡ്ജിമാരായ എ. കെ. ജയശങ്കരൻ നമ്പ്യാർ, കൗസർ എടപ്പഗത് എന്നിവർ നിരവധി മജിസ്ട്രേറ്റ് കോടതികളിൽ തീരുമാനമാകാതെ കിടക്കുന്ന പെറ്റികേസുകളുടെ എണ്ണം കുറയ്ക്കുന്നതിനുവേണ്ടി 05/12/2023-ലെ വിധിയിലൂടെ നിർദ്ദേശങ്ങൾ നൽകി.

പെറ്റികേസുകളിൽ പ്രതിയെ കണ്ടുപിടിക്കാൻ കഴിവിന്റെ പരമാവധി ശ്രമിച്ചിട്ടും സാധിച്ചിട്ടില്ല എന്ന് അസന്നിഗ്ദ്ധമായ റിപ്പോർട്ട് പ്രോസിക്യൂഷൻ ഫയൽ ചെയ്ത്, അത് ശരിയാണെന്ന് ബോദ്ധ്യപ്പെടുന്ന പക്ഷം, അല്ലെങ്കിൽ, പ്രതിയെ ബന്ധപ്പെട്ട കോടതിയിൽ ഹാജരാക്കുന്നതിനുള്ള ചിലവ് അയാൾക്ക് പരമാവധി കൊടുക്കാവുന്ന പിഴ സംഖ്യയിലും എത്രയോ അധികമാണെങ്കിലും, ഇതിലേതെങ്കിലും ഒന്ന് ബോദ്ധ്യപ്പെടുന്ന പക്ഷം, ക്രിമിനൽ നടപടിക്രമത്തിന്റെ 258-ാം വകുപ്പ് പ്രകാരം നടപടികൾ നിർത്തിവെച്ചുകൊണ്ട് മജിസ്ട്രേറ്റിന് ഉത്തരവിടാം.

പരാതിയിന്മേൽ ഉത്ഭവിച്ചതല്ലാത്ത സമൻസ് കേസുകളല്ലാത്തവയും പെറ്റി കേസുകളുടെ ഗണത്തിൽപ്പെടാത്തവയും ആയ കേസുകളിൽ മേൽ പറഞ്ഞ രണ്ടു കാര്യങ്ങളും ബോദ്ധ്യപ്പെടുന്ന പക്ഷം, മേൽപറഞ്ഞപോലെ ഉത്തരവിടാവുന്നതാണ്.

ഒരു സമൻസ് കേസിൽ പ്രതിയെ ബന്ധപ്പെട്ട മജിസ്ട്രേറ്റ് മുമ്പാകെ ഹാജരാക്കാനുള്ള ബുദ്ധിമുട്ട് പ്രോസിക്യൂഷൻ പ്രകടിപ്പിക്കുന്ന കേസുകളിൽ മാത്രമാണ് ഇത്തരത്തിൽ ചെയ്യാൻ സാധിക്കുന്നതെന്നും വ്യക്തമാക്കി.

## കേരള ഹൈക്കോടതിക്ക് മൂന്ന് പുതിയ അഡീഷണൽ ജഡ്ജിമാർ

2023 ഒക്ടോബർ 25-ന് രാവിലെ നടന്ന സത്യപ്രതിജ്ഞാ ചടങ്ങിൽ സർവ്വശ്രീ. ജോൺസൺ ജോൺ, ഗോപിനാഥൻ യു. ഗിരീഷ്, സി. പ്രതീപ്കുമാർ എന്നിവർ ഹൈക്കോടതി അഡീഷണൽ ജഡ്ജിമാരായി സത്യപ്രതിജ്ഞ ചെയ്തു.

ജസ്റ്റിസ് ജോൺസൺ ജോൺ1988-ൽ അഭിഭാഷകനായി എൻറോൾ ചെയ്തു. 1995-ൽ മുൻസിഫ് മജിസ്ട്രേറ്റായി ജുഡീഷ്യൽ സർവ്വീസിൽ പ്രവേശിച്ചു. പിന്നീട് ജില്ലാ ജഡ്ജിയായി സ്ഥാനക്കയറ്റം ലഭിച്ചു. കൽപ്പറ്റ പ്രിൻസിപ്പൽ ജില്ലാ ജഡ്ജിയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്.










ജോൺസൺ ജോൺ ഗോപിനാഥൻ യു. ഗിരീഷ് സി. പ്രതീപ്കുമാർ

ജസ്റ്റിസ് ഗോപിനാഥൻ യു. ഗിരീഷ് 1990-ൽ അഭിഭാഷകനായി എൻറോൾ ചെയ്തു. 1997ൽ മുൻസിഫ് മജിസ്ട്രേറ്റായി ജുഡീഷ്യൽ സർവ്വീസിൽ പ്രവേശിച്ചു. 2014-ൽ ജില്ലാ ജഡ്ജിയായി സ്ഥാനക്കയറ്റം ലഭിച്ചു. തലശ്ശേരിയിലും തൃശ്ശൂരിലും പ്രിൻസിപ്പൽ ജില്ലാ ജഡ്ജിയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്.

ജസ്റ്റിസ് സി. പ്രതീപ്കുമാർ 1989-ൽ അഭിഭാഷകനായി എൻറോൾ ചെയ്തു. 1996ൽ മുൻസിഫ് മജിസ്ട്രേറ്റായി ജുഡീഷ്യൽ സർവ്വീസിൽ പ്രവേശിച്ചു. 2014-ൽ ജില്ലാ ജഡ്ജിയായി സ്ഥാനക്കയറ്റം ലഭിച്ചു. തലശ്ശേരിയിലും കോഴിക്കോട്ടും പ്രിൻസിപ്പൽ ജില്ലാ ജഡ്ജിയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്.

## നീതിന്യായ വിതരണ സംവിധാനം ശക്തിപ്പെടുത്തുന്നതിന് അഖിലേന്ത്യാ ജുഡീഷ്യൽ സർവ്വീസ് പ്രധാനമാണ്, എന്നാൽ നിലവിൽ സമവായമില്ല

നിയമ മന്ത്രാലയം

അഖിലേന്ത്യ ജുഡീഷ്യൽ സർവ്വീസ് സംബന്ധിച്ച നിർദ്ദേശത്തിൽ ബന്ധപ്പെട്ട ആളുകൾക്കിടയിൽ നിലവിൽ അഭിപ്രായ സമന്വയമില്ലെന്ന് നിയമ മന്ത്രാലയം വ്യക്തമാക്കി. ബഹു. രാജ്യസഭ എം. പി രാജീവ് ശുക്ല ഉന്നയിച്ച ചോദ്യത്തിന് നൽകിയ മറുപടിയിൽ ആയിരുന്നു ഈ വിവരം പറഞ്ഞത്. കേന്ദ്ര ഗവൺമെന്റിന്റെ

വീക്ഷണത്തിൽ, നീതിന്യായ വിതരണ സംവിധാനത്തെ ശക്തിപ്പെടുത്തുന്നതിന് ശരിയായി രൂപപ്പെടുത്തിയ അഖിലേന്ത്യാ ജുഡീഷ്യൽ സർവ്വീസ് പ്രധാനമാണ്.

അഖിലേന്ത്യാ മെറിറ്റ് സെലക്ഷൻ സംവിധാനത്തിലൂടെ തെരഞ്ഞെടുക്കപ്പെട്ട യോഗ്യതയുള്ള പുതിയ നിയമ പ്രതിഭകളെ ഉൾപ്പെടുത്തുന്നതിനും സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾക്ക് അനുയോജ്യമായ പ്രാതിനിധ്യം പ്രാപ്തമാക്കുന്നതിലൂടെ സാമൂഹിക ഉൾപ്പെടുത്തൽ ഉറപ്പാക്കുന്നതിനും ഇത് അവസരമൊരുക്കുമെന്ന് അദ്ദേഹം പറഞ്ഞു.

2013 ഏപ്രിലിൽ നടന്ന മുഖ്യമന്ത്രിമാരുടെയും ഹൈക്കോടതി ചീഫ് ജസ്റ്റിസുമാരുടെയും സമ്മേളനത്തിൽ ഈ നിർദ്ദേശം അജണ്ട ഇനമായി ഉൾപ്പെടുത്തിയതായി നിയമ മന്ത്രാലയം വ്യക്തമാക്കി. വിഷയത്തിൽ കൂടുതൽ ചർച്ചകൾ വേണമെന്നും സംസ്ഥാന സർക്കാരുകളുടേയും ഹൈക്കോടതികളുടേയും അഭിപ്രായം ഇക്കാര്യത്തിൽ തേടണമെന്നും സമ്മേളനത്തിൽ തീരുമാനിച്ചു. ചില സംസ്ഥാന സർക്കാരുകളും ഹൈക്കോടതികളും ഈ നിർദ്ദേശത്തെ അനുകൂലിച്ചപ്പോൾ മറ്റു ചിലർ ഓൾ ഇന്ത്യ ജുഡീഷ്യൽ സർവീസ് സൃഷ്ടിക്കുന്നതിനെ അനുകൂലിച്ചിരുന്നില്ല, വേറെ ചിലർ കേന്ദ്രസർക്കാർ രൂപീകരിച്ച നിർദ്ദേശത്തിൽ മാറ്റം വരുത്തണമെന്ന് ആവശ്യപ്പെട്ടു.

ചീഫ് ജസ്റ്റിസുമാരുടെ സമ്മേളനത്തിലും (2015 ഏപ്രിൽ 3, 4 തീയതികളിൽ നടന്നത്) മുഖ്യമന്ത്രിമാരുടെയും ഹൈക്കോടതി ചീഫ് ജസ്റ്റിസുമാരുടെയും സംയുക്ത സമ്മേളനത്തിലും (2015 ഏപ്രിൽ 5-ന് നടന്നത്) പാർലമെന്ററി കൺസൾട്ടേറ്റീവ് കമ്മിറ്റിയുടെ യോഗത്തിലും (2017 മാർച്ചിൽ നടന്നത്) മുഖ്യമന്ത്രിമാരുടെയും ഹൈക്കോടതി ചീഫ് ജസ്റ്റിസുമാരുടെയും സംയുക്ത സമ്മേളനത്തിലും (2022 ഏപ്രിൽ 30-ന് നടന്നത്) ഈ നിർദ്ദേശം അജണ്ടയിൽ ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നു.

അടുത്തിടെ സുപ്രീം കോടതിയിൽ നടന്ന ഭരണഘടനാ ദിനാചരണത്തിന്റെ ഉദ്ഘാടന ചടങ്ങിൽ, അഖിലേന്ത്യാ ജുഡീഷ്യൽ സർവ്വീസ് സ്ഥാപിക്കുന്നതിനുള്ള ശിപാർശ ബഹു. രാഷ്ട്രപതി ദ്രൗപതി മുർമു മുന്നോട്ടുവച്ചു. ജഡ്ജിമാരാകാൻ നിയമ രംഗത്ത് നിന്നുള്ള കഴിവുള്ള വ്യക്തികളെ കണ്ടെത്തി പരിപോഷിപ്പിക്കുന്ന ഒരു സംവിധാനമാണ് രാഷ്ട്രപതി വിഭാവനം ചെയ്തത്. യുവാക്കളും കഴിവുള്ളവരും വിശ്വസ്തരുമായ വ്യക്തികളെ പിന്തുണയ്ക്കാനുള്ള ആഗ്രഹം പ്രകടിപ്പിച്ച രാഷ്ട്രപതി, ഐഎഎസ്, ഐപിഎസ് ഓഫീസർമാരാകാൻ അഖിലേന്ത്യാ പരീക്ഷയുള്ളതിനാൽ, ജുഡീഷ്യറിയിൽ സേവനമനുഷ്ഠിക്കാൻ ആഗ്രഹിക്കുന്നവർക്കും അതേ പോലുള്ള അവസരം നൽകണമെന്ന് പ്രസ്താവിച്ചു. 1976-ലെ 42-ാം ഭരണഘടനാ ഭേദഗതിയിലൂടെയാണ് എ.ഐ.ജെ.എസിനുള്ള വ്യവസ്ഥ ഭരണഘടനയിൽ ചേർത്തത്. ജില്ലാ ജഡ്ജി തലത്തിൽ എ. ഐ. ജെ. എസ് സൃഷ്ടിക്കാൻ പ്രാപ്തമാക്കുന്ന വിധത്തിൽ അത് 312-ാം അനുച്ഛേദത്തിൽ കൂട്ടിച്ചേർക്കൽ വരുത്തി.

# വിജ്ഞാന ലോകം



- അന്താരാഷ്ട്ര നീതിന്യായ കോടതിയുടെ ആദ്യത്തെ വനിത ജഡ്ജി

  **ഡോ. റൊസാലിൻ ഹിഗ്ഗിൻസ്**

- സ്വകാര്യതക്കുള്ള അവകാശം ഏതു മൗലികാവകാശത്തിൻ കീഴിൽ വരുന്നതാണ്

  **അനുച്ഛേദം 21**

- ഇന്ത്യയുടെ ആദ്യത്തെ അറ്റോർണി ജനറൽ

  **എം. സി. സെതാൽവാഡ്**

- ഇന്ത്യൻ ഭരണഘടനയുടെ 51 എ അനുച്ഛേദത്തിൽ എത്ര മൗലികകടമകളെ പറ്റി പറഞ്ഞിട്ടുണ്ട്

  **11**

- സുപ്രീംകോടതിയിലെ ആദ്യത്തെ വനിതാ ജഡ്ജ്

  **ജസ്റ്റിസ് ഫാത്തിമാബീവി**

- സ്വതന്ത്രഭാരതത്തിലെ ആദ്യത്തെ നിയമമന്ത്രി

  **ഡോ. ബി. ആർ. അംബേദ്കർ**

- സുപ്രീംകോടതിയിലെ 50-ാമത് ചീഫ് ജസ്റ്റിസ്

  **ജസ്റ്റിസ് ഡി. വൈ. ചന്ദ്രചൂഢ്**

- ഭരണഘടനയുടെ 104-ാം ഭേദഗതി ഏതിനെ സംബന്ധിച്ചാണ്

  **334-ാം അനുച്ഛേദം**

- ഏറ്റവും ചെറിയ സമയം സുപ്രീംകോടതി ചീഫ് ജസ്റ്റിസായി ഇരുന്നത്

  **ജസ്റ്റിസ് കെ. എൻ. സിംഗ്**

- ഹൈക്കോടതിക്ക് സംസ്ഥാനത്തെ കീഴ്ക്കോടതികളെ നിയന്ത്രിക്കാനുള്ള അധികാരം നൽകുന്ന ഭരണഘടനാ അനുച്ഛേദം **235–ാം അനുച്ഛേദം**

- സുപ്രീംകോടതി ജഡ്ജിമാരുടെ വിരമിക്കൽ പ്രായം

  **65**

- രാജ്യത്തെ ഏറ്റവും ഉയർന്ന നിയമ ഉദ്യോഗസ്ഥൻ

  **അറ്റോർണി ജനറൽ**

- സുപ്രീം കോടതി ജഡ്ജിമാരുടെ നിയമനം സംബന്ധിച്ച് ശിപാർശകൾ നൽകുന്നത്

  **ജഡ്ജസിന്റെ കൊളീജിയം**

- എത്രതരം അടിയന്തിരാവസ്ഥകളെക്കുറിച്ചാണ് ഭരണഘടനയിൽ പറയുന്നത്

  **3**

- ഇന്ത്യൻ പ്രസിഡന്റ് ചുമതലയേൽക്കുമ്പോൾ സത്യവാചകം ചൊല്ലിക്കൊടുക്കുന്നത്

  **ഇന്ത്യയുടെ ചീഫ് ജസ്റ്റിസ്**

- എത്രതരത്തിലുള്ള റിട്ട്ഹർജികളെ കുറിച്ചാണ് ഭരണഘടനയിൽ പറയുന്നത്

  **5**

- ഇന്ത്യയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ റാഗിംഗ് നിർത്തലാക്കുന്നതിനും നിയന്ത്രിക്കുന്നതിനും വേണ്ട നടപടികളിന്മേൽ ശിപാർശ സമർപ്പിച്ച കമ്മിറ്റി

  **രാഘവൻ കമ്മിറ്റി**

- സൈബർ തീവ്രവാദം ഏതു നിയമപ്രകാരമുള്ള കുറ്റകൃത്യമാണ്

  **വിവര സാങ്കേതിക നിയമം**



## പതിനഞ്ചാം കേരളനിയമസഭയുടെ പത്താം സമ്മേളനങ്ങളിൽ അവതരിപ്പിച്ച ബില്ലുകളും അവയിൽ ആക്റ്റ് ആയവയും

### പതിനഞ്ചാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിൽ അവതരിപ്പിച്ചിട്ടുള്ള ബില്ലുകൾ

1. 2024-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ (ബിൽ നം.194)
2. 2024-ലെ കേരള ധനവിനിയോഗ ബിൽ (ബിൽ നം.192)
3. 2024-ലെ കേരള സംസ്ഥാന ചരക്കു സേവന നികുതി (ഭേദഗതി) ബിൽ (ബിൽ നം.189)
4. 2024-ലെ കേരള ധനകാര്യ ബിൽ (ബിൽ നം.193)
5. 2024-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ (ബിൽ നം.188)
6. 2024-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ (ബിൽ നം.187)

### പതിനഞ്ചാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിൽ അവതരിപ്പിച്ച ബില്ലുകളിൽ ആക്റ്റ് ആയവ

1. 2024-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ആക്റ്റ് (2024-ലെ 1)
2. 2024-ലെ കേരള ധനവിനിയോഗ ആക്റ്റ് (2024-ലെ 2)
3. 2024-ലെ കേരള സംസ്ഥാന ചരക്കു സേവന നികുതി (ഭേദഗതി) ആക്റ്റ് (2024ലെ 4)
4. 2024-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്റ്റ് (2024-ലെ 6)



# നിയമവകുപ്പ് വാർത്തകൾ

**'വാഗ്മി 2023' ഉത്തരമേഖലാതല മത്സരം സംഘടിപ്പിച്ചു**

ഭരണഘടനാദിനാഘോഷത്തിന്റെ ഭാഗമായി നിയമ (ഔദ്യോഗികഭാഷ പ്രസിദ്ധീകരണ സെൽ) വകുപ്പ് കോളേജ് വിദ്യാർത്ഥികൾക്കായി നടത്തിയ ഭരണഘടനാ പ്രസംഗ മത്സരം **'വാഗ്മി 2023'** ന്റെ ഉത്തരമേഖലാതല മത്സരം 2023 നവംബർ 21-ന് കോഴിക്കോട് ഗവ. ലാ കോളേജിൽ കോഴിക്കോട് മേയർ ഡോ. ബീന ഫിലിപ് ഉത്ഘാടനം ചെയ്തു. ഗവ ലോ കോളേജ് പ്രിൻസിപ്പൽ ശ്രീ. വിദ്യുത് കെ. എസ്. അദ്ധ്യക്ഷത വഹിച്ചു. അഡീഷണൽ നിയമ സെക്രട്ടറി ശ്രീമതി. എൻ ജ്യോതി, ജോയിന്റ് സെക്രട്ടറി ശ്രീ. കെ പ്രസാദ് എന്നിവർ സംസാരിച്ചു.



നിയമവകുപ്പ് റിട്ട. സ്പെഷ്യൽ സെക്രട്ടറി അഡ്വ. എം. കെ. സാദിഖ്, റിട്ട. സബ് ജഡ്ജ് ആൻഡ് അസിസ്റ്റന്റ് സെഷൻസ് ജഡ്ജ് ശ്രീ. രമേശൻ. എം, ജില്ലാ ഗവ. പ്ലീഡർ അഡ്വ. കെ. എൻ.ജയകുമാർ എന്നിവർ വിധികർത്താക്കളായ മത്സരത്തിൽ ആൻസി വി.എ (സെന്റ് ജോസഫ് കോളേജ്, ദേവഗിരി കോഴിക്കോട്), ഐറിൻ മേരി സജി (സെന്റ് മേരീസ് കോളേജ്,സുൽത്താൻ ബത്തേരി), അനുശ്രീ കെ. വി. (ഗവ. ബ്രണ്ണൻ കോളേജ് കണ്ണൂർ) എന്നിവർ ഫൈനലിലേക്ക് യോഗ്യത നേടി.

**"വാഗ്മി 2023" മധ്യമേഖലാതല മത്സരം മേയർ ഉദ്ഘാടനം ചെയ്തു**

ഭരണഘടനാദിനാഘോഷത്തിന്റെ ഭാഗമായി നിയമ (ഔദ്യോഗികഭാഷ പ്രസിദ്ധീകരണ സെൽ) വകുപ്പ് കോളേജ് വിദ്യാർത്ഥികൾക്കായി നടത്തിയ ഭരണഘടനാ പ്രസംഗ മത്സരം '**വാഗ്മി 2023**' ന്റെ മധ്യമേഖലാതല മത്സരം 2023 നവംബർ 24-ന് എറണാകുളം ഗവ.ലോ കോളേജിൽ കൊച്ചി കോർപ്പറേഷൻ മേയർ അഡ്വ. എം അനിൽകുമാർ ഉദ്ഘാടനം ചെയ്തു.



ഭരണഘടന സംരക്ഷിക്കേണ്ടത് നിയമ വിദ്യാർത്ഥികളുടെയോ നിയമ വിദഗ്ധരുടെയോ മാത്രം ഉത്തരവാദിത്വമല്ലെന്നും സാധാരണക്കാരായ നമ്മൾ ഓരോരുത്തരുമാണെന്നും പരിപാടി ഉദ്ഘാടനം ചെയ്തുകൊണ്ട് മേയർ പറഞ്ഞു. ഗവ. ലോ കോളേജ് പ്രിൻസിപ്പൽ ഡോ. ബിന്ദു നമ്പ്യാർ അധ്യക്ഷത വഹിച്ച ചടങ്ങിൽ നിയമവകുപ്പ് അഡീഷണൽ നിയമസെക്രട്ടറി ശ്രീമതി. എൻ. ജ്യോതി, ജോയിന്റ് സെക്രട്ടറി ശ്രീ. കെ. പ്രസാദ് എന്നിവർ പങ്കെടുത്തു.

റിട്ട. ഡിസ്ട്രിക്ട് ജഡ്ജ് ശ്രീ. വി. ദിലീപ്, നിയമവകുപ്പ് റിട്ട. അഡീഷണൽ നിയമസെക്രട്ടറി ശ്രീ. പി. ഒ ജോസ്, അഡീഷണൽ. ഗവ. പ്ലീഡർ അഡ്വ. സി. കെ സജീവ്

എന്നിവർ വിധികർത്താക്കളായ മത്സരത്തിൽ ലീനു കെ ജോസ്, (പാലാ അൽഫോൻസ കോളേജ്), ശ്രീരാജ് (കളമശ്ശേരി സെന്റ് പോൾസ് കോളേജ്), പി. എസ് മരിയ (സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ്, കുസാറ്റ് ) എന്നിവർ ഫൈനലിലേക്ക് യോഗ്യത നേടി.

### "വാഗ്മി 2023" ദക്ഷിണമേഖലാതല മത്സരം സംഘടിപ്പിച്ചു

സംസ്ഥാന നിയമ (ഔദ്യോഗികഭാഷാ - പ്രസിദ്ധീകരണ സെൽ) വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഭരണഘടനാദിനാഘോഷത്തോടനുബന്ധിച്ച് സംഘടിപ്പിച്ച ഭരണഘടനാ പ്രസംഗമത്സരമായ **'വാഗ്മി2023'**ന്റെ ദക്ഷിണമേഖലാതല മത്സരത്തിന്റെ ഉദ്ഘാടനം നിയമസെക്രട്ടറി ശ്രീ. കെ. ജി. സനൽ കുമാർ നിർവഹിച്ചു. ഭരണഘടനയെ സംബന്ധിച്ചുള്ള അവബോധം രാജ്യത്തിലെ എല്ലാ പൗരന്മാർക്കും ആവശ്യമാണെന്ന് നിയമസെക്രട്ടറി പറഞ്ഞു. ഭരണഘടനാദിനത്തോടനുബന്ധിച്ച് രണ്ടാഴ്ച നീളുന്ന പരിപാടികളാണ് സംഘടിപ്പിച്ചിരിക്കുന്നത്.




2023 നവംബർ 27-ന് കേരള സർവകലാശാല കാര്യവട്ടം ക്യാമ്പസിൽ നടന്ന പരിപാടിയിൽ കേരള സർവകലാശാല നിയമവകുപ്പ് മേധാവി ഡോ. സിന്ധു തുളസീധരൻ അധ്യക്ഷത വഹിച്ചു. അഡീഷണൽ നിയമസെക്രട്ടറി ശ്രീമതി. എൻ. ജ്യോതി, നിയമവകുപ്പ് ജോയിന്റ് സെക്രട്ടറി ശ്രീ. കെ. പ്രസാദ്, വിദ്യാർഥികൾ എന്നിവർ ചടങ്ങിൽ സന്നിഹിതരായി. ലീഗൽ സർവീസ് അതോറിറ്റി സെക്രട്ടറി ശ്രീ. ഷംനാദ്,

റിട്ടയേർഡ് അഡീഷണൽ നിയമ സെക്രട്ടറി ശ്രീ. കെ. റ്റി ജോർജ്, അഡ്വ. അനിൽ പ്രസാദ് എന്നിവർ വിധികർത്താക്കളായ മത്സരത്തിൽ ശിവരഞ്ജിനി. ജി. ബി., (ഗവ. ലാ കോളേജ്, തിരുവനന്തപുരം), ആവണി. ഡി. (സെന്റ് ജോൺസ് കോളേജ്, അഞ്ചൽ, കൊല്ലം), ലീനു. കെ. ജോസ് (അൽഫോൺസാ കോളേജ് പാലാ, കോട്ടയം) എന്നിവർ ഫൈനലിലേക്ക് യോഗ്യത നേടി.

## "വാഗ്മി" ഫൈനൽ മത്സരം

ഭരണഘടനാദിനാഘോഷത്തിന്റെ ഭാഗമായി നിയമ (ഔദ്യോഗികഭാഷ - പ്രസിദ്ധീകരണ സെൽ) വകുപ്പ് കോളേജ് വിദ്യാർത്ഥികൾക്കായി നടത്തിയ ഭരണഘടനാ പ്രസംഗ മത്സരത്തിന്റെ (**'വാഗ്മി 2023'**) ഫൈനൽ സെക്രട്ടേറിയറ്റിലെ അനക്സ് II, ശ്രുതിഹാളിൽ വച്ച് 2023 നവംബർ 29-ന് ബഹു. കേരള ഹൈക്കോടതി റിട്ട. ജഡ്ജിയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാനുമായ ജസ്റ്റിസ് പി. എസ്. ഗോപിനാഥൻ ഉദ്ഘാടനം ചെയ്തു.




നിയമസെക്രട്ടറി ശ്രീ. കെ. ജി. സനൽ കുമാർ അധ്യക്ഷനായ ചടങ്ങിൽ അഡീഷണൽ നിയമസെക്രട്ടറി ശ്രീമതി. എൻ. ജ്യോതി, ജോയിന്റ് സെക്രട്ടറി കെ. പ്രസാദ് എന്നിവർ സംസാരിച്ചു. ശ്രീ. കെ. ശശിധരൻനായർ (നിയമപരിഷ്ക്കാര കമ്മീഷൻ വൈസ് ചെയർപേഴ്സൺ), ശ്രീമതി. ഗിരിജാദേവി. എസ് (റിട്ട. സ്പെഷ്യൽ സെക്രട്ടറി, നിയമവകുപ്പ്), അഡ്വ. വി. ഭുവനേന്ദ്രൻ നായർ (അഡ്വക്കേറ്റ്, വഞ്ചിയൂർ) എന്നിവർ വിധികർത്താക്കൾ ആയ വാശിയേറിയ ഫൈനലിൽ തിരുവനന്തപുരം ലാ കോളേജിലെ ശിവരഞ്ജിനി.ജി.ബി. ഒന്നാംസ്ഥാനവും, അഞ്ചൽ സെന്റ് ജോൺസ് കോളേജിലെ ആവണി.ഡി രണ്ടാം സ്ഥാനവും, പാല അൽഫോൺസാ കോളേജിലെ ലീനു കെ. ജോസ് മൂന്നാം സ്ഥാനവും നേടി.

## ഭരണഘടനാദിനാഘോഷ പരിപാടികൾ സമാപിച്ചു

സംസ്ഥാന നിയമ (ഔദ്യോഗിക ഭാഷ - പ്രസിദ്ധീകരണ സെൽ) വകുപ്പിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ഭരണഘടനാദിനാഘോഷ പരിപാടികൾ സമാപിച്ചു. 2023 ഡിസംബർ 2-ന് സെക്രട്ടേറിയറ്റ് ദർബാർ ഹാളിൽ നടന്ന ചടങ്ങിൽ ബഹുമാനപ്പെട്ട ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് സി. പ്രദീപ് കുമാർ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു.



ഭരണഘടനാ ദിനാഘോഷത്തിന്റെ ഭാഗമായി **"വാഗ്മി - 2023"** എന്ന പേരിൽ കോളജ് വിദ്യാർഥികൾക്കായി സംഘടിപ്പിച്ച അഖില കേരളാപ്രസംഗ മത്സരത്തിലെ വിജയികൾക്ക് ചടങ്ങിൽ പുരസ്കാരങ്ങൾ വിതരണം ചെയ്തു. മേഖലാ അടിസ്ഥാന ത്തിൽ നടന്ന പ്രസംഗ മത്സരത്തിൽ സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് ആർട്സ് ആൻഡ് സയൻസ് കോളജുകളിലെ വിദ്യാർഥികൾ പങ്കെടുത്തു.

നിയമ സെക്രട്ടറി ശ്രീ. കെ. ജി. സനൽ കുമാറിന്റെ അധ്യക്ഷതയിൽ ചേർന്ന ചടങ്ങിൽ അഡീഷണൽ നിയമസെക്രട്ടറി ശ്രീമതി. എൻ. ജ്യോതി, ജോയിന്റ് സെക്രട്ടറി ശ്രീ. കെ. പ്രസാദ്, നിയമ വകുപ്പിലെയും സെക്രട്ടേറിയറ്റിലെ മറ്റു വകുപ്പുകളിലേയും ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

## 'മാറ്റൊലി' പദ്ധതിയ്ക്ക് തുടക്കമായി

നിയമത്തെ കുറിച്ചുള്ള അജ്ഞത നമുക്കിടയിൽ വ്യാപകമാണെന്നും സമൂഹത്തിൽ നിയമ അവബോധം ശക്തിപ്പെടുത്തണമെന്നും ബഹു. നിയമം വ്യവസായം കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ്. സ്ത്രീകൾക്കും വിദ്യാർത്ഥികൾക്കും

നിയമ അവബോധം നൽകുന്നതിന് നിയമ (ഔദ്യോഗികഭാഷപ്രസിദ്ധീകരണ സെൽ) വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച **'മാറ്റൊലി'** പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം ഓൺലൈനായി നിർവ്വഹിക്കുകയായിരുന്നു മന്ത്രി.




നിയമ സംരക്ഷണം എല്ലാവർക്കും ലഭിക്കുന്നുണ്ട് എന്ന പൊതു അവബോധം രൂപപ്പെടുത്തുന്നതിൽ ഏറ്റവും പ്രധാനപ്പെട്ട ഘടകമാണ് നിയമം അറിയുക എന്നത്. നിയമം അറിയില്ല എന്നത് കുറ്റകൃത്യത്തിൽ നിന്ന് രക്ഷപ്പെടുന്നതിനുള്ള അവകാശമായി ഒരു കോടതിയും പരിഗണിക്കില്ല. സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമം രാജ്യത്ത് വർദ്ധിച്ചുവരികയാണ്. ഇന്നത്തെ സാമൂഹിക സാഹചര്യങ്ങൾ അതിനുതകുംവിധത്തിൽ മാറിയിരിക്കുന്നു. സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷ നൽകുന്ന നിയമങ്ങളെക്കുറിച്ച് സമൂഹത്തെ ബോധവത്കരിക്കേണ്ടതുണ്ട്. അതിനുള്ള ചുവടുവയ്പിനാണ് 'മാറ്റൊലി'യിലൂടെ നിയമവകുപ്പ് തുടക്കം കുറിക്കുന്നതെന്നും മന്ത്രി കൂട്ടിച്ചേർത്തു.

28.11.2023-ന് തിരുവനന്തപുരം വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ സംഘടിപ്പിച്ച ഉദ്ഘാടന പരിപാടിയിൽ നിയമസെക്രട്ടറി ശ്രീ. കെ. ജി. സനൽ കുമാർ അധ്യക്ഷത വഹിച്ചു. അഡീഷണൽ നിയമസെക്രട്ടറി ശ്രീമതി എൻ. ജ്യോതി, ജോയിന്റ് സെക്രട്ടറി ശ്രീ. കെ. പ്രസാദ്, മറ്റ് നിയമവകുപ്പ് ഉദ്യോഗസ്ഥർ, കുടുംബശ്രീ പ്രവർത്തകർ തുടങ്ങിയവർ പങ്കെടുത്തു.

തുടർന്ന് **'സ്ത്രീശാക്തീകരണത്തിൽ പ്രത്യേക നിയമങ്ങൾ വഹിക്കുന്ന പങ്ക്'** എന്ന വിഷയത്തിൽ അഡ്വ. പ്രീത കെ. കെയും (സീനിയർ ഗവ. പ്ലീഡർ, കേരള ഹൈക്കോടതി) **'ഇന്ത്യൻ ഭരണഘടനയും പ്രധാന ക്രിമിനൽ നിയമങ്ങളും ഉറപ്പാക്കുന്ന സ്ത്രീസുരക്ഷിതത്വം'** എന്ന വിഷയത്തിൽ അഡ്വ. രശ്മിത രാമചന്ദ്രനും (ഗവ. പ്ലീഡർ, കേരള ഹൈക്കോടതി) ക്ലാസുകൾ നയിച്ചു.

## 'മാറ്റൊലി' സാമൂഹിക നിയമബോധവൽക്കരണ പരിപാടി ഉത്തരമേഖലാതലത്തിൽ സംഘടിപ്പിച്ചു

നിയമ (ഔദ്യോഗികഭാഷപ്രസിദ്ധീകരണ സെൽ) വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഉത്തരമേഖലാതലത്തിൽ സംഘടിപ്പിച്ച **'മാറ്റൊലി'** സാമൂഹികനിയമ ബോധവൽക്കരണ പരിപാടി ബഹു. സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ആക്ടിംഗ് ചെയർപേഴ്സൺ ശ്രീ. കെ ബൈജുനാഥ് ഉദ്ഘാടനം ചെയ്തു. 2024 ഫെബ്രുവരി ഒന്നിന് കോഴിക്കോട് ജില്ലാ പഞ്ചായത്ത് ഹാളിലാണ് പരിപാടി സംഘടിപ്പിച്ചത്.




അഡീഷണൽ നിയമ സെക്രട്ടറി ശ്രീമതി. എൻ ജ്യോതി അധ്യക്ഷത വഹിച്ചു. കുടുംബശ്രീ കോഴിക്കോട് ജില്ലാ മിഷൻ കോർഡിനേറ്റർ ശ്രീമതി. ആർ സിന്ധു ആശംസയർപ്പിച്ചു. കുടുംബശ്രീ പ്രവർത്തനങ്ങൾക്കായി നടത്തിയ ബോധവൽക്കരണ പരിപാടിയിൽ അഡ്വ. പി. എം. അജിഷയും അഡ്വ. കെ. സി. വിശ്വലേഖയും നിയമ വിഷയങ്ങൾ അവതരിപ്പിച്ചു.

സെക്ഷൻ ഓഫീസർ ശ്രീ. എസ് സജ്ജാദ് സ്വാഗതവും ലീഗൽ അസിസ്റ്റന്റ് ശ്രീ. കെ. എ. സൈജു നന്ദിയും പറഞ്ഞു. കുടുംബശ്രീ ജീവനക്കാരും പ്രവർത്തകരും പങ്കെടുത്തു.

### 'മാറ്റൊലി' പദ്ധതി മാതൃകാപരം<br>ജസ്റ്റിസ് കെ. സുരേന്ദ്രമോഹൻ

നിയമ (ഔദ്യോഗികഭാഷ-പ്രസിദ്ധീകരണ സെൽ) വകുപ്പിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന മാറ്റൊലി പദ്ധതി മാതൃകാപരമായ സാമൂഹിക നിയമ ബോധവൽക്കരണ പരിപാടിയാണെന്ന് ബഹു. കേരള സംസ്ഥാന ഉപഭോക്തൃ തർക്ക

പരിഹാര കമ്മീഷൻ പ്രസിഡന്റ് ജസ്റ്റിസ് കെ. സുരേന്ദ്രമോഹൻ അഭിപ്രായപ്പെട്ടു. 2024 ഫെബ്രുവരി 8–ന് എറണാകുളം നോർത്ത് ഇ.എം.എസ് ടൗൺഹാളിൽ സംഘടിപ്പിച്ച മധ്യമേഖലാതല പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.




തിരുവായ്ക്ക് എതിർവാ ഇല്ലാതിരുന്ന രാജഭരണ കാലഘട്ടത്തിൽ നിന്നും ഭരണഘടനയുടെ ചട്ടക്കൂടിൽ സ്വതന്ത്രമായ കാലഘട്ടത്തിലാണ് നാം ജീവിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. നമ്മളെല്ലാവരും ഇന്ന് ജീവിക്കുന്നത് സുരക്ഷിതമായ സമൂഹത്തിലാണ്. ഇന്നത്തെ നിയമസ്വാതന്ത്ര്യത്തിൽ തെറ്റ് കണ്ടാൽ വിമർശിക്കാൻ എല്ലാവർക്കും അവകാശമുണ്ട്. ഭരണഘടന നിലവിൽ വന്നപ്പോൾ ഏറ്റവും കൂടുതൽ ശക്തിപ്പെട്ടത് നിയമവാഴ്ചയാണ്. വ്യക്തിയല്ല നിയമമാണ് വലുത്. ഭരണഘടന ചട്ടക്കൂടിൽ നിന്നല്ലാതെ ഒരു വ്യക്തിക്കും സർക്കാരിനും രാഷ്ട്രീയത്തിനും പ്രവർത്തിക്കാൻ സാധിക്കില്ല. ഇത്തരത്തിൽ ഭരണഘടന മുൻനിർത്തി ജീവിക്കുന്നത് കൊണ്ടാണ് നമ്മൾ സുരക്ഷിതത്വം അനുഭവിക്കുന്നത്.

സമൂഹത്തിൽ ഒരു തെറ്റ് കണ്ടാൽ അത് ചൂണ്ടിക്കാണിക്കാൻ നമുക്ക് സാധിക്കണം. അതിന് നിയമം അറിഞ്ഞിരിക്കണം. മാറ്റൊലി എന്ന പേരിൽ ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കുന്നതിലൂടെ സ്ത്രീകൾക്കും അതിലൂടെ കുടുംബത്തിനും സമൂഹത്തിനും നിയമാവബോധം ലഭിക്കുമെന്നും അദ്ദേഹം പറഞ്ഞു.

നിയമ സംരക്ഷണം എല്ലാവർക്കും ലഭിക്കുന്നുണ്ട് എന്ന പൊതു അവബോധം രൂപപ്പെടുത്തുന്നതിൽ ഏറ്റവും പ്രധാനപ്പെട്ട ഘടകമാണ് നിയമം അറിയുക എന്നത്. നിയമം അറിയില്ല എന്നത് കുറ്റകൃത്യത്തിൽ നിന്നും രക്ഷപ്പെടാനുള്ള അവകാശമായി ഒരു കോടതിയും പരിഗണിക്കില്ല. സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ രാജ്യത്ത് വർദ്ധിച്ചു വരുമ്പോൾ സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷ

നൽകുന്ന നിയമങ്ങളെക്കുറിച്ച് സമൂഹത്തെ ബോധവൽക്കരിക്കേണ്ടതുണ്ട്. ഇങ്ങിനെയൊരു ചുവടുവയ്പിനാണ് "**മാറ്റൊലി**"യിലൂടെ നിയമവകുപ്പ് തുടക്കം കുറിക്കുന്നത്.

ഗവ. പ്ലീഡർ അഡ്വ. രശ്മിത രാമചന്ദ്രൻ, സീനിയർ ഗവ. പ്ലീഡർ അഡ്വ. കെ. കെ. പ്രീത എന്നിവർ വിവിധ നിയമങ്ങളെ ആസ്പദമാക്കിയുള്ള ബോധവൽക്കരണ ക്ലാസുകൾ നയിച്ചു.

നിയമ സെക്രട്ടറി ശ്രീ. കെ ജി സനൽ കുമാർ പരിപാടിയിൽ അധ്യക്ഷത വഹിച്ചു. അഡീഷണൽ നിയമ സെക്രട്ടറി ശ്രീമതി. എൻ ജ്യോതി, ജോയിന്റ് സെക്രട്ടറി ശ്രീ. കെ പ്രസാദ്, കുടുംബശ്രീ എ. ഡി. എം. സി ശ്രീമതി. അനുമോൾ, കുടുംബശ്രീ പ്രവർത്തകർ തുടങ്ങിയവർ പങ്കെടുത്തു.

### കുറ്റകൃത്യത്തിലേക്ക് നയിക്കുന്ന സാഹചര്യം ഒഴിവാക്കാൻ നിയമങ്ങൾക്ക് കഴിയണം നിയമ മന്ത്രി പി. രാജീവ്

കുറ്റം ചെയ്യുന്നവരെ കണ്ടെത്തി ശിക്ഷിക്കുക എന്ന പരിമിതമായ ലക്ഷ്യം മാത്രമല്ല കുറ്റകൃത്യത്തിലേക്ക് നയിക്കുന്ന സാഹചര്യം ഒഴിവാക്കാനും കുറ്റകൃത്യങ്ങളില്ലാത്ത സമൂഹ നിർമ്മിതി രൂപപ്പെടുത്താനുമുള്ള ഒരു പടവ് കൂടിയാണ് നിയമമെന്ന് ബഹു. നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് പറഞ്ഞു.



സ്ത്രീകൾക്കും കുട്ടികൾക്കും നിയമാവബോധം നൽകുന്നതിന് നിയമ (ഔദ്യോഗികഭാഷ -പ്രസിദ്ധീ കരണ സെൽ) വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച **'മാറ്റൊലി'** പദ്ധതിയുടെ സമാപനവും, വകുപ്പ് നിർമ്മിച്ച ഹ്രസ്വചിത്രത്തിന്റെ പ്രദർശനോദ്ഘാടനവും 13.03.2024-ന് തിരുവനന്തപുരം ടാഗോർ തിയേറ്ററിൽ നിർവ്വഹിച്ച് സംസാരിക്കുക യായിരുന്നു മന്ത്രി.

കുറ്റം ചെയ്യുന്നവർ ശിക്ഷിക്കപ്പെടുമ്പോൾ മാത്രമല്ല കുറ്റകൃത്യത്തിലേക്ക് നയിക്കുന്ന സാഹചര്യങ്ങൾ ഒഴിവാക്കിയാൽ മാത്രമേ സമൂഹത്തിൽ നിയമാവബോധം ശക്തിപ്പെടുത്താൻ സാധിക്കുകയുള്ളൂ. നിയമത്തെക്കുറിച്ചുള്ള വ്യക്തത സമൂഹത്തിന് ഉണ്ടാകണം. നിയമം അറിയില്ല എന്നത് കുറ്റകൃത്യത്തിൽ നിന്നും രക്ഷപ്പെടാനുള്ള വഴിയല്ല. പുതിയ നിയമങ്ങൾ വരുമ്പോൾ അതുവരെ കുറ്റകൃത്യമാണെന്ന് നിർവ്വചിക്കപ്പെട്ടിട്ടില്ലാത്ത പലതും നിയമവരുദ്ധമായി മാറിയേക്കാം. ഇത്തരം സന്ദർഭങ്ങളിൽ ആ നിയമത്തെ അടിസ്ഥാനപ്പെടുത്തിയുള്ള കുറ്റകൃത്യങ്ങൾ വർദ്ധിക്കുകയാണെങ്കിൽ അവിടെ നിയമാവബോധം സൃഷ്ടിക്കപ്പെട്ടിട്ടില്ല എന്നാണ് മനസ്സിലാക്കേണ്ടത്. ഭരണഘടനയേയും നിയമത്തെ കുറിച്ചുള്ള ധാരണയുമാണ് ഒരു സമൂഹം വികസിതമാണോ അല്ലയോ എന്നതിന്റെ സൂചകങ്ങളിലൊന്ന്.

നിയമവിരുദ്ധ പ്രവർത്തനം ചെയ്യുന്നത് കുറ്റമാണ് എന്നതിനപ്പുറം ആധുനിക സമൂഹത്തിന് ചേരുന്നതല്ല എന്നതിലേക്ക് വികസിക്കുമ്പോൾ മാത്രമാണ് നിയമാവബോധം ശക്തിപ്പെടുന്നത്. ആ തലത്തിലേക്ക് വികസിക്കാൻ കഴിഞ്ഞാൽ സ്വാഭാവികമായിട്ടും കുറ്റകൃത്യങ്ങളുടെ എണ്ണം കുറയ്ക്കാൻ കഴിയുമെന്നും മന്ത്രി പറഞ്ഞു. അതുകൊണ്ടുതന്നെ നിയമാവബോധം വളർത്താനുള്ള നിയമവകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തി മുന്നോട്ടു കൊണ്ടുപോകേണ്ടതുണ്ടെന്നും മന്ത്രി പറഞ്ഞു.

പോക്സോ നിയമത്തെ ആസ്പദമാക്കി നിയമവകുപ്പ് കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ (കെ.എസ്.എഫ്.ഡി.സി) സഹായത്തോടെ നിർമ്മിച്ച ഹ്രസ്വചിത്രം ചടങ്ങിൽ പ്രദർശിപ്പിച്ചു. നിയമസെക്രട്ടറി ശ്രീ. കെ. ജി സനൽകുമാർ അധ്യക്ഷത വഹിച്ച ചടങ്ങിൽ തിരുവനന്തപുരം റേഞ്ച് ഡി. ഐ. ജി. ശ്രീമതി. ആർ. നിശാന്തിനി ഐ.പി.എസ്. മുഖ്യപ്രഭാഷണം നടത്തി. അഡീഷണൽ നിയമസെക്രട്ടറി ശ്രീമതി.എൻ. ജ്യോതി, ലീഗൽ അസിസ്റ്റന്റ് ശ്രീ. കെ. എ. സൈജു തിരുവനന്തപുരത്തെ വിവിധ കോളേജുകളിൽ നിന്നുമുള്ള വിദ്യാർത്ഥികൾ, നിയമ വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

## നിയമ (നോഡൽ) വകുപ്പിന്റെ പരിശീലന പരിപാടികൾ

- 19.08.2023 തീയതിയിൽ കെ.റ്റി.ഡി.സി. ഗ്രാന്റ് ചൈത്രത്തിൽ വച്ച് ഗവൺമെന്റ് പ്ലീഡർ ആന്റ് പബ്ലിക് പ്രോസിക്യൂട്ടർമാർക്കായി ട്രെയിനിംഗ് സംഘടിപ്പിച്ചു. ഹൈക്കോടതിയിലെ സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർ ശ്രീ. നാഗരാജ് നാരായണനും ജില്ലാ ജഡ്ജിയായ ശ്രീ. ശ്രീരാജ് സി. എന്നിവരും ഗവൺമെന്റ് പ്ലീഡർമാർക്കായി ക്ലാസ്സുകൾ നയിക്കുകയുണ്ടായി.

- 23.09.2023, 30.09.2023 തീയതികളിൽ നിയമവകുപ്പിലെ ഉദ്യോഗസ്ഥർക്കായി അഡ്വ. വെങ്ങാനൂർ ജി. ശിവശങ്കർ 'സർവീസ് നിയമങ്ങൾ' എന്ന വിഷയത്തിൽ പരിശീലനം നൽകുകയുണ്ടായി.

- നിയമവകുപ്പിലെ ഉദ്യോഗസ്ഥർക്കായി സെക്രട്ടേറിയറ്റ് അനക്സ് II-ലെ ശ്രുതി ഹാളിൽ വച്ച് 11.10.2023 തീയതിയിൽ 'തൊഴിലിടങ്ങളിൽ സ്ത്രീകൾക്കു നേരെയുള്ള ലൈംഗിക പീഡനം (തടയൽ, നിരോധിക്കൽ, പരിഹാരം) നിയമം, 2013-സംബന്ധിച്ച് അഡ്വ. യു. ഗിരിജയും 12.10.2023 തീയതിയിൽ 'ഗൂഗിൾ ആപ്സ് ഈസി ഓഫീസ് വർക്കുകൾ' എന്ന വിഷയത്തിൽ ശ്രീ. റിജിൻ എം. എസ്., അസിസ്റ്റന്റ് സെക്ഷൻ ഓഫീസറും ക്ലാസ്സുകൾ നയിക്കുകയുണ്ടായി.

- 25.11.2023 തീയതിയിൽ തിരുവനന്തപുരം തൈക്കാട് ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ വച്ച് ഗവൺമെന്റ് പ്ലീഡർ ആന്റ് പബ്ലിക് പ്രോസിക്യൂട്ടർമാർക്കായി ട്രെയിനിംഗ് സംഘടിപ്പിച്ചു. ജില്ലാ ജഡ്ജി ശ്രീ. ശ്രീരാജ് സി. 'തെളിവ് നിയമം' എന്ന വിഷയത്തിൽ പരിശീലനം നൽകുകയുണ്ടായി.

- നിയമവകുപ്പിൽ പുതിയതായി ജോലിയിൽ പ്രവേശിച്ച ലീഗൽ അസിസ്റ്റന്റു മാർക്കായി 01.12.2023 മുതൽ 22.12.2023 വരെ തിരുവനന്തപുരം തൈക്കാട് ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ വച്ച് 'ഇൻഡക്ഷൻ പരിശീലനം' സംഘടിപ്പിക്കുക യുണ്ടായി.



- നിയമവകുപ്പിലെ ഉദ്യോഗസ്ഥർക്കായി സെക്രട്ടേറിയറ്റ് അനക്സ് II-ലെ ശ്രുതി ഹാളിൽ വച്ച് 23.02.2024 തീയതിയിൽ കെ. എസ്. & എസ്. എസ്. ആർ. എന്ന വിഷയത്തിലും 26.02.2024 തീയതിയിൽ '1960-ലെ കേരള സിവിൽ സർവീസസ് (ക്ലാസിഫിക്കേഷൻ, കൺട്രോൾ & അപ്പീൽ) ചട്ടങ്ങൾ' എന്ന വിഷയത്തിൽ ശ്രീ. മൊയ്തുണ്ണി വി. വി., അഡീഷണൽ സെക്രട്ടറി (റിട്ട.) ക്ലാസ്സുകൾ നയിക്കുകയുണ്ടായി.

disclaimer നിരാകരണം

ഈ പ്രസിദ്ധീകരണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ലേഖനങ്ങളിലെ അഭിപ്രായങ്ങൾ സംസ്ഥാന സർക്കാരിന്റെയോ നിയമവകുപ്പിന്റെയോ ഔദ്യോഗിക അഭിപ്രായങ്ങളല്ല. ലേഖകരുടെ വ്യക്തിപരമായ അഭിപ്രായങ്ങളാണ്, അവയ്ക്കുള്ള ഉത്തരവാദിത്വം ലേഖകർക്ക് മാത്രമാണ്.

പത്രാധിപസമിതി







നിയമ (ഒ.എൽ.പി.സി) വകുപ്പ് സംഘടിപ്പിച്ച "മാറ്റൊലി" സാമൂഹികനിയമ ബോധവൽക്കരണ പരിപാടിയുടെ സമാപന സമ്മേളനത്തിന്റെ ഉദ്ഘാടനവും പോക്സോ നിയമത്തെക്കുറിച്ചുള്ള ഹ്രസ്വചിത്രത്തിന്റെ പ്രകാശനവും 13.03.2024-ന് തിരുവനന്തപുരം ടാഗോർ തിയേറ്ററിൽ ബഹു. നിയമം വ്യവസായം കയർ വകുപ്പ് **മന്ത്രി ശ്രീ. പി. രാജീവ്** നിർവഹിച്ചു.



നിയമ (ഒ.എൽ.പി.സി) വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഭരണഘടനാദിനാഘോഷ പരിപാടികളുടെ സമാപന ചടങ്ങ് 2.12.2023-ന് സെക്രട്ടേറിയറ്റ് ദർബാർ ഹാൾളിൽ ബഹു. കേരള ഹൈക്കോടതി ജഡ്ജി **ജസ്റ്റിസ് സി. പ്രദീപ് കുമാർ** ഉദ്ഘാടനം ചെയ്തു.



ഭരണഘടനാ ദിനാഘോഷത്തിന്റെ ഭാഗമായി "**വാഗ്മി – 2023**" എന്ന പേരിൽ കോളജ് വിദ്യാർഥികൾക്കായി സംഘടിപ്പിച്ച അഖില കേരളാപ്രസംഗ മത്സരത്തിലെ വിജയികൾക്ക് 2.12.2023-ന് സെക്രട്ടേറിയറ്റ് ദർബാർ ഹാളിൽ വച്ച് ബഹു. കേരള ഹൈക്കോടതി ജഡ്ജി **ജസ്റ്റിസ് സി. പ്രദീപ് കുമാർ** പുരസ്കാരങ്ങൾ വിതരണം ചെയ്തു.








നിയമധ്വനിയുടെ മുൻപതിപ്പുകൾ

നിയമവകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

***https://lawsect.kerala.gov.in***

RNI REG. No. KERMAL/2017/74542

നിയമധ്വനി
NIYAMADWANI
TITLE CODE KERMAL-15918
വാല്യം 07
ഇഷ്യൂ 03

DATE OF PUBLICATION
28/05/2024



Printed by Veeran. T the Superintendent of Government Presses, Thiruvananthapuram
Published by K. G. Sanal Kumar, Secretary, Law Department, Government Secretariat, Thiruvananthapuram-695 001
On behalf of Govt. of Kerala and printed at Government Central Press, Thiruvananthapuram
and published at Law Department, Secretariat, Thiruvananthapuram-695 001, Chief Editor: K. G. Sanal Kumar